5370

1033

5370

വനിതാലോകം

6-370

വനിതാലോകം

ISLAM HIGH

സുഭദ്ര പരമേശ്വരൻ

തിലകം പബ്ലിക്കേഷൻസ്
മാക്കറു് റോഡ്, എറണാകുളം.
വില: 2 00

VANITHALOKAM

BY

SUBHADRA PARAMESWARAN

1st Impression - October 1959

RIGHTS RESERVED

Printed at: Keralathilakam Press, Ernakulam,
Copies 1000.

DISTRIBUTORS:
THILAKAM PUBLICATIONS
Keralathilakam Printing & Publishing Co. (Private) Ltd.,
Ernakulam.

PRICE: 2-00

S-370

അവതാരിക

മറ്റു പല കാര്യങ്ങളിലുമെന്നപോലെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ കാര്യത്തിലും കേരളത്തിനു് ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽനിന്നു വ്യത്യസ്തമായ ഒരു സവിശേഷതയുണ്ടു്. ഇന്ത്യയുടെ മറ്റു ഭാഗങ്ങളിൽ മിക്കതിനേയുംകാൾ വിപുലമായ സ്വാതന്ത്ര്യമനുഭവിക്കുന്നവരാണു് ഇവിടത്തെ ഭൂരിപക്ഷം സ്ത്രീകൾ. വിവാഹം, വിവാഹമോചനം, സ്വത്തുടമയേയും പിന്തുടർച്ചയേയും സംബന്ധിച്ച നിയമങ്ങൾ എന്നീ കാര്യങ്ങളിലെല്ലാം ഔപചാരികമായി നോക്കിയാൽ സ്ത്രീപുരുഷസമത്വം മിക്കവാറുമുണ്ടെന്നു പറയാവുന്നവരാണു് ഇവിടത്തെ ഹിന്ദുക്കളിൽ ഭൂരിപക്ഷവും. വിദ്യാഭ്യാസത്തിനേറെയും അഭ്യസ്തവിദ്യക്കു കിട്ടാവുന്ന ജോലിയുടേയും കാര്യത്തിലും നമ്മുടെ സ്ത്രീകൾ താരതമ്യേന മുന്നണിയിൽ നില്ക്കുന്നു.

എന്നാൽ ഔപചാരികമായി ലഭിച്ച ഈ സ്വാതന്ത്ര്യം നമ്മുടെ സ്ത്രീകൾക്കു യഥാർത്ഥത്തിലനുഭവിക്കാൻ കഴിയുന്നുണ്ടോ? ഇല്ലെങ്കിലതെന്തുകൊണ്ടാണു്? അതുപോലെ, പല പ്രത്യേക ജാതികളിലും ഉപവിഭാഗങ്ങളിലുംപെട്ട സ്ത്രീയുടെ പട്ടാസമ്പ്രദായം, വിവാഹമോചനസ്വാതന്ത്ര്യമില്ലായ്മ, ബഹുഭാര്യത്വം, ഇഷ്ടമില്ലാത്ത വരനെ നിർബ്ബന്ധിച്ചു സ്വീകരിപ്പിക്കൽ മുതലായ ഏർപ്പാടുകളുടെ ദുരന്തഫലം അനുഭവിക്കേണ്ടിവരുന്നില്ലേ? ഈ സ്ഥിതി തുടരുന്ന കാലത്തോളം നമ്മുടെ സ്ത്രീസമുദായത്തിനു തൃപ്തിയാവാൻ നിവൃത്തിയുണ്ടോ?

ഇല്ലെന്നതിനാലാണല്ലോ നമ്മുടെ നാട്ടിലും മഹിളാപ്രസ്ഥാനം വളർന്നുവരുന്നതു്. എങ്കിൽ, അതിന്റെ പ്രവർത്തകകൾക്കു, മറ്റു രാജ്യങ്ങളിലെ സ്ത്രീകൾക്കു എന്തെല്ലാം പ്രശ്ന

ങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്, ഇന്നു നേരിടേണ്ടിവരുന്നുണ്ട്. അവയ്ക്കു പരിഹാരം നേടാൻ അവരെന്തെല്ലാം ചെയ്തു, ഇന്നു ചെയ്യുന്നു എന്നെല്ലാമറിയാനിതു സഹായകരമായിരിക്കും.

അതിനു പ്രയോജനപ്പെടുന്ന ഈ ഗ്രന്ഥമെഴുതിയ ശ്രീമതി സുഭദ്ര മഹിളാപ്രവർത്തകകളുടെ എന്നപോലെ മഹിളാപ്രസ്ഥാനത്തിന്റെ ബന്ധുക്കളുടേയും കൃതജ്ഞതയർഹിക്കുന്നുണ്ടെന്ന കാര്യത്തിൽ എനിക്കു സംശയമില്ല.

എറണാകുളം
16–10–'59.

ഇ. എം. എസ്സ്. നമ്പൂതിരിപ്പാട്

5-370

പ്രസ്താവന

പലപ്പോഴുമായി ''മാതൃഭൂമി ആഴ്ചപ്പതിപ്പി''ൽ പ്രസിദ്ധീകരിച്ചിരുന്ന പതിനേഴു ലേഖനങ്ങളുടെ ഒരു സമാഹാരമാണു് ഈ ചെറിയ പുസ്തകം. കഴിഞ്ഞ ഒരു നൂറാണ്ടു കാലത്തെ ലോകചരിത്രത്തിലേയ്ക്കു് ഒന്നു കണ്ണോടിച്ചാൽ കാണാം എത്രമാത്രം വീറോടെ അടരാടിയിട്ടാണു് സ്ത്രീകൾ അധികാരവും അവകാശവും പിടിച്ചുപറ്റിയതു് എന്നു്. രണ്ടാംലോകമഹായുദ്ധം കഴിഞ്ഞതിന്നുശേഷംമാത്രമാണു് ഏഷ്യാഭൂഖണ്ഡത്തിലെ പലേ രാഷ്ട്രങ്ങൾക്കും സ്വാതന്ത്ര്യം ലഭിച്ചതു്. അതിനെത്തുടർന്നു് ഈ രാജ്യങ്ങളിലെ സ്ത്രീകൾക്കു സാമൂഹ്യവും സാമുദായികവും രാഷ്ട്രീയവുമായ അവകാശങ്ങൾ കൈവന്നു. പക്ഷേ, ഇന്നും ലോകത്തിലെ പലേ രാഷ്ട്രങ്ങളിലും, പ്രത്യേകിച്ചു വിദേശീയമേൽക്കോയ്മക്കു് അധീനമായ രാഷ്ട്രങ്ങളിൽ, സ്ത്രീകൾക്കു് അടിമത്വത്തെക്കാൾ കുറ്റതലായി പദവിയൊന്നും നിലവിലില്ല. ഏതു രംഗത്തിലും തികഞ്ഞ അസമത്വവും അപകർഷവുമാണു് അവരെ അഭിമുഖീകരിക്കുന്നതു്. അവരുടെ പ്രാഥമികപൗരാവകാശങ്ങൾക്കുവേണ്ടി തുടങ്ങിയിട്ടുള്ള സമരപരിപാടികൾ ഇന്നല്ലെങ്കിൽ നാളെ വിജയം വരിക്കാതിരിക്കയില്ല.

സാമ്പത്തികവും സാമുദായികവുമായ പുരോഗമനത്തിന്റെ വഴിത്താരയിലൂടെ, ഉറച്ച കാൽവെപ്പോടെ മുന്നേറുന്ന കേരളീയർക്കു, പ്രത്യേകിച്ചു കേരളീയസഹോദരികൾക്കു ലോ

കത്തിലെ ഇതരഭാഗങ്ങളിലെ സോദരിമാരെപ്പററി കൂട്ടതൽ പഠിക്കുവാൻ ഈ പുസ്തകം ഒരു പ്രചോദനമായിത്തീർന്നെങ്കിൽ എന്റെ ഉദ്യമം സഫലമായി.

ഇതിനു് ഒരു അവതാരിക എഴുതിത്തന്ന ശ്രീ. ഇ. എം. എസ്സു്. നമ്പൂതിരിപ്പാടിനോടു് എനിക്കുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

എറണാകുളം
16–10–1959

സുഭദ്ര പരമേശ്വരൻ

5370

ഉള്ളടക്കം

1.	ബർമ്മ	9
2.	ഇൻഡോനേഷ്യ	18
3.	വിയറ്റ്നാം	24
4.	ജപ്പാൻ	35
5.	കൊറിയ	40
6.	ഈജിപ്ത്	50
7.	തുർക്കി	59
8.	ചീന	66
9.	സോവിയറ്റ് റഷ്യ	75
10.	ബൾഗേറിയ	89
11.	യുഗോസ്ലാവിയ	96
12.	ഗ്രീസ്	105
13.	ഇറ്റലി	112
14.	സ്വിറ്റ്സർലണ്ട്	117
15.	നെതർലാൻഡ്സ്	124
16.	ബ്രിട്ടൻ	130
17.	അമേരിക്ക	140

S-370

ബർമ്മ

തികച്ചും അപരിചിതമായ ഒരു രാജ്യത്തിന്റെ പുരോഗതി മനസ്സിലാക്കുവാൻ താൻ ആശ്രയിക്കുന്ന രണ്ടു് ഉപാധികൾ അവിടത്തെ സ്ത്രീകളുടെ സ്ഥാനവും ഇരുമ്പു്, ഉരുക്കു്, വിദ്യുച്ഛക്തി എന്നിവയുടെ ഉല്പാദനത്തിന്റെ അളവുമാണെന്നു് ഇൻഡോറിൽവെച്ചു് കൂടിയ കോൺഗ്രസ്സുകാരുടെ സമ്മേളനത്തെ അഭിമുഖീകരിച്ചുകൊണ്ടു് നമ്മുടെ പ്രധാനമന്ത്രി പ്രസ്താവിക്കുകയുണ്ടായി. രണ്ടാമത്തെ സംഗതിയിൽ ബർമ്മയ്ക്കു വലിയ മേന്മയൊന്നും അവകാശപ്പെടുവാൻ ഇല്ല. റംഗൂണിലും മാൻഡലേയിലും ഒഴിച്ചു മറ്റു സ്ഥലങ്ങളിൽ വിദ്യുച്ഛക്തി ദുർല്ലഭമാണു്. അസംസ്കൃതവിഭവങ്ങളുടെ കലവറയായിമാത്രമേ അധീശഗവർമ്മെണ്ടു് ബർമ്മയെ കണക്കാക്കിയിരുന്നുള്ളു. ഏറിയകാലം കോളണിവാഴ്ചയുടെ ചവിട്ടടിയിൽ കിടന്നിരുന്ന ബർമ്മയിലെ പ്രകൃതിവിഭവങ്ങൾ അത്യധികം ചൂഷണം ചെയ്യപ്പെട്ടു. സാമ്പത്തികസ്വാതന്ത്ര്യം നേടാനുതകുന്ന വ്യവസായസംരഭങ്ങളെല്ലാം നിഷ്ഠുരണം തകർക്കപ്പെട്ടു. അങ്ങിനെ പുരോഗതിയ്ക്കു മുമ്പിൽ വിലങ്ങുതടിയായി വിദേശീയഗവർമ്മെണ്ടു് വർത്തിച്ചു.

പക്ഷേ സ്ത്രീകളുടെ അസൂയാവഹമായ ഉന്നതിയിൽ ബർമ്മ ഏഷ്യയിലെ ഏതു രാജ്യത്തേയും, എന്തിനു്, യൂറോ

പ്യൻ രാഷ്ട്രങ്ങളായ ഒസ്സെയിൻ, ഇറാലി മുതലായവയെപ്പോലും, അതിശയിയ്ക്കുന്നു. ഏതു രംഗത്തിലും ഇന്നു് അവൾക്കു പുരുഷനോടു തുല്യസ്ഥാനമുണ്ടു്. എന്നാൽ ബ്രിട്ടീഷു് വാഴ്ചയ്ക്കുമുമ്പു നിലനിന്നിരുന്ന രാജാക്കന്മാരുടെ ഇടയിൽ സ്ത്രീകൾക്കു കായ്മമായ യാതൊരു സ്ഥാനവും കല്പിച്ചിരുന്നില്ല. പലവിധ സുഖസാമഗ്രികളുടെ കൂട്ടത്തിൽ ഒരു പദാർത്ഥമായി മാത്രമേ അവർ സ്ത്രീകളെ ഗണിച്ചിരുന്നുള്ളു. പക്ഷേ ബമ്മയിലെ സാധാരണക്കാരൻ ഈ വഴക്കത്തിനു വിപരീതമായി, ഏതു രംഗത്തും അവൾക്കു തുല്യത കൊടുത്തു. ''ഔട്ട് ലൈൻ ഓഫ് ബർമീസ് ഹിസ്റ്ററി'' എന്ന പുസ്തകത്തിൽ സുപ്രസിദ്ധ ചരിത്രകാരനായ ജി. ഇ. ഹാർവി പണ്ടത്തെ രാജാക്കന്മാരുടെ അധഃപതനത്തിന്റെ ഒരു പ്രധാന കാരണമായി പറയുന്നതു് കീഴ്വഴക്കമായി അവർ പുലത്തിവന്നിരുന്ന വിപുലമായ അന്തഃപുരമാണു്. ബമ്മയിലെ സാധാരണക്കാരൻ തന്റെ ജീവിതത്തിലെ സഖിയായി, സുഖത്തിലും ദുഃഖത്തിലും പങ്കാളിയായി, ആണു് ഭാര്യയെ കാണുന്നതു്. ബമ്മയിലെ ഒരു രാജകുമാരൻ തന്റെ മഹാനായ പിതാവിൽനിന്നു വളരെ വളരെ അകന്നു്, അന്തഃപുരത്തിന്റെ സങ്കുചിതാന്തരീക്ഷത്തിൽ, അസൂയയുടേയും സൌന്ദര്യപ്പിണക്കങ്ങളുടേയും വീർപ്പുമുട്ടലിൽ, അസ്വാതന്ത്ര്യത്തിന്റെ കല്ലു കടിച്ചു ഞെരുങ്ങി വളർന്നപ്പോൾ സാധാരണക്കാരന്റെ മകൻ സ്നേഹത്തിന്റെ ശീതളച്ഛായയിൽ ഒരുത്തമ പൌരനായി ഉയർന്നുവന്നു. കുട്ടിയുടെ ഭാവിയിൽ അമ്മയും അച്ഛനും നിഷ്കൃഷ്ടമായ ശ്രദ്ധ ചെലുത്തിവന്നു.

അയൽപക്കക്കാർ

ബർമ്മീസ് മഹിളയുടെ ഈ മഹനീയസ്ഥാനത്തിന്റെ കാരണം മനസ്സിലാക്കാൻ വളരെ പ്രയാസമാണു്. നിയമപരമായും സാമ്പത്തികമായും സാമുദായികമായും അധികമൊന്നും അധികാരാവകാശങ്ങൾ അബലയ്ക്കു് അനുവ

ദിച്ചുകൊടുത്തിട്ടില്ലാത്ത ഇന്ത്യയും ചൈനയുമാണ് ബർമ്മയുടെ അയൽക്കാർ. വേദപുരാണങ്ങളുടെ സുവർണ്ണയുഗത്തിൽ ഇന്ത്യൻ വനിതയ്ക്ക് ചില സ്വാതന്ത്ര്യങ്ങളെല്ലാം നല്കിയിരുന്നു എന്നു വസ്തുത മറക്കാൻ വയ്യ. പക്ഷേ മുസ്ലീംഭരണത്തോടുകൂടി ആവിർഭവിച്ച പർദാസമ്പ്രദായം അവയെല്ലാം കടയോടെ പിഴുതെറിഞ്ഞു. ചൈനയിലാകട്ടെ, വളരെ അടുത്ത കാലം വരെ സ്ത്രീസ്വാതന്ത്ര്യത്തെ ആവുന്നവിധമെല്ലാം ശ്വാസംമുട്ടിയ്ക്കുന്ന പരിതഃസ്ഥിതികൾ ഉണ്ടായിരുന്നു. അയൽരാജ്യങ്ങളിൽ നിലവിലിരുന്ന ഹിന്ദു-മുസ്ലീം-ചൈനീസ് സമ്പ്രദായങ്ങളിലെ വിഷബീജങ്ങൾ ഏല്ക്കാതെ ബർമ്മീസ് വനിതയുടെ സ്വാതന്ത്ര്യതൃഷ്ണ വളർന്നു പുഷ്ടിച്ചു. രാഷ്ട്രീയമായും സാമ്പത്തികമായും സാമുദായികമായും അവൾ പുരുഷനോടു തുല്യനില അവകാശപ്പെടുന്നു. മലബാറിലെപ്പോലെ മാതൃമക്കത്തായസമ്പ്രദായമല്ല ബർമ്മയിൽ. പിതാവാണ് കുടുംബത്തിലെ കാരണവൻ.

പ്രധാനമായി മൂന്നു കാരണങ്ങളാണ് ഈ അസാധാരണവ്യവസ്ഥിതിയ്ക്ക് അവലംബമായി കണക്കാക്കപ്പെടുന്നതു്. ഒന്നാമതായി ബർമ്മയിലെ ഭൂപ്രകൃതി. ജീവസന്ധാരണത്തിനു് അത്യധികമായ കായക്ലേശമൊന്നും അവിടെ ആവശ്യമില്ല. വിഭവസമൃദ്ധവും സുന്ദരവുമായ പ്രകൃതി കഠിനാദ്ധ്വാനമില്ലാതെതന്നെ ജീവിതസൗകര്യങ്ങൾ പ്രദാനം ചെയ്യുന്നു. വിദേശിയരെ പലപ്പോഴും അത്ഭുതപ്പെടുത്തുന്ന ഒന്നാണ് ബർമ്മയിലെ ഭൂമി. ഏററവും കുറഞ്ഞ പ്രയത്നം കൊണ്ടു വമ്പിച്ച പ്രതിഫലം കിട്ടുന്നു. രാജവാഴ്ചയിലും ബ്രിട്ടീഷ് ഭരണകാലത്തും അക്രമമായ വിധത്തിൽ കൃഷകരെ ദ്രോഹിച്ചിരുന്നു. നിയമപ്രകാരം പത്തിലൊന്നു വിളവിനോ രാജാവിനു് അവകാശമുള്ളൂ. എന്നാലും സാമാന്യം അനുഭവം മുഴുവനും അവർ കയ്യടക്കിയിരുന്നു. ഏററവും വലിയ നികുതിഭാരമാണ് ബ്രിട്ടീഷുഭരണം ജനങ്ങളുടെ ചുമ

ലിലോറിയിരുന്നതു്. നികൃതി പിരിയ്ക്കാൻ എടുത്തിരുന്ന മാർഗ്ഗങ്ങൾ കക്ഷവും കർണവുമായിരുന്നു. എന്നിട്ടും ഇന്ത്യയിൽ ഇടയ്ക്കിടെ മരണം വാരിവിതറി ഭീകരനൃത്തം നടത്തിയിരുന്ന ക്ഷാമപ്പിശാചു് ബർമ്മയിലേയ്ക്കു് എത്തിനോക്കുകകൂടി ചെയ്തിട്ടില്ല. പ്രകൃതിയുടെ ഈ ഉദാരത മനുഷ്യനിലും അവന്റെ സ്വഭാവത്തിലും പ്രതിഫലിച്ചുകാണുന്നു. ഇന്ത്യക്കാരനെയോ ചൈനക്കാരനെയോ പോലെ ജീവസംഘാരണത്തിനു ക്ലിഷ്ടതയില്ലാത്തതിനാൽ ബർമ്മാക്കാരന്റെ പൊതുജീവിതം സന്തോഷപൂർണ്ണവും കുടുംബജീവിതം മാധുര്യമേറിയതുമാണു്. കഷ്ടപ്പാടിന്റെ മരുഭൂമിയിൽ സ്നേഹത്തിന്റെ മരം താരും തളിരുമണിയാൻ പ്രയാസമാണല്ലൊ. ഈ അനുപമയായ പ്രകൃതിദേവിയാണു് ബർമ്മയിലെ സ്ത്രീയുടെ ഉന്നതിയ്ക്കുള്ള പ്രധാനകാരണം.

ബുദ്ധമതം

രണ്ടാമത്തെ കാരണമായി പറയുന്നതു് ബുദ്ധപ്രവചനങ്ങളെയാണു്. ഭക്ഷണം മാത്രമല്ലല്ലൊ ജീവിതത്തെ നിയന്ത്രിയ്ക്കുന്നതു്. ശാന്തിയുടെ, സ്നേഹത്തിന്റെ, സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ബുദ്ധമതതത്ത്വങ്ങൾ ബർമ്മീസ് വനിതയുടെ സംസ്കാരമണ്ഡലത്തിൽ ഏറ്റവും അധികം പ്രേരണ ചെലുത്തിയിട്ടുണ്ടു്. രാജാക്കന്മാർ ഹൈന്ദവധർമ്മം ആചരിച്ചിരുന്നുവെങ്കിലും പ്രജകൾ ശ്രീബുദ്ധന്റെ തത്ത്വസംഹിതകളെ ആദരപൂർവ്വം സ്വാഗതംചെയ്തു. വനിതകളെയാണു് ഈ പുതിയ മതം ഏറ്റവും അധികം ആകഷ്ടിച്ചതു്. സ്ത്രീയ്ക്കു് പുരുഷനോടു് സമത്വം നല്കുന്നതായിരുന്ന ബുദ്ധന്റെ ആദർശം. ആദ്യത്തെ മതപരിവർത്തകരിൽ അദ്ദേഹത്തിന്റെ ഭാര്യയടക്കം പന്ത്രണ്ടു സ്ത്രീകളുണ്ടായിരുന്നു. ശ്രീബുദ്ധചരിത്രത്തിൽ ഏറ്റവും ആവേശകരമായതു് നീണ്ട ഒരു നിരാഹാരത്തിനു ശേഷം അദ്ദേഹത്തിനാദ്യമായി ഭി

ക്ഷ നൽകാൻ ഭാഗ്യമുണ്ടായ 'സുജാത'യുടെ ഭക്തിയുടേയും ത്യാഗത്തിന്റേയും ചിത്രമാണ്. 'നാഗാർജ്ജുനകൊണ്ട' എന്ന സ്ഥലത്തു് ഈ അടുത്ത കാലത്തായി കണ്ടുപിടിക്കപ്പെട്ട ചില പുരാതനരേഖകൾ വ്യക്തമാക്കുന്നതു് രാജാക്കന്മാർ ഹൈന്ദവമതാനുയായികളായിരുന്നപ്പോഴും സ്ത്രീകൾ ബുദ്ധമതത്തിൽ അടിയുറച്ചു വിശ്വസിച്ചിരുന്നു എന്നാണ്.

നിയമപദവി

ബർമ്മയിലെ നിയമാവലിയാണ് സ്ത്രീയുടെ മഹനീയതയുടെ മൂന്നാമത്തെ കാരണമായി പറയുന്നതു്. ഏറ്റവും മൗലികമായ സാമ്പത്തികസ്വാതന്ത്ര്യം സ്ത്രീക്കു നൽകുന്നു എന്നാണ് അവിടത്തെ വ്യവസ്ഥിതി. പഴയ ഹിന്ദുനിയമങ്ങളുടേയും നിലവിലുള്ള ആചാരവിശ്വാസങ്ങളുടേയും ഒരു സങ്കലനമാണ് ഈ നിയമം. തെക്കുകിഴക്കേഷ്യയിലെ മറ്റു രാജ്യങ്ങളിലെ സ്ത്രീകളെപ്പോലെയല്ലാതെ, ബർമ്മിസ് വനിതക്കു വിവാഹത്തിനു ശേഷവും സ്വന്തമായി സ്വത്തു സമ്പാദിക്കുവാൻ സാധിക്കുന്നു. അതിനു വേണ്ടി പരിരക്ഷ ചെയ്യാൻ ശക്തമായ നിയമമുണ്ട്. അവൾ അടുക്കളക്കെട്ടിലെ അടിമയല്ല. ഭർത്താവിന്റെ ജീവിതത്തിലും വ്യവസായങ്ങളിലും പങ്കുകാരിയായി അവൾ വിവാഹശേഷം സാമൂഹ്യരംഗത്തു നിലക്കൊള്ളുന്നു. സമുദായത്തിൽ പരിഷ്കാരിണിയായ ഒരു ചിത്രശലഭമായി രൂപാന്തരപ്പെടുവാൻ അവൾക്കാഗ്രഹമില്ല. ആ ദാമ്പത്യവ്യവസ്ഥയിൽ സംരക്ഷിയ്ക്കേണ്ടവനോ സംരക്ഷിയ്ക്കപ്പെടേണ്ടവളോ ഇല്ല. തുല്യകർത്തവ്യങ്ങളോടുകൂടിയ രണ്ടു സ്വതന്ത്രവ്യക്തികൾ. ദമ്പതികളെ സംബന്ധിച്ചിടത്തോളം മൗലികമായ സ്വത്തുടമാവകാശങ്ങൾ നിയമസാധുത ലഭിച്ചവയായുണ്ട്. അങ്ങേ അറ്റത്തോളം സ്ത്രീയ്ക്കു് സാമ്പത്തികസ്വാതന്ത്ര്യം നല്കുന്നവയാണിവ. 'പവിൻ' എന്നറിയപ്പെടുന്നതു ഭാര്യയ്ക്കോ ഭർത്താവിനോ വിവാഹത്തി

ന്ന മുമ്പ് സ്വന്തമായി അവകാശപ്പെട്ടിരുന്ന സ്വത്താണ്. ഹൈന്ദവവധുവിന് മാതാപിതാക്കന്മാർ നല്കുന്ന സ്ത്രീധനത്തിന്റെ ഏകദേശച്ഛായയുള്ള ഇതു കൂട്ടുസ്വത്തായി പരിഗണിയ്ക്കപ്പെട്ടുന്നില്ല. ദാമ്പത്യബന്ധത്തിനു വിഘാതം വന്നാൽ അതു് ആദ്യാവകാശിയിൽ ലയിക്കുന്നു. 'ഹ്നാസോൺ' എന്നതു് വിവാഹജീവിതകാലത്തു രണ്ടുപേരുടേയും ശ്രമംകൊണ്ടു സമ്പാദിക്കുന്ന സ്വത്തിന്റെ പേരാണ്. ഇതിൽ രണ്ടുപേക്കും തുല്യാവകാശമുണ്ട്. "ലൊറിറ്റ്പച്ച" എന്നതു് ദമ്പതികൾ വിവാഹജീവിതകാലത്തു സമ്പാദിക്കുതാണെങ്കിലും കൂട്ടുസ്വത്തല്ല. ഓരോരുത്തക്കും പ്രത്യേകാവകാശമുള്ളതാണ് ഇതു്.

വിവാഹം—ഒരു കരാർ

യാതൊരു നിബ്ബന്ധിതാചാരങ്ങളുമില്ലാത്ത ബർമ്മീസ് വിവാഹം മതപരമായ ഒരു ചടങ്ങല്ല. ഒരു പുരോഹിതന്റെയും സാന്നിദ്ധ്യം അതിന്നാവശ്യമില്ല. തികച്ചും കരാറിന്റെ സമ്പ്രദായമാണ് വിവാഹത്തിന്നു്. മാതാപിതാക്കന്മാർ ഏർപ്പെടുത്തുന്ന വിവാഹങ്ങളും പ്രണയവിവാഹങ്ങളും ധാരാളം നിലവിലുണ്ട്. പരസ്പരസമ്മതത്തിന്മേൽ അധിഷ്ഠിതമാണ് വിവാഹം. സ്ത്രീയും പുരുഷനും ദാമ്പത്യഭാവേന ജീവിച്ചാൽ അതു നിയമവിധേയമായ ബന്ധമായിത്തീരുന്നു. അതിലുണ്ടാവുന്ന സന്താനങ്ങളുടെ സംരക്ഷണച്ചുമതലയിൽനിന്നു് ഒളിച്ചോടാൻ പുരുഷനു യാതൊരു സാദ്ധ്യതയുമില്ല. വിവാഹമോചനം വളരെ എളുപ്പമാണ്. പരസ്പരസമ്മതത്തിന്മേൽ പിരിയാമെങ്കിലും വളരെ കുറച്ചു വിവാഹമോചനങ്ങളേ ബർമ്മയിൽ ഉണ്ടാവുന്നുള്ളു. സംതൃപ്തമായ കുടുംബജീവിതമാണ് അവരുടേതു്. അന്യേയരാരം സ്വതന്ത്രയാണെങ്കിലും ബർമ്മീസ് വനിത ഭർത്താവിനെ ബഹുമാനിക്കുന്നതിലും ഏറ്റവും നിസ്സാരമായ കാര്യംപോലും അദ്ദേഹത്തിന്റെ ഇഷ്ടത്തിനും നിയന്ത്രണത്തിനും

വിട്ടുകൊടുക്കുന്നതിലും അഭിമാനം പ്രകടിപ്പിക്കുന്നു. കരുണയും സ്നേഹവും ലോഭമെന്യേ ഭർത്താവിൽനിന്നു ലഭിക്കുന്നതിനാൽ ഏറ്റവും ആനന്ദകരമാണ് അവളുടെ കുടുംബജീവിതം.

അമ്മയ്ക്കും കുട്ടികൾക്കും ഒരുപോലെ രക്ഷ നൽകുന്ന ഒന്നാണ് പിൻതുടർച്ചനിയമം. ഭർത്താവിന്റെ സ്വത്തിന്റെ, അല്പം ചില നിയന്ത്രണമൊഴിച്ചാൽ, ഭാര്യയാണ് അവകാശി. മൂത്ത കുട്ടിക്ക്, ആണായാലും, പെണ്ണായാലും, നാലിൽ ഒന്നു നീക്കിവെച്ചു ബാക്കി സ്വത്തു മുഴുവൻ ഭർത്താവിന്റെ മരണശേഷം വിധവയ്ക്കു കിട്ടുന്നു. മകനും മകൾക്കും സ്വത്തവകാശത്തിൽ വ്യത്യാസമില്ല. നിയമവും സാമൂഹ്യാചാരങ്ങളും അങ്ങിനെ അവളെ സഹായിക്കുന്നു.

കുട്ടികൾ

കാഷ്ടികരാജ്യമായ ബർമ്മയിൽ ഒരാൺകുട്ടിയുടെ ജനനം ഉത്സവമാണെങ്കിലും ബാലികമാർക്കും ഹൃദയപൂർവ്വമായ സ്വാഗതം ലഭിക്കുന്നു. വളരെ അപൂർവ്വമായി വില്ലേജുകളിൽ തീരെ ദരിദ്രരായവർ തങ്ങളുടെ പെൺകുട്ടികളെ വില്ക്കാറുണ്ട്. ലാഭകരമായ ഒരേർപ്പാടായി ഇതു കണക്കാക്കിയിരുന്ന മദ്ധ്യവർത്തികൾ ധാരാളമുണ്ടായിരുന്നു. പക്ഷേ ഇന്ന് ഈ ഏർപ്പാട് വളരെ വിരളമാണ്.

ജനനദിവസത്തെ ആസ്പദമാക്കിയാണ് സാധാരണ കുട്ടികളുടെ നാമകരണം നടക്കുന്നതു്. ഉദാഹരണമായി തിങ്കളാഴ്ച ജനിച്ച സന്താനത്തിനു ക, ഖ, ഗ, ങ എന്നീ അക്ഷരങ്ങളിൽ തുടങ്ങുന്ന പേരുകൾ കൊടുക്കുന്നു. അതുകാരണം കുടുംബനാമധേയം ഉപയോഗിക്കുന്ന ഏർപ്പാട് ചുരുക്കമാണ്. വിവാഹശേഷവും സ്ത്രീതന്റെ ആദ്യത്തെ പേരിൽത്തന്നെ അറിയപ്പെടുന്നു. യുവതിയെ 'മാ' എന്നു സംബോധന ചെയ്യുന്നു. കുറച്ചുകൂടി പ്രായമായാൽ 'ദോകിൻ' എന്നു വിളിക്കുന്നു. ഒരു പെൺകുട്ടിയുടെ ബാല്യത്തിലെ ഏ

റവും വലിയ ഉത്സവം അത്യാഡംബരപൂർവ്വം നടത്തുന്ന കാതുകുത്തുകമ്മമാണു്. വയ:ക്ലിപ്തിയില്ല; എങ്കിലും സാധാരണയായി പന്ത്രണ്ടു പതിമൂന്നു വയസ്സിലാണു് ഇതു നടത്താറു്. ബാലിക യൗവനത്തിന്റെ വഴിത്താരയിൽ എത്തി എന്നതിന്റെ ഒരു സൂചനയായിരിക്കാം ഈ ചടങ്ങു്. അതിന്നു ശേഷം ആദ്യകാലത്തു യാഥാസ്ഥിതികകുടുംബത്തിലെ പെൺകുട്ടികൾ ഒരു സഹായത്തില്ലാതെ പുറത്തു പോകാറില്ല. പഴയ കാലത്തു പെൺകുട്ടികളുടെ വിദ്യാഭ്യാസം അധികവും ഭവനങ്ങളിൽ വെച്ചാണു് നടത്താറു്. ബുദ്ധമഠങ്ങളിൽ പോയി സാമാന്യം എല്ലാ ആൺകുട്ടികളും പഠിക്കുന്നു. സൌജന്യമാണു് മഠങ്ങളിലെ അദ്ധ്യയനം. ബ്രിട്ടീഷ് ഭരണത്തോടെ പ്രചുരപ്രചാരം സിദ്ധിച്ച മിഷ്യൻ സ്കൂളുകളിൽ ആൺപെൺ വ്യത്യാസമില്ലാതെതന്നെ അവർ പഠിക്കാൻ തുടങ്ങി. തെക്കുകിഴക്കേഷ്യയിലെ വിദ്യാഭ്യാസചരിത്രത്തിലെ ഏറ്റവും പുരോഗമനപരമായ ഒരു കാൽവെപ്പാണു് സ്വാതന്ത്ര്യോദയത്തോടുകൂടി ബർമ്മയിൽ നടപ്പാക്കിയ നിർബ്ബന്ധിതസൌജന്യവിദ്യാഭ്യാസസമ്പ്രദായം. ഇന്നു റംഗൂണിലെ മെഡിക്കൽ കോളേജിലെ അദ്ധ്യേതാക്കളിൽ 50 ശതമാനം പെൺകുട്ടികളാണു്. ഒരുപക്ഷേ ഏറ്റവും സമർത്ഥരും അവരാണു്. തങ്ങളുടെ പ്രിയപ്പെട്ട തൊഴിൽ വേണ്ട എന്നു വെയ്ക്കുവാൻ വിവാഹത്തിന്നു ശേഷം ബർമ്മീസ് സ്ത്രീ ഉദ്ദേശിക്കുകയില്ല. ഏതു തൊഴിലും അവൾ അഭിമാനത്തോടുകൂടി ചെയ്യുന്നു. എത്ര സമ്പന്നനായാലും, ഭാര്യ പ്രവൃത്തിയെടുക്കുന്നതിൽ ബർമ്മാക്കാരൻ അപ്രിയം കാണിക്കുന്നില്ല. നേരെമറിച്ചു, ചില ജോലികൾ. പ്രത്യേകിച്ചു് ഡോക്ടരുടെ ജോലി, പതിമാർ ചെയ്യുന്നതിൽ അവർ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ബഹുഭാര്യാത്വം

ബഹുഭാര്യാത്വം ബർമ്മയിൽ / നടപ്പിലുണ്ടോ എന്നു

കാര്യത്തിൽ രണ്ടഭിപ്രായമാണ്. പക്ഷേ, അതു നികൃഷ്ടമായ ഒരേർപ്പാടായിട്ടാണ് പരിഷ്കൃതലോകം ഗണിക്കുന്നതു്. നിയമം ബഹുഭാര്യാത്വം തടഞ്ഞിട്ടില്ല എന്നതു് അവിടത്തെ മഹിളകളെ വിഷമിപ്പിക്കുന്ന ഒരു സംഗതിയാണ്. സ്ത്രീസംഘടനകൾ ഇതുവരെ ബഹുഭാര്യാത്വനിരോധനത്തിനായി നടത്തിവന്നിട്ടുള്ള സംരംഭങ്ങൾ വിജയപ്രദമായിട്ടില്ല. സാമ്പത്തികമായി അധികം ചുമതലകൾ ഭാര്യയെ സംബന്ധിച്ചിടത്തോളം ഇല്ലാത്തതിനാൽ ബഹുഭാര്യാത്വം അത്ര വലിയ ഭാരമായി ബർമ്മാക്കാർ വീക്ഷിക്കുന്നില്ല. അതിനാൽ അവിടവിടെയായി ഈ ഏർപ്പാടു് നിലവിലുണ്ടു്.

ഭാര്യയ്ക്കു കുടുംബത്തിലുള്ള അനുപമമായ പ്രേരണാശക്തിയും, ധാരാളമായി കാണുന്ന പരസ്പരസ്നേഹവും പ്രായോഗികമായി ബർമ്മാക്കാരനെ ഏകപത്നീവ്രതക്കാരനാക്കുന്നു. വളരെ കുറച്ചു സന്ദർഭങ്ങളിൽ, ഉദാഹരണമായി ആദ്യഭാര്യയിൽ സന്താനങ്ങളുണ്ടാകുക സാദ്ധ്യമല്ലാത്ത പരിതഃസ്ഥിതികളിൽ മാത്രമേ സംസ്കൃതചിത്തനായ ബർമ്മാക്കാരൻ രണ്ടാം വിവാഹത്തിനു് ഒരുങ്ങുകയുള്ളു.

വിധവാവിവാഹം നിഷിദ്ധമല്ല. സാമ്പത്തികപരാധീനത വിധവയെ സാധാരണയായി അലട്ടാറില്ല. സമുദായം പ്രായംചെന്ന വിധവയെ വളരെ അധികം ബഹുമാനിക്കുന്നു. നിയമവും സാമൂഹ്യാചാരങ്ങളും എതിരല്ലാത്തതിനാൽ സാമാന്യം ബാലവിധവകളെയെല്ലാം പുനർവിവാഹം ചെയ്തു കൊടുക്കുന്നു.

ശ്രീയും സ്ത്രീത്വവും തന്റേടവും ബുദ്ധിയും തികഞ്ഞ ബർമ്മക്കാരി ഏതു സംഗതിയിലും തന്റെ അതുല്യമായ പാടവം പ്രകടിപ്പിക്കുന്നു. കുടുംബാംഗങ്ങളുടെ ജീവിതനിയന്ത്രണത്തിൽ അവൾ വളരെ സാരമായ ഭാഗം വഹിക്കുന്നു. സമുദായത്തിന്റെ നട്ടെല്ലാണ് അവളാണ്. ബർമ്മയ്ക്കു് അഭിമാനിക്കാവുന്ന ഏറ്റവും വലിയ സമ്പത്താണു് ഉൽകൃഷ്ടയായ അവിടത്തെ മഹിള.

ഇൻഡോനേഷ്യ

ഡച്ചുസാമ്രാജ്യത്വഭരണകാലത്തു് ഇൻഡോനേഷ്യയിലെ സ്ത്രീകൾക്കു യാതൊരു പുരോഗമനവുമുണ്ടായിരുന്നില്ല. വിവാഹവിഷയത്തിൽ സ്ത്രീ തികച്ചും അസ്വതന്ത്രയായിരുന്നു. തൊഴിലില്ലായ്മയും ദാരിദ്ര്യവും വ്യഭിചാരശാലകളിലേയ്ക്കു് അവരെ ആനയിച്ചിരുന്നു. വിദേശാധിപത്യത്തിന്റെ ഏരിതീയിൽ വളർന്നുവന്ന ഇൻഡോനേഷ്യൻ വനിതയ്ക്കു് സാമാന്യവിദ്യാഭ്യാസംപോലും കിട്ടിയിരുന്നില്ല. എങ്കിലും അന്യാദൃശമായ ഉശിരും സഹിഷ്ണുതയും ത്യാഗസന്നദ്ധതയും അവൾക്കു കൈമുതലായുണ്ടായിരുന്നു. ധീരോദാത്തയായ ''കാർത്തിനി''യുടെ മഹനീയമായ പാരമ്പര്യത്തിനു സർവ്വഥാ അർഹയായിരുന്നു അവൾ.

കാർത്തിനി

ഡച്ചുകാർ കേവലം പിഞ്ഞുകുട്ടികളെയെന്നപോലെ ഇൻഡോനേഷ്യക്കാരെ അടിച്ചമർത്തിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ 1879 ഏപ്രിൽ 21-ാംനു ആഭിജാത്യത്തിന്റെ അങ്കതലത്തിൽ കാർത്തിനി ജനിച്ചു. പിഞ്ഞുബാലികയായിരുന്നപ്പോൾത്തന്നെ അവൾ കാണിച്ച വൈഭവം അന്യാദൃശമായിരുന്നു. സ്ത്രീകൾ പുരുഷന്മാരുടെ കളിപ്പാട്ടങ്ങളല്ല, അടുക്കളയിലെ മുടക്കച്ചരക്കുകളല്ല; രാഷ്ട്രനിർമ്മിതിയിൽ അവ

ക്ക കായ്മായ പങ്ക വഹിക്കുവാനുണ്ട് എന്നെല്ലാം ആദ്യമായി ഇൻഡോനേഷ്യക്കാരികളെ ഉദ്ബോധിപ്പിച്ചതു് യുവത്വത്തിലേയ്ക്ക കാലൂന്നിത്തുടങ്ങിയ കാത്തിനിയാണു്. യാഥാസ്ഥിതികത്വവും പഴമയും അവളെ അനുശാസിച്ചതു് ആദ്യം മാതാപിതാക്കന്മാരുടേയും പിന്നീടു് ഭർത്താവിന്റേയും സംരക്ഷണയിൽ അടങ്ങിയൊതുങ്ങി ജീവിക്കുവാനായിരുന്നു. പക്ഷേ, അലസതയുടെ തൊട്ടിലിൽ കഴിച്ചുകൂട്ടുവാൻ അവൾക്ക സാദ്ധ്യമായില്ല. ഇൻഡോനേഷ്യക്കാരികളുടെ ഉന്നമനത്തിനു് അത്യാവശ്യമായ സംഗതികളിൽ പ്രധാനമായതു് വിദ്യാഭ്യാസമാണെന്നു് അവർ സമർത്ഥിച്ചു. ജീവിതത്തിന്റെ ഉന്നതശൃംഗത്തിൽനിന്നു പ്രവഹിക്കുന്ന ഈ ഉദ്ബോധനത്തിനു ധാരാളം പ്രചാരം ലഭിച്ചു. കാത്തിനിയും അവളുടെ ഒരു സഹോദരിയും കൂടി പെൺകുട്ടികളെ വീട്ടിൽവെച്ചു പഠിപ്പിക്കുവാൻ തുടങ്ങി. 1903–ൽ റെംബാങിലെ റീജന്റിനെ കാത്തിനി വിവാഹം ചെയ്തു. യാഥാസ്ഥിതികനായിരുന്നുവെങ്കിലും അദ്ദേഹം ഉദ്ബുദ്ധയായ ഭാര്യയ്ക്കു പ്രവർത്തനസ്വാതന്ത്ര്യം നൽകി. പക്ഷേ, ഇൻഡോനേഷ്യ ഒരു ഭാഗ്യയായിരുന്നു. 22–ാമത്തെ വയസ്സിൽ ആ ധീരവനിത കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. ഇന്നും ഏപ്രിൽ 21–ാം തീയതി ഇൻഡോനേഷ്യക്കാക്ക സുസ്മരണീയമായ ഒരു ദിനമാണു്—കാത്തിനി ദിനം.

കാത്തിനിയുടെ കരുത്തുറ്റ നേതൃത്വം പകർന്നുകൊടുത്ത ആവേശവും വീര്യവും ഇൻഡോനേഷ്യൻവനിതകളെ മുന്നോട്ടു നയിച്ചു. 1912–ൽ 'കാത്തിനി സ്കൂൾ' എന്ന പേരിൽ ഒരു ബാലികാപാഠശാല തുറക്കപ്പെട്ടു. പക്ഷേ, അധികകാലമസിയ്ക്കാതെ ഒന്നാം ലോകമഹായുദ്ധത്തിന്റെ കരിംകാറിൽ അതു നിസ്സേജസ്കമായി. 1928–ൽ ജക്കാർത്തയിൽ ചേർന്ന ഒരു വനിതാസമ്മേളനത്തിൽവെച്ചു ''ഇൻഡോനേഷ്യൻ വനിതാ കോൺഗ്രസ്സ്'' രൂപമെടുത്തു. മറ്റു വനിതാസംഘട

നകളുമായി ബന്ധം പുലർത്തുക, അനാശാസ്യമായ ആചാരങ്ങൾക്കു് അറുതിവരുത്തുക, സ്ത്രീകളുടെ താൽപര്യങ്ങൾ സംരക്ഷിയ്ക്കുക, അർഹിക്കുന്ന പദവിയിലേയ്ക്കു് അവരെ ഉയർത്തുക—ഇതൊക്കെയായിരുന്നു അവരുടെ പ്രഖ്യാപിതലക്ഷ്യങ്ങൾ. ഈ ഉദ്ദേശത്തെ ലാക്കാക്കി അവർ ''ഇസ്തിരി'' എന്ന ഒരു സാംസ്കാരിക മാസിക തുടങ്ങി.

വോട്ടവകാശത്തിന്നാണു് അവർ ആദ്യമായി പ്രക്ഷോഭണം തുടങ്ങിയതു്. സുശക്തമായ ഈ പ്രക്ഷോഭണത്തിന്റെ മുന്നിൽ ഡച്ചുഗവർമ്മേണ്ടിനു സ്വസ്ഥമായിരിക്കാൻ സാധിച്ചില്ല. നഗരസഭയിൽ സ്ത്രീകൾക്കു ലഘുവായ പ്രാതിനിധ്യം നൽകി അവർ തൽക്കാലത്തേയ്ക്കു രക്ഷപ്പെട്ടു. പക്ഷേ, പുരുഷന്മാരായിരുന്ന സ്ത്രീകളെ തിരഞ്ഞെടുക്കേണ്ടതു്. ഇതിനോടു് അടുപ്പിച്ചു് ഇൻഡോനേഷ്യയിൽ കുടിയേറിപ്പാർത്തിരുന്ന ഡച്ചുസ്ത്രീകൾക്കു് പരിപൂർണ്ണമായ വോട്ടവകാശം നൽകപ്പെട്ടു. അന്നീതിയ്ക്കു മേലെ മൊട്ടിട്ട ഈ അസമത്വം ഇൻഡോനേഷ്യൻസ്ത്രീകൾക്കു താങ്ങാവുന്നതിൽ കൂട്ടതലായിരുന്നു. കൂട്ടതൽ ഊർജ്ജസ്വലതയോടെ അവർ തങ്ങളുടെ പ്രക്ഷോഭണം തുടർന്നു. മൂന്നു മാസത്തിന്നുള്ളിൽ ഈ സ്ത്രീശക്തിക്കു മുമ്പിൽ ഡച്ചുഗവർമ്മേണ്ടു് മുട്ടുകുത്തി. അപ്പോഴേയ്ക്കും ജാപ്പാൻ അവിടെ അവരുടെ വിജയക്കൊടി നാട്ടിയിരുന്നു.

വർണ്ണശബളമായ സാരോംഗ്ധരിച്ച സുന്ദരികളായ ഇൻഡോനേഷ്യൻവനിതകളെ വഴികളിൽ സാധാരണയായി ഒരു യാത്രക്കാരൻ കണ്ടുമുട്ടും. പക്ഷേ, ആനന്ദമന്വേഷിച്ചു് അലയുന്ന അലസയായ ഒരു അബലയല്ല അവൾ. രാജ്യത്തു് സമരത്തിന്റെ തീ നിറിപ്പുകഞ്ഞുകൊണ്ടിരുന്നപ്പോൾ അസാമാന്യമായ വിപദിധൈര്യമാണു് അവൾ പ്രദർശിപ്പിച്ചതു്. ഒളിപ്പോരാളികൾക്കു അപകടകരമായ സ്ഥലങ്ങളിൽ ആയുധവും ആഹാരവും എത്തിച്ചുകൊടുക്കുവാൻ സ്വന്തം ജീവനെ തൃണവൽക്കരിച്ചു് അവൾ തയാറായി. വെടിയുണ്ട

കൾ ചീറിപ്പായുമ്പോൾ അവൾ നാടിന്റെ ആഹാരഭദ്രത നിലനിർത്താനാവശ്യമായ പണികളിൽ വ്യാപൃതയായി. പുരുഷന്മാരെല്ലാം രണാങ്കണത്തിലെത്തിയപ്പോൾ അവരുടെ സ്ഥാനം കായ്ക്ഷമതയോടെ ഏറ്റെടുക്കുവാൻ അവൾക്കു യാതൊരു മടിയും ഉണ്ടായില്ല. ''മെർഡേക്ക'' (സ്വാതന്ത്ര്യം) എന്ന ദിവ്യമന്ത്രം വീടുവീടാന്തരം പ്രചരിപ്പിക്കുവാൻ അവൾ മുൻകൈ എടുത്തു. ദേശാഭിമാനികളായ അനവധി സ്ത്രീകളെ ഡച്ചുസാമ്രാജ്യത്വം നിഷ്ഠുരണം വധിച്ചു കളഞ്ഞിട്ടുണ്ട്.

ജാപ്പാൻഭരണകാലത്തു് ഒരു താൽക്കാലികസ്തംഭനം ഉണ്ടായ ഇൻഡോനേഷ്യൻവനിതാസംഘടന, പുതുതായി രൂപീകൃതമായ റിപ്പബ്ലിക് സഹായസഹകരണങ്ങൾ നല്കുകയാൽ, കൂടുതൽ സുശക്തമായി. കക്ഷിമാത്സര്യം കലരാതെ സ്ത്രീയുടെ സർവ്വതോമുഖമായ പുരോഗതിക്കുവേണ്ടിയാണു് അതു നിലകൊള്ളുന്നതു്. വനിതാകോൺഗ്രസ്സിനോടു് അനുബന്ധിച്ചുള്ള മറ്റു സംഘടനകളാണു് ''ഗെർവാണി'' (ഇൻഡോനേഷ്യൻ വിമൻസ് മൂവ്മൻട്) ''വനിതാഡെമോക്രാറു്'' ''മുസ്ലിമത്മസ്ജുമി'' ''മുസ്ലിമത്ന്യ'' ''പെർവാറി'' മുതലായവ. 1931-ൽ ലാഹോറിൽ വെച്ചു കൂടിയ വനിതാസമ്മേളനത്തിൽ സംബന്ധിക്കുവാൻ ഇൻഡോനേഷ്യൻവനിതകൾ ഇന്ത്യയിലെത്തിയെങ്കിലും അതിന്റെ ഭാരവാഹികൾ ഇംഗ്ലീഷുകാരികൾ ആണെന്നു കണ്ടു് അതിൽ പങ്കെടുക്കാതെയിരിയ്ക്കുകയാണുണ്ടായതു്.

820 ലക്ഷം വരുന്ന ഇൻഡോനേഷ്യൻജനതയുടെ പകുതി ഭാഗവും സ്ത്രീകളാണു്. അധികം ജനങ്ങളും കഷ്ടവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. ശോചനീയമായ ഒരു നിലയാണു് കഷ്ടസ്ത്രീകളുടേതു്. ഇവരുടെ നില മെച്ചമാക്കാൻ വനിതാസംഘടനകൾ വളരെയധികം ശ്രമിക്കുന്നുണ്ടു്.

ഇൻഡോനേഷ്യൻഭരണഘടന സ്ത്രീയ്ക്കും പുരുഷനും

സമത്വം അനുവദിച്ചുകൊടുക്കുന്നുണ്ട്. എങ്കിലും, പ്രായോഗികമായി വളരെ അനീതികൾക്ക് സ്ത്രീ വിധേയയാണ്. വിവാഹവിഷയത്തിൽ വളരെ അധികം പുരോഗതി കൈവന്നിട്ടുണ്ട്. എങ്കിലും, ഇന്നും നിർബ്ബന്ധവിവാഹം ചില സ്ഥലങ്ങളിൽ നടക്കുന്നുണ്ട്. വിവാഹമോചനകാര്യത്തിൽ പുരുഷൻ സ്വതന്ത്രനാണ്. ''തലാക്കി''ന്റെ പൂർണ്ണാധികാരി അയാളാണ്. സ്ത്രീക്ക് ഇതിനെ തടയുവാൻ യാതൊരു അധികാരവുമില്ല. വിവാഹമുക്തയായ സ്ത്രീക്കോ അവളുടെ കുട്ടികൾക്കോ സാമ്പത്തികസഹായം യാതൊന്നും ലഭിക്കുന്നില്ല. ഒരു സ്ത്രീക്ക് അവളുടെ ഭർത്താവിൽനിന്നു മോചനം ലഭിക്കണമെന്നുണ്ടെങ്കിൽ അതിനു മാർഗ്ഗങ്ങളൊന്നും ഇല്ല.

തൊഴിൽമണ്ഡലത്തിൽ തുല്യജോലിക്ക് തുല്യവേതനമെന്ന സിദ്ധാന്തം പ്രായോഗികമായി നടപ്പിൽ വന്നിട്ടില്ല. മിക്ക സ്ത്രീകളേയും തൊഴിലില്ലായ്മ തുറിച്ചുനോക്കുന്നുണ്ട്. പുറമേനിന്നുള്ള ഇറക്കുമതി ധാരാളമാകയാൽ ധാരാളം ദേശീയവ്യവസായങ്ങൾ അവസാനിപ്പിക്കേണ്ടിവന്നിരിക്കുന്നു. തുണിശാലകളിൽ 75 ശതമാനവും അടച്ചിട്ടിരിക്കുകയാണ്. അവയിൽ വേല ചെയ്യുന്നവരിൽ 80 ശതമാനവും സ്ത്രീകളായിരുന്നു. അതിനാൽ, തൊഴിലില്ലായ്മകൊണ്ട് ആദ്യമായി കഷ്ടപ്പാടിനു പാത്രമായതു സ്ത്രീകളാണ്. സിഗററ്റ്, തീപ്പെട്ടി, കടലാസ്, തോൽ മുതലായ വ്യവസായങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കു കിട്ടുന്ന അടിസ്ഥാനശമ്പളം ഒരു ദിവസത്തിൽ 5 ഗിൽഡറിൽ താഴെയാണ്. പുരുഷത്തൊഴിലാളികൾക്കു കുടുംബ അലവൻസ് ഒന്നുംതന്നെ നൽകുന്നില്ല. ''സോഷ്യൽ ഇൻഷുറൻസ്'' പദ്ധതി അവിടെ നിലവിലില്ല.

ആരോഗ്യസംരക്ഷണം സന്തൃപ്തികരമല്ലാത്തതിനാൽ തൊഴിലാളികളുടെ ഇടയിൽ ക്ഷയം, മലേറിയ എന്നീ രോഗങ്ങൾ ധാരാളമാണ്. പ്രസവാനുകൂല്യങ്ങൾ യാതൊന്നു

മില്ലായ്കയാൽ അമ്മമാരുടേയും കുട്ടികളുടേയും സ്ഥിതി ശോചനീയമാകുന്നു. കുടുംബാസൂത്രണം ഇൻഡോനേഷ്യയിൽ അപരിചിതമാണ്. ഒരു സ്ത്രീക്ക് പത്തും പന്ത്രണ്ടും കുട്ടികൾ സുവ്യസാധാരണമാകുന്നു. അനാരോഗ്യകരമായ പരിതഃസ്ഥിതിയും പുഷ്ടികരമായ ആഹാരത്തിന്റെ ദൌർലഭ്യവും കൊല്ലംതോറും അനവധി കുട്ടികളുടെ മരണത്തിനു കാരണമാകുന്നു.

വ്യഭിചാരം വ്യാപകമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. തക്കതായ വേലകൾ നല്കി വ്യഭിചാരത്തിൽനിന്നു സ്ത്രീകളെ പിൻതിരിപ്പിക്കുവാൻ ഗവമ്മെണ്ടു ശ്രമിക്കുന്നുണ്ട്. പക്ഷേ, ആ ശ്രമം ഫലപ്രദമാകാൻ ഇരിക്കുന്നതേയുള്ളു. കാരണം ഗവമ്മേണ്ടിനേക്കാൾ ഈ വിഷയത്തിൽ ശ്രദ്ധ പതിപ്പിക്കേണ്ട സമുദായം ഇതിൽ അലസനയമാണ് കൈക്കൊണ്ടിരിക്കുന്നതു്.

സമാധാനം, സ്വാതന്ത്ര്യം, സമത്വം എന്നീ മുദ്രാവാക്യങ്ങളുമായി ഉറച്ച കാൽവെപ്പോടെ മുന്നോട്ടനീങ്ങുന്ന വനിതാസംഘടനകൾ ഈ പ്രശ്നങ്ങൾക്കു് ഒരു പരിഹാരം കണ്ടുപിടിക്കുവാൻ അവിശ്രമം പ്രവൃത്തിയെടുക്കുന്നുണ്ട്.

വിയറ്റ്നാം

വ്യത്യസ്തമായ നിറങ്ങളിൽ വരച്ചിട്ടുള്ള രണ്ടു ചിത്രങ്ങളാണ് വിയറ്റ്നാംനാരിയെപ്പറ്റി നമുക്കു ലഭിക്കുന്നതു്. ഫ്രഞ്ചു് അധീനത്തിലായിരുന്ന 80 കൊല്ലക്കാലം വിയറ്റ്നാം. ബാല്യത്തിൽ പിതാവിന്റേയും യൌവനത്തിൽ ഭർത്താവിന്റേയും വാർദ്ധക്യത്തിൽ മൂത്ത പുത്രന്റേയും സംരക്ഷണയിൽ കഴിഞ്ഞുകൂട്ടുന്ന ലോലഗാത്രിയായ അബലയെയാണു് ഫ്രഞ്ചു് ലേഖകനായ ലാംഗ്ലറു് ചിത്രീകരിക്കുന്നതു്. നിയമം എന്തവകാശങ്ങൾ അനുവദിച്ചാലും പ്രായോഗികമായി ഒരു ഭൃത്യയേക്കാൾ ഉയർന്ന പദവിയൊന്നും അവൾക്കു കിട്ടുന്നില്ല എന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. അതിനു തെളിവായി അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതു് ഒരു കമാണ്ടർ തന്റെ സൈനികരെ നിയന്ത്രിക്കുന്നതുപോലെ ഒരു ഭർത്താവു് തന്റെ ഭാര്യയെ അടക്കിനിർത്തുന്ന എന്നതാണു വരുന്ന ഒരു വിയറ്റ്നാമീസ് പഴമൊഴി ആണു്. 1913-ൽ പുറത്തുവന്ന ഈ അഭിപ്രായത്തെ വിയറ്റ്നാമീസ് ചരിത്രകാരന്മാർ തിരുത്തി എഴുതിയിട്ടുണ്ടു്. കുടുംബസംബന്ധമായ എല്ലാ കൃത്യതലങ്ങളിലും താക്കോൽക്കാരിയായി, ഭർത്താവിനാലും മക്കളാലും ബഹുമാനിതയായി, ഭൌതികമായ എല്ലാ ക്രിയകളിലും പുരുഷന്റെ

പങ്കാളിയായി, അവർ വിയറ്റ്നാംവനിതയെ ആലേഖനം ചെയ്യുന്നു.

പിത്രാരാധനയിൽ വിശ്വസിക്കുന്നവരാണ് വിയറ്റ്നാംകാർ. വംശം നശിക്കുന്നതു് വലിയ ഒരു പാപമാണു് അവരുടെ ദൃഷ്ടിയിൽ. അതുകൊണ്ടു് അവിവാഹിതരുടെ എണ്ണം വളരെ കുറവാണു്. അനപത്യത അവരെ വളരെ അധികം അലട്ടും. പിതൃപൂജ നടത്തുവാൻ പ്രാപ്തനായ ഒരു പുത്രന്റെ ജനനം ഒരു മഹോത്സവമായി അവർ പരിഗണിക്കുന്നു. പക്ഷേ, അന്യഗൃഹത്തിൽ ചെന്നുചേരേണ്ട പെൺകുട്ടിയുടെ വരവു് ഒരു ദുരന്തമായിട്ടാണു് പലപ്പോഴും അവർ സ്വാഗതം ചെയ്യുന്നതു്. ആത്മാവിന്നു നന്മയുടേയും തിന്മയുടേതുമായ രണ്ടു ഭാഗങ്ങൾ ഉള്ളതായി അവർ വിശ്വസിക്കുന്നു. ബുദ്ധിയേക്കാൾ വികാരത്തിനു പ്രാധാന്യമുണ്ടെന്നു സംശയിക്കപ്പെട്ടിട്ടുള്ള ഒരു സ്ത്രീയിൽ തിന്മയുടെ ശതമാനം അല്പം കൂടുതലായിരിക്കുമത്രേ. ഒരുപക്ഷേ, സ്ത്രീക്കു് അല്പമൊരു താഴ്ന്ന കല്പിക്കാനുള്ള കാരണം ഇതായിരിക്കാം. സന്താനനിഷ്ഠയിൽ അവർ വളരെ ശ്രദ്ധിക്കുന്നു. ഏതെങ്കിലും ഒരു പെൺകുട്ടിയെപ്പറ്റിയുള്ള നേരിയ ഒരപവാദം മതി ആ കുടുംബം മുഴുവൻ സമുദായത്തിന്റെ ദൃഷ്ടിയിൽ കളങ്കപങ്കിലമാവാൻ. വിവാഹത്തിനുമുമ്പു് സ്ത്രീപുരുഷന്മാർതമ്മിലുള്ള സമ്പർക്കത്തെ അവർ ഒരിക്കലും ക്ഷമിക്കുകയില്ല. കൌമാരം കഴിഞ്ഞ ബാലികാബാലന്മാരെ പൊതുസ്ഥലങ്ങളിൽ ഒരിക്കലും ഒരുമിച്ചു കാണുകയില്ല. ആദ്യകാലത്തു് പാഠശാലകളിലെല്ലാം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായ ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരുന്നു.

വിദ്യാഭ്യാസം

ഭാര്യയും മാതാവും ആകേണ്ട പെൺകുട്ടിക്കു് ഉന്നതവിദ്യാഭ്യാസം അത്ര അത്യാവശ്യമായി അവർ കണക്കാക്കിയി

രുന്നില്ല. പക്ഷേ, സാമ്പത്തികനില അനുവദിക്കുകയാണെങ്കിൽ അവർ പെൺകുട്ടികൾക്കു സാമാന്യവിദ്യാഭ്യാസം നൽകിയിരുന്നു. വിദ്യാഭ്യാസവിഷയത്തിൽ എന്നും മുൻഗണന ആൺകുട്ടികൾക്കാണു്. സ്ത്രീക്കു വേണ്ടതു സൌന്ദര്യമാണു് എന്നായിരുന്നു അവരുടെ വിശ്വാസം. സാമാന്യം എല്ലാ ജോലികളും പുരുഷന്മാരാണു് ചെയ്തിരുന്നതു്. സ്കൂളുകളിൽ ചില സ്ത്രീകൾ പഠിപ്പിച്ചിരുന്നു. പൊതുവെ വിദ്യാഭ്യാസത്തോടു വലിയ അഭിരുചിയൊന്നും സ്ത്രീകൾ പ്രകടിപ്പിച്ചിരുന്നില്ല. 1937 ലാണു് ആദ്യത്തെ വനിതാഡോക്ടർ രംഗപ്രവേശംചെയ്തതു്. അക്കൊല്ലത്തിൽത്തന്നെ ഒരു സ്ത്രീ ഇദംപ്രഥമമായി സൈഗോണിൽ ഒരു സൌന്ദര്യചികിത്സാലയം ഉൽഘാടനം ചെയ്തു. അടുത്തു നടന്ന ഒരു റേഡിയോപ്രക്ഷേപണത്തിൽ പറയുന്നതു് 1945–നുമുമ്പു് സ്ത്രീകളിൽ കേവലം രണ്ടു ശതമാനത്തിന്നുമാത്രമേ സാക്ഷരത്വം സിദ്ധിച്ചിരുന്നുള്ളു എന്നാണു്. സംഗീതം, നൃത്തം എന്നിവ പൊതുതൊഴിലായി കൊണ്ടുനടക്കുവാൻ അവിടത്തെ സ്ത്രീകൾ ആഗ്രഹിച്ചിരുന്നില്ല. ഗാർഹികമായ ചില ക്രിയകൾക്കു് ആവശ്യമായ സംഗീതപാടവംകൊണ്ടു് അവർ തൃപ്തിപ്പെട്ടിരുന്നു.

വിവാഹം

മിക്ക പെൺകുട്ടികളേയും 16 വയസ്സുകഴിഞ്ഞാൽ വിവാഹംചെയ്തുകൊടുക്കുകയാണു് പതിവു്. വടക്കെ വിയറ്റ്നാമിൽ അവിവാഹിതരുടെ എണ്ണം വളരെ കുറവാണു്. മിക്കവാറും മാതാപിതാക്കന്മാർ തിരഞ്ഞെടുക്കുന്ന വിവാഹത്തിനു കുട്ടികൾ അനുകൂലിക്കുന്നു. ചില അപൂർവ്വാവസരങ്ങളിൽ നിർബ്ബന്ധവിവാഹവും നടക്കാറുണ്ടു്. താൻ കണ്ടുവെച്ചിരിക്കുന്ന പെൺകുട്ടിയുമായുള്ള വിവാഹബന്ധത്തിന്നാവശ്യമായ നടപടികൾ കൈക്കൊള്ളാൻ ചിലപ്പോൾ ആൺകുട്ടികൾ മാതാപിതാക്കന്മാരെ പ്രേരിപ്പിച്ചു എന്നു വരാം. എന്നാൽ ഒരു ബാലികയെ സംബന്ധിച്ചിടത്തോളം ഇങ്ങ

നെയുള്ള സ്വാതന്ത്ര്യത്തെപ്പറ്റി കേട്ടിട്ടേയില്ല. അതുകൊണ്ട് ബാലികമാക്ക് അതിനുള്ള സൌകര്യം നിലവിലുണ്ടായിരുന്നില്ല എന്നു് ഊഹിക്കാം. വിവാഹം കഴിഞ്ഞാൽ വധുവിന്റെ സ്ഥിരതാമസം വരഗൃഹത്തിലായിരിക്കും. ചിലപ്പോൾ അവർ ഒരു പ്രത്യേകവസതിയുണ്ടാക്കാറുണ്ട്. ചിതുഗൃഹത്തിൽ അവളുടെ സഹോദരന്മാക്ക് ലഭിക്കുന്ന വിതം അവൾക്കും കിട്ടും. ഭർത്താവു മരിക്കുകയോ വിവാഹബന്ധത്തിൽനിന്നു വിമുക്തയാവുകയോ ചെയ്താൽ അവൾ പിറന്ന വസതിയിലേയ്ക്കു തിരിച്ചുചെല്ലുന്നു.

കുട്ടികളുടെ സംരക്ഷണകാര്യത്തിൽ അച്ഛനും അമ്മയ്ക്കും ഉത്തരവാദിത്വമുണ്ട്. വസ്തുവഹകൾ സ്ത്രീയ്ക്കു തനതായി കൈവശം വെയ്ക്കാം. ഭർത്താവിനു് അവയുടെ മേൽനോട്ടത്തിനുള്ള അവകാശമേ ഉള്ളു. ഭാര്യയുടെ വസ്തുക്കൾ ഭർത്താവു് വില്ക്കുന്നതായാൽ ആധാരം അയാളുടെ പേരിലാണെങ്കിലും അടിയിൽ 'ടിൻ ദ ഡാങ്ങ്' (Tin the Dang ഭാര്യയുടെ സമ്മതത്തോടുകൂടി) എന്നെഴുതിയില്ലെങ്കിൽ വില്പന സാധുവാകുകയില്ല. വാങ്ങിക്കുന്നവൻ അതു് എപ്പോഴും ശ്രദ്ധിക്കും. അല്ലെങ്കിൽ ആ ഇടപാടിനു യാതൊരു വിലയുമില്ല.

5-370

ഗൃഹഭരണം

വീട്ടിലെ കാര്യങ്ങളെല്ലാം ഭംഗിയായി നോക്കുന്നതു സ്ത്രീയാണു്. പണം കൊടുക്കേണ്ട ചുമതലയേ ഭർത്താവിനുള്ളു. ഉത്തമയായ ഒരു ഗൃഹനായികയെ വർണ്ണിക്കുവാൻ വിയറ്റ്നാംകാർ ഉപയോഗിക്കുന്ന നാലു വാക്കുകളാണു് 'ഡങ്ങ്' (dung–ഒതുങ്ങിയ സൌന്ദര്യം) കോങ്ങ് (ong–സ്ഥിരോത്സാഹം) ങ്ഗോൺ (ngon–മിതമായ സംസ്കാരം) ബാൻ (Banh–സന്തോഷനിഷ്ഠ) എന്നിവ. അസാധാരണമായ സൌന്ദര്യധോരണി അപകടത്തിലേയ്ക്കു വഴി തെളിക്കുമെന്നാണു്

അവരുടെ വിശ്വാസം.

ഏതു കുടുംബത്തിലും പ്രപിതാമഹന്മാരെ ആവാഹിച്ചിരുത്തിയിട്ടുള്ള മണ്ഡപങ്ങൾ ഉണ്ടായിരിക്കും. ഒരു ഭാഗത്തു മൺമറഞ്ഞ കാരണവന്മാരേയും മറേറ ഭാഗത്തു് കാരണവത്തികളേയും പ്രതിഷ്ഠിച്ചിട്ടുണ്ടാവും. ആരാധനാസമയത്തു് പുരുഷൻ പുരുഷന്മാരുടെ ഭാഗത്തുനിന്നു് അവക്കുമാത്രം പൂജകൾ നൽകുന്നു. മറുഭാഗത്തേ ആരാധനയുടെ അവകാശം സ്ത്രീകൾക്കാണു്. അതുകൊണ്ടു് അതിപ്രാധാന്യമർഹിക്കുന്ന ഈ ക്രിയകൾക്കു് ഭാര്യ കൂടിയേ കഴിയൂ എന്നു വിശദമാണു്. വിഷമംപിടിച്ച നിരവധി ഭക്ഷ്യവിശേഷങ്ങൾ ഈ കർമ്മത്തിനു് ആവശ്യമാണു്. സ്ത്രീയുടെ വിദഗ്ധഹസ്തങ്ങളാണു് ആ ജോലി നിർവ്വഹിക്കുന്നതു്.

ബഹുഭാര്യാത്വം

സ്ത്രീയുടെ സന്താനനിഷ്ഠയിൽ അതിയായ ശ്രദ്ധ ചെലുത്തുന്ന സമുദായം പുരുഷനു് ഇക്കാര്യത്തിൽ ഒരു അഴഞ്ഞ നിയമാവലിയാണു് തയ്യാറാക്കിയിട്ടുള്ളതു്. പ്രധാനഭാര്യയുടെ പുറമേ രണ്ടോ മൂന്നോ ഭാര്യമാരേയും സാമ്പത്തികസ്ഥിതിയുള്ള താങ്ങാൻ കഴിയാവുന്നിടത്തോളം വെപ്പാട്ടികളേയും സ്വീകരിക്കുവാൻ പാരമ്പര്യം പുരുഷനെ അനുവദിക്കുന്നു. മിക്കവാറും ആദ്യഭാര്യയാണു് അധിവേദനത്തിനു മുൻകൈ എടുക്കുന്നതു്. ആലോചനകളും തീരുമാനവും നടക്കുന്നതു് അവരുടെ അദ്ധ്യക്ഷതയിലാണു്. ആദ്യഭാര്യതന്നെയാണു് ഭർതൃഗൃഹത്തിൽ പോയി രണ്ടാമത്തെ ഭാര്യയെ ഭർതൃഗൃഹത്തിലേയ്ക്കു് ആനയിക്കുന്നതു്, തന്റെ സമ്മതത്തിന്റെ ഒരു പ്രത്യക്ഷലക്ഷണമായി. നിയമപ്രകാരം ആദ്യഭാര്യയുടെ അസന്ദിഗ്ധമായ സമ്മതം അത്യന്താപേക്ഷിതമാണു്, രണ്ടാം വിവാഹത്തിനു്. രണ്ടാമത്തെ ഭാര്യയിൽ ജനിക്കുന്ന കുട്ടികൾ ആദ്യസ്ത്രീയുടേതായിട്ടാണു് കരുതപ്പെടുക. ഏതു

കായ്ത്തിലും മുൻഗണന ആദ്യഭാര്യക്കാണ്. അവരുടെ വരുതിക്കു കീഴിൽ ഭർത്തൃഗൃഹത്തിൽ രണ്ടാമത്തെ ഭാര്യക്കു കഴിച്ചുകൂട്ടാം. ഭർത്താവിന്റെ സ്നേഹസമ്പത്തിനു മുഴുവൻ അവകാശിനിയായാലും, എത്രമേൽ സമ്പന്നയായാലും, സമുദായത്തിൽ ഉന്നതസ്ഥാനമലങ്കരിക്കുന്ന മക്കളുടെ മാതാവായാലും, സമുദായം അവൾക്കു രണ്ടാംസ്ഥാനമേ അനുവദിച്ചുകൊടുക്കുകയുള്ളു. വെപ്പാട്ടികൾക്കു വളരെ താഴ്ന്ന നിലയേ ഗാർഹികവലയത്തിൽ കിട്ടുന്നുള്ളു. പ്രപിതാമഹന്മാരുടെ അമ്പലത്തിൽ വണങ്ങാനുള്ള അവകാശംപോലും അവർക്കു ലഭ്യമാകുന്നില്ല. പരിഷ്കാരത്തിന്റെ വെളിച്ചത്തിൽ ബഹുഭാര്യാത്വത്തിനു വളരെയധികം ഇടിവു സംഭവിച്ചിട്ടുണ്ട്.

വിവാഹമോചനം

കോടതിമുഖേനയാണു വിവാഹമോചനം. ഭർത്താവു് ഒരുവളെ അർഹിക്കുന്ന വിധത്തിൽ സംരക്ഷിക്കാതിരിക്കുകയോ, ദാമ്പത്യജീവിതത്തിൽ അവൾക്കുള്ള ആനുകൂല്യങ്ങൾ നിഷേധിക്കുകയോ, ആദ്യഭാര്യയുടെ പദവി ശരിക്കു വകവെച്ചുകൊടുക്കാതിരിക്കുകയോ ചെയ്താൽ ഭാര്യക്കു വിവാഹമോചനത്തിനുപേക്ഷിക്കാം. ഭാര്യയുടെ ദുരാചാരം എപ്പോഴും ഭർത്താവിനു വിവാഹമോചനത്തിനുള്ള സാദ്ധ്യത നൽകുന്നു. കുട്ടികൾ ഉണ്ടെങ്കിൽ സ്ത്രീയ്ക്കു തറവാട്ടുസ്വത്തിൽനിന്നു് ഒരു ഭാഗം ആവശ്യപ്പെടാം. അതിന്റെ സമ്പാദനകായ്ത്തിൽ സ്ത്രീ വഹിച്ചുള്ള പങ്കിനെ ആസ്പദമാക്കിയാണു് ഈ ഭാഗിയ്ക്കൽ. അതു രണ്ടുകൂട്ടർക്കും ഒരുമിച്ചു തീരുമാനിക്കാം. അതിനു സാദ്ധ്യമല്ല എങ്കിൽ കോടതിയിൽ പോകേണ്ടിവരും. ഭാര്യയുടെ കുറ്റംകൊണ്ടാണു് വിവാഹമോചനം നടക്കുന്നതു് എങ്കിൽ, അവൾക്കു ന്യായമായി കിട്ടേണ്ടതിന്റെ പകുതിയേ ലഭ്യമാകുകയുള്ളു. കുട്ടികൾ ഇല്ല എങ്കിൽ ഇതുതന്നെയായിരിക്കും അവൾക്കു കിട്ടുന്ന ഓഹരി.

പതിവ്രതയായ വിധവ, ഭർത്താവു മരിച്ചാൽ കുടുംബത്തിൽ അയാളുടെ സ്ഥാനം ഏറെറടുക്കുന്നു. കുട്ടികളുടെ സംരക്ഷണമെല്ലാം അവൾ കയ്യേൽക്കുന്നു. അവളുടെ മാത്രമല്ല, സഹോദരികളുടേയും. ഭർത്താവിനു് അച്ഛനമ്മമാർ ഉണ്ടെങ്കിൽ അവർ അർഹിക്കുന്ന വിധത്തിൽ അവരെ പരിരക്ഷിക്കേണ്ട കടമ വിധവയ്ക്കുണ്ടു്. കുട്ടികളുടെ ഉന്നമനത്തിനും തറവാട്ടാവശ്യത്തിനുമായി ധനം ചിലവിടാൻ അവൾക്കു് അധികാരമുണ്ടു്. മൂത്ത പുത്രന്റെ ഉപദേശം മിക്ക വിഷയങ്ങളിലും സാധാരണമായി അവൾ ആവശ്യപ്പെടുന്നു. വെപ്പാട്ടികൾക്കും രണ്ടാംഭാര്യമാക്കും ഭർത്താവിന്റെ സ്വത്തിൽ അവകാശമില്ല. പക്ഷേ, അവരവരുടെ കുട്ടികൾക്കു വീതിച്ചുകിട്ടുന്ന ധനം അവക്കു് ഉപയോഗിക്കാം. ഭർത്താവിന്റെ മറ്റു വിധവമാക്കും കുടുംബസംരക്ഷണത്തിൽ കഴിഞ്ഞുകൂടാം. വിധവയുടെ മരണാനന്തരം കുടുംബഭാരം മുഴുവൻ മൂത്ത പുത്രനിൽ ലയിക്കുന്നു. സാധാരണ വിധവാവിവാഹം അഭിലഷണീയമായി കരുതുന്നില്ല. പക്ഷേ, തീരെ ചെറുപ്പക്കാരികളായ വിധവകളെ പുനർവിവാഹംചെയ്തുകൊടുക്കാറുണ്ടു്.

സ്വാതന്ത്ര്യസമരം

സമരത്തിന്റെ ചെന്തീയിൽ സ്വയം ചെയ്തു് എട്ടുത്തതാണു് വിയറ്റ്നാമിന്റെ സ്വാതന്ത്ര്യം. അന്തഃപുരവാസിനികളായ മഹിളകൾ നാടിന്റെ അഭിമാനം കാത്തുരക്ഷിക്കാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങി. യുദ്ധക്കളത്തിലേയ്ക്കയയ്ക്കപ്പെട്ട പുരുഷന്മാരുടെ സ്ഥാനം കയ്യേൽക്കാൻ അവരേ ഉണ്ടായിരുന്നുള്ളു. തൊഴിലില്ലായ്മ ഭയങ്കരമായി വർദ്ധിച്ച ആ കാലഘട്ടത്തിൽ നികുതിഭാരം വഹിക്കാൻ സാധിക്കാവുന്നതിൽ കൂടുതലായി. കൊളോണിയൽവാഴ്ച അതിന്റെ സർവ്വഭീകരതയോടുംകൂടി നടമാടി. ദേശാഭിമാനിനികു

ളായ യുവതികൾ ഒളിപ്പോരാളികളായിമാറി രാജ്യത്തിനു വേണ്ടി പടവെട്ടി വീരസ്വർഗ്ഗമണഞ്ഞു. അവർ തീയുണ്ടകളെ തൃണസമമാക്കി. അവർ വയലിൽ ഇറങ്ങി പണിയെടുത്തു. പക്ഷേ, ആ അദ്ധ്വാനത്തിന്റെ ഫലം എങ്ങനെയെങ്കിലും നശിപ്പിക്കണമെന്നു് തീവ്രവ്രതമെടുത്തിരിക്കുകയായിരുന്ന ഫ്രഞ്ചു് ഭടന്മാർ. കതിരണിഞ്ഞുനില്ക്കുന്ന നെൽപ്പാടങ്ങളിലേയ്ക്കു ടാങ്കുകളും കുതിരകളും ഇരമ്പിക്കയറി. വില്ലേജുകളിൽ സംഭരിച്ചിരിക്കുന്ന ധാന്യമെല്ലാം കൊള്ളചെയ്തു് എടുക്കുകയോ ചുട്ടെരിക്കുകയോ വേണമെന്ന കർശനനിബന്ധനയാണു് കേണൽ ഡുലാക്കു് പുറപ്പെടുവിച്ചതു്. 1951ൽ 20 വട്ടം തുടച്ചയായ ബോംബേറിനു് ഇരയായിത്തീർന്ന അമ്പതിൽപ്പരംഗ്രാമങ്ങൾ. രക്ഷപ്പെടാൻ സാധിക്കാത്തവരെല്ലാം കരിഞ്ഞുപോയി. പിഞ്ചുപൈതങ്ങളെ മാറോടണച്ചുപിടിച്ചു ചാമ്പലായിക്കിടക്കുന്ന നിസ്സഹായവനിതകളുടെ ആത്മാക്കളെ സാക്ഷിയാക്കി വിയറ്റ്നാമിലെ സ്ത്രീകൾ കൊളോണിയൽവാഴ്ചയിൽനിന്നു മാതൃരാജ്യം എന്തു ത്യാഗം അനുഭവിച്ചും വിമുക്തമാക്കുമെന്നു പ്രതിജ്ഞചെയ്തു. ഭർത്താക്കന്മാരേയും പ്രായമായ കുട്ടികളേയും മുന്നണിയിലേക്കയച്ചു് അവർ ഗ്രാമങ്ങളിലെ പണികൾ കായ്ക്ഷമമായി കൊണ്ടുനടത്തി.

പുനർനിർമ്മാണം

നരകയാതനകൾകൊണ്ടു തളർന്ന ജനഹൃദയങ്ങളിൽ ആനന്ദത്തിന്റെ അമൃതകണങ്ങൾ പൊഴിച്ചുകൊണ്ടു് 1945 സെപ്തംബർ 2–ാംനു സ്വാതന്ത്ര്യത്തിന്റെ വിജയപതാക അന്തരീക്ഷത്തിലുയർന്നു. യുദ്ധത്തിന്റെ കെടുതികൾ മായ്ച്ചുകളവാനായിരുന്നു ആദ്യത്തെ ഉദ്യമം. തകർന്നടിഞ്ഞ അവശിഷ്ടങ്ങളിൽനിന്നു് ഒരു നവ്യനഗരം പടുത്തുയർത്തുന്നതു് അത്ര എളുപ്പമായ പണിയല്ല. പക്ഷേ, വിജയാഹ്ലാദത്താൽ മതിമറന്ന വിയറ്റ്നാംതരുണികളുടെ പ്രഗല്ഭഹ

സ്ഥങ്ങളിൽ മാമലകൾ മലരുകളായി മാറി. സഹോദരന്മാരോടൊപ്പംതന്നെ അവരും രംഗത്തിറങ്ങി. റെയിൽവേകൾ, ഡാമുകൾ, വ്യവസായശാലകൾ എന്നിവയുടെ നവോത്ഥാനത്തിൽ അവർ വഹിച്ചിട്ടുള്ള പങ്ക് അഭിനന്ദനാർഹമാണ്.

പുതിയ ഭരണഘടന അവക്ക് പുരുഷനോട് സമത്വം വാഗ്ദാനം ചെയ്യുന്നു. പുരുഷനു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അവൾക്കും ആശിക്കാം. പ്രജായത്തസിദ്ധാന്തങ്ങളിൽ അധിഷ്ഠിതമാണ് ഭരണയന്ത്രം. 18 വയസ്സു കഴിഞ്ഞ ആർക്കും വോട്ടധികാരം ലഭിക്കുന്നു. തുല്യജോലിയ്ക്ക് തുല്യവേതനം എന്ന സിദ്ധാന്തത്തിനു നിയമസാധുത ലഭിച്ചിട്ടുണ്ട്.

സംഘടന

നാഷണൽ യൂണിയൻ ഓഫ് വിയറ്റ്നാമീസ് വിമൻ (Hoi Lion Hie Nuwam) 1945 ഒക്ടോബറിൽ സ്ഥാപിതമായി. യുദ്ധകാലത്ത് ആതുരശുശ്രൂഷകളിലും മറ്റു സഹായപ്രവൃത്തികളിലും ഇതിലെ അംഗങ്ങൾ മുഴുകി. പബ്ലിക്ക് ലൈബ്രറികൾ, ലങ്ക് ചർക്കാസ്സുകൾ മുതലായവ നടത്തി ഈ സംഘടന ജനങ്ങളുടെ ഇടയിൽ വിജ്ഞാനം വിതരണം ചെയ്യാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കി! 1954-ൽ സമാധാനം സ്ഥാപിതമായതോടെ ഇതിന്റെ ശ്രദ്ധ രാജ്യസേവനപരമായ കാര്യങ്ങളിലേയ്ക്കു തിരിഞ്ഞു. സ്വാതന്ത്ര്യത്തിനുമുമ്പ് വിദ്യാഭ്യാസകാര്യത്തിൽ വളരെ പിന്നണിയിൽ ആയിരുന്നു വിയറ്റ്നാം. 1945-നുമുമ്പ് ജനങ്ങളിൽ 99 ശതമാനവും വിദ്യാവിഹീനരായിരുന്നു. ഫ്യൂഡൽ വ്യവസ്ഥിതി വിഭാവനംചെയ്തിരുന്നത് ഒരുകൂട്ടം അടിമകളെ ആയിരുന്നതുകൊണ്ട് ജനങ്ങളെ സംസ്കാരസമ്പന്നരാക്കാൻ യാതൊരു സഹായങ്ങളും വിദേശീയമേൽക്കോയ്മ ചെയ്തിരുന്നില്ല. പ്രത്യേകിച്ചു സ്ത്രീവിദ്യാഭ്യാസത്തിന്റെ

നില വളരെ ശോചനീയമായിരുന്നു. കാമുകന്മാർക്ക് എഴുത്തെഴുതുവാൻ ഒരു ഉപാധിയായിട്ടാണ് അന്നു പെൺകുട്ടികളുടെ അക്ഷരാഭ്യാസത്തെ വീക്ഷിച്ചിരുന്നത്. അതുകൊണ്ടുതന്നെ അതു് ഏറ്റവും അധികം നിരുത്സാഹപ്പെട്ടുത്തിയിരുന്നു. 1945-നുശേഷം നവോത്ഥാനത്തിന്റെ പ്രകാശരശ്മികൾ ഇരുളടഞ്ഞുകിടന്നിരുന്ന വിദ്യാഭ്യാസമണ്ഡലങ്ങളിലേയ്ക്കും വ്യാപിച്ചു. വൃദ്ധകൾപോലും അജ്ഞാനാന്ധകാരത്തിൽനിന്നു രക്ഷപ്പെടുവാൻ വെമ്പൽകൊണ്ടു. സായാഹ്ന വിദ്യാലയങ്ങളിൽ ആദ്യകാലത്തു 80,00,000 സ്ത്രീകൾ അധ്യയനം ചെയ്തിരുന്നു. 1954-നുശേഷം ഈ പ്രവണതയിന്നു ശക്തി കൂടി. വിദൂരമായ മലയിടുക്കുകളിൽ താമസിച്ചിരുന്നവർ പോലും ടോർച്ചും എടുത്തു പഠിക്കാനായി വരുന്ന കാഴ്ച ആവേശജനകമായിരുന്നു. കുട്ടികളോ കുടുംബച്ചുമതലകളോ അവരെ ഇതിൽനിന്നു പിന്തിരിപ്പിച്ചില്ല. വിദ്യാപീഠങ്ങൾ ധാരാളമായി സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ കുട്ടികളെ നോക്കുവാനുള്ള നർസറി സ്കൂളുകൾ സ്ഥാപിതമായിട്ടുണ്ട്. സ്ത്രീകൾ തമ്മിലുള്ള സൗഹാർദ്ദഭാവവും സഹകരണശീലവും ബുദ്ധിമുട്ടുകളെ തരണംചെയ്യാൻ സഹായിക്കുന്നു. പഠിപ്പില്ലാത്തവർ ക്ലാസ്സുകളിലേയ്ക്കു പോകുമ്പോൾ പഠിപ്പുള്ളവർ കുട്ടികളുടെ സംരക്ഷണഭാരം കയ്യേൽക്കുന്നു. പരസ്പരസഹായഫണ്ടിൽനിന്നു് അധ്യയനത്തിന്നാവശ്യമായ ഉപകരണങ്ങൾ നൽകുന്നു. 509 സ്ത്രീകൾ വയോജനവിദ്യാഭ്യാസവിഷയത്തിൽ പ്രത്യേകപരിശീലനം സമ്പാദിച്ചിട്ടുണ്ട്. ഫ്രഞ്ച് വാഴ്ചക്കാലത്തു് സാമ്പത്തികമായി വളരെ ഉയർന്ന നിലയിലുള്ള അപൂർവ്വം ചില പെൺകുട്ടികൾക്കു മാത്രമേ കലാശാലാവിദ്യാഭ്യാസം ലഭിച്ചിരുന്നുള്ളൂ. അവരുടെ സംഖ്യ വിരലിന്മേൽ എണ്ണാമായിരുന്നു. എന്നാൽ ഇന്നു സാധാരണ പെൺകുട്ടികൾക്കുകൂടി ശിക്ഷണംകിട്ടത്തക്ക സൗകര്യങ്ങൾ കലാശാലകളിൽ ഉണ്ടായിട്ടുണ്ട്. 1945-നു മുമ്പ് ഉണ്ടായിരുന്നതിന്റെ 50 ഇരട്ടിയാണ് 1957-ൽ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥിനികളുടെ എണ്ണം.

സാംസ്കാരികകലാവേദികളിലും ഈ ഉണർവ്വിന്റേയും ഉന്മേഷത്തിന്റേയും അടയാളങ്ങൾ കാണാം. ഇതു് സംഗീതവും നൃത്തവും പെൺകുട്ടികളുടെ ശ്രദ്ധയെ ആകർഷിക്കുന്നു. ഹാനോയിലെ നൃത്തസംഘത്തിൽ 185 സ്ത്രീകളുണ്ടു്. മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽ 3122 സ്ത്രീകൾ പണിയെടുക്കുന്നുണ്ടു്. നാഷണൽ അസംബ്ലിയിൽ 10 വനിതാ ഡെപ്യൂട്ടിമാരുണ്ടു്. 495 സ്ത്രീകൾ വിവിധസേവനങ്ങൾക്കുള്ള കീർത്തിമുദ്രകൾ നേടിയിട്ടുണ്ടു്. വിപ്ലവത്തിനുമുമ്പു് ഇങ്ങനെയൊരു ബഹുമതി ഒരൊറ്റ സ്ത്രീയും സ്വപ്നത്തിൽപ്പോലും കണ്ടിരുന്നില്ല. അന്നത്തെ പഴമൊഴിതന്നെ പൊതുകായ്ക്കങ്ങൾ സ്ത്രീകൾക്കുള്ളതല്ല; അവരുടെ സ്ഥലം അടുക്കളയാണു് എന്നതായിരുന്നു.

വ്യാവസായികമണ്ഡലങ്ങളിലും ധാരാളം സ്ത്രീകൾ പണിയെടുക്കുന്നു. നാംഡിൻ വസ്ത്രശാലയിലെ ജോലിക്കാരിൽ മൂന്നിൽ രണ്ടു ഭാഗവും സ്ത്രീകളാണു്. കൈത്തൊഴിൽശാലകളിലും കരകൌശലവസ്തുക്കളിലും ക്ഷമയുറ്റ അവരുടെ കൈകൾ കർമ്മകുശലതയോടെ പ്രവൃത്തിയെടുക്കുന്നു. 3300 സ്ത്രീകൾ വിദ്യാഭ്യാസവകുപ്പിൽ സേവനമനുഷ്ഠിക്കുന്നുണ്ടു്.

ഭരണകൂടത്തോടു് ഏറ്റവും അധികം ഭക്തിയും ബഹുമാനവും അവർക്കുണ്ടു്. തങ്ങളുടെ ഭാവി പ്രകാശപൂർണ്ണവും സുരക്ഷിതവുമാണെന്ന വിശ്വാസം അവരെ ആനന്ദിപ്പിക്കുന്നു. രാജ്യത്തിന്റെ നന്മയ്ക്കും ഏകീകരണത്തിനും വേണ്ടി ആത്മാർത്ഥതയോടെ പണിയെടുക്കുവാൻ വിയറ്റ്നാംകാരി സദാ സന്നദ്ധയാണു്. 45നു ശേഷം അവർ തങ്ങളെ വരിഞ്ഞുകെട്ടിയിരുന്ന ഫ്യൂഡൽവ്യവസ്ഥിതിയിൽനിന്നു ക്രമേണ വിമുക്തി നേടിക്കൊണ്ടിരിക്കയാണു്. 9 വർഷം നീണ്ടുനിന്ന നിരോധനം ഒരു പരീക്ഷണഘട്ടമായിരുന്നു. 1954 ൽ സമാധാനം ഉണ്ടായതിനുശേഷം അവർ ഒരു പുതിയ ജീവിതത്തിലേയ്ക്കു കാലൂന്നിയിരിക്കുകയാണു്. അവളുടെ തന്റേടവും ആത്മാർത്ഥതയും കർമ്മകുശലതയും ഒരു സുന്ദരമായ ഭാവി വിയറ്റ്നാമിലെ വനിതയ്ക്കു വാഗ്ദാനം ചെയ്യുന്നു.

ജപ്പാൻ

രണ്ടാം ലോകമഹായുദ്ധത്തിനുശേഷമുള്ള പന്ത്രണ്ടു കൊല്ലംകൊണ്ട് ജപ്പാനു് അസാധാരണമായ പുരോഗതി കൈവന്നു. ഇത്ര ദൂരവ്യാപകമായ മാറ്റങ്ങൾ മറെറാരു സ്ഥലത്തും ഇത്ര ത്വരിതമായി ഉണ്ടായിട്ടില്ല. പഴയ നാടുവാഴിത്തവ്യവസ്ഥിതിയെല്ലാം മാഞ്ഞുമറഞ്ഞു. അതിൻെറ സ്ഥാനത്തു് പ്രജാധിപത്യഭരണം ഉടലെടുത്തു. പല പരിവർത്തനങ്ങളും രാജ്യത്തിലുടനീളം ഉണ്ടായി. അതിലേറെയും പ്രധാനമായതു് ജപ്പാൻകാരിയുടെ സ്വാതന്ത്ര്യപ്രാപ്തിയാണു്.

അധികാരങ്ങളും അവകാശങ്ങളും യഥാർത്ഥത്തിൽ ഫലപ്രദമാകണമെങ്കിൽ നിയമത്തിൻെറ ദൃഢമായ പിൻതുണ അത്യന്താപേക്ഷിതമാണു്. ജപ്പാൻവനിതയ്ക്കു നിയമം സഹായഹസ്തം നല്കി. നാടുവാഴിത്തവും അതിലടിയുറച്ച ഗാർഹികവ്യവസ്ഥിതിയും ആയിരുന്നു അതുവരെ അവളെ നിയന്ത്രിച്ചിരുന്നതു്. യുദ്ധാവസാനത്തോടുകൂടി ഈ ശ്വാസം മുട്ടിക്കുന്ന ചുറുപാടുകളിൽനിന്നു് അവൾ മോചനംനേടി. പൗരാവകാശങ്ങളും പുരുഷനോടുള്ള സമത്വവും അവൾക്കു് ഇദംപ്രഥമമായി കൈവന്നു. ഉയരുവാൻ പുരുഷനുകിട്ടുന്ന സാഹചര്യങ്ങളെല്ലാം അവൾക്കും ലഭ്യമായി. ജപ്പാൻെറ

ചരിത്രത്തിലാദ്യമായി ഇരുപത്തൊന്നു വയസ്സു തികഞ്ഞ സ്ത്രീ
ക്കു് വോട്ടവകാശം സിദ്ധിച്ചു. 70 കൊല്ലത്തെ സമരമാണു്
ഈ വിജയത്തിനു പിന്നിലുള്ളതു്. പ്രതിനിധിസഭയിലേ
ക്കു തിരഞ്ഞെടുക്കപ്പെടാനുള്ള അർഹത ഇതുമൂലം അവൾക്കു
കിട്ടി. ഇതുവരെ സ്ത്രീക്കു് അതിനു് അധികാരമുണ്ടായിരു
ന്നില്ല. ഇന്നു് പ്രതിനിധിസഭയിലും "ഹൗസു് ഓഫ് കൗ
ൺസിലേർസു്" എന്ന ഉപരിസഭയിലും സ്ത്രീകൾ അംഗങ്ങ
ളാണു്. തദ്ദേശസ്വയംഭരണസഭകളിൽ അംഗങ്ങളായ വനി
തകളുടെ എണ്ണം നാനൂറോളം വരുന്നു. ഇതോടുകൂടി ഉത്തര
വാദപ്പെട്ട ഗവൺമെണ്ടുസ്ഥാപനങ്ങളിലും സ്ത്രീകളെ നിയ
മിക്കാമെന്നായി. 1946-ലാണു് ജപ്പാൻകാരി ആദ്യമായി
വോട്ടു രേഖപ്പെടുത്തിയതു്. പുരുഷന്മാരേക്കാൾ
പത്തുശതമാനം കുറച്ചു സ്ത്രീകളേ അന്നു വോട്ടു രേഖപ്പെടു
ത്തിയുള്ളു. എങ്കിലും ഇന്നു് അവരിൽ സാമാന്യമെല്ലാവരും
വോട്ടവകാശലബ്ധിയിൽ അഭിമാനിക്കുന്നു.

സ്ത്രീകളും തൊഴിൽശാലകളും

വിദ്യാഭ്യാസത്തിലും വളരെ വിപുലമായ മാറ്റങ്ങൾ
ഉണ്ടായിട്ടുണ്ടു്. അടിസ്ഥാനവിദ്യാഭ്യാസസിദ്ധാന്തങ്ങളുടെ
വെളിച്ചത്തിൽ തയ്യാറാക്കിയ പുതിയപദ്ധതി നടപ്പിൽവന്ന
തു് 1947-ലാണു്. പ്രൈമറിവിദ്യാഭ്യാസം ആറുകൊല്ലക്കാല
വും ലോവർസെക്കണ്ടറി വിദ്യാഭ്യാസം മൂന്നുകൊല്ലവുമായി
ക്ലിപ്തപ്പെട്ടത്തി. നിബ്ബന്ധവിദ്യാഭ്യാസം ആദ്യം ആറുകൊല്ല
മായിരുന്നതു് ഒമ്പതുകൊല്ലമാക്കി. ലിംഗഭേദമെന്യേ ഇതു്
ഏവർക്കും ലഭിക്കുന്നു. അതു കഴിഞ്ഞു് മൂന്നുകൊല്ലത്തെ അ
പ്പർസെക്കണ്ടറി അഭ്യസനം പൂർത്തിയാക്കിയ സ്ത്രീക്കും പുരുഷ
നും ഒരു പോലെ കലാലയപ്രവേശനം ആവശ്യപ്പെടാം. ഉ
ന്നതവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ അധികമായതോ
ടെ അതിനുപേക്ഷിക്കുന്ന സ്ത്രീകളുടെ എണ്ണം അസാധാരണ

മായ വിധം വർദ്ധിച്ചു. ബിരുദധാരിണികൾക്ക് എല്ലാം അനുയോജ്യമായ പ്രവൃത്തികൾകൊടുക്കുക പ്രയാസമേറിയ ഒരു കാര്യമായിരുന്നു. യുദ്ധത്തിനുമുമ്പുതന്നെ ബിരുദംനേടിയ പുരുഷന്മാർ ആവശ്യത്തിലധികം ഉണ്ടായിരുന്നു. അതിനാൽ ഈ പുതിയ വിദ്യാസമ്പന്നരായ പെൺകുട്ടികൾക്കു പറ്റിയ ജോലികൾക്കായി വളരെ അധികം ക്ലേശം അനുഭവിക്കേണ്ടിവരുന്നു. അവരിൽ പകുതിപേർക്കുമാത്രമേ ഉദ്യോഗം ലഭിക്കാനുള്ള സൗകര്യങ്ങൾ ഇന്നുള്ളു.

തൊഴിൽമണ്ഡലങ്ങളും ഇന്നു് സ്ത്രീകൾക്കായി തുറന്നിട്ടുണ്ടു്. 1947–ലാണു് "ലേബർ സ്റ്റാൻഡേഡ്ലാ" പുറത്തുവന്നതു്. സ്ത്രീയുടെ കായികശക്തിക്കു് അതീതമായ യാതൊരുപണിയിലും അവളെ നിർബ്ബന്ധിക്കാൻ പാടില്ല എന്നു് ഈ നിയമം അനുശാസിക്കുന്നു. മാതൃത്വത്തേയും സ്ത്രീത്വത്തേയും പരിരക്ഷിക്കുകയാണു് ഇതിന്റെ ഉദ്ദേശം. സ്ത്രീയെന്ന കാരണത്താൽ വേതനത്തിൽ യാതൊരു വ്യത്യാസവും വരുന്നില്ല. തുല്യജോലിക്കു് തുല്യവേതനമെന്ന സിദ്ധാന്തം അംഗീകരിച്ചിരിക്കുന്നു. പ്രസവാവധി, ജോലിസമയം മുതലായവയെപ്പറ്റി നിയമാവലിയിൽ നിശ്ചയങ്ങളുണ്ടു്. ഈ സാഹചര്യങ്ങളിൽ ആധുനികജപ്പാനിലെ തൊഴിലാളിസ്ത്രീകളുടെ നിലവളരെ അധികം ഉയർന്നിട്ടുണ്ടു്. എങ്കിലും തൊഴിലാളിസ്ത്രീകൾക്കു് തൊഴിൽപരമായ വിദ്യാഭ്യാസസൗകര്യങ്ങൾ ഇന്നു വളരെ കുറച്ചുമാത്രമേയുള്ളു. അഭ്യസ്തവിദ്യരുടെ, പ്രത്യേകിച്ചു സ്ത്രീകളുടെ, തൊഴിലില്ലായ്മപ്രശ്നം ഇന്നത്തെ ജപ്പാനെ വളരെ അധികം അലട്ടുന്നുണ്ടു്.

കുടുംബത്തിൽ

പരിഷ്കൃതിച്ച സിവിൽകോഡ്, കുടുംബജീവിതത്തിൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടു്. കുടുംബത്തലവന്റെ സ്വേച്ഛാധികാരമായി

രുന്ന ഗാർഹികമണ്ഡലത്തിൽ മുമ്പ് നടന്നിരുന്നതു്. പുതിയനിയമം ഈ സ്ഥിതി എന്നെന്നേയ്ക്കുമായി അവസാനിപ്പിച്ചു. ഈ നിയമപ്രകാരം സ്ത്രീകൾക്കു ഭൂവുടമയ്ക്കു് അവകാശംകിട്ടി. സ്വതന്ത്രമായി വിവാഹംചെയ്യാനും ഇഷ്ടമില്ലാത്ത ഘട്ടത്തിൽ അതിൽനിന്നു വിമോചനം നേടാനുമുള്ള അധികാരം സ്ത്രീയ്ക്കു കൊടുത്തതും ഈ നിയമമാണു്. പിൻതുടച്ചാവകാശവും സ്ത്രീയ്ക്കു ലഭ്യമായതു് ഈ പുതിയപരിഷ്കാരത്തിന്റെ ഫലമായാണു്. ഇങ്ങനെ ലഭിച്ച സമ്പൂർണ്ണമായ പൗരാവകാശം പൊതുയോഗങ്ങളിൽ പങ്കുകൊള്ളുവാനും പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തിക്കുവാനും അവൾക്കു പ്രചോദനം നൽകുന്നു.

എങ്കിലും വില്ലേജുകളിൽ ഒരു വീട്ടമ്മയ്ക്കു് കുടുംബഭരണവും കൃഷിയിടങ്ങളിലെ വേലയും ഇന്നും വഹിക്കാവുന്നതിൽ കൂടുതലാണു്. നവീനമായ കുടുംബസംജ്ഞീകരണങ്ങളോ വയലുകളിൽ ആധുനികയന്ത്രസാമഗ്രികളോ ജപ്പാനിൽ അധികമൊന്നും നടപ്പിൽ വന്നിട്ടില്ല. വ്യക്തികൾ തമ്മിലുള്ള പോരാട്ടങ്ങളും അവിടവിടെ കാണാം. പാരമ്പര്യമായ ''അമ്മായിപ്പോരു്'' മുഴുവനും മാഞ്ഞുപോയിട്ടില്ല. ചിലയിടങ്ങളിൽ ഇന്നും യാഥാസ്ഥിതികത്വവും പഴയ മാമൂലുകളും നിലവിലുണ്ടു്.

പുതിയതായി രൂപമെടുത്തിട്ടുള്ള നിയമങ്ങളുടെ വ്യാപ്തിയും അർത്ഥവും ആശയവും മനസ്സിലാക്കി, അതനുസരിച്ചു ജീവിതം വ്യവസ്ഥപ്പെടുത്താൻ ഇനിയും കാലതാമസം വന്നേയ്ക്കും. പുതിയ സാമൂഹ്യനിയമങ്ങളെക്കുറിച്ചു് അഭിപ്രായഭിന്നതകളും കുറവല്ല. സിവിൽക്കോഡിലെ ചില പുതിയ വകുപ്പുകൾ, പ്രത്യേകിച്ചു് ആൺകുട്ടികൾക്കു് തുല്യമായ പിൻതുടച്ചാവകാശം പെൺകുട്ടികൾക്കും നൽകുന്ന വകുപ്പുകൾ, കീഴ്വഴക്കത്തിനും നിലവിലുള്ള വ്യവസ്ഥിതിയ്ക്കും വിരുദ്ധമാണെന്ന നിലയിൽ പുനഃപരിശോധനയ്ക്കു വിധേ

യമാക്കേണ്ടതാണെന്നുള്ള അഭിപ്രായം ധാരാളമായി ഉയരുന്നുണ്ട്. ഇതിനെതിരായി പ്രതിഷേധശബ്ദമുയർത്താൻ ജാപ്പാൻവനിത തയ്യാറാണ്. സ്ത്രീകളുടെ അവകാശങ്ങളെ നിഷേധിയ്ക്കുന്നതോ അവയ്ക്കു വിലയിടിയ്ക്കുന്നതോ ആയ ഏതു സംരംഭത്തെയും എതിരിടാൻ ജാപ്പാൻകാരി മടിയ്ക്കുകയില്ല. സുശക്തമായ അവരുടെ മുന്നേറ്റത്തെ തടയാൻ ഒരു ശക്തിയ്ക്കും സാദ്ധ്യമല്ല എന്ന് ബോധം അവരിൽ വളർന്നിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിന്റെ കെടുതികൾ ഏറ്റവും ഭയങ്കരമായി അനുഭവിച്ചതും അനുഭവിയ്ക്കുന്നതും ജപ്പാൻകാരാണ്. അതുകൊണ്ട് ലോകസമാധാനത്തിനുവേണ്ടി എന്തു ചെയ്യാനും ജപ്പാൻവനിത ഒരുക്കമാണ്. പണിപ്പെട്ട പട്ടിണിയത്തിയതെല്ലാം ഇനിയൊരു യുദ്ധമുണ്ടാകുകയാണെങ്കിൽ നിലംപതിയ്ക്കുമെന്നും തങ്ങൾക്കു കരഗതമായിട്ടുള്ള അവകാശങ്ങൾ അതോടെ അസ്തമിയ്ക്കുമെന്ന ധാരണ സമാധാനത്തിനുവേണ്ടി ശബ്ദമുയർത്താനുള്ള പ്രചോദനം അവൾക്കു നല്കുന്നു.

കൊറിയ

1945 സെപ്തംബർ 15-ാംനു കൊറിയ ജാപ്പാന്റെ സാ
മ്രാജ്യാധികാരമുഷ്ടിയിൽനിന്നു മോചനം നേടി. അസ്വത
ന്ത്രമായ ഏതു രാജ്യത്തേയും അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾ
ആ രാജ്യത്തിന്റെ മുമ്പിലുമുണ്ടായിരുന്നു. ജനതയുടെ, പ്ര
ത്യേകിച്ചു സ്ത്രീകളുടെ, ജീവിതം അവിടെ യാതനയുടെ പ
ര്യായമായിരുന്നു. അസമത്വം, അടിമത്തം, അവകാശനി
ഷേധം എന്നിവയെല്ലാം പുറമെ കൂട്ടംബവൃത്തങ്ങളിലുണ്ടാ
യിരുന്ന അനാശാസ്യമായ പെരുമാറ്റവും കൊറിയയിലെ
സ്ത്രീയുടെ ദുരിതങ്ങൾക്കു ശക്തികൂട്ടി. ജാപ്പാൻകാരനായ ഒരു
തൊഴിലാളിയുടേതിനേക്കാൾ താഴ്ന്ന കൂലിയേ ഒരു കൊറി
യാക്കാരനു ലഭിച്ചിരുന്നുള്ളു. കൊറിയക്കാരിയാണെങ്കിൽ
കൂലി അതിലും കുറവായിരുന്നു. കഠിനമായ പണിയുടെ ക
നം മുഴുവനും അവളുടെ ചുമലിൽ പതിച്ചാലും അവൾക്കു ല
ഭിച്ചിരുന്ന വേതനം മറ്റുള്ളവരുടേതിനേക്കാൾ എത്രയോ
താഴ്ന്നമായിരുന്നു. ഗ്രാമപ്രദേശങ്ങളിൽ ചൂഷണവിദഗ്ധരാ
യ ജന്മികൾ അദ്ധ്വാനഫലത്തിന്റെ ഭൂരിഭാഗവും കൈയട
ക്കി വന്നു. വിദ്യാഭ്യാസസൗകര്യങ്ങളോ രാഷ്ട്രീയാവകാശ
മോ കൊറിയക്കാരിയുടെ കൈകൾക്ക് അതീതമായിരുന്നു.
വളരെ ചെറിയ പെൺകുട്ടികളെ വേലക്കാരികളായോ, ഭാ

വിയിലെ വധുവായോ മറ്റു കുടുംബങ്ങൾക്കു വില്ക്കുക എന്നതു് പല രക്ഷിതാക്കന്മാരുടേയും പതിവായിരുന്നു.

ഒരു പുതിയ വ്യവസ്ഥിതി

എല്ലാ മണ്ഡലങ്ങളിലും ഒരു നവ്യപ്രഭ വീശിക്കൊണ്ടാണു് കൊറിയയിൽ സ്വാതന്ത്ര്യം ഉദയം ചെയ്തതു്. സ്വതന്ത്രമായ ഒരു പ്രജായത്തഭരണമായിരുന്നു കൊറിയൻജനത ഏറെക്കാലമായി ലാളിച്ചിരുന്ന സ്വപ്നം. അതിന്റെ സാക്ഷാത്കാരത്തിനുപയുക്തമായ പന്ഥാവുകൾ വെട്ടിത്തുറക്കാൻ അവർ ഒട്ടും വിളംബം വരുത്തിയില്ല. മാഷൽ കിം സുങ്ങു് തലവനായുള്ള "നോത്തു് കൊറിയൻ പ്രൊവിഷണൽ പീപ്പിൾസ് കമ്മിറ്റി" 1946 ഫെബ്രുവരി 8-ാംനു പമെടുത്തു. നിലവിലുണ്ടായിരുന്ന ഫ്യൂഡൽവ്യവസ്ഥിതി ഉന്മൂലനം ചെയ്യ കഷ്കരെ ജന്മിമാരുടെ പിടിയിൽനിന്നു് എന്നന്നേക്കുമായി വിമോചിപ്പിക്കുന്ന ഒരു ഭൂപരിഷ്കരണം ആണു് ആദ്യമായി നടപ്പിലായതു്. ഫാക്ടറിത്തൊഴിലാളികളുടെ സാംസ്കാരികവും സാമുദായികവുമായ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുള്ള തൊഴിൽനിയമം അക്കൊല്ലം ജൂണിൽ നിലവിൽവന്നു. സ്ത്രീയും പുരുഷനും നിയമദൃഷ്ടിയിൽ തുല്യത നൽകുന്ന നിയമം ജൂലായ് 30-ാംനുയും വ്യവസായത്തെ ദേശസാൽകരിച്ചുകൊണ്ടുള്ള നിയമാവലി ആഗസ്റ്റ് 10-ാംനുയും പുറത്തുവന്നു.

ഈ നിയമങ്ങൾ കൊറിയയിലെ സ്ത്രീക്കു് സ്വാതന്ത്ര്യവും സമത്വവും നിയമപരമായി നൽകി. അവൾ കിനാവു കണ്ടിരുന്ന ഉയർന്ന പദവിയിലേക്കെത്താൻ അവൾക്കിനി തടസ്സമൊന്നുമില്ല. ഈ അവസരം കൊറിയക്കാരികൾ ഉപയോഗപ്പെടുത്തി. സ്വന്തം സാമർത്ഥ്യം പ്രകടിപ്പിക്കുവാനുള്ള രംഗങ്ങളിൽ അവർ സജീവമായി പ്രവൃത്തിയെടുത്തു. കൊറിയൻഡെമോക്രാററിക്റിപ്പബ്ലിക്കിന്റെ സുപ്രീം

പീപ്പിൾസ് അസംബ്ളി 1948 സെപ്റ്റംബറിൽ പ്രജകൾക്ക് എല്ലാവക്കും ഒരുപോലെ രാഷ്ട്രീയസാമുദായികസാംസ്കാരികമണ്ഡലങ്ങളിൽ സമത്വം നൽകി. ജാതി, മതം, ലിംഗഭേദം, വിദ്യാഭ്യാസം, ധനസ്ഥിതി ഇവയൊന്നും ഈ തുല്യതക്കു വിലങ്ങായി വത്തിയ്ക്കുന്നില്ല. 18 വയസ്സു കഴിഞ്ഞ ഏതു സ്ത്രീയ്ക്കും ഏതു സഭയിലേക്കും വോട്ട രേഖപ്പെടുത്താം. ഏതു പരമാധികാരമുള്ള സ്ഥാനങ്ങളിലേക്കും തിരഞ്ഞെടുക്കപ്പെടാനുള്ള അർഹതയും സ്ത്രീയ്ക്ക നിയമംമൂലം ലഭ്യമായി. ഭൂമിയിൽ കിട്ടിയ സ്ഥിരാവകാശവും വിവാഹവിഷയത്തിൽ ഉണ്ടായിത്തീർന്ന സമ്പൂർണ്ണസ്വാതന്ത്ര്യവും കൊറിയൻവനിതയിൽ വിപ്ലവകരമായ പരിവർത്തനങ്ങളുണ്ടാക്കി.

വനിതാസംഘടന

കൊറിയയിൽ സജീവമായി പ്രവർത്തനം നടത്തുന്ന ഏക മഹിളാസംഘടനയാണ് ''നോർത്ത് കൊറിയൻ ഡെമോക്രാററിക് വിമൻസ് യൂണിയൻ.'' 1945– നവംബറിൽ അതു സ്ഥാപിതമായി. സമാധാനത്തിൽ അധിഷ്ഠിതമായ സൗഹാർദ്ദബോധം നാട്ടിലുടനീളം പരത്തുവാൻ ഈ സംഘടന ഉത്സാഹിയ്ക്കുന്നു. രാഷ്ട്രീയസാമുദായികമണ്ഡലങ്ങളിൽ സ്ത്രീകളുടെ നില ഉയർത്താനും ഈ സമിതി വളരെ അധികം ശ്രദ്ധിയ്ക്കുന്നുണ്ട്. പുനരുദ്ധാരണപരിപാടികളിൽ ദേശാഭിമാനികളായ പുരുഷന്മാരോടൊപ്പം ഉള്ളഴിഞ്ഞു പ്രവർത്തിയ്ക്കുവാൻ ഈ സംഘടന സ്ത്രീകൾക്ക് ആവേശം നൽകുന്നു. പുതിയ നിയമങ്ങളെപ്പറ്റി ക്ലേശംകൂടാതെ ചർച്ചകൾ നടത്തി, സാധാരണക്കാരുടെ അഭിപ്രായഗതികൾ അറിയുവാൻ ഇവർ ശ്രമിയ്ക്കുന്നു. വിദ്യാഭ്യാസപ്രവർത്തനങ്ങൾ നടത്തി അനക്ഷരത്വം പരിഹരിയ്ക്കുന്നു. നൂറാണ്ടുകളായി അടിമത്തത്തിൽ കഴിഞ്ഞിരുന്നവരിൽ രൂഢമൂലമായിരുന്ന അധമത്വബോധത്തെ അകറ്റുവാൻ അതിനു വളരെ അ

ധികം പ്രയാസപ്പെടേണ്ടിവന്നിട്ടുണ്ട്. നിയമം തങ്ങൾക്ക് കൈവരുത്തിയിട്ടുള്ള അധികാരാവകാശങ്ങൾ രാജ്യത്തിനും തങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ ഉപയോഗിക്കുവാൻ സഹായിക്കുന്ന വിദ്യാഭ്യാസം സാധാരണ സ്ത്രീകളുടെ ഇടയിൽ പ്രചരിപ്പിക്കുവാൻ അതിന്നു സാധിച്ചിട്ടുണ്ട്. വോട്ടവകാശം നിഷ്പ്രയാസമായി കൊറിയക്കാരികൾ ഉപയോഗപ്പെടുത്തി. ഭരണകൂടത്തിന്റെ താക്കോൽസ്ഥാനങ്ങളിലേക്കു മഹിളാംഗങ്ങളെ വരുത്തുവാനും അവക്കു സാധിച്ചു. പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളിൽ ഭൂരിഭാഗം അംഗങ്ങളും സ്ത്രീകളായി. കഷ്കവൃത്തിമുതൽ പരമാധികാരമുള്ള സുപ്രീം പീപ്പിൾസ് അസംബ്ളിയിലെ ഡെപ്യൂട്ടിസ്ഥാനംവരെ കൊറിയൻസ്ത്രീകൾ കായ്ക്ഷമതയോടെ അലങ്കരിച്ചു.

മനുഷ്യന്റെ മൗലികാവകാശങ്ങളെ ധിക്കരിക്കുന്ന ദുരാചാരങ്ങളെ വേരുറ്റു കളയുകയായിരുന്നു പുതിയ നിയമനിർമ്മാതാക്കളുടെ പ്രധാന ലക്ഷ്യം. നിർബ്ബന്ധവിവാഹം, പ്രായപൂർത്തി വരാത്തവരുടെ വിവാഹബന്ധം, ബഹുഭാര്യാത്വം ഇവ നിയമംമൂലം തടഞ്ഞു. തങ്ങൾക്കു ഇഷ്ടമുള്ളവരെ സ്വതന്ത്രമായി വിവാഹം ചെയ്യുവാനുള്ള അവകാശം സ്ത്രീക്കും പുരുഷനും കിട്ടി. വിവാഹമോചനത്തിനും അവക്കു സ്വാതന്ത്ര്യം ലഭിച്ചു. ഈ അധികാരാവകാശങ്ങളെ തടയുവാൻ ഉത്സാഹിക്കുന്നവരെ ശിക്ഷിക്കുവാൻ ശിക്ഷാനിയമത്തിൽ പ്രത്യേകം വകുപ്പുകൾ ഉണ്ട്. വെപ്പാട്ടികളെ സ്വീകരിക്കുന്ന പുരുഷൻ രണ്ടു കൊല്ലത്തെ കഠിനതടവിനോ ഒരു കൊല്ലത്തെ നിർബ്ബന്ധിതവേലയ്ക്കോ പാത്രമാകുന്നു. പണം കൊണ്ടോ മറ്റുതരത്തിലുള്ള പ്രലോഭനംകൊണ്ടോ വിവാഹബന്ധത്തിൽ ഉൾപ്പെടുത്തുവാൻ ഉത്സാഹിക്കുന്നവക്കും ഇതേ ശിക്ഷ ലഭിക്കുന്നു. കക്ഷികളുടെ ഇഷ്ടത്തിനു വിപരീതമായി അവരെ വിവാഹത്തിൽ ബന്ധിക്കുവാൻ ശ്രമിക്കുന്നവ

രെയും ശിക്ഷയ്ക്കു വിധേയരാക്കുന്നു. ബാല്യകാലങ്ങളിൽ പെൺകുട്ടികളെ വില്ക്കുക എന്ന സമ്പ്രദായം തീരേ നിന്ന ലാക്കി. വ്യഭിചാരം ക്രിമിനൽക്കുറ്റങ്ങളിൽ ഒന്നായി പ്രഖ്യാപിച്ചു. പിണങ്ങിപ്പിരിഞ്ഞ ഭാര്യയേയും ഭർത്താവിനേയും അനുരഞ്ജിപ്പിയ്ക്കുവാനുള്ള ആത്മാർത്ഥതയോടുകൂടിയ പരിശ്രമങ്ങൾ വിഫലപ്പെട്ടുപോയോ, രണ്ടു പേരും ഒന്നിച്ചുവസിച്ചാൽ അതു് അവർക്കും കുട്ടികൾക്കും സമുദായത്തിനും ക്ലേശകരമായിത്തീരുമെന്ന പരിതഃസ്ഥിതിയിലോ മാത്രമേ അവിടെ വിവാഹമോചനം നടക്കുകയുള്ളു. വിവാഹശേഷം തങ്ങൾ ഇഷ്ടപ്പെട്ടുന്ന ജോലി തുടർന്നുകൊണ്ടുപോകുവാൻ ഭാര്യയ്ക്കും ഭർത്താവിനും അവകാശവുമുണ്ടു്.

സ്വത്തുക്കളുടെ ഭരണത്തെ സംബന്ധിച്ചു് ദമ്പതികൾക്കു് ഒരു ഒത്തുതീർപ്പിലെത്താം. സാധാരണമായി വിവാഹത്തിനുമുമ്പു് ആർജ്ജിച്ച സ്വത്തുക്കൾ അവരവർ സ്വന്തമായി കൈവശം വെയ്ക്കുന്നു. വിവാഹശേഷമുള്ള സ്വത്തുക്കളിൽ—ഒരുപക്ഷേ അതു മുഴുവനും സമ്പാദിയ്ക്കുന്നതു ഭർത്താവായിരിയ്ക്കും, ഭാര്യ ഗൃഹജോലികളോ ശിശുസംരക്ഷണമോ മാത്രമേ ചെയ്യുന്നുണ്ടാകുകയുള്ളു—രണ്ടു പേർക്കും സമാവകാശമാണു്. ഈ പൊതുസ്വത്തിൽനിന്നു വിവാഹമുക്തിക്കു് അവരുടെ ഓഹരി അവകാശപ്പെടാം.

പ്രായപൂർത്തിയെത്തുന്നതുവരെ കുട്ടികളെ സംരക്ഷിയ്ക്കേണ്ട ചുമതല അച്ഛനും അമ്മയ്ക്കും തുല്യമാണു്. സമുദായത്തിൽ വേരുറച്ചിട്ടുള്ള അനാചാരങ്ങളെ അകറ്റി ആരോഗ്യകരമായ ഒരു അന്തരീക്ഷം കുടുംബത്തിൽ ഉണ്ടാക്കുവാൻ നിയമം ശ്രദ്ധവെയ്ക്കുന്നു. ഭാര്യയും ഭർത്താവും തമ്മിൽ അന്യോന്യബഹുമാനവും സൌമനസ്യവും സഹകരണാധിഷ്ഠിതമായ സൌഹൃദവും തൻമൂലം കുട്ടികളിൽ സുരക്ഷിതാവസ്ഥയും വേരുന്നുന്നു. അവിവാഹിതരായ അച്ഛനമ്മമാ

ക്കു് വിവാഹിതരെപ്പോലെതന്നെ തങ്ങളുടെ കുട്ടികളെ സംരക്ഷിയ്ക്കുവാൻ കടമയുണ്ടു്. നിയമസാധുത നൽകാൻ സാധാരണമായി വിവാഹം ''സിറ്റിസൻഷിപ്പു് റജിസ്ട്രേഷൻ ഓഫീസി''ൽ റജിസ്ട്രു ചെയ്യുന്നു. ഇതുമൂലം തങ്ങളുടെ കുട്ടികൾക്കു് ഒരു അലവൻസു് സ്റ്റേറ്റിൽനിന്നു് അവക്കു കിട്ടുന്നു. പിൻതുടച്ചാവകാശവും ഇതുകൊണ്ടു് എളുപ്പമാകുന്നു.

അമ്മമാരുടെ അന്തസ്സും ബഹുമതിയും പരിപാലിയ്ക്കുവാൻ പ്രത്യേകം നിയുക്തമായിട്ടുള്ള സംഘടനകളുണ്ടു്. ഇതിനെതിരായി പ്രവർത്തിയ്ക്കുന്നവരെ ശിക്ഷിയ്ക്കുവാൻ ക്രിമിനൽനിയമത്തിൽ വകുപ്പുകൾ ഉണ്ടാക്കിയിരിയ്ക്കുന്നു.

കൊറിയയിൽ ആദരമർഹിയ്ക്കുന്ന ഒന്നാണു് തൊഴിൽ. ഇഷ്ടാനിഷ്ടങ്ങളോടെ പ്രവൃത്തിയെടുക്കുന്ന ഏതൊരുവനും ബഹുമാനം ആജ്ഞിക്കുന്നു. രാജ്യം സ്വതന്ത്രമായപ്പോൾ പരമ്പരാഗതമായ അന്ധവിശ്വാസങ്ങളെല്ലാം കളഞ്ഞു് ധാരാളം സ്ത്രീകൾ വിവിധതൊഴിൽരംഗങ്ങളിലെത്തി. അവക്കു് ഉയരാനുള്ള പരിതഃസ്ഥിതികളും ആവശ്യമായ ആനുകൂല്യങ്ങളും നൽകേണ്ടതു് സ്റ്റേറ്റിന്റെ കടമയായിത്തീർന്നു. വേലയുടെ തോതനുസരിച്ചു് പ്രായമോ ലിംഗഭേദമോ കണക്കാക്കാതെ കൂലി നൽകുക എന്നതാണു് 1949 ജൂണിൽ പ്രഖ്യാപിച്ച തൊഴിൽനിയമത്തിന്റെ ഉറച്ച നയം. വ്യാവസായികശാലകളെയും സർക്കാരാപ്പീസുകളെയും ഇതു ബാധിയ്ക്കുന്നു.

ആനുകൂല്യങ്ങളായ സാഹചര്യങ്ങൾ ധാരാളമുള്ളപ്പോൾ ജോലി ചെയ്യാൻ ആർക്കും വിമുഖത തോന്നുകയില്ല. സാമ്പത്തികസ്വാതന്ത്ര്യവും രാജ്യത്തിന്റെ പുരോഗമനത്തിനു തങ്ങളുടെ കഴിവുകൾ വിനിയോഗിയ്ക്കാൻ സാധിക്കുന്നതിലുള്ള ചാരിതാർത്ഥ്യവും, കൂടുതൽ ആവേശത്തോടുകൂടി പ്രവർത്തനരംഗങ്ങളിലേയ്ക്കു് ആ കൊറിയൻതരുണിയെ നയിയ്ക്കു

ന്നു. ഉല്പാദനം ദേശസാൽകരിച്ചപ്പോൾ ജോലിക്കാരുടെ സംഖ്യ വളരെ കൂടുതലായി. വ്യവസായശാലകളിലെ മാനേജർമാർ, ഷോപ്പ് ഉടമകൾ, സഹകരണപ്രവർത്തകർ, ഫോർമാൻമാർ, എഞ്ചിനീയർമാർ എന്നിങ്ങനെ വിവിധതരകളിൽ സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. യുദ്ധകാലത്ത് അവരുടെ കായ്ശേഷിയും കർമ്മകുശലതയും വളരെ അധികം പ്രയോജനപ്പെട്ടു. പുരുഷന്മാർ സമരരംഗത്തിലേയ്ക്കു മാറിയപ്പോൾ ഒഴിവു വന്ന സ്ഥാനങ്ങളെല്ലാം പ്രാവീണ്യത്തോടെ സ്ത്രീകൾ കയ്യേറ്റു. യുദ്ധാനന്തരം അവരുടെ ശ്രദ്ധ തിരിഞ്ഞതു് രാജ്യപുനരുദ്ധാരണത്തിലേയ്ക്കാണു്. സന്ധി കഴിഞ്ഞകാലത്തു് വിവിധമണ്ഡലങ്ങളിൽ 65000 സ്ത്രീകൾ വേലയെടുത്തിരുന്നു. സമരത്തിന്റെ കെടുതിയിൽപ്പെട്ട വ്യവസായശാലകൾ, പാഠശാലകൾ, പാർപ്പിടങ്ങൾ മുതലായവ നാമാവശേഷമായിപ്പോയിരുന്നു. ആ അവശിഷ്ടങ്ങളിൽ നിന്നു കുറഞ്ഞ കാലംകൊണ്ടു സുന്ദരമായ നഗരങ്ങളും ഗ്രാമങ്ങളും ഉടലെടുത്തു. അതിന്റെ അടിയിലുള്ള വിദഗ്ധഹസ്തങ്ങൾ വനിതകളുടേതായിരുന്നു. പ്രാഥമികവിദ്യാലയങ്ങൾ മിഡിൽ സ്കൂളുകൾ, ഹൈസ്കൂളുകൾ, യൂനിവേർസിറ്റി എന്നിങ്ങനെ 1000ത്തിൽ പരം സ്ഥാപനങ്ങൾ മൂന്നു കൊല്ലത്തിനകത്തു് ഉയർന്നവന്നു. 350000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വ്യവസായശാലകളും ആഫീസുപ്രവർത്തകരുടെ വസതികളും സ്റ്റോറ്റ് ധനംകൊണ്ടു് രൂപമെടുത്തു.

സ്ത്രീകൾക്കു് നിഷ്പ്രയാസം ചെയ്യാവുന്ന പ്രവൃത്തികളിൽ വ്യാപൃതരായിരുന്ന പുരുഷന്മാരെ കൂടുതൽ ആയാസകരമായ ജോലിയിലേയ്ക്കയയ്ക്കാൻ ഗവർമ്മേണ്ടു് ശ്രദ്ധിച്ചു. അതുമൂലം ഉണ്ടായ ധാരാളം ഒഴിവുകളിലേക്കു 20000 വീട്ടമ്മമാർ ഗൃഹപരിധിവിട്ടു് പുറത്തുവന്നു.

ഭൂനിയമപരിഷ്കാരംമൂലം സ്വതന്ത്രമായി ഭൂമിയിൽ അവ

കാര്യം സിദ്ധിച്ചതോടെ ഗ്രാമീണസ്ത്രീജനങ്ങളുടെ ഇടയിൽ അഭൂതപൂർവ്വമായ ഒരു ഉത്സാഹം തളിരിട്ടു. യുദ്ധമുന്നണിയിലേയ്ക്ക് ആവശ്യമായ സാമഗ്രികൾ എത്തിക്കാൻ അവർക്കു വളരെ ഏറെ ക്ലേശിക്കേണ്ടിവന്നുവെങ്കിലും, തൊഴിലാളികളുടെ കുറവു ഒരു തരത്തിലും അതിനെ ബാധിയ്ക്കാതെ കൊണ്ടു നടന്നതു് പ്രഗല്ഭകളായ വനിതമാരായിരുന്നു. യുദ്ധാനന്തരകാലത്തു സഹകരണാടിസ്ഥാനത്തിൽ കൃഷി ചെയ്യുയന്ത്രസഹായത്താൽ ഉല്പാദനം കൂട്ടുതൽ കാര്യക്ഷമമാക്കുവാനും അവർ പ്രയത്നിച്ചു. സാങ്കേതികവിദ്യാഭ്യാസം സിദ്ധിച്ച സ്ത്രീകളോടൊപ്പം ലോറി, ട്രാക്ടർ എന്നിവയിലെ ഡ്രൈവർമാരായും സ്ത്രീകൾ സേവനമനുഷ്ഠിയ്ക്കുന്നുണ്ടു്. തൊഴിൽസമയം എട്ടുമണിക്കൂറാണു്. സ്ത്രീയായാലും പുരുഷനായാലും ജോലിയനുസരിച്ചാണു് കൂലി.

തൊഴിലാളിസ്ത്രീകളുടെ ആരോഗ്യസംരക്ഷണകാര്യത്തിൽ സ്റ്റേറ്റു് വളരെ അധികം നിഷ്കർഷ കാണിയ്ക്കുന്നു. ഗർഭിണികളേയും മുലകുടിക്കുന്ന കുട്ടികളുള്ള അമ്മമാരെയും രാത്രികാലജോലി, അധികസമയമുള്ള അദ്ധ്വാനംഎന്നിവയിൽ നിന്നു് ഒഴിച്ചുനിർത്തുന്നു. ആറുമാസം പൂർത്തിയായ ഗർഭിണികളെ ശരിയായ ശമ്പളത്തിൽ ലഘുവായ ജോലികളിലേയ്ക്കു മാറ്റണമെന്ന നിയമം അനുശാസിക്കുന്നു. സാധാരണ അനുവദിച്ചിട്ടുള്ള ശമ്പളത്തോടുകൂടിയ അവധിയ്ക്കു് പുറമെ 72 ദിവസത്തെ പ്രസവാവധി മുഴുവൻശമ്പളത്തോടുകൂടി സ്ത്രീയ്ക്കു ലഭിക്കുന്നു. അമ്മമാരുടേയും കുട്ടികളുടേയും ആരോഗ്യം ലാക്കാക്കി പ്രസവത്തിനു മുമ്പു മുപ്പത്തിയഞ്ചു് ദിവസവും അതു കഴിഞ്ഞു നാല്പത്തിരണ്ടു ദിവസവും അവർക്കു് ഒഴിവു നൽകുന്നു. സാധാരണ ഉച്ചഭക്ഷണത്തിനും വിശ്രമത്തിനും അനുവദിച്ചിട്ടുള്ള സമയത്തിനു പുറമെ, ഒരു വയസ്സിനു താഴെയുള്ള കുട്ടികളുള്ള അമ്മമാർക്കു മുപ്പതു മിനിറ്റു നിർബ്ബന്ധമില്ലാത്ത രണ്ടു് ഇളവുകൾ ഒരു ദിവസം ലഭിക്കുന്നു. കുട്ടിക്കു മു

ല കൊടുക്കാനാണിതു്. ഇതുകൊണ്ടു ശമ്പളത്തിൽ വ്യത്യാസമൊന്നും വരുന്നില്ല. പ്രസവശുശ്രൂഷയും കുഞ്ഞുങ്ങളെ നോക്കാനുള്ള നർസറി, കിൻഡർഗാർട്ടൻ എന്നീ സ്ഥാപനങ്ങളും സൗജന്യമാണു്. വിദഗ്ധരായ നേർസുമാരും ഡോക്ടർമാരും ഈ വക സ്ഥാപനങ്ങളിൽ ധാരാളമുള്ളതുകൊണ്ടു് തങ്ങളുടെ അരുമക്കുട്ടികളെ ആശ്വാസത്തോടെ അവരെ ഏല്പിച്ചു സ്ത്രീകൾക്കു സമാധാനമായി പണി ചെയ്യാം. ഇതുകൊണ്ടുള്ള ആശ്വാസ്യമായ ഫലം പണിയെടുക്കാൻ കൂട്ടത്തിൽ ആളുകളും കായ്ക്ഷമതയുമാണു്. വില്ലേജുകളിൽ സാധാരണ ജോലിയുള്ള കാലങ്ങളിൽ താൽക്കാലികമായി നഴ്സറിസ്കൂളുകൾ സ്ഥാപിക്കുന്നു.

തൊഴിലാളികളെ സാമ്പത്തികമായി വളരെ അധികം സഹായിക്കുന്ന ഒരു ഏർപ്പാടാണു് സോഷ്യൽ ഇൻഷുറൻസു്. താൽക്കാലികമായോ ശാശ്വതമായോ എന്തെങ്കിലും തകരാറുകൊണ്ടു് പണിയെടുക്കാൻ സാധിക്കാത്തവരെ സഹായിക്കയാണു് ഇതിന്റെ ഉദ്ദേശം. സാധാരണകൂലിയുടെ 100 ശതമാനം പ്രസവാവധിസമയത്തു് ഇൻഷുറൻസു് സഹായധനമായി കിട്ടുന്നു. കുട്ടികളെ ആരോഗ്യകരമായ ചുറ്റുപാടിൽ സംരക്ഷിക്കുവാനുതകുന്ന ഒരു അലവൻസു് എല്ലാ അമ്മമാക്കും സ്റ്റേറ്റു് അനുവദിക്കുന്നുണ്ടു്. കുട്ടിയുടേയോ തന്റെയോ അസുഖംകൊണ്ടു് പ്രവൃത്തിയെടുക്കുവാൻ സാധിക്കാതെവന്നാൽ അവക്കു് ഇൻഷുറൻസു് സഹായധനം അവകാശപ്പെടാം.

വിശ്രമത്തിനുള്ള സൗകര്യതകളും ആനുകൂല്യങ്ങളും സ്ത്രീക്കും പുരുഷനും ഒരുപോലെ ലഭിക്കുന്നു. മുഴുവൻശമ്പളത്തോടുകൂടി രണ്ടാഴ്ചകാലത്തെ അവധി എല്ലാ തൊഴിലാളികൾക്കും അനുവദിച്ചിട്ടുണ്ടു്. വിശ്രമസങ്കേതങ്ങൾ, ക്യാന്റീനുകൾ മുതലായവ നാട്ടിൽ അവിടവിടെ സ്റ്റേറ്റു് നടത്തുന്നുണ്ടു്. വിശ്രമവേളകൾ ആക്കം ഈ സ്ഥാപനത്തിൽ ചില

വഴിയുണ്ടാം. അതിനു പ്രത്യേകമായ ചാർജ്ജ് കൊടുക്കേണ്ടതില്ല.

അടിമത്തത്തിന്റെ തിക്തഫലം അനുഭവിച്ചിരുന്ന കാലത്തു് കായ്മായ വിദ്യാഭ്യാസസൗകര്യങ്ങൾ ഒന്നുംതന്നെ കൊറിയൻ സ്ത്രീകൾക്കു് ലഭ്യമായിരുന്നില്ല. പക്ഷേ ഇന്നു് കാലം മാറി. വിദ്യാഭ്യാസത്തിൽ അവർക്കു ലഭിക്കുന്ന ആനുകൂല്യങ്ങളാണു് രാഷ്ട്രീയ സാമുദായിക സാമൂഹ്യമണ്ഡലങ്ങളിൽ അവർ ശോഭിക്കുന്നതിന്റെ കാരണം. സാധാരണ വിദ്യാഭ്യാസവും സാങ്കേതികശിക്ഷണവും ഇന്നവർക്കു സുലഭമാണു്. ധാരാളം പെൺകുട്ടികൾ ഉന്നതവിദ്യാഭ്യാസാർത്ഥം സ്റ്റേറ്റു് സ്കോളർഷിപ്പുകൾ ലഭിച്ചു വിദേശങ്ങളിൽ പഠിക്കുന്നുണ്ടു്. ഇന്നു് 16 ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളും ഒരു യൂണിവേർസിറ്റിയും അവിടെയുണ്ടു്. 1950-ൽ നിർബ്ബന്ധമായ സാർവ്വത്രിക പ്രാഥമികവിദ്യാഭ്യാസത്തിനു് അടിത്തറ പാകിയെങ്കിലും യുദ്ധം ഇടപെടുകയാൽ അതിനു വേണ്ടത്ര പുരോഗതിയുണ്ടായില്ല. കഴിഞ്ഞ കൊല്ലത്തിൽ ആ സമ്പ്രദായം രണ്ടാമതും തുടങ്ങിയിട്ടുണ്ടു്. സാങ്കേതികവിദ്യാലയങ്ങളും, സ്പെഷൽ സ്കൂളുകളും, കാലദൈർഘ്യം കുറഞ്ഞ കോഴ്സുകളും ഇപ്പോൾ ധാരാളം ഉണ്ടു്.

രാജ്യത്തിനുവേണ്ടി എന്തു പണിചെയ്യാനും എത്ര ക്ലേശങ്ങൾ സഹിക്കുവാനും കൊറിയൻവനിതയ്ക്കു സന്തോഷമേ ഉള്ളു. ഏതു രംഗത്തും കൊറിയക്കാരി അവളുടെ നിപുണത വെളിപ്പെടുത്തിയിട്ടുണ്ടു്. 29000 സ്ത്രീകൾ "മെറിറ്റ്" മെഡലുകൾ" തങ്ങളുടെ കൃത്യനിഷ്ഠകൊണ്ടും പ്രാവീണ്യംകൊണ്ടും നേടിയിട്ടുണ്ടു്. കൊറിയയിലെ "ഹീറോ" എന്ന സർവ്വോന്നതബഹുമതിമുദ്ര പതിനാറു വനിതകൾക്കു ലഭിച്ചിട്ടുണ്ടു്. സ്ത്രീയുടെ കഴിവുകൾക്കു് സ്റ്റേറ്റു് നല്കിയിട്ടുള്ള അംഗീകാരത്തെ ആണു് ഇതു് കുറിക്കുന്നതു്.

ഈജിപ്ത്

അറേബിയ മുതലായ മദ്ധ്യപൌരസ്ത്യരാജ്യങ്ങളിൽ പ്രാചീനകാലത്തു് വിലകൊടുത്തു വാങ്ങിക്കുവാൻ കഴിയുന്ന, ആവശ്യംപോലെ വിൽക്കുവാൻ പറ്റുന്ന, പിൻതുടച്ചാവകാശവഴി ലഭിയ്ക്കുവാൻ സാധിക്കുന്ന ഒരു ജംഗമവസ്തു മാത്രമായിരുന്നു സ്ത്രീ. ചില അറബിഗോത്രക്കാർ ജനിച്ച ഉടനെ പെൺകുഞ്ഞുങ്ങളെ ജീവനോടെ കുഴിച്ചു മൂടുക പതിവു് ആക്കിയിരുന്നവത്രെ. ബഹുഭാര്യത്വം ഒരു സാധാരണ നടപടി മാത്രമായിരുന്നു. ജൂതരാജാക്കന്മാർക്കു് ഒന്നിലധികം ഭാര്യമാർ ഉണ്ടായിരുന്നതായി ബൈബിൾ രേഖപ്പെടുത്തിയിട്ടുണ്ടു്.

ഇസ്ലാമിനു പ്രചാരം സിദ്ധിച്ചതോടെ ഈ ദുരാചാരങ്ങളിൽ പലതിനും അറുതിയുണ്ടായി. ഒരു സാധനമെന്ന നിലവിട്ടു്, ജീവനും സ്വാതന്ത്ര്യവുമുള്ള ഒരു വ്യക്തിയായി സ്ത്രീ പരിഗണിയ്ക്കപ്പെട്ടുതുടങ്ങി. ചില അവകാശങ്ങളും മതതലകളും അവൾക്കു് നിയമം അനുവദിച്ചുകൊടുത്തു. തന്റേതുമുള്ള ഒരു വ്യക്തിയായി അവൾ ശ്രദ്ധാതരപ്പെട്ടു. വിവാഹശേഷം സ്വന്തം കുടുംബനാമധേയം അവൾ ഉപയോഗിച്ചുതുടങ്ങി. ഭൂമിയിൽ ഉടമ കൈവന്നതോടെ ക്രയവിക്രയസ്വാതന്ത്ര്യം അവൾക്കു ലഭിച്ചു. നിയമം അവൾക്കു് പ്രാ

യപൂത്തിവരാത്ത കുട്ടികളുടെ രക്ഷാകർത്തൃത്വം അനുവദിച്ചു കൊടുത്തു. ഭർത്താവിന്റെ അനുവാദമില്ലാതെതന്നെ, തനിയ്ക്കു യോജിച്ച തൊഴിലിൽ ഏർപ്പെടുവാൻ അവൾക്കു സ്വാതന്ത്ര്യം കിട്ടി. കോടതികളിൽ വ്യവഹാരം ബോധിപ്പിക്കുവാൻ അവൾക്കു് അനുമതി നൽകപ്പെട്ടു. ഇങ്ങനെ രാഷ്ട്രീയ–സാമുദായിക രംഗങ്ങളിൽ അവൾക്കു ലഭിച്ച പദവി, പൂർവ്വകാലസ്ഥിതിയെ അപേക്ഷിച്ചുനോക്കുമ്പോൾ, തികച്ചും വിപ്ലവകരമായിരുന്നു. യൂറോപ്യൻരാജ്യങ്ങളിലെ വനിതകൾക്കു് ഇതുപോലും ആനുകൂല്യങ്ങൾ ലഭിച്ചതു് അനവധി നൂറാണ്ടുകൾക്കുശേഷം, അതും നിണ്ടുനിന്ന സമരങ്ങൾക്കുശേഷം, മാത്രമായിരുന്നു.

ഇസ്ലാംനിയമപ്രകാരം മാതാപിതാക്കന്മാരുടെ സ്വത്തിൽനിന്നു് സഹോദരനു ലഭിയ്ക്കുന്നതിന്റെ നേർപകുതി മാത്രമേ സ്ത്രീയ്ക്കു കിട്ടുന്നുള്ളു. എങ്കിലും അതുതന്നെ ഒരു നേട്ടമല്ലേ? അതിനുമുമ്പു് അവൾക്കു് പിൻതുടർച്ചാവകാശമേ ഉണ്ടായിരുന്നില്ലല്ലോ. പോരാത്തതിനു് തന്റെ സ്വന്തം സ്വത്തിൽനിന്നു് ഒരൊറ്റ പൈപോലും കുട്ടികൾക്കുവേണ്ടിയോ, കുടുംബസംരക്ഷണത്തിനുവേണ്ടിയോ ഉപയോഗിയ്ക്കേണ്ട ആവശ്യം സ്ത്രീക്കില്ല. വീട്ടിലെ സാമ്പത്തികച്ചുമതലയെല്ലാം തന്നെ ഗൃഹനായകനുള്ളതാണു്. ഔന്നത്യത്തിന്റെ ശൃംഗത്തിലേക്കു് മഹിളയെ ഉയർത്താൻ ഇസ്ലാം ഔത്സുക്യം കാണിക്കുന്നുണ്ടു്. വിശുദ്ധഖുർആൻ സ്ത്രീപുരുഷബന്ധത്തിന്റെ മഹത്ത്വത്തെ അസന്ദിഗ്ധമായ ഭാഷയിൽ വർണ്ണിയ്ക്കുന്നു. പരസ്പരവിശ്വാസം, ഉദാരത, സൗഹൃദം ഇവയാണു് ഈ ബന്ധത്തിന്റെ കാതൽ. സ്ത്രീകളോടു് ഏറ്റവും കാരുണ്യത്തോടുകൂടി പെരുമാറുന്നവനാണു് വിശ്വാസികളിൽവെച്ചു ശ്രേഷ്ഠൻ. ''സ്വർഗ്ഗം അമ്മയുടെ പാദത്തിലാണു്'' എന്നു പ്രവാചകൻ പറഞ്ഞിട്ടുണ്ടു്.

നല്ല ഒരു മുസ്ലീം, സ്ത്രീയായാലും പുരുഷനായാലും വി

ജ്ഞാനം നേടുവാൻ പ്രയത്നിക്കേണ്ടതാണെന്നു് ഇസ്ലാം അനുശാസിക്കുന്നു. ഇസ്ലാമിന്റെ പ്രാരംഭകാലത്തുതന്നെ വിദുഷികളായ സ്ത്രീകളുണ്ടായിരുന്നു എന്നതിനു ധാരാളം തെളിവുകളുണ്ടു്.

സാമൂഹ്യജീവിതത്തിലോ പൊതുരംഗങ്ങളിലോ സ്ത്രീകൾ ഭാഗഭാക്കുകളാകുന്നതു് ഒരു കാലത്തും ഇസ്ലാം വിലക്കിയിട്ടില്ല. പൊതുകാര്യങ്ങൾക്കുവേണ്ടി മുസ്ലീംവനിതകൾ ഇറങ്ങി പ്രവർത്തിച്ചിരുന്നു എന്നതിനു ധാരാളം ലക്ഷ്യങ്ങൾ ചരിത്രത്തിന്റെ ഏടുകളിലുണ്ടു്. പാഠശാലകളിൽ അവർ പരസ്യമായി പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുമായിരുന്നു. കച്ചവടകേന്ദ്രങ്ങളിൽ വ്യാപാരം നടത്തുകയും പൊതുചർച്ചാവേദികളിൽ പങ്കെടുക്കുകയും പണ്ടത്തെ മുസ്ലീംസ്ത്രീകൾ ചെയ്തിരുന്നു. പുരുഷന്മാരോടൊപ്പം അടക്കളയിൽ ഇറങ്ങി സമരം നടത്തിയ അംഗനകളും കുറവല്ല. അന്തഃപുരത്തിൽ അടച്ചിട്ട ജീവിതം അവർക്കു വിധിച്ചതു് ഇസ്ലാമല്ല. മുസ്ലീംസമുദായം സാമ്പത്തികമായി വളരെ അധികം ഉയർന്നപ്പോൾ യാഥാസ്ഥിതികത്വം പ്രബലമായി. ആ പരിതഃസ്ഥിതിയിൽ ഉയർന്നതാണു് ഈ ആചാരം. കടം വാങ്ങിയ ഒരു സമ്പ്രദായമായിരുന്നു അതു്. ഈ സമ്പ്രദായം മുസ്ലീംവനിതകളെ അന്തഃപുരജീവികളാക്കി മാറ്റി.

മൂടുപടം

സ്ത്രീയുടെ മുഖം ഒരു നേരിയ തുണിയാൽ ആവരണം ചെയ്യുകയെന്ന സമ്പ്രദായത്തിന്റെ ഉത്തരവാദിത്വം ഇസ്ലാമിനില്ല. ബാബിലോണിലെ ഒരു പഴയ ആചാരമായിരുന്നു ഇതു്. ഇസ്ലാം സ്ഥാപിയ്ക്കുന്നതിനു വളരെ നൂറ്റാണ്ടുകൾമുമ്പു് മണ്ണടിഞ്ഞുപോയ അസ്സീരിയയിലെ ചില പഴയ പ്രതിമകളിൽ സ്ത്രീകളെയും ദേവതകളെയും മൂടുപടം ധരിച്ചുകൊണ്ടു് ചിത്രീകരിച്ചിരിക്കുന്നു. ഇസ്ലാമിന്റെ ആ

രംഭകാലത്തു് അറേബിയയിൽ മൂട്ടപടസമ്പ്രദായം നിലവിലുണ്ടായിരുന്നില്ല. പക്ഷേ, സാമ്പത്തികവും സാമൂഹ്യവുമായ മേന്മയുടെ ഒരു മാനദണ്ഡമായി ഈ ആചാരം അടുത്ത നൂറ്റാണ്ടുകളിൽ പേർസ്യ, തുർക്കി മുതലായ പ്രധാനമുസ്ലീം കേന്ദ്രങ്ങളിൽ പ്രചാരത്തിൽ വന്നു. കുലീനയായ മഹിളയെ, മാനവദൃഷ്ടികൾക്കുമുമ്പിൽ തെരുവുകളിൽ അലഞ്ഞുനടക്കുന്ന അടിമസ്ത്രീയിൽനിന്നു തിരിച്ചുനിർത്താൻ ഇതു സഹായിച്ചു. ക്രമേണ മൂട്ടപടം ഒരു പരിഷ്കാരമായി. മദ്ധ്യപൗരസ്ത്യരാജ്യങ്ങളിലെ ക്രസ്ത്യൻവനിതകളും ഈ സമ്പ്രദായം അനുകരിക്കുവാൻ തുടങ്ങി. എങ്കിലും സമ്പന്നരെ മാത്രമേ ഇതു ബാധിച്ചുള്ളൂ. ജീവസന്ധാരണത്തിനുവേണ്ടി പുരുഷന്മാരോടൊപ്പം അഹർനിശം വേലയെടുക്കേണ്ടിയിരുന്ന സാധാരണ സ്ത്രീയെ ഈ പ്രശ്നം അലട്ടിയതേ ഇല്ല. അവരായിരുന്നു സ്ത്രീലോകത്തിന്റെ മുക്കാൽ ഭാഗവും. സ്വാതന്ത്ര്യത്തിനു യാതൊരു വിധത്തിലുള്ള ഹാനിയും തട്ടാതെ അവർ തങ്ങളുടെ ജോലി നോക്കിവന്നു.

യഥാർത്ഥപ്രശ്നങ്ങൾ

സാമ്പത്തികവും സാമൂഹ്യവുമായ ചില പ്രത്യേകതകളാണ് ഈജിപ്തിലെ സ്ത്രീകളെ സ്പർശിക്കുന്ന പ്രധാന പ്രശ്നങ്ങൾ. മതാചാരങ്ങളോ സ്ത്രീത്വമോ ആയിരുന്നില്ല ഈ പ്രശ്നങ്ങളുടെ അടിയിൽ. നൂറ്റാണ്ടുകളായി പുരോഗതി തടയപ്പെട്ടിരിക്കുകയായിരുന്ന അസ്വതന്ത്രമായിരുന്ന ഈജിപ്തിൽ. അനക്ഷരത്വം, താഴ്ന്ന സാമ്പത്തികനിലവാരം, അനാരോഗ്യകരമായ സാഹചര്യങ്ങൾ എന്നിവയായിരുന്നു വിദേശീയാധിപത്യത്തിന്റെ ചില തിക്തഫലങ്ങൾ. സാമ്പത്തികവും സാമുദായികവുമായി ഉയരുകയാണ് ഈ അനാശാസ്യതകൾക്കെല്ലാം പരിഹാരം. സാവ്വത്രികമായി ഉണ്ടായ ഒരു ഉണർവ്വിന്റെ ഭാഗം മാത്രമായിരുന്നു ഈജിപ്തിലെ സ്ത്രീകളുടെ നവോത്ഥാനപ്രക്ഷോഭണം.

ആദ്യത്തെ ഈജിപ്തുകാരി തന്റെ മൂട്ടപടം മദ്ധ്യധരണ്യാഴിയിലെ അലമാലകളിലേയ്ക്ക് വലിച്ചെറിഞ്ഞിട്ട് മുപ്പത്തഞ്ചു സംവത്സരങ്ങൾ കഴിഞ്ഞു. റോമിലെ ഒരു മഹിളാസമ്മേളനത്തിൽ പങ്കെടുത്തു് തിരിച്ചെത്തിയ മാഡം ഷാർവി, കപ്പൽ കരയണഞ്ഞപ്പോൾ യഥാസ്ഥിതികതയുടെ ഈ മുദ്ര ധൈര്യപൂർവ്വം ചീന്തിയെറിഞ്ഞു. അതിനെ തുടർന്ന് സ്വതന്ത്രലോകത്തിൽനിന്നു് സ്ത്രീകളെ വേലികെട്ടി അകറ്റി നിറുത്തിയിരുന്ന ഈ യവനികകൾ ആയിരക്കണക്കിനു് അടർന്നു വീഴാൻ തുടങ്ങി ഇന്നു് ഈജിപ്തിൽ മൂട്ടപടം ഒരു പുരാതനവസ്തുവാണു്.

മൂട്ടപടം കളയുന്നതിനു മുമ്പുതന്നെ വോട്ടവകാശത്തിനുവേണ്ടിയുള്ള സ്ത്രീകളുടെ പ്രക്ഷോഭണം തുടങ്ങിയിരുന്നു. 1919-ൽ അന്തഃപുരവാസിനികൾ തങ്ങളുടെ സങ്കേതം വെടിഞ്ഞു് പരസ്യമായി തെരുവീഥികളിൽ പ്രകടനം നടത്തി. ബ്രിട്ടീഷ് സൈന്യങ്ങളുടെ അധികാരത്തിനെതിരായ പ്രതിഷേധശബ്ദം ഉയർത്തിയ പുരുഷന്മാരുടെ സഹായത്തിനാണു് അവർ രംഗത്തിറങ്ങിയതു്. അന്നു് ഈദൃശപ്രതിഷേധങ്ങൾക്കുള്ള മറുപടി വെടിയുണ്ടകളായിരുന്നു. പക്ഷേ, ഈ മൂട്ടപടം ധരിച്ച മാനിനിമാരുടെ ദേശീയബോധത്തിനോ ധീരതയ്ക്കോ ഉടവുണ്ടാക്കാൻ പര്യാപ്തങ്ങളായിരുന്നില്ല മരണം വാരി വിതറുന്ന തീയുണ്ടകൾ. അലറുന്ന തോക്കുകളെ മാടി വിളിച്ചുകൊണ്ടു് അവർ ജാഥകൾ നയിച്ചു. ഗവർമ്മേണ്ട കെട്ടിടങ്ങളും കച്ചവടകേന്ദ്രങ്ങളും അവർ പിക്കറ്റു ചെയ്തു. തുടർന്ന് അവർ ആസൂത്രണം ചെയ്ത ബ്രിട്ടീഷ് സാധനബഹിഷ്കരണപരിപാടി നൂറുശതമാനവും വിജയകരമായിരുന്നു. ഇതെല്ലാം തങ്ങൾക്കും തങ്ങളുടെ നാട്ടിനും വേണ്ടി അഭിമാനകരമായി നടത്തിയ അവരുടെ പുരോഗമനവീഥിയിൽ മൂട്ടപടം ഒരിക്കലും ഒരു വിലങ്ങായി വർത്തിച്ചില്ല പരിഷ്കാരക്കുറവിന്റെ ചിഹ്നമായി അതൊരു കാലത്തു അംഗീകരിയ്ക്കപ്പെട്ടതുമില്ല.

വിദ്യാഭ്യാസസൗകര്യങ്ങൾ

1922 ഫെബ്രുവരിയിൽ ഈജിപ്തിന് സിവിൽ ആഭ്യന്തരകാര്യങ്ങളിൽ അദ്ധ്യസ്വാതന്ത്ര്യം ലഭിച്ചു. ഇതിനുമുമ്പുള്ള നാല്പതുകൊല്ലത്തെ ബ്രിട്ടീഷ് വാഴ്ചയിൽ വിദ്യാഭ്യാസമണ്ഡലങ്ങളെല്ലാം വിദേശീയരുടെ അധികാരത്തിലായിരുന്നു. 14 ലക്ഷം വന്നിരുന്ന ജനസംഖ്യയുടെ ഏതാണ്ടു പകുതിയും സ്ത്രീകളായിരുന്നു. അവരുടെ വിദ്യാഭ്യാസാവശ്യങ്ങളെ മാനിയ്ക്കുവാൻ അന്ന് ഉണ്ടായിരുന്നതു് ഒരേ ഒരു വനിതാഹൈസ്കൂൾ ആയിരുന്നു. ആകെയുള്ള അദ്ധ്യേതാക്കളിൽ അഞ്ഞൂറിലൊന്നു കണ്ട് മാത്രമേ സ്ത്രീകൾ ഉണ്ടായിരുന്നുള്ളു. മുപ്പത്താറു കൊല്ലത്തിനിടയ്ക്ക് അതു് പതിനാലിരട്ടിയായി വർദ്ധിച്ചിട്ടുണ്ട്. ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഉണ്ടായിട്ടുള്ള ഈ ഉയർച്ച വിദ്യാർത്ഥികളുടെ എണ്ണത്തിൽ മാത്രമല്ല. സെക്കണ്ടറിവിദ്യാഭ്യാസപദ്ധതിയിൽ സ്ത്രീകൾക്കുവേണ്ടി സാങ്കേതികശിക്ഷണം, ലളിതകലകൾ, ഗൃഹശാസ്ത്രം, കച്ചവടം, സാമൂഹ്യശാസ്ത്രം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. തങ്ങളുടെ രുചിയ്ക്കും ഭാവിയ്ക്കും പറ്റിയ വിഷയങ്ങളിൽ പ്രാവീണ്യം നേടാൻ ഇതു് വിദ്യാർത്ഥികൾക്കു് സഹായകമായി. ബ്രിട്ടീഷ് അധികാരം പിൻവലിച്ച ഉടനെതന്നെ 1925-ൽ കൈറോ യൂണിവേഴ്സിറ്റി സ്ഥാപിതമായി. അർഹതയും ആഗ്രഹവുമുള്ള യുവതികൾക്കു് ഉയർന്ന വിദ്യാഭ്യാസം ക്ഷിപ്രസാദ്ധ്യമായി. ഇന്നു് ഇഞ്ചിനീയറിങ്ങ്, മെഡിക്കൽ, സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളോടൊപ്പം അനവധി വിദ്യാർത്ഥിനികളും പഠിക്കുന്നുണ്ട്. ഇവരിൽ പലരും ഗവർമ്മേണ്ടു് സ്കോളർഷിപ്പുകൾ നേടി വിദേശങ്ങളിൽ പോയി പ്രത്യേകപരിശീലനം നേടുന്നുമുണ്ട്. അസ്ഹർ യൂണിവേഴ്സിറ്റിയിലെ ഒരു അദ്ധ്യാപകന്റെ പുത്രി വ്യോമയാനശാസ്ത്രത്തിൽ ഉന്നതബിരുദം നേടിയിട്ടുണ്ട്.

പുരോഗതിയുടെ പ്രാരംഭഘട്ടത്തിൽ അനവധി വിഷ

മങ്ങൾ സ്ത്രീകൾക്കു് അഭിമുഖീകരിക്കേണ്ടിവന്നിട്ടുണ്ടു്. പ്രതിലോമശക്തികൾ കടുത്ത പ്രതിഷേധവുമായി അവരുടെ വഴി മുടക്കി. സ്ഥിരോത്സാഹവും മാഡം ഷാർവിയുടേയും അവരുടെ നേതൃത്വത്തിലുള്ള മഹിളാസംഘടനയുടേയും വിദഗ്ദ്ധമായ മേൽനോട്ടവും ഡോക്ടർ താഹാ ഹുസ്സയിൻ, മുഹമ്മദ് എൽ ആഷ്‌വായി, ലുഹ്തി എൽ സയിദ് എന്നീ മഹാമനസ്കരുടെ ആത്മാർത്ഥമായ പിന്തുണയും അവക്കു് ആവശ്യമായ രക്ഷനൽകി. ഇന്നു് വിദ്യാഭ്യാസരംഗങ്ങളിൽ പുരുഷനു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും സ്ത്രീക്കും കിട്ടുന്നുണ്ടു്.

ഉദ്യോഗങ്ങളിൽ

പൊതുരംഗത്തു് സ്ത്രീ വഹിക്കുന്ന പങ്കു് നോക്കിയാൽ അവൾ എത്രമാത്രം ഉയർന്നിട്ടുണ്ടു് എന്നു് മനസ്സിലാക്കാം. ഈജിപ്തിലെ മുഖ്യപട്ടണങ്ങളിൽ ഡോക്ടർമാർ, വക്കീൽമാർ, പത്രപ്രവർത്തകർ, ദന്തവൈദ്യന്മാർ തുടങ്ങിയ പല നിലകളിൽ സ്ത്രീകൾ സമർത്ഥമായി സേവനമനുഷ്ഠിക്കുന്നു. റവന്യൂഡിപ്പാർട്ടുമെന്റുകളിലും അവരുടെ എണ്ണം കുറവല്ല. പ്രൈമറി, സെക്കണ്ടറി എന്നീ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഏറിയ കൂറും അദ്ധ്യാപകർ സ്ത്രീകളാണു്. യൂണിവേഴ്സിറ്റി പ്രൊഫസർമാർ ആയി വളരെ അധികം വനിതകൾ കാര്യക്ഷമമായി പ്രവൃത്തിയെടുക്കുന്നു.

വ്യാവസായിക-വ്യാപാരമണ്ഡലങ്ങളിലും സ്ത്രീകൾ അവരുടെ വ്യക്തിമുദ്ര പതിച്ചിട്ടുണ്ടു്. യൂണൈറ്റഡ് നേഷൻസിന്റെ "ഇൻറർനേഷണൽ ലേബർ ഓർഗനൈസേഷൻ" പ്രഖ്യാപിച്ചിട്ടുള്ള എല്ലാ അവകാശങ്ങളും സൗകര്യങ്ങളും എല്ലാ തൊഴിലാളികൾക്കും നൽകണമെന്നു് ഈജിപ്ത്ഗവർമ്മേണ്ടു് മുതലാളിമാരോടു് ആജ്ഞാപിച്ചിട്ടുണ്ടു്. ഈജിപ്തിലെ തൊഴിൽനിയമം ജോലി നൽകുന്ന കാര്യത്തി

ലോ വേതനത്തിലോ സ്ത്രീപുരുഷവ്യത്യാസം അംഗീകരിക്കുന്നില്ല. പുരുഷന്ന ലഭിക്കുന്ന സർവ്വാവകാശങ്ങളും സ്ത്രീയ്ക്കും കിട്ടുന്നു. സ്ത്രീകളുടെ പുരോഗതിയിൽ ജനതയുടെ മുഴുവൻ സഹകരണമുണ്ട്. മുപ്പതു കൊല്ലം മുമ്പ് ഓരോ വനിതയും തന്റെ വ്യക്തിത്വം മൂടിവെച്ചിരുന്ന മൂടുപടം അഴിച്ചുമാറുമ്പോൾ യാഥാസ്ഥിതികത്വം ഞെട്ടിയിരുന്നു. ഇന്ന് എതിർപ്പിനോ പുരികം ചുളിക്കലിനോ ലക്ഷ്യമാവാതെ വനിത സർവ്വരംഗങ്ങളിലും പുരുഷനോട് തോളോടുതോൾ ചേർന്ന് പ്രവൃത്തിയെടുക്കുന്നു. നീന്തൽ, കുതിരസ്സവാരി മുതലായ കായികാഭ്യാസങ്ങളിൽ വളരെ സ്ത്രീകൾ പ്രാവീണ്യം നേടിയിട്ടുണ്ട്. സാർവ്വലൗകികമത്സരങ്ങളിൽ ഈജിപ്ഷിലെ വനിതകളുടെ ടെന്നീസ്, ബാസ്കറ്റ്ബാൾ മുതലായ ടീമുകൾ വിജയകരമായി പങ്കെടുത്തിട്ടുണ്ട്.

സാമൂഹ്യസേവനം

രണ്ടാംലോകമഹായുദ്ധകാലത്ത് ആതുരശുശ്രൂഷ ലക്ഷ്യമാക്കി ഈജിപ്ഷിലെ പ്രധാനവനിതകൾ ചേർന്ന് ഒരു സംഘടനയുണ്ടാക്കി. സ്വതന്ത്രമായ ഒരു സമിതിയായിരുന്നു. യുദ്ധകാലത്ത് അവർ വിജയകരമായി ക്ലിനിക്കുകൾ, നഴ്സിങ്ങ്ക്യാമ്പുകൾ മുതലായവ നടത്തി. കോളറ, മലേറിയ മുതലായ സാംക്രമികരോഗങ്ങൾ ഈജിപ്ഷിനെ ആക്രമിച്ചപ്പോൾ അഭിനന്ദാർഹമായ സേവനമാണ് ഇവർ അനുഷ്ഠിച്ചത്. പാലസ്തീനിൽനിന്ന് വന്നിരുന്ന അറബി അഭയാർത്ഥികൾക്ക് ആശ്വാസവും ആശ്വാസവും നൽകാൻ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ചത് മഹിളാസംഘടനകളായിരുന്നു. പ്രത്യേകശ്രദ്ധയർഹിക്കുന്ന ഒരു സംഘമാണ് ''വിമൻസ് സൊസൈറ്റി ഫോർ ഹെൽത്ത് ഇംപ്രൂവ്മെന്റ്.'' ക്ഷയരോഗികളെയും അവരുടെ കുടുംബാംഗങ്ങളെയും ആവശ്യനുസരണം സഹായിക്കുകയും, പൊതുവെ ആരോഗ്യനിലവാരം ഉയർത്താൻ ശ്രമിക്കുകയുമാണ് ഇവരുടെ

ഉദ്ദേശം. ഗിസപിറമിഡുകളുടെ സമീപം ആരുടെയും ശ്രദ്ധയെ ആകർഷിക്കുന്ന തരത്തിൽ ഇവർ ഒരു ആതുരാലയം തുടങ്ങിയിട്ടുണ്ട്. ക്ഷയരോഗബാധിതരുടെ കൂട്ടികളെ വസതികളിലെ ദുഷിച്ച അന്തരീക്ഷത്തിൽ നിന്നു് മാറ്റി ഈ കേന്ദ്രത്തിൽ താമസിപ്പിക്കുന്നു. ശ്രദ്ധാപൂർവ്വമായ ശുശ്രൂഷക്കു പുറമെ കുട്ടികളുടെ അഭിരുചിക്കനുസരിച്ച ശിക്ഷണവും ഇവർ നൽകുന്നു. ഇന്നത്തെ ഈജിപ്തുകാരിയുടെ പ്രഗല്ഭതക്കുള്ള ഒരു സാക്ഷ്യപത്രമാണു് ഈ സ്ഥലം.

പോർട്ട്സൈദ് ആക്രമിച്ചെടുത്ത കാലത്താണു് ഈജിപ്തിലെ സ്ത്രീകളുടെ അനിതരസാധാരണമായ വിപദിധൈര്യം പുറത്തുവന്നതു്. ആശയും ആലംബനവുമറ്റു വഴിയാധാരമായ ആയിരക്കണക്കിനു മനുഷ്യർക്കു് അല്പമെങ്കിലും ആത്മവിശ്വാസവും സമാധാനവും നൽകിയതു് ഇവരുടെ കിടയറ്റ ധൈര്യവും കരുണയുമാണു്. അക്കാലങ്ങളിൽ പുരുഷനോടൊപ്പം സമരംഗത്തിറങ്ങാനും അവർ മടിച്ചില്ല.

ഈജിപ്തിലെ വനിത 50 കൊല്ലം താലോലിച്ചിരുന്ന ഒരു കനകക്കിനാവായിരുന്ന വോട്ടവകാശം. 1956-ലെ ഭരണഘടന അവർക്കു് എല്ലാവിധം രാഷ്ട്രീയാവകാശങ്ങളും നൽകി. ഇദംപ്രഥമമായി കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അവർ ഔത്സുക്യത്തോടെ പങ്കെടുത്തു. രണ്ടു സ്ത്രീകൾ നാഷണൽ അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു.

തുർക്കി

ഇന്നത്തെ തുർക്കിയിലെ സ്ത്രീകളുടെ അഭൂതപൂർവ്വമായ അഭിവൃദ്ധി കാണുമ്പോൾ ഒരു കാലത്തു് അവർക്കു് അധികാരാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു എന്നു വിശ്വസിക്കുക പ്രയാസമാണു്. എന്നാൽ വളരെക്കാലത്തോളം അന്തഃപുരത്തിന്റെ കനത്ത മതിൽക്കെട്ടിനകത്തു കഴിഞ്ഞിരുന്ന മണിവിളക്കുകളായിരുന്നു അവർ. തുർക്കി ഒരു റിപ്പബ്ലിക്കാകുന്നതിനു മുമ്പു് പുരുഷന്റെ ഗാർഹികജീവിതസൌകര്യങ്ങൾക്കു് അനുപേക്ഷണീയങ്ങളായ നിരവധി സാമഗ്രികളിൽ ഒന്നു മാത്രമായി, യാതൊരു വ്യക്തിത്വവുമില്ലാതെ, കട്ടിയായ നിയന്ത്രണങ്ങൾക്കു കീഴ്പ്പെട്ടു്, അടിമത്തത്തിന്റെ കനത്ത ചങ്ങലയറിഞ്ഞു് അവർ ജീവിച്ചുപോന്നു. സാമ്പത്തികമോ രാഷ്ട്രീയമോ ആയ അധികാരങ്ങൾക്കോ അവകാശങ്ങൾക്കോ വേണ്ടി ശബ്ദമുയർത്താൻ ധൈര്യപ്പെട്ട സ്ത്രീയെ ബഹിഷ്കൃതയാക്കുവാൻപോലും സമുദായം തയ്യാറായിരുന്നു.

പക്ഷേ, സാധാരണക്കാരിൽനിന്നു വ്യത്യസ്തമായ ഒരു നില അഭിലഷിച്ചിരുന്ന, കുലീനകളാണു് എന്നു് അഭിമാനിച്ചിരുന്ന നാഗരികാംഗനകൾ യഥാസ്ഥിതികതയും വഴക്കങ്ങളും അടിച്ചേൽപ്പിച്ച പർദ്ദയുടെ തണലിൽ അലസരായിരിക്കുമ്പോൾ ജനസംഖ്യയുടെ പകുതിയോളം വരുന്ന

സാധാരണക്കാരികൾ പുരുഷനോടൊപ്പംതന്നെ പ്രവർത്തനരംഗങ്ങളിൽ ഇറങ്ങിപ്പോന്നു. അവരുടെ സ്വാതന്ത്ര്യത്തിനു കടിഞ്ഞാണിടുവാൻ ഉയർന്ന സമുദായം മിനക്കെട്ടതുമില്ല. കാരണം, ഇടയ്ക്കിടെ സമരരംഗത്തിലേയ്ക്കു വലിച്ചെറിയപ്പെടാറുള്ള പുരുഷന്മാരുടെ സ്ഥാനം കയ്യേറ്റു, രാജ്യത്തിന്റെ ഭക്ഷണകാര്യം അപകടത്തിലാകാതെ നോക്കാൻ നാട്ടിൻപുറക്കാരികളേ അന്നുണ്ടായിരുന്നുള്ളൂ. അവരുടെ പ്രഗല്ഭഹസ്തങ്ങളിൽ സുരക്ഷിതമായിരുന്നു രാജ്യത്തിന്റെ ആഹാരപ്രശ്നം.

തുർക്കിസാമ്രാജ്യത്തിന്റെ അധഃപതനത്തോടെയാണു് ആഞ്ഞടിച്ച പാശ്ചാത്യപരിഷ്കാരക്കൊടുങ്കാറ്റു് സമുദായത്തിന്റെ വളരെ ഉയർന്ന മേഖലകളിൽ അല്പം ചില കോളിളക്കങ്ങൾ ഉണ്ടാക്കി. അതിന്റെ ഏറ്റവും ആശാസ്യമായ ഒരു ഫലമാണു് ഏകഭാര്യത്വത്തിനോടു ജനതക്കുതോന്നിയ പ്രതിപത്തി. ഇടനിലക്കാർ പിന്നേയും പഴയ മാമൂലുകളെ സുദൃഢമായി അവലംബിച്ചുനിന്നു. മൂടുപടവും കർട്ടനിട്ട കിളിവാതിലുകളും അകന്നുമാറാൻ പിന്നേയും കാലം കുറെ പിടിച്ചു.

വിലങ്ങുകൾ പൊട്ടുന്നു

ദുരന്തങ്ങൾ നീളെ വാരിവിതറിക്കൊണ്ടു് ഒന്നാം മഹായുദ്ധം ലോകത്തെ കിടിലംകൊള്ളിച്ചു. അതിന്റെ അലകൾ തുർക്കിയിൽ അഭിലഷണീയങ്ങളായ ചില മാറ്റങ്ങൾ വരുത്തി. സമരത്തിന്റെ ഭീകരപ്രത്യാഘാതങ്ങൾ നാടിനെ പിടിച്ചു കുലുക്കിയപ്പോൾ, ക്ഷാമവും അഭയാർത്ഥിപ്രവാഹങ്ങളും നാടിന്റെ സമാധാനാന്തരീക്ഷത്തിൽ ചലനങ്ങൾ ഉയർത്തിയപ്പോൾ പർദ്ദകൾക്കുള്ളിൽ വീർപ്പുമുട്ടിക്കിടന്നിരുന്ന മഹനീയമായ സ്ത്രീത്വം സടകുടഞ്ഞെഴുന്നേറ്റു. അനാഥാലയങ്ങളിൽ, ആതുരശുശ്രൂഷാകേന്ദ്രങ്ങളിൽ, മുറിവേറ്റവരുടെ സമീപത്തിൽ, ചുരുക്കത്തിൽ കരുണയും സ്നേ

ഹവും നിറഞ്ഞ പെരുമാറ്റം ആവശ്യമായ സ്ഥലങ്ങളിലെല്ലാം തുർക്കിവനിതകളുടെ ഹസ്തങ്ങൾ സഹായം എത്തിച്ചു. പൊതുസമ്മേളനങ്ങളിൽ അവർ പങ്കെടുത്തു. പ്രസംഗങ്ങളും പ്രകടനങ്ങളും വഴി അവർ പുഴയ മാമൂലിനേറ്റതായ വേരു് അറുത്തുകളയുവാൻ ശ്രമിച്ചു. ഈ ശ്രമങ്ങളിൽ മുൻകൈ എടുത്ത സ്ത്രീകൾക്കു വിദഗ്ധമായ നേതൃത്വം നൽകിയതു് സുപ്രസിദ്ധ നോവലെഴുത്തുകാരിയായ ഹാൽഡൻ എദീബ് ആയിരുന്നു.

വിപ്ലവകാരിയായ നേതാവു്

1919-ൽ തുർക്കിയുടെ സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടു. രാജ്യവ്യാപകമായ തോതിൽ അതു വളരാൻ അധികം താമസമുണ്ടായില്ല. ഈ അവസരം ശരിയായുപയോഗിക്കുവാൻ വനിതകൾ സന്നദ്ധരായി. കാൽച്ചങ്ങല പൊട്ടിച്ചെറിയാൻ ധീരതയോടെ മുന്നേറിയ അവർക്കു് ഉന്മേഷവും ഉണർവ്വും പകർന്നുകൊടുക്കുവാൻ പ്രാപ്തനായ ഒരു നേതാവുണ്ടായി, മഹാനായ മുസ്തഫാകമാൽപാഷ. അംഗനകൾ ആയിരക്കണക്കിനു് അദ്ദേഹത്തിന്റെ കൊടിക്കീഴിൽ അണിനിരന്നു. തൂലും സൂചിയും ധരിച്ചിരുന്ന ലളിതഹസ്തങ്ങളിൽ തോക്കുകൾ സ്ഥലംപിടിച്ചു. കർഷകസ്ത്രീകൾപോലും രണോത്സുകരായി അടക്കളത്തിലെത്തി. 1923-ൽ ലൂസന്നയിൽ വെച്ചുണ്ടായ സമാധാനഉടമ്പടി തുർക്കിയിൽ ഉടലെടുക്കുവാൻപോകുന്ന നവ്യയുഗത്തിന്റെ നാന്ദി കുറിച്ചു.

സ്ത്രീകളുടെ സർവ്വതോമുഖമായ ഉന്നമനം ലാക്കാക്കി സമുദായത്തിൽ അവശ്യം കൊണ്ടുവരേണ്ട പരിഷ്കാരങ്ങളെപ്പറ്റി കമാൽ പൊതുജനങ്ങളുടെ അഭിപ്രായം ആവശ്യപ്പെട്ടു. പ്രധാന ശ്രദ്ധയെ ആകർഷിച്ചതു് വിദ്യാഭ്യാസമാണു്. സുചിന്തിതങ്ങളായ പരിപാടികൾ ആ വിഷയത്തിൽ രൂപീകൃതമായി. പ്രാഥമികവിദ്യാഭ്യാസംതൊട്ടു് യൂനിവേർസിറ്റി അദ്ധ്യയനംവരേയുള്ള പഠനം സൌജന്യമാക്കലായിരു

ന്ന സുപ്രധാനമായ ഒരു മാറ്റം. അതിന്നാവശ്യമായ ധനം സ്റ്റോറുബഡ്ഡുറിൽ കൊള്ളിച്ചു. എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും സഹവിദ്യാഭ്യാസം നടപ്പിലായി. ഏഴാം പ്രായത്തിൽ വയസ്സിന്നിടയിലുള്ള കുട്ടികളുടെ അദ്ധ്യയനം നിർബ്ബന്ധമാക്കി.

നിയമാവലി

1932-ൽ പുതിയ സിവിൽകോഡ് പ്രയോഗത്തിൽ വന്നു. ആദ്യത്തെ പരിഷ്കാരം ബഹുഭാര്യത്വം ഉൻമൂലനം ചെയ്തുയായിരുന്നു. സ്ത്രീയും പുരുഷനും വിവാഹമോചനകാര്യത്തിൽ ഒരുപോലെയുള്ള സ്വാതന്ത്ര്യവും ആനുകൂല്യങ്ങളും നൽകപ്പെട്ടു. ഏല്ലാ വകുപ്പുകളിലും പുരുഷനു് അനുവദിച്ചുകൊടുത്തിരുന്ന സൌകര്യങ്ങൾ സ്ത്രീക്കും ലഭിക്കുമാറായി. ഭരണഘടന ജാതിമതലിംഗവ്യത്യാസം പരിഗണിക്കാതെ സംപൂർണ്ണസമത്വം ഏവക്കും വാഗ്ദാനംചെയ്തു. എല്ലാ തൊഴിലിലും പ്രവേശിക്കാമെന്നായപ്പോൾ തങ്ങൾക്കിതുവരെ അജ്ഞാതമായിരുന്ന പല രംഗങ്ങളിലും തങ്ങളുടെ സാമർത്ഥ്യം ഒന്നു പരീക്ഷിച്ചുനോക്കാൻ സ്ത്രീകൾ ഉത്സുകരായി. വൈദ്യം, നിയമം, രാഷ്ട്രീയം, വ്യവസായം, കല, ഗണിതം, ജ്യോതിഷം, വ്യോമയാനം എന്നീ മേഖലകളിലെല്ലാം അവർ പ്രാവീണ്യം നേടി. അപകടകരമായ ഒരു വിദ്യയായി പരിഗണിക്കപ്പെട്ടിരുന്ന വ്യോമയാനത്തിൽ ആദ്യം കൈവെച്ച ''സഖിയഗോക്കൻ'' ബാൾക്കൻ രാജ്യങ്ങളിലെങ്ങും പറന്നു പുതിയ ഒരു റെക്കാർഡ് സൃഷ്ടിച്ചു. തുർക്കിവ്യോമസേനയിൽ കുറേക്കാലം പണിയെടുത്തശേഷം ഇന്നവർ ഒരു പൈലറ്റ് ഇൻസ്ട്രക്ടസ്സു് ആയി സേവനമനുഷ്ഠിച്ചുയാണു്. നിരവധി വനിതകൾ ഇന്നവരുടെ ശിഷ്യഗണത്തിൽ ഉണ്ടു്.

സമുദായസേവനകാര്യത്തിലും തുർക്കിഷ് മഹിളകളൊട്ടും പിന്നിലല്ല. അക്കൂട്ടത്തിൽ മുന്നണിയിൽ നില്ക്കുന്നവരു

ടെ സംഘടനയാണ് ഏയ്ഡ് ലവേർസ് സൊസൈറ്റി. വെറും രണ്ടു തയ്യൽയന്ത്രങ്ങൾ വെച്ചുകൊണ്ടാരംഭിച്ച ഈ സംഘടനക്ക് ഇന്നു രാജ്യത്തിലുടനീളം ബ്രാഞ്ചുകളുണ്ട്. സാധുക്കളായ സ്ത്രീകളെ ഉപജീവനത്തിന്നാവശ്യമായ എന്തെങ്കിലും ഒരു കൈത്തൊഴിൽ പഠിപ്പിച്ചു വിടുകയാണ് ഈ സ്ഥാപനത്തിന്റെ മുഖ്യമായ ഉദ്ദേശം. അതിന്റെ സഹായഹസ്തമവലംബിച്ച് ഉയർന്നുനില്ക്കുന്നവർ ധാരാളമുണ്ട്. മറ്റു രാജ്യങ്ങളിലെ മഹിളാപ്രസ്ഥാനങ്ങളുമായി സമ്പർക്കം പുലർത്തി തങ്ങളുടെ ജീവിതനിലവാരമുയർത്തുവാൻ ശ്രമം ചെയ്യുന്ന ഒരു സംഘടനയാണ് ''ടർക്കിഷ് വിമൻസ് യൂണിയൻ.'' ''സൊസൈറ്റി ഫോർ ദി പ്രൊട്ടക്ഷൻ ഓഫ് വിമൻസ് റൈറ്റ്സ്'' ആണ് പ്രമുഖമായ മറെറാരു മഹിളാസംഘടന. സ്ത്രീകളുടെ നാനാമുഖമായ ഉന്നതിക്കാവശ്യമായ വിധത്തിൽ ഈ സംഘടനകൾ പ്രവർത്തിക്കുന്നു.

കലാരംഗത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച തുർക്കികലാകാരികൾ നിരവധിയാണ്. പൊതുസ്ഥലത്തു വരുന്നതു് ഏറ്റവും വലിയ അധഃപതനമായി ധരിച്ചിരുന്നവരുടെ അനന്തരഗാമികളാണ് ലോകപ്രസിദ്ധിയാർജ്ജിച്ച ഈ കലാസേവികമാർ. രണ്ടാം ദശാബ്ദത്തിൽ സ്ഥാപിക്കപ്പെട്ട ആസ്പെൻഡെസ് തിയേറ്റർ ഇന്നും കലാപ്രേമികളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ആദ്യമെല്ലാം സ്ത്രീകളുടെ ഭാഗമഭിനയിക്കാൻ പെൺകുട്ടികളെ കിട്ടുക അസാദ്ധ്യമായിരുന്നു. 1918-ലാണ് ആദ്യമായി ഒരു തുർക്കിവനിത പൊതുരംഗത്തു പ്രത്യക്ഷപ്പെട്ടതു്. മുസ്തഫാകമാൽ പാഷയുടെ സാന്നിദ്ധ്യത്തിൽ സുപ്രസിദ്ധ നടിയായ ബേദിയ മുഹാവിറ്റ് പരസ്യമായി അരങ്ങത്തു വന്നു. തുർക്കി രംഗവേദിയിലെ മിഴിവുറ്റ താരങ്ങളാണ് യെൽഡിസ് ആക്കൻ, മുവാസ്സുട്ടസ്, മെഡിയഗോക്കൻ മുതലായവർ. അങ്കാറയിലെ നാഷണൽ

കൺസർവെററിയർ ആണ് പ്രധാനമായ കലാശിക്ഷണ കേന്ദ്രം. സംഗീതവും നൃത്തവും ഇന്ന് അധിക്ഷിപ്തങ്ങളല്ല. കുറച്ചുകൊല്ലംമുമ്പ് പ്രായമായ ഒരു പെൺകുട്ടിയെ നൃത്യകലാലയത്തിലയച്ചാൽ യാഥാസ്ഥിതികത്വം മൂടിപിരിച്ച് ആട്ടമായിരുന്നു. ഇന്നീ ലളിതകലകൾ ആഭിജാത്യത്തിന്നു അത്യാവശ്യമായി കണക്കാക്കപ്പെട്ടുന്നു.

പൊതുപ്രവർത്തനരംഗത്തും ധാരാളം സ്ത്രീകൾ തങ്ങളുടെ ജന്മസിദ്ധവും കർമ്മസിദ്ധവും ആയ സാമർത്ഥ്യം വെളിപ്പെട്ടുത്തുന്നുണ്ട്. ജിയോളജി പ്രൊഫസറായ നൂറാപിനാറും ഒരു അറേറാർണിയായ എഡിബ്ഡോയറും ഇക്കൂട്ടത്തിൽ മുന്നണിയിൽ നില്ക്കുന്നു. കാലിഫോർണിയയിൽവെച്ചു നടന്ന എൻജിനീയർമാരുടെ ലോകസമ്മേളനത്തിൽ പങ്കെടുത്ത ഒരേയൊരു വനിത നൂറാപിനാറായിരുന്നു. അങ്കാറയിലെ ഉന്നതമായ ഒരു പർവ്വതത്തിന്റെ മുകളിൽ ശിരസ്സുയർത്തി കലാസൌഭഗത്തിന്റെ ഉജ്ജ്വലപ്രതീകമായി നിലകൊള്ളുന്ന കമാൽപാഷയുടെ ശവകുടീരത്തിന്നു മിഴിവും നിറവും നൽകിയതു് ഒരു വനിതയുടെ ലോലകരാംഗുലികളാണ്—സഹറിയ ഗുർമാൻ എന്ന വിദഗ്ധശില്പിയുടെ. മുസ്തഫാകമാലിന്റെ വീരോജ്ജ്വലമായ ആഹ്വാനം കേട്ടണഞ്ഞ തുർക്കിവനിത ഇന്നു് രാജ്യത്തിനകത്തും പുറത്തും സ്വന്തം നാട്ടിന്റെ വിജയവൈജയന്തി ഉയർത്തിക്കാട്ടുന്നു. അദ്ദേഹം അർപ്പിച്ച വിശ്വാസം നൂറു ശതമാനവും അർഹിക്കുന്നുണ്ടു് തങ്ങൾ എന്നു് അവരുടെ ഓരോ പ്രവൃത്തിയും ഉച്ചത്തിൽ വിളിച്ചു പറയുന്നുണ്ടു്. പ്രകാശംമുറിയ ഈ ചിത്രത്തിനും ഒരു ഇരുണ്ട വശമുണ്ടെന്നു കേൾക്കുമ്പോൾ ആക്ഷം ആശ്ചര്യം തോന്നും. പക്ഷേ, യാഥാർത്ഥ്യമതാണു്. രാജ്യത്തിന്റെ വരുമാനത്തിന്റെ കാര്യമായ ഭാഗം യുദ്ധസന്നാഹങ്ങൾക്കുവേണ്ടി ചിലവഴിഞ്ഞുപോകയാണു്. തൊഴിലില്ലായ്മ വൻതോതിൽ വളർന്നിരിക്കുന്നു. ഇസ്താംബൂളിൽത്തന്നെ

100,000 ജോലിയില്ലാത്തവർ ഉണ്ട്. അതിന്റെ മൂന്നിലൊന്നു സ്ത്രീകളാണ്. ദാരിദ്ര്യം അവരെ പലരേയും വ്യഭിചാരശാലകളിലേയ്ക്കു നയിക്കുന്നു. ജീവിതനിലവാരം അധഃപതിച്ചതിനാൽ ദാരിദ്ര്യവും അതിന്റെ കൂട്ടാളികളായ രോഗങ്ങളും നടമാടുന്നു. പുകയില, തുണി മുതലായവ നിർമ്മിക്കുന്ന വ്യവസായശാലകളിലാണ് സ്ത്രീകൾ അധികമായി ജോലി ചെയ്യുന്നതു്. പുരുഷനു ലഭിക്കുന്നതിന്റെ പകുതി കൂലിയേ അവൾക്കു് അവിടെനിന്നു കിട്ടുന്നുള്ളു. സ്വന്തം നില ഉയർത്തിക്കൊണ്ടുവരുവാൻ സംഘടനകൾ ഉണ്ടാക്കുവാനോ, പണി മുടക്കുവാനോ ഉള്ള അധികാരം തൊഴിലാളികൾക്കു നിഷേധിക്കപ്പെട്ടിരിയ്ക്കുകയാണു്.

കൊറിയായുദ്ധകാലത്തു മെയ്മിട്ടുക്കുള്ള പുരുഷന്മാരിൽ അധികവും യുദ്ധരംഗത്തേയ്ക്കു് അയയ്ക്കപ്പെട്ട. അനവധി കുടുംബങ്ങൾ അനാഥങ്ങളായി. പിഞ്ചുബാലന്മാരുടേയും അബലകളുടേയും ദുർബ്ബലമായ ചുമലുകളിലായി ഭാരം മുഴുവനും. കുറെ മുമ്പു് ഡെമോക്രാറ്റു് പാർട്ടിയുടെ ഒരു കോൺഗ്രസ്സിൽവെച്ചു് പഴയ കലഹക്കുട്ടങ്ങളിലേയ്ക്കു തിരിച്ചുപോകാനും, സ്ത്രീകൾക്കനുവദിച്ചുകൊടുത്തിട്ടുള്ള അധികാരാവകാശങ്ങൾ പിൻവലിക്കാനും, പട്ടു നിർബ്ബന്ധമാക്കാനും ജോലിക്കാരായ സ്ത്രീകളെ പിരിച്ചയയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ ചില പ്രതിലോമവാദികൾ ആവശ്യപ്പെട്ടകയുണ്ടായി. സാധാരണജനങ്ങൾ പട്ടിണിയുടെ പട്ടടയിൽ വെന്തെരിയുമ്പോൾ അണുപായുധങ്ങൾക്കുവേണ്ടി പണം ചെലവാക്കുന്നതിനെ എതിർത്തതിനു ചില മഹിളാപ്രവർത്തകകളെ ജയിലിൽ അടച്ചതു് ഈയിടെയാണു്. വിചാരണ കൂടാതെ തടങ്കലിൽ വെച്ചിട്ടുള്ള ചില സ്ത്രീകളെ ശിക്ഷാകൃത്യങ്ങളിലേയ്ക്കു മാറ്റുന്നതിൽ പ്രതിഷേധിച്ചു ഇസ്താംബൂൾ ജയിലിലെ സ്ത്രീതടവുകാർ നിരാഹാരവ്രതമനുഷ്ഠിക്കുകയുണ്ടായി.

ചീന

ഏതു രാഷ്ട്രത്തിന്റെയും ഭൂതകാലചരിത്രത്തിലേക്ക് ഒന്നു കണ്ണോടിച്ചാൽ കാണാം, സ്ത്രീയ്ക്ക് അടിമയുടേതിനേക്കാൾ ഉയർന്ന പദവി മിക്കപ്പോഴും ലഭിച്ചിട്ടില്ല എന്ന്. രാജ്യം സ്വതന്ത്രമായാലും അല്ലെങ്കിലും, അവൾ അടിമതന്നെ. ചൈനയിലെ വനിതക്കും ഇക്കഥ തന്നെയാണ് പറയാനുള്ളത്. സ്ത്രീയാണെന്നുള്ളതുകൊണ്ടുമാത്രം അവൾക്കു പല അധികാരാവകാശങ്ങളും അലഭ്യമായിരുന്നു. ഈ അവകാശങ്ങൾ നേടാൻ അവൾക്കും സമരരംഗത്തിറങ്ങേണ്ടിവന്നു. ഈ സമരത്തിൽ അവൾ അനുഷ്ഠിച്ച ത്യാഗങ്ങൾക്കു മതിയായ പ്രതിഫലമായിരുന്നു, ജനകീയചീനയിൽ അവൾക്കു കൈവന്ന നാനാമുഖമായ ആനുകൂല്യങ്ങൾ.

സ്വാതന്ത്ര്യത്തിന്റെ പ്രാരംഭഘട്ടത്തിൽ ചീന വിഭാവനം ചെയ്തിരുന്ന ഒരു സാമൂഹ്യപരിഷ്കാരം നാട്ടുവാഴിത്ത വ്യവസ്ഥിതിയുടെ ദുഷ്ചിന്തനങ്ങൾ അഴിച്ചു കളയുക എന്നതായിരുന്നു. ജനകീയചീനയിൽ രാഷ്ട്രീയവും സാമൂഹ്യവും ഗാർഹികവും സാമ്പത്തികവും സാംസ്കാരികവുമായ രംഗങ്ങളിലെല്ലാം സ്ത്രീയ്ക്കും പുരുഷന്നും സ്ഥാനം തുല്യമാണെന്ന 1954-ൽ പുറത്തുവന്ന നിയമസംഹിത അസന്ദിഗ്ധ ഭാഷയിൽ പ്രഖ്യാപിച്ചു. വിവാഹം കുടുംബം എന്നീ സ്ഥാ

പനങ്ങളെ അവയർഹിക്കുന്ന പ്രാധാന്യത്തോടെ സംരക്ഷിക്കേണ്ട കടമ സ്റ്റേറ്റ് ഏറ്റെടുത്തു. യുഗങ്ങളായി ചീന വനിത സ്വപ്നം കണ്ട വന്നിരുന്നതായിരുന്ന ഈ പരിഷ്കാരങ്ങൾ. ചീനസ്ത്രീയുടെ നില പൊതുവിൽ ഉയർത്തുവാൻ മാത്രമല്ല, മാറിയ പരിത:സ്ഥിതിയനുസരിച്ച് അവളുടെ ജീവിതം ത്വപ്പെട്ടത്താൻകൂടി ഇവ സഹായിച്ചു.

തങ്ങൾക്കും രാജ്യത്തിനും പുരോഗതിയുണ്ടാവാൻ എന്തെല്ലാം ചെയ്യേണമോ, അതിന്നെല്ലാം സന്നദ്ധരായി ചീന വനിതകൾ രംഗത്തിറങ്ങി.

സ്ത്രീയും സാമ്പത്തികസ്വാതന്ത്ര്യവും

തുല്യജോലിക്കു തുല്യവേതനം, ആകർഷകമായ തൊഴിൽസ്സാഹചര്യങ്ങൾ എന്നിവ അനേകം വനിതകളെ പ്രവർത്തനമണ്ഡലങ്ങളിലേക്ക് ഇറക്കി. ഇന്നു ചൈനയിലെ വ്യവസായശാലകൾ, വിദ്യാപീഠങ്ങൾ, ഗവർമ്മേണ്ടു് ഓഫീസുകൾ എന്നിവയിൽ മുപ്പതു ലക്ഷം സ്ത്രീകൾ പണിയെടുക്കുന്നുണ്ടു്. കാർഷികവേലകളിൽ പതിനൊന്നു കോടി സ്ത്രീകൾ വ്യാപൃതരായിരിക്കുന്നു. അറിയാത്തതു പഠിയ്ക്കാനും തങ്ങളുടെ ജോലി നൂറുശതമാനം വിജയകരമാക്കുവാനും അവർ ശ്രദ്ധിക്കുന്നുണ്ടു്.

സഹകരണസ്ഥാപനങ്ങളാണു് സാധാരണയായി വേല നിയന്ത്രിയ്ക്കുന്നതു്. കൂട്ടുകൃഷി ആധുനികയന്ത്രസഹായത്തോടെ നടത്തുന്നതിനാൽ ഉൽപാദനം കാര്യക്ഷമമായി വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടു്. ആദ്യമെല്ലാം പുരുഷന്മാരുടെ ഇടയിൽ ഉണ്ടായിരുന്ന ധാരണ സ്ത്രീ ജോലി ചെയ്യാൻ അശക്തയാണു് എന്നായിരുന്നു. ഇന്നു് ആ നില പാടെ മാറിയിരിക്കുന്നു. രാഷ്ട്രനിർമ്മാണത്തിൽ തങ്ങളുടെ ഒപ്പം തന്നെ അവരും പ്രവർത്തിക്കുന്നു എന്ന പരമാർത്ഥം പുരുഷന്മാർക്കു് സമ്മതിയ്ക്കാതെ തരമില്ല എന്നായിരിക്കുന്നു. ഭൂമി

യിൽ സ്ത്രീയ്ക്ക് അവകാശം ലഭിച്ചതോടെ, ജോലി ചെയ്യാനുള്ള അവളുടെ ഉത്സാഹം വർദ്ധിച്ചു. ഇന്നു് ജോലിയെടുത്താൽ അതിനുള്ള പ്രതിഫലം നിശ്ചയമായും കിട്ടും എന്ന നില വന്നിട്ടുണ്ടു്. "ഞാനാണു് നിങ്ങൾക്കു ചിലവിനു തരുവാൻവേണ്ടി പ്രയത്നിയ്ക്കുന്നതു്." എന്ന പുരുഷന്റെ ഭീഷണി കുടുംബാന്തരീക്ഷത്തിലെ പ്രശാന്തതയ്ക്കു ഭംഗം വരുത്തുന്നില്ല. പണ്ടെല്ലാം സ്ത്രീ മൺകൂടത്തിലെരിയുന്ന വിളക്കായിരുന്നു. ഇന്നവൾ പ്രഭാപ്രസരം ചൊരിയുന്ന ദീപശിഖയാണു്. വേല ചെയ്യുന്ന ദിവസങ്ങളുടെ ഇരുപത്തഞ്ചുശതമാനം മുപ്പത്തഞ്ചുവരെ ശതമാനം അവർക്കു് അധികമായി ലഭിക്കുന്നു. ഇന്നവർക്കു് അത്രപ്രാധ്യങ്ങളായ വകുപ്പുകൾ ഒന്നും നിലവിലില്ല. വ്യാപാരശാലകളിൽ ഡയറക്ടർ, വൈസ്ഡയറക്ടർ, മാനേജർ എന്നീ നിലകളിൽ അവർ പ്രവൃത്തിയെടുക്കുന്നു. പുരുഷനു പൊതുജീവിതത്തിൽ ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും സ്ത്രീയ്ക്കും കിട്ടുന്നുണ്ടു്.

രാഷ്ട്രീയസാമുദായികരംഗങ്ങളിൽ

പരമാധികാരം ജനകീയസഭകളിലേക്കു മാറിയപ്പോൾ നിയമത്തിന്റെ ദൃഷ്ടിയിൽ പുരുഷനും സ്ത്രീക്കും തുല്യത അനുഭവപ്പെട്ടു. നാഷണൽ പീപ്പിൾസ് കോൺഗ്രസ്സ്, ലോക്കൽ പീപ്പിൾസ് കോൺഗ്രസ്സ് എന്നീ ഭരണസഭകളിൽ പുരുഷനോടൊപ്പം സ്ത്രീക്കും സ്ഥാനം കിട്ടാമെന്നായി. ജനകീയചൈനയിൽ 1952-ൽ ആണു് ആദ്യത്തെ തിരഞ്ഞെടുപ്പു് ഉണ്ടായതു്. സ്ത്രീകൾ തങ്ങളുടെ രാജ്യത്തിന്റെ ഗതിയെ നിയന്ത്രിക്കുന്ന അധികാരസ്ഥലങ്ങളിൽ കയറുവാൻ വളരെ ഔത്സുക്യം പ്രകടിപ്പിച്ചു. മൂന്നു കൊല്ലംകൊണ്ടു് തിരഞ്ഞെടുക്കപ്പെട്ട സ്ത്രീകളുടെ സംഖ്യ ആകെയുള്ളവരുടെ പതിനേഴു ശതമാനത്തിൽനിന്നു് ഇരുപത്തിരണ്ടു ശതമാനമായി. ചൈനയിലെ ഏറ്റവും ഉയർന്ന അധികാരം നിയന്ത്രിക്കുന്ന നാഷണൽ പീപ്പിൾസ് കോൺഗ്രസ്സിൽ

148 സ്ത്രീകളുണ്ട്. ആകെ സാമാജികരുടെ പന്ത്രണ്ടുശതമാനം അവരാണ്. സ്റ്റേറ്റ് കൌൺസിലുകളിൽ മിനിസ്റ്റർമാർ, വൈസ് മിനിസ്റ്റർമാർ, മന്ത്രിതുല്യതയുള്ള കമ്മീഷണർമാർ എന്നിങ്ങിനെയുള്ള വിവിധ സ്ഥാനങ്ങളിലും സ്ത്രീകൾ പ്രശസ്തസേവനമനുഷ്ഠിക്കുന്നു. ടൌൺഷിപ്പുകളിലെ ചെയർമാൻസ്ഥാനം മിക്കവാറും സ്ത്രീകളാണ് അലങ്കരിക്കുന്നത്.

നിയമവകുപ്പിൽ പ്രസിഡണ്ട്, ട്രിബ്യൂണൽ ഹെഡ്, വൈസ് പ്രസിഡണ്ട്, ചീഫ് ജഡ്ജ് എന്നിങ്ങനെ ഉത്തരവാദിത്വമുള്ള നിരവധി സ്ഥാനങ്ങൾ സ്ത്രീകൾ പ്രശസ്തമാംവണ്ണം ഭരിച്ചുവരുന്നുണ്ട്. ആകെയുള്ള ജഡ്ജിമാരിൽ പതിനൊന്നു ശതമാനവും, ട്രിബ്യൂണൽ മേധാവികളിൽ ഏഴു ശതമാനവും ജനകീയകോടതിപ്രസിഡണ്ടുമാരിൽ ആറു ശതമാനത്തിലധികവും വനിതകളാണ്. സുപ്രീംകോടതിയുടെ സിവിൽവകുപ്പിലും മഹിളകൾ ജോലിയെടുക്കുന്നു. ഫാക്ടറിഡയറക്ടർമാർ, കോളേജ് പ്രസിഡണ്ടുമാർ, മ്യൂസിയം ക്യൂറേറർമാർ, പത്രമാപ്പീസ് ഡയറക്ടർമാർ എന്നിങ്ങനെ നിരവധി ജോലികളിൽ സ്ത്രീകൾ കാര്യക്ഷമമായി സേവനമനുഷ്ഠിക്കുന്നുണ്ട്.

പൊതുരംഗത്തിറങ്ങാത്ത സ്ത്രീകളും രാഷ്ട്രനിർമ്മാണത്തിനു തങ്ങളെക്കൊണ്ടാവുന്നതരത്തിലുള്ള സഹായം ചെയ്യുന്നുണ്ട്. സമുദായത്തിന്റെ ഉന്നമനമാണ് അവരുടെയും ലക്ഷ്യം. അതിനവർ സ്വന്തമായി സംഘടനകൾ ഉണ്ടാക്കിയിട്ടുണ്ട്. പൊതുനിയമങ്ങളെപ്പറ്റി പാമരജനങ്ങൾക്കുകൂടി മനസ്സിലാകത്തക്ക വിധത്തിൽ ചർച്ചചെയ്യുക, അവിടവിടെ ഉണ്ടാകുന്ന ചില്ലറ വഴക്കുകൾ പറഞ്ഞൊതുക്കുക, പത്രങ്ങൾ വായിച്ചു വിവിധവിഷയങ്ങളെപ്പറ്റി ആശയവിനിമയം ചെയ്യുക, ആരോഗ്യപരിരക്ഷണം, ശിശുസംരക്ഷണം എന്നിവയെക്കുറിച്ചു് ഉപദേശങ്ങൾ നൽകുക മുത

ലായവയാണ് അവരുടെ അംഗീകൃതപരിപാടികൾ.

സ്ത്രീകളുടെ പഞ്ചശീലങ്ങൾ

രണ്ടു കൊല്ലം മുമ്പ് ചീനയിലെ പ്രധാനപ്പെട്ട ആറാറു നഗരങ്ങളിലെ തൊഴിലാളികുടുംബങ്ങൾ ഒത്തുചേർന്ന് ഒരു പുതിയ സംഘടന ഉണ്ടാക്കിയിട്ടുണ്ട്. അഞ്ചു നല്ല ശീലങ്ങൾ പ്രചരിപ്പിക്കുകയാണ് അവരുടെ ഉദ്ദേശം. ഒരു ഉത്തമഗൃഹനായികയായി കുടുംബഭരണം വിജയകരമായി നടത്തുക; കുടുംബത്തിലും അയൽക്കാരിലും സൗമനസ്യവും സൗഹൃദവും വളർത്തുവാൻ വേണ്ട പ്രവർത്തനം ചെയ്യുക, അറിവു വർദ്ധിപ്പിക്കുവാൻ തങ്ങളെക്കൊണ്ടാവുന്ന വിധത്തിലെല്ലാം യത്നിക്കുക, ഭാവിപൌരന്മാരെ നാടിന്റെ അഭിമാനസ്തംഭങ്ങളായി വളർത്തിക്കൊണ്ടുവരുക, സർവ്വോപരി തൊഴിലിന്റെ മേന്മ പ്രചരിപ്പിച്ചു കൈമ്മെയ്യുകൃം വളർത്തുക ഇവയാണ് അവർ പ്രചരിപ്പിക്കുന്ന അഞ്ചു നല്ല കാര്യങ്ങൾ. ആരോഗ്യകരമായ ചുറ്റുപാടിൽ ക്ഷേമത്തിന്റെയും ഐശ്വര്യത്തിന്റെയും നികേതനമായി ഓരോ ഗൃഹവും പരിലസിച്ചാൽ; ആദർശത്തിനൊത്തു ഒരു രാഷ്ട്രം തന്നിയെ ഉണ്ടാകുമെന്നു് അവർ വിശ്വസിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഏറ്റവും അധികം ശ്രദ്ധ പതിക്കുന്നതുകൊണ്ട് "നാളെ സുരക്ഷിതമായിരിക്കു"മെന്നവർ മനസ്സിലാക്കുന്നു. സാംസ്കാരികരംഗത്തിൽ അക്ഷരാഭ്യാസസൗകര്യങ്ങൾ വണ്ണം വളരെ കുറവായിരുന്നു. തൊണ്ണൂറുശതമാനം സ്ത്രീകളും വിദ്യാഭ്യാസമില്ലാത്തവരായിരുന്നു. ജനകീയചീനയുടെ പരിപാടി ഈ അനക്ഷരത്വം തുടച്ചുനീക്കലായിരുന്നു. നഗരങ്ങളിലും വില്ലേജുകളിലും വിദ്യാലയങ്ങൾ ധാരാളമായി സ്ഥാപിക്കപ്പെട്ടു. സാധാരണ സ്കൂളുകൾക്കു പുറമെ തൊഴിലാളികൾക്ക് ഒഴിവുസമയങ്ങൾ വിനിയോഗിച്ച് അഭ്യസനം നടത്താൻ സൗകര്യമായ വിദ്യാപീഠങ്ങളും നാട്ടിൽ ഉടനീളം

ഉണ്ടായി. 1956 ആയപ്പോഴേയ്ക്ക് മൂന്നു കോടി നാല്പതു ലക്ഷം സ്ത്രീകൾ പുതുതായി അക്ഷരവിദ്യ കരസ്ഥമാക്കി. അതിനും പുറമെ പ്രത്യേകവിഷയങ്ങളിൽ പ്രാവീണ്യം നേടിയ സ്ത്രീകളും ധാരാളമുണ്ടായി. സഹകരണാടിസ്ഥാനത്തിൽ നടക്കുന്ന കൂട്ടുകൃഷിയിടങ്ങളിൽ പ്രവൃത്തിയെടുക്കുന്ന അനേകം വനിതകൾ കാഷ്ികശാസ്ത്രത്തിൽ ഉപരിപഠനം നേടിയിട്ടുണ്ട്. ഫാക്ടറിത്തൊഴിലാളികളുടെ ഇടയിലും ഉന്നതമായ സാങ്കേതികാഭ്യസനം നേടിയ വനിതകൾ ധാരാളമായി. 1956-ൽ കലാലയപ്രവേശനം നേടിയ വിദ്യാത്ഥിനികളുടെ എണ്ണം ഒരു ലക്ഷത്തി മുന്നൂറെഴുപത്തേഴായിരുന്നു. ആകെയുള്ള അദ്ധ്യേതാക്കളുടെ 24.23 ശതമാനം ആണ് ഇതു്. 1948 അപേക്ഷിച്ചുനോക്കുമ്പോൾ ഈ സംഖ്യ ഏതാണ്ടു മൂന്നിരട്ടിയാണ്. പ്രൊഫസർമാർ, ഇൻസ്ട്രക്ടർമാർ എന്നീ നിലകളിൽ സ്ത്രീകളുടെ സേവനം കോളേജുകൾക്കു് ലഭിക്കുന്നുണ്ട്. ചൈനയിൽ ഇദംപ്രഥമമായി സയൻസ് അക്കാദമി നാല്വനിതകൾക്കു് സമ്മാനങ്ങൾ ഈയിടെ നല്കുകയുണ്ടായി. ഇതിനും പുറമെ കലാകാരികളും നൃത്തകികളും സാഹിത്യകാരികളും ചീനവനിതകളുടെയിടയിൽ ധാരാളമുണ്ട്.

വിവാഹവും കുടുംബവും

നിർബ്ബന്ധവിവാഹം, വിവാഹത്തിൽ മദ്ധ്യസ്ഥന്മാരുടെ കൈകടത്തൽ, സ്ത്രീകളുടെമേൽ പുരുഷന്മാർക്കുണ്ടായിരുന്ന അധികാരം, ബഹുഭാര്യത്വം, വില കൊടുത്തു പങ്കാളിയെ വാങ്ങുന്ന സമ്പ്രദായം, കുടുംബത്തലവന്റെ സ്ഥാനത്തും അസ്ഥാനത്തുമുള്ള ഇടപെടൽ എന്നീ ദുഷിച്ച കീഴ്വഴക്കങ്ങളെ 1950-ലെ വിവാഹനിയമം നിശ്ശേഷം നിർമ്മാർജ്ജനം ചെയ്തു. ജീവിതസഖാവിനെ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം സ്ത്രീക്കും പുരുഷനും തൻമൂലം കിട്ടി. അമ്മയുടെയും

കുട്ടികളുടെയും സംരക്ഷണഭാരം സ്റ്റോറു് ഏറെറടുത്തു. ഇ ന്നു ചൈനീസ് ഗൃഹാന്തരീക്ഷത്തിൽ സഹകരണമനോഭാ വവും സൗഹൃദവും അലയടിയ്ക്കുന്നുണ്ടു്. സ്ത്രീപുരുഷന്മാർക്കു് അന്യോന്യമുള്ള സ്നേഹവും സൗമനസ്യവുമാണു് ഗാർഹിക ജീവിതത്തിൽ കണ്ടുവരുന്നതു്. കുട്ടികളെ സംരക്ഷിയ്ക്കേണ്ട ഭാരം മാതാവിനും പിതാവിനും ഉള്ളതിനാൽ കുട്ടികൾക്കു് ഒരുവിധത്തിലുള്ള അരക്ഷിതാവസ്ഥയും അനുഭവപ്പെടുന്നില്ല.

ആരോഗ്യസംരക്ഷണം

തൊഴിലാളികളുടെ പൊതുവെയും സ്ത്രീതൊഴിലാളികളുടെ പ്രത്യേകിച്ചും ആരോഗ്യം സംരക്ഷിയ്ക്കേണ്ട കാര്യത്തിൽ സ്റ്റോറു് മനസ്സിരുത്തുന്നു. വേല ചെയ്യുവാൻ അസാദ്ധ്യമായ അവസരങ്ങളിൽ ആവശ്യമായ സഹായധനം സോഷ്യൽ ഇൻഷുറൻസ് നൽകുന്നു. പ്രസവത്തിനു മുമ്പും പിന്നും മാതാവിന്റെ ആരോഗ്യസംരക്ഷണത്തിനുതകുന്ന വിധത്തിൽ മുഴുവൻ ശമ്പളത്തോടുകൂടി അവധി കിട്ടുന്നു. ക്ലേശകരമാണു് പ്രസവമെങ്കിൽ സാധാരണ അവധിയ്ക്കു പുറമെ പതിനാലു ദിവസത്തെ വിശ്രമം കൂടി അവൾക്കു് അനുവദിയ്ക്കപ്പെടുന്നു. ഗർഭിണികൾക്കു് ലഘുവായ ജോലി മാത്രമേ കൊടുക്കാവൂ എന്നു് നിയമമുണ്ടു്. അവൾ പ്രവൃത്തിയെടുക്കുന്നതു് കഠിനാദ്ധ്വാനമാവശ്യമായ വല്ല വിഭാഗത്തിലുമാണെങ്കിൽ, ഗർഭം കുറച്ചു മാസമായാൽ ബുദ്ധിമുട്ടു കുറഞ്ഞ പണിയിലേക്കു് അവൾക്കു മാറ്റം കൊടുക്കണം. ഇടയ്ക്കിടയ്ക്കു് അവൾക്കു് വിശ്രമിയ്ക്കുവാനുള്ള അവസരങ്ങൾ നൽകുകയും വേണം. പോഷകസാധനങ്ങൾ നിറഞ്ഞ ആഹാരസാധനങ്ങൾ ഒരൊഴിഞ്ഞ മൂലയിൽ അവൾക്കുവേണ്ടി എല്ലാ പ്രവർത്തനശാലകളിലും സംഭരിച്ചു വെച്ചിട്ടുണ്ടാകും. സാധാരണ ബഹളത്തിൽനിന്നു് ഒഴിഞ്ഞു് സ്വന്തം സമയം ഉപയോഗിച്ചു് അവൾക്കു് ഈ ഭക്ഷണം ആസ്വദിക്കാം.

പ്രത്യേകമായ ശുചീകരണഏർപ്പാടുകളും സ്ത്രീകളുടെ ആവശ്യത്തെ മുൻനിറ്ത്തി വ്യവസായശാലകളിൽ സ്ഥാപിച്ചിട്ടുണ്ട്. 50 വയസ്സു തികഞ്ഞ ഒരു സ്ത്രീയ്ക്ക്, അവർ 20 കൊല്ലത്തെ സേവനമനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ, പെൻഷൻ അവകാശപ്പെടാം. പുരുഷനു 60 വയസ്സു തികഞ്ഞാലേ അതിനു് അർഹതയുള്ളൂ. സാധാരണ ശമ്പളത്തിന്റെ 50 മുതൽ 70 വരെ ശതമാനം ആണു് പെൻഷൻ. പെൻഷൻകാലമെത്തിയാലും, സ്ഥാപനങ്ങൾക്കു് അവളുടെ സേവനം ആവശ്യമാണെന്നുകണ്ടാൽ, സ്വന്തം ഇഷ്ടപ്രകാരം അവൾക്കു ജോലി തുടർന്നു നിർവ്വഹിക്കാം. അപ്പോൾ സാധാരണ ശമ്പളത്തിനു പുറമെ നിശ്ചിതതോതിലുള്ള പെൻഷനും അവൾക്കു ലഭിക്കുന്നു.

സ്ത്രീയുടെ കാര്യക്ഷമമായ പ്രവൃത്തിയെ ലാക്കാക്കി ശിശുസംരക്ഷണാലയങ്ങൾ ധാരാളമായി സ്ഥാപിച്ചിട്ടുണ്ട്. തങ്ങളുടെ കുട്ടികൾ സുരക്ഷിതമായ പരിതഃസ്ഥിതിയിലാണു് എന്ന ബോധം അമ്മമാർക്കു് മുഴുവനും ശ്രദ്ധയുപയോഗിച്ചു് പണിയെടുക്കുവാനുള്ള മനസ്സമാധാനം നൽകുന്നു. വല്ലവരുടേയും കയ്യിൽ കുട്ടികളെ ഏല്പിച്ചു് പിടിയുന്ന മനസ്സോടെ ജീവനഃസ്ഥാരണത്തിനുവേണ്ടി പ്രവൃത്തിയെടുക്കേണ്ട ദുർഭാഗ്യം ചീനയിലെ മാതാവിനില്ല. ശിശുസംരക്ഷണാലയങ്ങളിൽ നിഷ്കൃഷ്ടമായ പരിചരണത്തിനു പുറമെ ആവശ്യമായ വിദ്യാഭ്യാസസൗകര്യങ്ങളും ശിശുവിനു് ലഭിയ്ക്കുന്നു. വിദഗ്ധരായ ടീച്ചർമാരും നർസുമാരും ഡോക്ടർമാരും ഈ സ്ഥാപനങ്ങളിൽ ഉണ്ടായിരിയ്ക്കും. 1696-ലെ ആദ്യപകുതിയിൽ 1822 നർസറി സ്ഥാപനങ്ങൾ ചീനയിൽ ഉണ്ടായിരുന്നു. ഗ്രാമദേശങ്ങളിൽ എല്ലാകാലത്തും പ്രവൃത്തിയില്ലാത്തതുകൊണ്ടു് താല്ക്കാലികമായാണു് ഈ ആലയങ്ങൾ നടത്താറു്. ഇത്തരം ആറുലക്ഷത്തിൽപ്പരം താല്ക്കാലികസ്ഥാ

പനങ്ങൾ അവിടെ നടത്തിയിരുന്നു എന്നു് കണക്കുകൾകൊ ണ്ടു കാണുന്നു.

അടുത്തു കാലത്തായി കായികാഭ്യാസരംഗത്തിലും സ്ത്രീ കൾ സമുന്നതമായ സ്ഥാനം കൈക്കലാക്കിയിട്ടുണ്ടു്. പ ണ്ടു് ചൈനയിൽ ഒരൊറ്റ സ്ത്രീ 'അത്ലറ്റ്' ഉണ്ടായിരു ന്നില്ല. ഇന്നു് അറുപത്തേഴു സ്ത്രീകൾ കായികരംഗത്തു് ചീ നയുടെ വെന്നിക്കൊടി ഉയർത്തിക്കാട്ടുന്നു.

രാഷ്ട്രനിർമ്മാണത്തിൽ സ്ത്രീയുടെ കഴിവുകൾ പ്രദർശി പ്പിയ്ക്കാനുള്ള ഒരൊറ്റ അവസരവും ചീനവനിത പാഴിലാ ക്കുന്നില്ല.

സോവിയറ്റുസ്ത്രീ

സ്ത്രീയെ പ്രകൃതി നിർമ്മിച്ചിട്ടുള്ളതു് ഗൃഹത്തിലെ റാണിയാകുവാൻ മാത്രമാണു്; കുട്ടികളുടെ സംരക്ഷണവും കുടുംബഭരണവുമാണു് അവൾക്കു് ഏറ്റവും അനുയോജ്യമായ തൊഴിലുകൾ; അവയ്ക്കപ്പുറമുള്ള വിസ്തൃതലോകം അവൾക്കുള്ളതല്ല—ഈ മിഥ്യാബോധം ജനരാശിയിൽനിന്നു് ഇനിയും തേഞ്ഞുമാഞ്ഞു പോയിട്ടില്ല. ഈ തെറ്റിദ്ധാരണകളുടെ തായ്‌വേരു് നശിപ്പിച്ചുകളയുവാൻ തക്ക പ്രാപ്തിയും തന്റേടവും ഉള്ളവരാണു് ഇന്നത്തെ സ്ത്രീകൾ, പ്രത്യേകിച്ചു റഷ്യക്കാരികൾ. മനുഷ്യവിജ്ഞാനത്തിന്റെ ഏതു ശാഖയിലും നിപുണതയോടെ പ്രവർത്തിയ്ക്കുവാൻ സ്ത്രീയ്ക്കു് സാധിയ്ക്കും; പുരുഷന്റേതുപോലെതന്നെ വിപുലമാണു് സ്ത്രീയുടെ കർമ്മക്ഷേത്രം; അവൾക്കു് പ്രശോഭിയ്ക്കുവാൻ സാധിക്കാത്ത മേഖലകൾ ഇന്നില്ല എന്നു് ദൃഷ്ടാന്തസഹിതം തെളിയിയ്ക്കുന്നവയാണു് സോവിയറ്റുനാരിയുടെ നേട്ടങ്ങൾ.

സമരം വേണ്ടിവന്നില്ല

പുരുഷനോടു സമത്വം കൈവരുത്തുവാൻ പ്രത്യേകം ഒരു സമരത്തിനു് ഒരുങ്ങേണ്ട ആവശ്യം സോവിയറ്റു തരുണികൾക്കു് ഉണ്ടായിട്ടില്ല. പൊതുവെയുള്ള അടിത്തറയിൽ

നും ചൂഷണാധിപത്യത്തിനും എതിരായി രാജ്യവ്യാപകമായ തോതിൽ വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ പുരുഷന്മാരോടൊപ്പം സ്ത്രീകളും സജീവമായി അവിടെ രംഗത്തിറങ്ങി. 1917-ലെ ഒക്ടോബർ വിപ്ലവം ഒരു പ്രഭാപൂരിതമായ, നവ്യയുഗം ഉൽഘാടനം ചെയ്തു. നൂറ്റാണ്ടുകളായി അസഹനീയമായ മർദ്ദനത്തിനു് ഇരകളായി, അടിമത്തത്തിന്റെ കനത്ത ചങ്ങലയണിഞ്ഞു് അധികാരാവകാശങ്ങൾക്കുവേണ്ടി ദാഹിച്ചുഴന്നിരുന്ന അവശലക്ഷങ്ങളിൽ പകുതിയോളം വരുന്ന സ്ത്രീകളുടെ നാനാമുഖമായ പുരോഗതിയ്ക്കു് ഉതകുന്ന ഒരു പദ്ധതി ആസൂത്രണം ചെയ്തുയായിരുന്ന സോവിയറ്റ് യൂനിയന്റെ സോഷ്യലിസ്റ്റ് ഭരണഘടനയുടെ ഒരു പ്രധാന ലക്ഷ്യം. 1917-നു ശേഷം ഉണ്ടായിട്ടുള്ള ഓരോ കോൺഗ്രസ്സിന്റെയും സവിശേഷശ്രദ്ധ ഇക്കാര്യത്തിൽ പതിഞ്ഞിട്ടുണ്ടു്. 1918 ജനുവരിയിൽ മൂന്നാം കോൺഗ്രസ്സ് പുറപ്പെടുവിച്ച പ്രഖ്യാപനം സ്ത്രീയ്ക്കു് രാഷ്ട്രീയസമത്വം നൽകി. 1918 ജൂലായിൽ പുറത്തുവന്ന സോവിയറ്റ് ഭരണഘടനയുടെ 22-ാം വകുപ്പു് ജാതിമതലിംഗവ്യത്യാസമെന്യേ എല്ലാവർക്കും സമത്വം നൽകി. 64-ാം വകുപ്പു് സ്ത്രീപുരുഷവ്യത്യാസമില്ലാതെ സംപൂർണ്ണമായ പൗരാവകാശം ഏവർക്കും അനുവദിച്ചു. ഈ നിയമങ്ങൾ പാസാക്കുവാൻ മാത്രമല്ല അവ അതികൃത്യം പ്രായോഗികമാക്കാനും സ്റ്റേറ്റു് വളരെ അധികം താല്പര്യം കാണിച്ചു.

വിദ്യാഭ്യാസസൗകര്യങ്ങൾ

വിദ്യാഭ്യാസവിഷയത്തിൽ ഒട്ടും ആശാസ്യമല്ലാത്ത ഒരു നിലയാണു് പുതിയതായി രൂപമെടുത്ത റിപ്പബ്ലിക്കിനു് അഭിമുഖീകരിയ്ക്കേണ്ടിവന്നതു്. ആകെയുള്ള ജനസംഖ്യയുടെ 24 ശതമാനത്തിനു മാത്രമേ സാക്ഷരത സിദ്ധിച്ചിരുന്നുള്ളു. വിദ്യാഭ്യാസം ലഭിയ്ക്കുവാൻ ഭാഗ്യമുണ്ടായിരുന്ന

സ്ത്രീകളുടെ തോതു് അതിന്റെ 124 ശതമാനം ആയിരുന്നു. ഉൽനാട്ടുകളിൽ എഴുതാനും വായിയ്ക്കുവാനും അറിയാവുന്ന സ്ത്രീകൾ വിരലിൽ എണ്ണുവാൻ മാത്രമേ ഉണ്ടായിരുന്നുള്ളു. സ്കൂളിൽ പോകാൻ പ്രായമായ കുട്ടികളുടെ അഞ്ചു ശതമാനം ആണു് സ്കൂളിൽ പോയിരുന്നതു്. സാറിസ്റ്റു് റഷ്യയിൽ നിലവിലുണ്ടായിരുന്ന അല്പം ചില വിദ്യാസ്ഥാപനങ്ങളിൽ സാധാരണക്കാർക്കു പ്രവേശനം എളുപ്പമല്ലായിരുന്നു. ഉന്നതവിദ്യാഭ്യാസം സ്ത്രീകൾക്കു തികച്ചും അപ്രാപ്യമായിരുന്നു. വീട്ടിലും പുറത്തും ഉയരുന്ന അനവധി പ്രതിഷേധങ്ങളെ വക വെയ്ക്കാതെ വിദൂരദേശങ്ങളിൽപോയി വേണ്ടിവന്നിരുന്ന അവർക്കു് ഉയർന്ന ശിക്ഷണം നേടാൻ. "മാത്തമാറ്റിക്സിന്റെ റാണി" എന്ന ബിരുദം ലഭിച്ച മാഡം സോഫിയ കോവൽസ്കായയ്ക്കു് ബിരുദം എടുക്കുവാൻ വ്യാജമായ ഒരു വിവാഹബന്ധത്തിൽ ഉൾപ്പെട്ടു് റഷ്യയിൽനിന്നു് പുറത്തു പോകേണ്ടിവന്നു. ആ മഹതിയുടെ സേവനം അവരുടെ മാതൃഭൂമി സ്വാഗതം ചെയ്തില്ല. ഒരു ജോലിയ്ക്കുവേണ്ടി അപേക്ഷ അയച്ച അവർക്കു് അന്നത്തെ "അക്കാദമി ഓഫ് സയൻസിന്റെ" പ്രസിഡണ്ടായ ഗ്രാൻറു് ഡ്യൂക്കു് കോൺസ്റ്റാൻറൈൻ മറുപടി അയച്ചതു് ഒരു സ്ത്രീയെ, അവരെത്ര വിജ്ഞാനസമ്പന്നയായാലും അവിടെ ആവശ്യമില്ല എന്നായിരുന്നു.

തങ്ങൾക്കു കൈവന്നിട്ടുള്ള പുതിയ സാഹചര്യങ്ങളെ രാജ്യത്തിന്റെ ശ്രേയസ്സിനു പറ്റിയ തരത്തിൽ ഉപയോഗിയ്ക്കുവാൻ സ്ത്രീകൾക്കാവശ്യം സാമാന്യവിദ്യാഭ്യാസമായിരുന്നു. അതിൽ ഗവർമ്മേണ്ടിന്റെ അടിയന്തരശ്രദ്ധ പതിഞ്ഞു. ഏഴു കൊല്ലത്തെ സാർവ്വത്രികനിർബ്ബന്ധവിദ്യാഭ്യാസം നടപ്പിലായി. സെക്കണ്ടറി വിദ്യാഭ്യാസം കുറെക്കൂടി വിപുലപ്പെടുത്തി. വ്യവസായശാലകൾ, സ്റ്റേറ്റു് കൃഷിയിടങ്ങൾ, മെഷീൻ ആൻഡ് ടാക്ടർ സ്റ്റേഷനുകൾ എന്നിവയി

ലെല്ലാം സാങ്കേതികവിദ്യാഭ്യാസത്തിനു സൌകര്യങ്ങൾ ഉണ്ടാക്കി. വിദ്യാഭ്യാസച്ചെലവുകൾ മുഴുവൻ വഹിയ്ക്കുന്നതു് സ്റ്റേറു് ആണു്. ഓരോ വഷ്വും കൂടിക്കൂടിവരുന്ന വിദ്യാഭ്യാസച്ചെലവു് സ്റ്റേറു് ആ വിഷയത്തിൽ കാണിച്ചു വരുന്ന താല്പര്യത്തിനു് ഉദാഹരണമാണു്. 50 ലക്ഷം ആളുകൾക്കു പഠനസൌകര്യങ്ങൾ സ്റ്റേറു് ചെയ്തുകൊടുക്കുന്നുണ്ടു്.

സ്ത്രീകളുടെ വിദ്യാഭ്യാസത്തിൽ അപ്രധാനമല്ലാത്ത ഒരു പങ്കു വഹിയ്ക്കുന്ന സംഘടനയാണു് "വിമൻ ഡെലിഗേറസ് അസംബ്ളി". അതിലെ ഓരോ അംഗവും അക്ഷരാഭ്യാസമില്ലാത്ത തന്റെ അയൽക്കാരിയെ പഠിപ്പിയ്ക്കുവാൻ പ്രതിജ്ഞചെയ്യുന്നു. ധാരാളം കുട്ടികളുള്ള അമ്മമാക്കു പഠനസൌകര്യം നൽകാനായി ആ സമയത്തു കുട്ടികളെ നോക്കുവാൻ പ്രത്യേകസജ്ജീകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. 1930–നും 1940–നുമിടയ്ക്കു് അനക്ഷരത്വം ഏതാണ്ടു് അവസാനിച്ച മാതിരിയായി. ഇന്നു് സോവിയറ്റുയൂണിയനിലെ ആകെ വിദ്യാർത്ഥികളിൽ 52.3ശതമാനം സ്ത്രീകളാണു്. പുരുഷനോടൊപ്പം ഏതു വിഷയത്തിലും അവർക്കു ശിക്ഷണം ലഭിയ്ക്കുന്നു. ഉയർന്ന സാങ്കേതികവിജ്ഞാനം നേടി എൻജിനീയർമാരായും സാങ്കേതികവിദഗ്ധകളായും സേവനമനുഷ്ഠിയ്ക്കുന്ന സ്ത്രീകളുടെ എണ്ണം 4,80,000 ആണു്. പൊതുജനാരോഗ്യവകുപ്പു് മിക്കവാറും സ്ത്രീകളുടെ കൈയിലാകുന്നു. അതിപ്രഗല്ഭരായ വനിതാഡോക്ടർമാർ അവിടെയുണ്ടു്.

കുടുംബവും സ്ത്രീയും

പഴയ വ്യവസ്ഥിതിയിൽ ഭർത്താവായിരുന്നു കുടുംബത്തലവൻ. അയാളെ അനുസരിയ്ക്കുന്ന ജോലി മാത്രമേ ഭാര്യയ്ക്കുള്ളു. ജോലിയിൽ പ്രവേശിയ്ക്കുവാൻ സ്ത്രീയ്ക്കു് ഭർത്താവിന്റെ സമ്മതം അത്യന്താപേക്ഷിതമായിരുന്നു. പുരുഷനായിരുന്നു സർവ്വാധികാരി. ഉൽസാഹകളിൽ പണം കൊടുത്തു വാങ്ങാൻ

കഴിയുന്ന ഒരു സാമഗ്രിയായിരുന്നു സ്ത്രീ. സ്ത്രീകളെ കട്ടകൊണ്ടുപോകുക, പ്രായപൂർത്തി വരുന്നതിനു മുമ്പ് വിവാഹബന്ധത്തിൽ ഉൾപ്പെട്ടുക, ബഹുഭാര്യത്വം മുതലായവ നിലവിലുണ്ടായിരുന്നു. ദാരിദ്ര്യം, അസമത്വം, കുടുംബവലയത്തിൽപ്പോലും അസ്വാതന്ത്ര്യം മുതലായവ സ്ത്രീകളെ ഞെരുക്കിയിരുന്നു. ഈ കാലഘട്ടത്തിലാണ് ഒക്ടോബർവിപ്ലവം തുടങ്ങിയതു്.

1917 ഡിസംബറിൽ വിവാഹം, വിവാഹമോചനം എന്നിവയെസ്സംബന്ധിച്ച നിയമാവലിയിൽ ലെനിൻ ഒപ്പുവെച്ചു. കുടുംബത്തിൽ സ്ത്രീയ്ക്ക് അനുഭവിയ്ക്കേണ്ടിവന്നിട്ടുള്ള ക്രൂരമായ പെരുമാറ്റങ്ങൾക്ക് ഈ നിയമാവലി എന്നെന്നേയ്ക്കുമായി വിരാമമിട്ടു. സിവിൽ വിവാഹം നിയമവിധേയമായി പ്രഖ്യാപനം ചെയ്യപ്പെട്ടു. അതോടുകൂടി വിവാഹവിഷയത്തിൽ പള്ളികൾക്കുണ്ടായിരുന്ന അധികാരം അവസാനിച്ചു.

1918–ൽ "ഫാമിലി ആൻഡ് ഗാർഡിയൻസ് ആക്ട്" പാസ്സായി. വധൂവരന്മാരുടെ സമ്മതമാണ് വിവാഹബന്ധത്തിന്റെ പ്രധാനാടിസ്ഥാനം. വിവാഹാനന്തരം ആവശ്യമുണ്ടെങ്കിൽ മാത്രം സ്ത്രീ ഭർത്താവിന്റെ കുടുംബനാമധേയം സ്വീകരിച്ചാൽ മതി. വിവാഹംകൊണ്ട് സ്ത്രീയുടെ ഭവിഷ്യത്തിയായതൊരു വ്യത്യാസവും വരുന്നില്ല. അവൾക്ക് സ്വതന്ത്രതനതായി സൂക്ഷിയ്ക്കാം. ഭൂമിയുടെമേലുള്ള കൈവശാവകാശത്തെപ്പറ്റി ദമ്പതിമാർക്കു പരസ്പരധാരണയിൽ എത്തിച്ചേരാം. പതിനെട്ടവയസ്സ് സാധാരണ വിവാഹപ്രായമായി അംഗീകരിയ്ക്കപ്പെട്ടിട്ടുണ്ട്. എങ്കിലും ചില പ്രദേശങ്ങളിലെ പ്രത്യേക പാരമ്പര്യവും സാഹചര്യവുമനുസരിച്ച് ഇതിൽ അല്പസ്വല്പം വ്യത്യാസങ്ങൾ ഉണ്ട്. യുദ്ധകാലത്ത് സോവിയറുകൾ പൊതുവേ വിദേശീയരുമായുള്ള വിവാഹം കർശനമായി നിരോധിച്ചിരുന്നു. എങ്കിലും ഈ

ന്നു് അവക്കു് ഏതു രാജ്യത്തുനിന്നും ജീവിതസഖാക്കളെ തിരഞ്ഞെടുക്കാം. പരസ്പരസമ്മതത്തിനെതിരായി ഉള്ള നിബ്ബന്ധങ്ങളും പ്രേരണകളും കുറേകരമാണു്. ദമ്പതികളിൽ ആരെക്കെങ്കിലും പണിയെടുക്കുവാൻ സാദ്ധ്യമല്ലാതെ വന്നാൽ, ആ നിസ്സഹായവ്യക്തിയ്ക്കു ചിലവിനു കൊടുക്കുവാനുള്ള ബാദ്ധ്യത മറേറ ആൾക്കുണ്ടു്. ഈ നില വിവാഹമോചനശേഷവും തുടരുന്നു.

ആദ്യകാലത്തു് വിവാഹമോചനം പ്രായോഗികമായി അസാദ്ധ്യമായിരുന്നു. വിവാഹബന്ധത്തിൽ ഉൾപ്പെട്ടവാൻ ആവശ്യമായ പരസ്പരസമ്മതംതന്നെ അതിനെ അവസാനിപ്പിയ്ക്കുവാനും മതിയാകും. പക്ഷേ കോടതി മുഖാന്തിരമേ ഇതു സാദ്ധ്യമാകൂ. തക്ക കാരണമില്ലാതെ ചെയ്യുന്ന വിവാഹമോചനങ്ങളെ പ്രോത്സാഹിപ്പിയ്ക്കാതിരിക്കാൻ ആവശ്യമായ നിയന്ത്രണങ്ങൾ ഉണ്ടാക്കുന്ന കാര്യവും മറന്നു പോയിരുന്നില്ല. വിവാഹമോചനത്തിനപേക്ഷിച്ചാൽ കോടതി ആദ്യമായി കക്ഷികളെ രഞ്ജിപ്പിയ്ക്കുവാൻ ആത്മാർത്ഥമായി പരിശ്രമിയ്ക്കുന്നു. ഈ ഉദ്യമം വിഫലമായാൽ, അവരുടെ യോജിച്ചുള്ള ജീവിതം കൂട്ടികളുടെ രക്ഷയ്ക്കും കക്ഷികളുടെ നന്മയ്ക്കും അനുയോജ്യമല്ല എന്നു കോടതിയ്ക്കു വ്യക്തമായി മനസ്സിലായാൽമാത്രമേ വിവാഹമോചനത്തിനു് അനുവാദം നൽകുകയുള്ളു. പക്ഷേ ഏതെങ്കിലും ഒരു പാർട്ടിയ്ക്കു സ്വബോധമില്ലെങ്കിലോ കുറെക്കാലമായിട്ടു് അവളെയോ അവനെയോപറ്റി കേട്ടറിവേ ഇല്ല എങ്കിലോ ഈ പ്രാരംഭശ്രമങ്ങളുടെ ആവശ്യമില്ല.

വ്യക്തിസ്വാതന്ത്ര്യമാണു് ദാമ്പത്യജീവിതത്തിന്റെ കാതൽ; ഇഷ്ടമുള്ള തൊഴിലിൽ ഭാര്യയ്ക്കും ഭർത്താവിനും ഏർപ്പെടാം. കുട്ടികളുടെ സംരക്ഷണകാര്യത്തിൽ അച്ഛനും അമ്മയ്ക്കും യോജിച്ച ഒരു തീരുമാനത്തിലെത്താം. കുട്ടികൾക്കു്

അച്ഛനോടോ അമ്മയോടോ കുടുംബനാമധേയം സ്വീകരിക്കുവാനും കുട്ടികളുടെ മേൽസ്ഥിതിക്കും ഐശ്വര്യത്തിനും അനുസൃതമായിരിക്കുന്നതും അച്ഛനമ്മമാർ അവകാശപ്പെടുന്നതുമായ സംരക്ഷണനടപടികൾ. അവരുടെ കായികവും മാനസികവുമായ ആരോഗ്യത്തിനനുയോജ്യമായ ഒരേർപ്പാട് കണ്ടുപിടിക്കുവാൻ മാതാപിതാക്കന്മാർക്ക് സാദ്ധ്യമായില്ലെങ്കിൽ 'വാർഡ് ആൻഡ് ട്രസ്റ്റിഷിപ്പ് അഥോറിറ്റി' ഇടപെട്ട് ദമ്പതിമാരുടെ അഭിപ്രായവ്യത്യാസങ്ങളെ പറഞ്ഞൊതുക്കാൻ ശ്രമിക്കുന്നു.

സന്താനനിഷ്കർഷമായി പരിപാലിക്കപ്പെടണമെന്നാണ് റഷ്യയിലെനിബ്ബന്ധം. ദാമ്പത്യജീവിതത്തെ അതർഹിക്കുന്ന ഗൌരവത്തോടും ബഹുമാനത്തോടുംകൂടിയാണ് അവിടെ വീക്ഷിക്കുന്നതു്. അതുകൊണ്ടതന്നെ സ്ത്രീക്കു പുരുഷനോടും കുട്ടികളോടും, പുരുഷനു സ്ത്രീയോടും കുട്ടികളോടും ചുമതലബോധത്തോടെ പെരുമാറാൻ സാധിക്കുന്നു. കുടുംബത്തിന്റെ അന്തസ്സു വർദ്ധിപ്പിക്കുവാൻ ഇതുപകരിക്കുന്നു. ശരിയായ വിവാഹബന്ധത്തിലുണ്ടാവുന്ന കുട്ടികൾക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അവിവാഹിതയായ അമ്മയുടെ കുട്ടികൾക്കും കിട്ടുന്നു. വിവാഹമോചനവാസരത്തിൽ കുട്ടികളുടെ ഭാവിയെപ്പറ്റി കോടതി ശ്രദ്ധിക്കുന്നു. സാധാരണനിലയിൽ കുട്ടികളുടെ രക്ഷാഭാരം അമ്മയ്ക്കാണ് വിട്ടുകൊടുക്കുക. എന്നാൽ പിതാവിൽ സംരക്ഷണഭാരം നിക്ഷേപിക്കുന്നതിനും ഇല്ലായ്മയില്ല. കോടതിതന്നെയാണ് ചിലവിനുള്ള തുക നിശ്ചയിക്കുക. ഒരു കുട്ടിയേ ഉള്ളുവെങ്കിൽ പിതാവിന്റെ സമ്പാദ്യത്തിന്റെ കാൽഭാഗവും രണ്ടു കുട്ടികളുണ്ടെങ്കിൽ ഒന്നിൽ മൂന്നും അതിലധികം കുട്ടികളുണ്ടെങ്കിൽ അരയുമാണ് സാധാരണ നൽകുന്ന സംരക്ഷണത്തുക. വിവാഹജീവിതകാലത്തു് സമ്പാദിച്ച സ്വത്തിനു് ദമ്പതികൾക്കു് തുല്യാവകാശമാണു്. സ്വത്തു് സമ്പാദിക്കുന്ന വി

ഷയത്തിൽ സ്ത്രീ യാതൊരു ശ്രമവും ചെയ്തിട്ടില്ലെങ്കിൽക്കൂടി അവൾക്കു നേർപകുതി ലഭിക്കും. പിന്തുടച്ചക്കായ്ത്തിൽ ആൺകുട്ടിക്കും പെൺകുട്ടിക്കും സമതുല്യമാണുള്ളതു്. ദായക്രമം സുഗമമാക്കുവാൻ വേണ്ടിയാണു് സോവിയറ്റു യൂണിയനിൽ രജിസ്റ്റേഡ് വിവാഹം നിർബ്ബന്ധമാക്കിയിരിക്കുന്നതു്. ഈ നിയമത്തിനുമുമ്പു് വിവാഹിതരായിട്ടുള്ളവർക്കു പ്രത്യേകം അപേക്ഷകൾ കൊടുത്താൽ വിവാഹബന്ധം രജിസ്റ്റർ ചെയ്തുകിട്ടും.

സ്ത്രീ തൊഴിൽകേന്ദ്രങ്ങളിൽ

"വീട്ടിൽ ഇരുന്നു രോമം നുല്ലുന്ന" ആദർശവനിതയെപ്പറ്റിയാണു് റഷ്യയിലെ ആദ്യഗ്രന്ഥകാരന്മാർ വർണ്ണിച്ചിട്ടുള്ളതു്. കുട്ടികളും അടുക്കളയും അവളുടെ സമയത്തിന്റെ സിംഹഭാഗവും എടുത്തിരുന്നു. ഫ്യൂഡൽവ്യവസ്ഥിതി അവസാനിച്ചിട്ടും ഈ നിലയിൽ കാര്യമായ മാറ്റമൊന്നും കുറേക്കാലത്തേക്കുണ്ടായില്ല.

വ്യവസായനില സല്പമൊന്നഭിവൃദ്ധിപ്പെട്ടപ്പോൾ ദാരിദ്ര്യബാധിതയായ സ്ത്രീ ജോലിക്കു പുറത്തു പോയിത്തുടങ്ങി. പക്ഷേ ഏറ്റവും താഴ്ന്ന തൊഴിലുകളും നീചമായ പെരുമാറ്റവും ക്ലിഷ്ടമായ വേതനവും മാത്രമേ അവൾക്കു ലഭിച്ചുള്ളു. രണ്ടിൽ മൂന്നുഭാഗം സ്ത്രീതൊഴിലാളികളും നെയ്ത്തുശാലകളിലാണു് പ്രവൃത്തിയെടുത്തിരുന്നതു്. കൂടെപ്പേർ വീട്ടുവേലകളിലും വ്യാപൃതരായിരുന്നു. പക്ഷേ എല്ലായിടത്തും കിട്ടിയിരുന്ന വേതനം പുരുഷന്മാരുടേതിന്റെ നേർപകുതിയായിരുന്നു. ഒക്ടോബർ വിപ്ലവത്തിനുശേഷം ഈ നിലതീരെ മാറി. സ്ത്രീയ്ക്കു ജോലി ചെയ്യുവാൻ അനുകൂലമായ പരിതഃസ്ഥിതിയുളവായി. തുല്യജോലിയ്ക്കു തുല്യവേതനം നടപ്പിലായി. വ്യവസായസംബന്ധമായ സാങ്കേതികവിജ്ഞാനം ലഭിയ്ക്കാറായതോടെ സ്ത്രീകൾക്കു് ഏതു തുറകളിലും പ്രശോഭിയ്ക്കുവാൻ കഴിഞ്ഞു. വ്യവസായമണ്ഡലങ്ങളിൽ

പ്രവർത്തിക്കുന്ന സ്ത്രീകളുടെ ശതമാനം 1939-ൽ 41.6 ആയിരുന്നു. വിദഗ്ധ പരിശീലനം ലഭിച്ചിട്ടുള്ള സ്ത്രീകളുടെ തോതു് 53 ശതമാനമാണു്. ഡോക്ടർമാരുടെയിടയിൽ 76 ശതമാനവും വിദ്യാഭ്യാസപ്രവർത്തകരിൽ 66 ശതമാനവും അഭിഭാഷകരിൽ 31 ശതമാനവും സാംസ്കാരികപ്രവർത്തകരിൽ 72 ശതമാനവും ധനശാസ്ത്രം, സ്ഥിതിവിവരക്കണക്കുശാസ്ത്രം, ആസൂത്രണം മുതലായ വകുപ്പുകളിൽ 69 ശതമാനവും സ്ത്രീകളാണു്. കാർഷികരംഗത്തിൽ കൂട്ടുകൃഷിസമ്പ്രദായം സാർവ്വത്രികമായി നടപ്പിലാക്കിയിട്ടുണ്ടു്. അവിടെയും അനവധി സ്ത്രീകൾ പണിയെടുക്കുന്നു. പ്രധാനപ്രവർത്തനോപകരണങ്ങൾ മെഷീനുകളായതുകൊണ്ടു് തികഞ്ഞ സാങ്കേതികവിജ്ഞാനം സ്ത്രീകൾ നേടിയിട്ടുണ്ടു്.

തൊഴിലില്ലായ്മ റഷ്യൻ സ്ത്രീയെ അലട്ടുന്നില്ല. ഉയർന്നുവരുന്ന ആ രാജ്യത്തു് നവംനവങ്ങളായ തൊഴിൽരംഗങ്ങൾ അനുദിനം ഉണ്ടായിക്കൊണ്ടിരിയ്ക്കുകയാണു്. വാർദ്ധക്യത്തിന്റെ പ്രശ്നവും അവരെ ക്ലേശിപ്പിക്കുന്നില്ല. വയസ്സായി പെൻഷൻ വാങ്ങുമ്പോഴും അവർക്കാവശ്യമുണ്ടെങ്കിൽ പണിയെടുക്കാം. അവർക്കു ലഭിക്കുന്ന ഒരു പ്രത്യേകാനുകൂല്യം അവരെ പ്രവൃത്തിയുടെ ഉന്നതശൃംഗങ്ങളിലേക്കെത്തിയ്ക്കാനായി ഗവർമ്മേണ്ടു് കാണിക്കുന്ന ശ്രദ്ധയാണു്.

ആരോഗ്യപരിരക്ഷ

ഭാവിയിലെ പൌരന്മാർക്കു ജന്മം കൊടുത്തു വളർത്തിക്കൊണ്ടുവരുന്നതിൽ വളരെയേറെ ശ്രദ്ധ പതിപ്പിക്കേണ്ടവരാണല്ലോ സ്ത്രീകൾ. അതുകൊണ്ടുതന്നെ അവരുടെ ആരോഗ്യസംരക്ഷണത്തിൽ സ്റ്റേറ്റു് സനിഷ്കർഷമായ താല്പര്യം പ്രദർശിപ്പിക്കുന്നു. അതിനുപയുക്തങ്ങളായ നിരവധി നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു്. അവയെ അവഗണിക്കുന്നവർക്കു കഠിനശിക്ഷ നൽകപ്പെടുന്നു. കനപ്പെട്ടതും അധികടം സംഭ

വിശ്രമമില്ലാതുമായ ജോലികൾ ചെയ്യാൻ സ്ത്രീയെ അനുവദിക്കുകയില്ല. ലോഹം ഉരുക്കുക, ലോഹത്തകിടുകളുണ്ടാക്കുക, ഗ്യാസ്മെയിനുകൾ വൃത്തിയാക്കുക മുതലായവയിൽ സ്ത്രീകളെ നിയമിക്കുന്നതിനെ നിയമംമൂലം തടഞ്ഞിട്ടുണ്ട്. കെമിക്കൽ പ്രിന്റിങ്ങ്, മാംസവ്യവസായം, റെയിൽവേയിലെ ചില ജോലികൾ, ഖനിത്തൊഴിലുകൾ മുതലായവയിൽ സ്ത്രീകളെ പ്രവേശിപ്പിക്കുന്നതു് നിരുത്സാഹപ്പെടുത്തിയിരിക്കുന്നു. ഗർഭിണികൾക്കും മുല കൊടുക്കുന്ന കുട്ടികളുടെ അമ്മമാക്കും രാത്രി ജോലിയോ, ധാരാളം സഞ്ചരിക്കേണ്ട ജോലികളോ, അധികസമയം വേലയോ നൽകുവാൻ പാടില്ല. ട്രാക്ടർ, ഗ്രൂയന്ത്രങ്ങൾ എന്നിവയിൽ ജോലി ചെയ്യുന്ന വനിതകൾക്കു്, ദേഹസ്ഥിതി അനുവദിക്കാത്തപക്ഷം, മറ്റു ഡിപ്പാർട്ടുമെന്റുകളിലേക്കു മാറ്റം കൊടുക്കപ്പെടും. അവയിൽ പണിയെടുക്കുന്നവർക്കു രജസ്വലയാകുമ്പോൾ ശമ്പളത്തോടുകൂടി അവധി നൽകുന്നു. സ്ത്രീകൾ ധാരാളമായി ജോലി ചെയ്യുന്ന വ്യവസായശാലകളോടനുബന്ധിച്ചു് അവരുടെ ശുശ്രൂഷക്കു പറ്റിയ ടെയ്നിങ്ങ് കഴിച്ച നഴ്സുമാരുണ്ടാകും. പ്രസവം അടുത്ത സ്ത്രീയെ ലഘുജോലികളിലേക്കു മാറ്റുന്നു. പ്രസവത്തിനു മുമ്പു 56 ദിവസവും പ്രസവം കഴിഞ്ഞ ശേഷം 56 ദിവസവും അവർക്കു ശമ്പളത്തോടുകൂടിയ അവധി അനുവദിക്കുന്നു. പ്രസവം അപകടമാണെങ്കിലോ ഒന്നിലധികം കുട്ടികളുണ്ടെങ്കിലോ ആ അവധി ദീർഘിക്കും. ഗർഭിണിയാണെന്നോ ചെറിയ കുട്ടികൾ ഉണ്ടു് എന്നോ ഉള്ള കാരണങ്ങളാൽ ഒരുവളെ ജോലിക്കു നിയമിക്കാതിരിക്കുവാനോ ജോലിയിൽനിന്നു പിരിച്ചയയ്ക്കുവാനോ അധികാരികൾക്കു സാദ്ധ്യമല്ല. സാധാരണ കിട്ടുന്ന വിശ്രമവേളകൾക്കു പുറമെ മുലകൊടുക്കുന്ന കുട്ടിയുള്ള അമ്മമാക്കു് മൂന്നര മണിക്കൂർ ജോലി കഴിഞ്ഞാൽ അരമണിക്കൂർ കൂടുതൽ ഇളവു് കിട്ടുന്നു. ജോലിയെടുക്കുവാൻ നിവൃത്തിയില്ലാത്ത അവസരങ്ങ

ളിൽ സോഷ്യൽ ഇൻഷുറൻസ് ഫണ്ടിന്റെ ആനുകൂല്യം ലഭിക്കുന്നു. വയസ്സായാൽ പെൻഷനും കിട്ടും. പ്രശാന്തരമണീയമായ ആരോഗ്യകേന്ദ്രങ്ങളിൽ സുഖമായി വിശ്രമിക്കുന്നായി ഓരോ തൊഴിലാളിക്കും പന്ത്രണ്ടു മാസത്തെ ജോലിക്ക് രണ്ടാഴ്ച എന്ന തോതിൽ മുഴുവൻ ശമ്പളത്തോടുകൂടിയ വിശ്രമാവധി ലഭിക്കുന്നു. 6 മാസത്തിലൊരിക്കൽ ആരോഗ്യപരമായ ഒരു "ചെക്ക് അപ്പ്" ഏവർക്കും സൗജന്യമായി അനുവദിച്ചിട്ടുണ്ട്.

വിവാഹമോ മാതൃത്വമോ റഷ്യൻസ്ത്രീയുടെ തൊഴിലിനെ ബാധിക്കുന്നില്ല. കുട്ടികളെ നോക്കി സംരക്ഷിക്കുവാൻ ധാരാളം നഴ്സറികളും കിൻഡർഗാർട്ടൻ സ്കൂളുകളും ഉണ്ട്. അവിടെ അദ്ധ്യയനവും വിനോദവും അവർക്കും ലഭിക്കുന്നു. അടുക്കളയുടെ അന്തരീക്ഷത്തിൽ നിന്നു് സ്ത്രീയെ രക്ഷിക്കുവാൻ പബ്ലിക്ക് കാൻടീനുകളും ഭക്ഷണം വീട്ടുപടിക്കൽ എത്തിച്ചുകൊടുക്കുന്ന സ്ഥാപനങ്ങളും നിലവിലുണ്ട്. അലക്കുയന്ത്രങ്ങൾ, നിലംതുടയ്ക്കുന്ന യന്ത്രങ്ങൾ, യന്ത്രച്ചൂല്യകൾ മുതലായവ ഗാർഹികവേലകളെ വളരെ അധികം ലഘൂകരിക്കുന്നു.

നൂറാണ്ടുകളായി ജനങ്ങളെ ആഹ്ലാദിപ്പിച്ചുവരുന്ന കലകളെ പരിരക്ഷിക്കുവാൻ റഷ്യക്കാർ വളരെ ശ്രദ്ധിക്കുന്നു. സാഹിത്യം, ചരിത്രരചന, തീയേറ്റർ, റേഡിയോ, സംഗീതം ഇവയുടെ എല്ലാം പരമലക്ഷ്യമായി അവർ ഉദ്ദേശിക്കുന്നതു് മനുഷ്യനിൽ മഹനീയചിന്തകൾ ഉണർത്തുകയെന്നതാണു്. 120 സംഘടനകൾ അഭിനയത്തിൽ പങ്കെടുക്കുന്ന 500-ൽ പരം തിയേറ്ററുകൾ അവിടെയുണ്ട്. ഇവയിലെല്ലാം പ്രധാന പങ്കു വഹിക്കുന്നതു് സ്ത്രീകളാണു്. റഷ്യൻ ബാലേയിലെ പ്രധാന നടികളായ വിക്ടോറിന ക്രീഗർ, ഗലിന ഉലനോവ്, മദിന സൈമിനോവ്, മായ പ്ലിറ്റ്സ്കായ, വയലറ്റ് ബോവാറ് എന്നിവരുടെ നാമധേയങ്ങൾ

ലോകവിശ്രുതിയാർജ്ജിച്ചവയാണ്. 'റഷ്യൻ ഓപ്പറ'യുടെ ജീവനാഡികളാണ് 'എൻ. സിൻവസ്റ്റ്റോവ്', എൻ. ഓബുക്കോവ്', 'വി. ബർഡോവ്,' 'എൻ. സമാസിൻ', 'ജി. സ്റ്റാനിസ്ലോവ' മുതലായവർ. നടനവേദിയിലും പ്രഗ ല്ഭരായ സ്ത്രീകളുണ്ട്. സുപ്രസിദ്ധസംഗീതലേഖികയാണ് ''എൻ. മാക്കരോവ്''. നാടകങ്ങളും സംഗീതമേളകളും സം വിധാനം ചെയ്യുന്നതും മിക്ക അവസരങ്ങളിലും സ്ത്രീകളാ ണ്. ''എക്സ് ഒലവീന'' ബാലസംഗീതശാഖയിൽ പേരെ ടുത്തുകഴിഞ്ഞിട്ടുണ്ട്.

ചിത്രകാരികളും കൊത്തുപണിക്കാരും സ്ത്രീകളുടെ ഇട യിൽ ധാരാളമുണ്ട്. കംബളനിർമ്മാണം, ലേസ്നിർമ്മാണം മുതലായവ കലാവൈദഗ്ധ്യത്തോടെ ചെയ്യുന്നതിൽ റഷ്യൻ സ്ത്രീകൾ അനിതരസാധാരണമായ പ്രശസ്തിയാർജ്ജിച്ചിട്ടുണ്ട്. 4000 അംഗങ്ങളുള്ള സോവിയറ്റ് എഴുത്തുകാരുടെ സംഘ ടനയിൽ 500 പേർ സ്ത്രീകളാണ്.

സാംസ്കാരികനിലവാരം വിപ്ലവാനന്തരറഷ്യയിൽ വ ളരെ അധികം ഉയർന്നിട്ടുണ്ട്. 1913-ലെ റഷ്യയിൽ 27,00,000 പ്രതികൾ വിറ്റഴിച്ചിരുന്ന 859 വർത്തമാനപത്ര ങ്ങളുണ്ടായിരുന്നു. 1955 ആയപ്പോഴേക്കും 49,000,000 പ്ര തികൾ പ്രചാരത്തിലുള്ള 7,246 പത്രങ്ങൾ ഉണ്ടായി. 52 ഭാഷകളിൽ ചില പത്രങ്ങൾ അടിക്കുന്നുണ്ട്. ''സോവിയ റ്റുവുമൻ'' ''പെൻസൻറ്വുമൻ'',''വർക്കിങ്വുമൻ'' എന്നി ങ്ങനെയുള്ള സ്ത്രീകൾക്കായുള്ള സചിത്രമാസികകൾ വളരെയ ധികമാണ്. 1918-നും 55-നുമിടയ്ക്ക് 122 ഭാഷകളിൽ 18,191 ലക്ഷം പുസ്തകങ്ങൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. വി ദ്യാഭ്യാസപരവും സാംസ്കാരികവുമായ രംഗങ്ങളിൽ ഏറ റവും അധികം ധിഷണാവൈഭവത്തോടെ പെരുമാറുന്നത് സ്ത്രീകളാണ്. കൾച്ചറൽ ഡിപ്പാർട്ടുമെൻറിൽ ജോലിയെട ുക്കുന്നതിൻെറ 47.6 ശതമാനം സ്ത്രീകളാണ്. ''സ്റ്റേറ്റ്ഹി

സ്റ്റോറികൾ മ്യൂസിയത്തിന്റെ ചാർജ്ജ് വഹിക്കുന്നതു് ഒരു വനിതയാണു്. ''ലെനിൻ സ്റ്റോറു് ലൈബ്രറി''യുടെ ഡെപ്യൂട്ടി ഡയറക്ടർമാർ സോയകോൾച്ചീന, ഫിയോടിസ്റ്റ അണ്ടറികോസോവ എന്നിവരാണു്. സിനിമ ഓപ്പറേറർമാരായി ആയിരത്തിലധികം യുവതികൾ ജോലി ചെയ്യുന്നുണ്ടു്.

ശാസ്ത്രീയപുരോഗതി സോവിയറുഗവമ്മേണ്ടിന്റെ സമുജ്ജ്വലശ്രദ്ധയെആകർഷിക്കുന്ന ഒരു വിഷയമാണു്.2797 ശാസ്ത്രീയസ്ഥാപനങ്ങളും 1210 ഗവേഷണശാലകളും അവയ്ക്കു നിരവധി ശാഖകളും ഇന്നു സോവിയറുയൂണിയനിൽ ഉണ്ടു്. ഇതിൽ വിവിധജോലികളിൽ വ്യാപൃതരായിട്ടുള്ള സ്ത്രീകളുടെ തോതു് 36 ശതമാനമാണു്. 5795 സ്ത്രീകൾ ശാസ്ത്രത്തിന്റെ വിവിധവശങ്ങളിൽ വേലയെടുക്കുന്നു. അവർക്കു ചെയ്യാൻ സാധിയ്ക്കാത്ത യാതൊരു ജോലിയും ഇന്നു ശാസ്ത്രീയലോകത്തിലില്ല. യു. എസ്സു്. എസ്സു്. ആറിലെ അസ്സറ്റണോമിക്കൽ കൌൺസിലിന്റെ ഡെപ്യൂട്ടിചെയർമാനായ അല്മാസീവിച്ചു്, 20-ൽ പരം ഗണിതശാസ്ത്രഗ്രന്ഥങ്ങളുടെ കർത്തറിയായ ലൂഡിമില കെൽഡിഷു്, മോട്ടോർകാർ ഡ്രൈവറായി ജീവിതമാരംഭിച്ചു് പൈലറായി ഉയർന്നു് അവസാനം ഗണിതശാസ്ത്രമാണു് തനിക്കു് ഏറ്റവും അനുയോജ്യമായ ശാസ്ത്രം എന്നു കണ്ടുപിടിച്ചു് അതിൽ പ്രവർത്തനം തുടരുന്ന യെലിന ക്രാൽലിസ്റ്റ്കോവ മുതലായവരുടെ പേരുകൾ പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. സമാധാനപരമായ കാര്യങ്ങൾക്കുവേണ്ടി അറേറാമിക് എനർജി വിനിയോഗിക്കുന്നതിനെപ്പററി ജനീവ കോൺഫ്രൻസിൽ ഒരു തീസിസ് എഴുതി സമർപ്പിച്ച ഡോക്ടർ നാടാലിയ ബാക്കു്, റേഡിയേഷൻ ലാബറട്ടറിയിലെ ചീഫായ വാലൻറീന കോറടകോവ, നൂറിലധികം ശാസ്ത്രീയഗ്രന്ഥങ്ങൾ എഴുതിയിട്ടുള്ള നാടാലിയ ഡ്മിട്രോഷ്കോ മു

തലായവർ ഉയരുന്ന തലമുറയ്ക്ക് പ്രചോദനം നൽകുന്നു. വൈദ്യശാസ്ത്രസംബന്ധമായി ഗവേഷണങ്ങൾ നടത്തി ജനതയുടെ ദുരിതത്തിനു് ആശ്വാസം വരുത്താനാവശ്യമായ കണ്ടുപിടുത്തങ്ങൾ നടത്തിയിട്ടുള്ള സ്ത്രീകളുടെ എണ്ണവും വിരളമല്ല.

അടുക്കളക്കെട്ടിൽ അമർന്നുകിടന്നിരുന്ന റഷ്യക്കാരി പ്രോഗതിയുടെ വഴിത്താരയിലൂടെ പ്രയാണം ചെയ്യുകയാണു്. അവൾക്കു കിട്ടുന്ന ആനുകൂല്യങ്ങളും അവസരങ്ങളും അതിരറവയത്രേ. ''സ്ത്രീകളുടെ വകുപ്പല്ല'' എന്നു ബോർഡെഴുതിവെയ്ക്കേണ്ട യാതൊരു പ്രവർത്തനമണ്ഡലങ്ങളും സോവിയറുണിയനിലില്ല. പ്രതിഭയും പ്രഗല്ഭതയും ഒത്തിണങ്ങിയ സോവിയറുനാരിയുടെ കർമ്മക്ഷേത്രം അനുദിനം വിപുലമാകുകയാണു്. ഉദ്ദേശിച്ച രീതിയിൽ ജോലി മുഴുവൻ ചെയ്യുതീർത്തിട്ടില്ല എന്ന ഭാവമാണു് അവൾക്കു്. ആശയും ആവേശവും അവളുടെ കൈകൾക്കു കരുത്തു കൊടുക്കുന്നു.

ബർഗേറിയ

'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന തത്വം അക്ഷരംപ്രതി അനുഷ്ഠിച്ചിരുന്നവരായിരുന്നു ബൾഗേറിയക്കാർ. പരിഷ്കൃതരും ഒട്ടൊക്കെ സംസ്കാരസമ്പന്നരും ആയിരുന്നുവെങ്കിലും, സ്ത്രീക്ക് അധികാരാവകാശങ്ങൾ നൽകുന്നതിൽ അവർ അത്യധികം വിമുഖരായിരുന്നു. നിയമത്തിന്റെ ദൃഷ്ടിയിൽ സ്ത്രീക്കും പുരുഷനും സ്ഥാനം തുല്യമായിരുന്നു; സ്ത്രീയായതുകൊണ്ട് നികുതിക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയുമുണ്ടായിരുന്നില്ല. പുരുഷൻ കൊടുക്കുന്ന തുകതന്നെ സ്ത്രീയും കൊടുത്തേ തീരൂ. പക്ഷേ, അവൾക്ക് രാഷ്ട്രീയമായി യാതൊരു അവകാശവുമില്ലായിരുന്നു. രാഷ്ട്രീയജീവിതത്തിൽ പ്രവേശനംതന്നെ സ്ത്രീക്ക് നിഷേധിക്കപ്പെട്ടിരുന്നു. വോട്ടവകാശം കിട്ടണമെങ്കിൽ അവൾ വിവാഹിതയും മാതാവുമാകണമായിരുന്നു. എന്നാലും തിരഞ്ഞെടുപ്പിനു നില്ക്കുവാൻ അവൾ യോഗ്യയായിരുന്നില്ല. പുരുഷനോടൊപ്പം ജോലി ചെയ്താലും അവൾക്കു കിട്ടുന്ന വേതനം പുരുഷന്റേതിനേക്കാൾ മുപ്പതുശതമാനം കുറവായിരുന്നു.

സ്ത്രീക്ക് സൌജന്യചികിത്സയോ ശമ്പളത്തോടുകൂടിയ അവധിയോ അവിടെ അപരിചിതമായിരുന്നു. കർഷകസ്ത്രീകൾ പ്രഭാതംതൊട്ട് പ്രദോഷംവരെ വയലിൽ വേല ചെ

യുവന്നു. പക്ഷേ, ആ അദ്ധ്വാനത്തെ മാനിക്കത്തക്ക മനഃസ്ഥിതിയോ, തക്ക കൂലി കൊടുക്കുവാനുള്ള വ്യവസ്ഥിതിയോ ഉണ്ടായിരുന്നില്ല. ഗർഭിണികളുടെ കായ്ത്തിൽ ഒരു സവിശേഷശ്രദ്ധയും ഇല്ലായിരുന്നു. പൂർണ്ണഗർഭിണിയായ സ്ത്രീയും മറ്റുള്ളവരെപ്പോലെതന്നെ പണിയെടുക്കണം. ചില സന്ദർഭങ്ങളിൽ വേലസ്ഥലം ഈറ്റില്ലമായി മാറാറുമുണ്ടായിരുന്നു. കുട്ടികളെ സംരക്ഷിക്കാൻ പ്രത്യേകസ്ഥലങ്ങൾ അജ്ഞാതമായിരുന്നു. സാമ്പത്തികക്ലേശം അനുഭവിക്കുന്ന കുടുംബത്തിലെ കുട്ടികൾക്കു്, മാതാപിതാക്കന്മാർ ജോലിക്കുപോയാൽ, തെരുവുതന്നെയായിരുന്നു ആധാരം.

ഉത്തരവാദിത്വമുള്ള വേലകളിൽ ഒരൊറ്റ വനിതയേയും കാണുവാൻ സാധിച്ചിരുന്നില്ല. ഡോക്ടറായോ വക്കീലായോ വ്യവസായശാലാമാനേജരായോ ഉടമസ്ഥയായോ ഒരു സ്ത്രീ ഉണ്ടാവുക എന്നതു് അസംഭാവ്യമായിരുന്നു. വിദ്യാഭ്യാസരംഗത്തും ഈ അസമത്വം പ്രബലമായി കാണപ്പെട്ടിരുന്നു. സാങ്കേതികശിക്ഷണം നൽകുന്ന വിദ്യാലയങ്ങളിൽ പെൺകുട്ടികൾക്കു പ്രവേശനം അനുവദിച്ചിരുന്നില്ല. ചില ബാലികാവിദ്യാലയങ്ങളിൽ സ്ത്രീകൾ അദ്ധ്യാപികമാരായി പ്രവർത്തിച്ചിരുന്നു. എങ്കിലും അതു് പുരുഷന്റെ നിഷ്കൃഷ്ടമായ നിയന്ത്രണത്തിൻകീഴിൽ മാത്രമായിരുന്നു.

ഗാർഹികജീവിതത്തിലും ഈ അസമത്വത്തിന്റെ അടയാളങ്ങൾ ഉടനീളം കണ്ടിരുന്നു. ഗൃഹനായകൻ പുരുഷനാണു്. അയാൾക്കാണു് പ്രായപൂർത്തി വരാത്ത കുട്ടികളുടെ രക്ഷാകർത്തൃത്വം. തെളിഞ്ഞു നിന്നിരുന്ന ഈ അപകൃഷ്ടത്തിനു സഹായകമായിരുന്ന നിയമാവലിയും. പുരുഷന്റേയും സ്ത്രീയുടേയും കൂട്ടായ അദ്ധ്വാനംകൊണ്ടു് സമ്പാദിച്ച സ്വത്തിൽ, വിവാഹമുക്തയായാൽപ്പിന്നെ സ്ത്രീക്കു് യാതൊരവകാശവും ഇല്ലായിരുന്നു. ഭർത്തൃമതിയായ ഒരു സ്ത്രീ ഭർത്താവിന്റെ അനുവാദം മുൻകൂട്ടി വാങ്ങാതെ യാതൊരു തൊഴി

ലിനും പോകാൻ പാടില്ല. മാതൃത്വത്തേയും സ്ത്രീത്വത്തേയും പരിരക്ഷിക്കാൻ യാതൊരു നിയമവും നിലവിലുണ്ടായിരുന്നില്ല. അവിവാഹിതയായ ഒരു സ്ത്രീയ്ക്ക് ജനിക്കുന്ന കുട്ടിയെ സംരക്ഷിക്കേണ്ട എല്ലാ ചുമതലയും മാതാവിനാണ്. അത്തരം ശിശുവിന്റെ യായൊരു ഉത്തരവാദിത്വവും അതിന്റെ പിതാവിനില്ലായിരുന്നു.

സ്വാതന്ത്ര്യപ്പുലരി

1944 സെപ്തംബർ 9-ാംനു- സോവിയറുസഹായത്തോടു കൂടി ഫാഷിസത്തിന്റെ പിടിയിൽനിന്നു ബൾഗേറിയ വിമോചനം നേടി. അതോടുകൂടി അവിടെ പ്രജ്ഞാധിപത്യത്തിനുണ്ടായ പുരോഗതി അത്ഭുതാവഹമായിരുന്നു. രാഷ്ട്രീയമായും സാമുദായികമായും നിരവധി മാറ്റങ്ങൾ ഉണ്ടായി. 1944 ഒക്ടോബറിൽ പുതിയ നിയമസംഹിത പുറത്തുവന്നു. സ്ത്രീയ്ക്കും പുരുഷനും തുല്യാവകാശം വൽകുകയായിരുന്നു അതിന്റെ പ്രധാനലക്ഷ്യം. അതോടുകൂടി സാമുദായികം, സാമ്പത്തികം, രാഷ്ട്രീയം എന്നീ മണ്ഡലങ്ങളിൽ സ്ത്രീയ്ക്ക് അവൾ അർഹിക്കുന്ന സ്ഥാനം കൈവന്നു.

അടിമത്തത്തിന്റെ കനത്ത ഇരുമ്പുചങ്ങല വലിച്ചു പൊട്ടിച്ച് സ്ത്രീ രംഗത്തിറങ്ങിയതു് പുതിയ ഒരു ആവേശത്തള്ളലോടെയാണ്. ഇന്ന് ഉന്നതങ്ങളായ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ, രാഷ്ട്രീയമാകട്ടെ സാമ്പത്തികമാകട്ടെ സാമുദായികമാകട്ടെ, അവളുടെ പിടിയിൽ നിന്നു വിദൂരമല്ല. പോസ്റ്റ്-ടെലിഗ്രാഫ്-ടെലിഫോൺ ഡിപ്പാർട്ടുമെന്റിന്റെ പരമാധികാരിയായി പണി ചെയ്തിരുന്നതു് പ്രഗല്ഭയായ ഒരു ബൾഗേറിയൻവനിതയായിരുന്നു. ബൾഗേറിയൻ നാഷണൽ ബാങ്കിന്റെ പ്രസിഡണ്ടു് സാമ്പത്തികശാസ്ത്രവിശാരദയായ വേല ല്യക്നോവയാണ്. ഏതു പൊതുസഭയിലേയ്ക്കും തിരഞ്ഞെടുക്കപ്പെട്ടവാൻ സ്ത്രീയ്ക്ക് നിഷ്പ്രയാ

സം സാധിക്കുന്നു. തുല്യജോലിക്കു തുല്യവേതനമെന്ന തത്വം നടപ്പിൽ വന്നപ്പോൾ വനിതകൾ പുതിയ ഉണർവ്വോടെ പൊതുപ്രവർത്തനങ്ങളിൽ വ്യാപൃതരായി. ഇന്നു് അവരുടെ സേവനം ലഭിക്കാത്ത തുറകൾ ഒന്നും അവശേഷിച്ചിട്ടില്ല. വാസനയ്ക്കനുസരിച്ച പ്രവർത്തനരംഗങ്ങൾ തിരഞ്ഞെടുക്കുവാൻ സ്ത്രീകൾക്കു സ്വാതന്ത്ര്യമുണ്ടു്. ജഡ്ജിമാർ, വക്കീൽമാർ, സാങ്കേതികവിദഗ്ധകൾ, പൈലറ്റുമാർ, ഭൂഗർഭശാസ്ത്രജ്ഞകൾ, എഞ്ചിനീയർമാർ എന്നിങ്ങനെ വിവിധ തുറകളിൽ അസാമാന്യനിപുണതയോടെ അവർ പണിയെടുക്കുന്നു. ആകെയുള്ള വക്കീൽമാരിൽ പത്തു ശതമാനം സ്ത്രീകളാണു്. വിദ്യാഭ്യാസമണ്ഡലങ്ങൾ മിക്കവാറും അവർ കയ്യടക്കി കഴിഞ്ഞിട്ടുണ്ടു്. മിക്ക വിദ്യാലയങ്ങളിലേയും പ്രിൻസിപ്പാൾമാർ വനിതകളാണു്. വ്യവസായശാലകളിൽ തൊഴിലാളികളായി പ്രവേശിച്ച സ്ത്രീകളിൽ ചിലർ വിശ്രമാവസരം ശ്രദ്ധാപൂർവ്വം വിനിയോഗിച്ചു് ഉന്നതമായ സാങ്കേതികശിക്ഷണം നേടി അതേ പ്രവർത്തനരംഗങ്ങളിലെ താക്കോൽ സ്ഥാനങ്ങൾ ഏറെറടുത്തിട്ടുണ്ടു്.

സ്ത്രീ നേതൃത്വം

ഏതു തിരഞ്ഞെടുപ്പിലും പുരുഷന്മാരോടൊപ്പം സ്ത്രീകളും മത്സരിക്കുന്നു. ആയിരമായിരം മുനിസിപ്പാൽ കൌൺസിലർമാരുടെ പുറമേ, ഏഴരലക്ഷം മാത്രം ജനസംഖ്യയുള്ള ബൾഗേറിയയിലെ നാഷണൽ അസംബ്ലിയിൽ മുപ്പത്തേഴു സ്ത്രീകൾ ഉണ്ടു്. ഡെപ്യൂട്ടിമിനിസ്റ്റർമാരായും വനിതകൾ സേവനമനുഷ്ഠിക്കുന്നുണ്ടു്. രാഷ്ട്രീയസംഘടനകളിൽ അഞ്ചിലൊരു ശതമാനം അംഗങ്ങൾ സ്ത്രീകളാണു്. കലാരംഗത്തിലും ശാസ്ത്രരംഗത്തിലും സ്ത്രീ തന്റെ വ്യക്തിമുദ്ര ചാർത്തിയിട്ടുണ്ടു്. ബൾഗേറിയൻ അക്കാഡമി ഓഫ് സയൻസിന്റെ വിവിധ വകുപ്പുകളിൽ അനവധി സ്ത്രീകൾ ജോലി നോക്കുന്നു. ആരോഗ്യവകുപ്പിൽ ഒമ്പതിനായിരം സ്ത്രീകൾ പണിയെടുക്കുന്നു.

ഇതിനുപുറമേ കലാകാരികളും നർത്തകികളും നടികളും സാഹിത്യകാരികളും കുറവല്ല. വിദഗ്ധപരിശീലനം കഴിച്ചു പുറത്തുവരുന്നവരിൽ ഇരുപത്തിരണ്ടുശതമാനം സ്ത്രീകളാണ്. കലാരംഗത്തിൽ പ്രവർത്തിക്കുന്നവരിൽ മുപ്പത്തെട്ടുശതമാനം വനിതകളാകുന്നു. ബൽഗേറിയയുടെ അകത്തും പുറത്തും പേരെടുത്തിട്ടുള്ളവരാണ് മാർത്ത പാപ്പോവ, റെയന നിവിലോവ, സോക്ക് യോർഡനോവ, മാർഗരിത്ത സൂപ്രനോവ മുതലായ നടികൾ. സാഹിത്യവേദിയിൽ പ്രശസ്തരായ മഹിളകളും കുറവല്ല. വിദഗ്ധകളായ പിയാനോ വായനക്കാരും വയലിൻവായനക്കാരും ബൽഗേറിയൻമഹിളകളുടെ ഇടയിൽ ഉണ്ട്. കൃഷകവനിതകളും പുരോഗതിയിൽ തങ്ങളുടെ പങ്കു വഹിക്കുവാൻ സന്നദ്ധരായിട്ടുണ്ട്. സഹകരണാടിസ്ഥാനത്തിലുള്ള പല കൂട്ടകൃഷിയിടങ്ങളും അവർ നിയന്ത്രിക്കുന്നു. ഇരുപത്തയ്യായിരം ഗ്രൂപ്പുനേതാക്കന്മാർ അവരുടെ ഇടയിലുണ്ട്. പുരുഷനോടൊപ്പം കൂലി സ്ത്രീക്ക് ഇവിടെയും ലഭിക്കുന്നു.

കുടുംബാന്തരീക്ഷത്തിൽ സ്ത്രീക്ക് അവൾ അർഹിക്കുന്ന സ്ഥാനവും പദവിയും ലഭിച്ചിരിക്കുന്നു. സ്ത്രീ അടുക്കളജീവിയായി പൊതുരംഗത്തിൽനിന്നകന്നു കഴിച്ചുകൂട്ടിയ നാളുകൾ ഇംഗ്ലിനിവരാതവണ്ണം മറഞ്ഞുപോയി. ഇന്നു തന്റെ കഴിവു പ്രദർശിപ്പിക്കുവാൻ വിപുലമായ ഒരു കർമ്മക്ഷേത്രം അവൾക്കുണ്ട്. മുഴുവൻ സമയവും അതിനു വിനിയോഗിക്കുവാൻ പറ്റിയ സാഹചര്യങ്ങൾ സുലഭമാണ്. സഹകരണാടിസ്ഥാനത്തിൽ രാജ്യവ്യാപകമായ തോതിൽ സ്ഥാപിച്ചിട്ടുള്ള കാൻടീനുകൾ, ബേക്കറികൾ, അലക്കുശാലകൾ മുതലായവ സ്ത്രീയുടെ ഗൃഹജോലികൾക്കു കുറവും വരുത്തിയിട്ടുണ്ട്. അതുകൊണ്ട് സ്വന്തം സമയം രാജ്യക്ഷേമത്തിനുവേണ്ടി ഉപയോഗിക്കാൻ സ്ത്രീക്കു കഴിയുന്നു. നിർബ്ബന്ധവിവാഹം നിലവിലില്ല. തനിക്കിഷ്ടമുള്ള സ്ത്രീയെയോ പുരു

ഷനേയോ തിരഞ്ഞെടുക്കുവാൻ അവിടെ പൂർണ്ണസ്വാതന്ത്ര്യ മുണ്ട്. വിവാഹശേഷം സ്വന്തം സ്വത്തുക്കൾ സ്ത്രീ തനതായി സൂക്ഷിക്കുന്നു. വിവാഹിതയായാലും, പിതാവിന്റേയോ പിതൃകുടുംബത്തിന്റേയോ പേരു് അവൾക്കു് ഉപയോഗിക്കാം. പിഞ്ചുകുട്ടികളുടെ രക്ഷാകർത്തൃത്വം മാതാവിലാണു് സ്ഥിതി ചെയ്യുന്നതു്. ഓരോ കുട്ടിയ്ക്കും നിശ്ചിതമായ ഒരു അലവൻസ് സ്റ്റേറ്റു് നൽകുന്നു. കുടുംബസംരക്ഷണം സ്വന്തം കടമയായിട്ടാണു് സ്റ്റേറ്റു് കരുതുന്നതു്.

മാതൃശിശുപരിചരണം

രാഷ്ട്രത്തിന്റെ പുരോഗതിയിൽ സ്ത്രീ വഹിക്കുന്ന പങ്കു മനസ്സിലാക്കുന്നതുകൊണ്ടു്, സ്ത്രീയുടെ ആരോഗ്യപരമായ കാര്യങ്ങളിൽ സ്റ്റേറ്റു് സവിശേഷമായ ശ്രദ്ധ ചെലുത്തുന്നു. ഗർഭിണികളുടെ പരിചരണത്തിനു പ്രത്യേകവ്യവസ്ഥകളുണ്ടു്. മാസത്തിലൊരിക്കലെങ്കിലും സൌജന്യമായ വൈദ്യപരിശോധനയ്ക്കു വഴങ്ങിക്കൊടുക്കേണ്ടതു് ഗർഭിണിയുടെ ചുമതലയാണു്. നഗരങ്ങളിലും ഗ്രാമങ്ങളിലും വിദഗ്ധ പരിശീലനം ലഭിച്ച ഡോക്ടർമാരും സൂതികർമ്മിണികളും വേണ്ടത്രയുള്ള ആതുരശുശ്രൂഷാലയങ്ങളുണ്ടു്. കുട്ടികളെ ശരിയായി വളർത്തിക്കൊണ്ടുവരുവാൻ ആവശ്യമായ ഉപദേശങ്ങൾ നൽകുന്ന ക്ലിനിക്കുകളും അനവധിയാണു്. മൂന്നുമാസം പൂർണ്ണഗർഭത്തോടുകൂടിയ അവധി ഗർഭിണിയ്ക്കു കിട്ടുന്നു. എട്ടുമാസം ഗർഭം പൂർത്തിയായ സ്ത്രീയേയും പ്രസവിച്ചു് എട്ടു മാസം കഴിയാത്ത സ്ത്രീയേയും ജോലിയിൽനിന്നു പിരിച്ചയക്കാൻ പാടില്ല എന്നു നിയമം അനുശാസിക്കുന്നു. കുട്ടിക്കു് എട്ടുമാസം പ്രായം തികയുന്നതുവരെ അമ്മയ്ക്കു ദിവസേന പ്രവൃത്തിസമയത്തിൽ രണ്ടു മണിക്കൂർ ഇളവുകിട്ടുന്നു. പ്രസവശുശ്രൂഷ സൌജന്യമാണു്. വിദഗ്ധപരിശീലനം ലഭിച്ച ഡോക്ടർമാരും നർസുമാരും ഏതു സേവനത്തിനും ത

യ്യാറായി അവിടെയുണ്ടാകും. നിഷ്ണ്ണമായ ആരോഗ്യപരീക്ഷണംമൂലം പ്രസവാപായങ്ങൾ വളരെ കുറച്ചേ ഉണ്ടാകുന്നുള്ളു.

മൂന്നു വയസ്സിനു താഴെയുള്ള കുട്ടികൾക്കു് നർസറി സ്കൂളുകളും ഏഴു വയസ്സുവരെയുള്ളവക്കു് കിൻഡർ ഗാർട്ടൻ സ്കൂളുകളും ഉണ്ടു്. അമ്മയ്ക്കു പ്രവൃത്തിയുള്ള കാലത്തെല്ലാം കുട്ടികളെ ഈ സ്ഥാപനങ്ങൾ ശ്രദ്ധിച്ചുകൊള്ളും. കുട്ടികളുടെ അദ്ധ്യാപനത്തിൽ പ്രത്യേകപരിശീലനംനേടിയ അദ്ധ്യാപികമാരും ബാലപരിചരണത്തിൽ വൈദഗ്ധ്യം നേടിയ നർസുമാരും അവിടെയുണ്ടായിരിക്കും. കുട്ടികളുടെ ഇടയിൽ ഉന്മേഷവും ഉല്ലാസവും ഇവർ വളത്തുന്നു. വിനോദംവഴി വിജ്ഞാനം പ്രചരിപ്പിക്കുവാനും ഇവർ ഉത്സാഹിക്കുന്നു. അവശരായ മാതാക്കളുള്ള കുട്ടികളേയും മാതൃവിഹീനരേയും പരിപാലിക്കാൻ പ്രത്യേകമായ ''മദർ ആൻഡ് ചൈൽഡ് ഹോമു''കൾ ഉണ്ടു്. ഏതെങ്കിലും കുട്ടിക്കു് പ്രത്യേക ശുശ്രൂഷ ആവശ്യമാണെങ്കിൽ അതിനുപറ്റിയ ആതുരാലയങ്ങളും ധാരാളമുണ്ടു്. ട്രേഡ് യൂണിയൻ റെസ്റ്റ് ഹോമുകളിൽ വിശ്രമത്തിനും വിനോദത്തിനും ധാരാളം സൌകര്യങ്ങൾ ലഭിക്കുന്നു.

യുഗോസ്ലാവിയ

ഘനഗംഭീരമായ സ്വരത്തിൽ നിയമം വിളിച്ചു പറയുന്നുണ്ട്. "എന്റെ ദൃഷ്ടിയിൽ രാജാവും പ്രജയും, സ്ത്രീയും പുരുഷനും തുല്യരാണ്. രക്ഷയ്ക്കും ശിക്ഷയ്ക്കും ഉതകുന്ന എന്റെ കൈകൾക്കുമുമ്പിൽ ലിംഗഭേദമോ, ഉച്ചനീചത്വങ്ങളോ, സാമ്പത്തികവ്യത്യാസങ്ങളോ വിലപ്പോകയില്ല" എന്നെല്ലാം. പക്ഷേ, യുദ്ധത്തിനുമുമ്പ് യുഗോസ്ലാവിയയിൽ നിലവിലുണ്ടായിരുന്ന നിയമാവലിയുടെ ഒരു മൗലികോദ്ദേശംതന്നെ സ്ത്രീക്ക് അസമത്വവും അപകർഷവും കല്പിക്കുകയായിരുന്നുവോ എന്നു തോന്നും അവയിലെ ചില വകുപ്പുകൾ ഇന്നു വായിച്ചുനോക്കിയാൽ. ഉത്തരവാദിത്വമുള്ള ജോലികൾ, പ്രത്യേകിച്ചു നിയമപരമായവ, സ്ത്രീകൾക്കു നിഷേധിക്കപ്പെട്ടിരുന്നു. വിവാഹിതകളായ സ്ത്രീകളുടെ സ്ഥാനം, നിയമപ്രകാരം, പ്രായപൂർത്തിയാകാത്തവർ, ബുദ്ധിക്കു സ്ഥിരതയില്ലാത്തവർ, വിഡ്ഢികൾ മുതലായവരുടെ കൂട്ടത്തിലായിരുന്നു. അവരെ അവഗണിക്കുന്ന കാര്യത്തിൽ സാമുദായികാചാരങ്ങളും ഒട്ടും താഴെയായിരുന്നില്ല. പുരുഷനു ലഭിക്കുന്ന വേതനത്തിന്റെ 30ശതമാനംമാത്രമേ തുല്യജോലിയെടുക്കുന്ന സ്ത്രീക്കു ലഭ്യമായിരുന്നുള്ളൂ. സ്വകാര്യവ്യവസായസ്ഥാപനങ്ങളിലും ആപ്പീസുകളിലും ഈ നിരക്കിനു വ്യത്യാസ

മുണ്ടായിരുന്നില്ല. ജനസംഖ്യയിൽ നല്ല ഒരു ശതമാനത്തിനു വിദ്യാഭ്യാസസൌകര്യങ്ങൾ ലഭിച്ചിരുന്നില്ല; പ്രത്യേകിച്ചും സ്ത്രീകൾക്കു്. അടുത്ത കാലംവരെ നഗരങ്ങളിൽപ്പോലും പർദ്ദ നിലവിലുണ്ടായിരുന്നു. സാമ്പത്തികമായ എല്ലാ കാര്യങ്ങൾക്കും ഭർത്താവിനേയോ മറ്റു പുരുഷന്മാരേയോ ആശ്രയിക്കേണ്ടിവന്നിരുന്ന എല്ലാ സ്ത്രീകൾക്കും.

പടക്കളത്തിൽ

ശത്രുനിരോധനത്തിനു് അരയും തലയും മുറുക്കി രംഗത്തിറങ്ങാൻ യുഗോസ്ലാവിയാക്കാരിയെ പ്രേരിപ്പിച്ചതു് ഈ അസമത്വബോധവും അസ്വാതന്ത്ര്യവുമായിരുന്നു. ഒരു നവ്യമായ സാമൂഹ്യവ്യവസ്ഥിതി കെട്ടിപ്പടുക്കുവാനുള്ള ആവേശം അതിൽ പ്രകടമായിരുന്നു. കണക്കുകൾപ്രകാരം ഒരു ലക്ഷത്തോളം വനിതകൾ യുഗോസ്ലാവ്യൻസ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുണ്ടു്; 25,000പേർ പടക്കളത്തിൽ വീണു വീരസ്വർഗ്ഗം പ്രാപിച്ചിട്ടുണ്ടു്. 40,000പേക്കു് മുറിയേറ്റു് അവശതയനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. സ്വാതന്ത്ര്യം പ്രഖ്യാപിച്ച സ്ഥലങ്ങളിൽ പുരുഷന്മാരുടെ തോളോടുതോൾ ചേർന്നു് അടരാടിയ സ്ത്രീജനങ്ങൾക്കു മുഴുവൻ സമത്വവും നൽകി സമുദായം നന്ദി കാണിച്ചു. 1942–ൽ കമാൻഡർ ഇൻ ചീഫ് ആയിരുന്ന മാർഷൽ ടിറ്റോ ആൻറി ഫാഷിസ്റ്റ് വിമൻസ് ഫ്രണ്ടിനെ അഭിമുഖീകരിച്ചുകൊണ്ടു പ്രസംഗിക്കുകയുണ്ടായി: "യുഗോസ്ലാവിയയിലെ വനിതകൾക്കു കൂടി മെച്ചമുണ്ടാക്കുന്നതായിരിക്കണം ഈ വിപ്ലവം; വലിയ വിലകൊടുത്തു നേടിയ ഈ മെച്ചങ്ങൾ ഇനിയൊരിക്കലും ഇവരുടെ കൈയിൽനിന്നു് ആരും തട്ടിപ്പറിച്ചെടുക്കരുതു്." ജനകീയഗവർമ്മെണ്ടിന്റെ ആരംഭകാലത്തുതന്നെ സ്ത്രീകൾ വിവിധകമ്മറ്റികളിലേക്കു തിരഞ്ഞെടുക്കപ്പെട്ടിരുന്നു. സ്വാതന്ത്ര്യപ്രഖ്യാപനത്തിനുശേഷം, പുതിയ യുഗോസ്ലാവിയ രൂപംകൊള്ളുന്നകാലത്തുതന്നെ സ്ത്രീയുടെ സമത്വം അം

ഗീകരിക്കപ്പെട്ടിരുന്നു. പ്രാബല്യത്തിൽ ഉണ്ടായിരുന്ന, ജനപ്രിയമായ അലിഖിതനിയമമാവലിക്കു നിയമസാധുത്വം നൽകുകയേ 1946-ൽ പുറത്തുവന്ന ഭരണഘടന ചെയ്യുള്ളൂ. പിന്നീടുണ്ടായ നിയമസിദ്ധാന്തങ്ങളിലെല്ലാം സ്ത്രീയ്ക്കു സമത്വം നൽകാനുള്ള വെമ്പൽ നിഴലിച്ചുനിന്നു.

18 വയസ്സു കഴിയുമ്പോൾ സ്ത്രീയ്ക്കും പുരുഷനും സാമുദായികവും രാഷ്ട്രീയവുമായ അവകാശാധികാരങ്ങൾ കിട്ടുന്നു. ഒരേതരം വിദ്യാഭ്യാസവും ആനുകൂല്യങ്ങളുമാണ് ബാലികയ്ക്കും ബാലനും നൽകിവരുന്നതു്. യുദ്ധാനന്തരം മിക്ക വിദ്യാസ്ഥാപനങ്ങളിലും പെൺകുട്ടികളുടെ ശതമാനം മുന്നിട്ടു നില്ക്കുന്നു. പ്രവൃത്തിയെടുക്കുവാനും ഉയരുവാനുമുള്ള സാഹചര്യങ്ങൾ സ്ത്രീയ്ക്കും പുരുഷനും ഒരുപോലെയാണ്. പ്രാഥമികപാഠശാലകളിൽ 52.66 ശതമാനവും സെക്കണ്ടറിസ്കൂളുകളിൽ 50 ശതമാനവും യൂണിവേർസിറ്റിയിൽ 10.4 ശതമാനവും സ്ത്രീകളാണ്. കോടതികളിൽ ജഡ്ജിമാരായും, വ്യവസായശാലകളിൽ മാനേജർമാരായും മറ്റും അവർ സേവനമനുഷ്ഠിക്കുന്നു. കുറച്ചു ദശാബ്ദങ്ങൾക്കുമുമ്പു് നഗരങ്ങളിൽപ്പോലും വീട്ടുടെ മറവിൽ നിന്നിരുന്ന വനിതകളാണ് ഇന്നു പുരുഷനെ വെല്ലുവിളിച്ചുകൊണ്ടു് പുരുഷന്മാരുടെ തനതായിരുന്ന കർമ്മക്ഷേത്രങ്ങളിലേയ്ക്കു് ഉറച്ച കാൽവെപ്പോടെ അണയുന്നതു്. 1939-ൽ തൊഴിൽചെയ്യുന്ന സ്ത്രീകളുടെ എണ്ണം 188,729 ആയിരുന്നു. 1956-ലെ കണക്കുകൾപ്രകാരം 820,000 സ്ത്രീകൾ വിവിധതൊഴിലുകളിലുണ്ട്.

രാഷ്ട്രീയരംഗത്തും സ്ത്രീകൾക്കു മതിയായ പ്രാതിനിധ്യം ഉണ്ട്. ഫെഡറൽ അസംബ്ളിയിലും റിപ്പബ്ളിക്കു് അസംബ്ളിയിലും 98 സ്ത്രീകൾ അംഗങ്ങളാണ്. എക്സിക്യൂട്ടീവ് കൗൺസിൽ ഓഫ് പീപ്പിൾസ് റിപ്പബ്ളിക്കു്, ഫെഡറൽ എക്സിക്യൂട്ടീവ് കൗൺസിൽ എന്നിവയിൽ ധാരാളം സ്ത്രീകൾ സേവനമനുഷ്ഠിക്കുന്നു. ക്രമാനുഗതമായി വർദ്ധിച്ചുവരു

കയാണ് ഇവരുടെ സംഖ്യ. അതിനെതിരായി അല്പസ്വല്പം പിറുപിറുക്കൽ ഉണ്ടായിരുന്നിട്ടും. ആരോഗ്യം, സാമൂഹ്യ സേവനങ്ങൾ, വിദ്യാഭ്യാസം എന്നിവയെ കൈകാര്യംചെയ്യുന്ന കമ്മിറ്റികളിലാണ് ഇവരുടെ എണ്ണം അധികമായി കാണുന്നതു്. സ്വയംഭരണസഭകളിലെ ഏറ്റവും സജീവമായ ഘടകങ്ങൾ വനിതാമെംബർമാരാണ്.

പുറത്തിറങ്ങി ജോലിചെയ്യുന്ന സ്ത്രീയുടെ സമൂഹമദ്ധ്യത്തിലും ഗൃഹാന്തർഭാഗത്തുമുള്ള സ്ഥാനം സുരക്ഷിതമാക്കാനുതകുന്ന തരത്തിലുള്ള നിരവധി നിയമങ്ങൾ ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. സ്ത്രീയുടെ ആരോഗ്യനിലയ്ക്ക് അനഭിലഷണീയമായ ജോലികളിലോ, കഠിനമായ കായക്ലേശം ആവശ്യമുള്ള പ്രവൃത്തികളിലോ അവളെ പ്രവേശിപ്പിച്ചുകൂടെന്നു് നിയമം അനുശാസിക്കുന്നു. ജോലിചെയ്യുന്ന കാലം എത്ര കുറച്ചായാലും, ഒരു സ്ത്രീയുടെ പ്രവൃത്തി വേണ്ട എന്നു വെക്കണമെങ്കിൽ പ്രത്യേകമായ ചില നിർദ്ദേശങ്ങളെല്ലാം സ്വീകരിക്കേണ്ടതായിട്ടുണ്ട്. രാത്രിസമയജോലി വ്യവസായശാലകളിൽ സ്ത്രീകൾക്കു നൽകുവാൻ പാടില്ല.

ബഹുമാന്യമായ മാതൃത്വം

ഗർഭിണികളേയും അമ്മമാരേയും രക്ഷിക്കുവാൻ പ്രത്യേകനിയമങ്ങളുണ്ട്. ഈ നിയമങ്ങൾ ക്രോഡീകരിക്കുന്നതിനുമുമ്പു സാമാന്യേന സ്ത്രീസംഘടനകളുടെ അഭിപ്രായം ആരാഞ്ഞിരുന്നു. അവരുടെ നിർദ്ദേശങ്ങളാണ് നിയമത്തിന്റെ രൂപത്തിൽ പിന്നീട കടലാസ്സിൽ വന്നതു്. ജോലിയുള്ള എല്ലാ സ്ത്രീകൾക്കും ശമ്പളത്തോടുകൂടിയ പ്രസവാവധി 90 ദിവസത്തേയ്ക്കു കിട്ടുന്നു. സാധാരണ ആർക്കും ലഭിക്കുന്ന ശമ്പളത്തോടുകൂടിയ വർഷത്തിലൊരിക്കലുള്ള അവധി ഇതിനുപുറമേ അവൾക്ക് കിട്ടും. കുട്ടിയ്ക്ക് ആറോ എട്ടോ മാസം പ്രായമാവുന്നതുവരെ സാധാരണപ്രവൃത്തിസമയത്തിന്റെ പകുതിവേല ചെയ്താൽ മതി. വേതനകാര്യ

ത്തിൽ ഇതു് ഒരു വ്യത്യാസവും വരുത്തുന്നില്ല. പിന്നേയും മൂന്നുകൊല്ലം, അസൌകര്യങ്ങളുണ്ടെങ്കിൽ, സ്ത്രീയ്ക്കു പകുതിസമയം പ്രവൃത്തിയെടുക്കാം. പക്ഷേ അക്കാലത്തു പകുതി ശമ്പളമേ കിട്ടുകയുള്ളൂ. പെൻഷൻകാര്യത്തിൽ ഈ സേവനം മുഴുവനായിത്തന്നെ പരിഗണിക്കപ്പെടും. കുട്ടികൾക്കു് എന്തെങ്കിലും സുഖക്കേടു പിടിപെടുകയാണെങ്കിൽ അവരുടെ ശുശ്രൂഷക്കായി അമ്മയ്ക്കു പതിനഞ്ചുദിവസം അവധി കിട്ടും. ഈ ആനുകൂല്യം എല്ലാ തൊഴിലാളികൾക്കുമുള്ളതാണു്. ഗാർഹികബന്ധങ്ങളെക്കുറിച്ചും നിയമാവലിയിൽ പ്രത്യേകനിബന്ധനകൾ ഉണ്ടു്. വിവാഹം, വിവാഹമോചനം, പിന്തുടർച്ച മുതലായവയിലെല്ലാംതന്നെ പുരുഷനു ലഭിക്കുന്ന ആനുകൂല്യങ്ങളെല്ലാം സ്ത്രീയ്ക്കും ലഭിക്കുന്നു. നിയമത്തിന്റെ കണ്ണിൽ വിവാഹബന്ധത്തിൽ ജാതനാകുന്ന കുട്ടിയ്ക്കും അവിവാഹിതയായ അമ്മയുടെ സന്താനത്തിനും തുല്യനിലയാണുള്ളതു്.

യാഥാസ്ഥിതികത്വം

സ്ത്രീയുടെ സമുദായമദ്ധ്യത്തിലും ഗൃഹത്തിലുമുള്ള സ്ഥാനവും സ്ത്രീയോടു് പുരുഷന്മാരുടെ പെരുമാറ്റവും സാധാരണയായി അവളുടെ സാമ്പത്തികസ്വാതന്ത്ര്യത്തെ ആശ്രയിച്ചിരിക്കുന്നു. ജോലി ചെയ്യുവാൻ പാടില്ലാത്ത സാഹചര്യങ്ങൾ വളർത്തുന്നതോടൊപ്പംതന്നെ അനുയോജ്യമായ പ്രവൃത്തികൾ കണ്ടുപിടിക്കുന്നതിനുള്ള ഒത്താശകളും യൂറോസ്സോവിയയിലെ സ്റ്റേറ്റു് സ്ത്രീകൾക്കു ചെയ്തുകൊടുക്കുന്നു. പക്ഷേ, അതു മുഴുവൻ പ്രായോഗികമാക്കുവാൻ മിക്കവർക്കും പറ്റുന്നില്ല. യാഥാസ്ഥിതികത്വത്തിന്റെ കടംപിടി മിക്ക സ്ഥലത്തും തികച്ചും അയഞ്ഞിട്ടില്ല. മിക്കദിക്കിലും എല്ലാ ഗൃഹവേലകളും സ്ത്രീകൾതന്നെ ചെയ്യണമെന്ന കീഴ്വഴക്കം ഒരു നിയമമെന്നോണം അനുഷ്ഠിക്കപ്പെട്ടുവരുന്നുണ്ടു്. നിയമം അനുവദിച്ചുകൊടുത്തിട്ടുള്ള വിസ്തൃത വിവാഹസ്സിലേയ്ക്കു പറന്നുയ

രാൻ സ്ത്രീ കാലിലെ ഈ കെട്ടുകൾ പൊട്ടിച്ചേ ഒക്കൂ. നവീന ഗൃഹോപകരണങ്ങൾ പ്രചാരപ്രചാരത്തിലെത്തിയിട്ടില്ല. കുട്ടികളെ നോക്കുവാനാവശ്യമായ നഴ്സറികൾ, കിൻഡർഗാർട്ടനുകൾ മുതലായവ വളരെ വിരളമാണ്. താമസസ്ഥലത്തു തന്നെ എല്ലാവക്കും ജോലി കിട്ടാൻ സൌകര്യങ്ങളും ആയിട്ടില്ല. വിദ്യാഭ്യാസം കുറേക്കൂടി പുരോഗമിക്കേണ്ടിയിരിക്കുന്നു. ഇതെല്ലാം ഉണ്ടായാലേ കരഗതമായിട്ടുള്ള അവകാശാനുകൂല്യങ്ങളെല്ലാം സമുദായത്തിനും രാഷ്ട്രത്തിനും ക്ഷേമകരമായ നിലയിൽ പ്രയോഗികമാക്കാൻ സ്ത്രീകൾക്കു സാധിക്കയുള്ളു. ആയിരക്കണക്കിൽ പ്രവർത്തനം നടത്തുന്ന മഹിളാമണ്ഡലങ്ങൾ ഈദൃശകാര്യങ്ങളിൽ അതിയായ ശ്രദ്ധാന്തികാണിക്കുന്നുണ്ട്. അവക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകുവാൻ സ്റ്റേറ്റ് ഒട്ടുംതന്നെ കാലവിളംബം വരുത്തുന്നില്ല. അവരുടെ ശ്രമങ്ങൾ കുറേയെല്ലാം വിജയിച്ചിട്ടുമുണ്ട്. വ്യവസായശാലകൾ അധികമുള്ള സ്ഥലങ്ങളിൽ കുട്ടികളെ നോക്കുവാനുള്ള സ്ഥാപനങ്ങൾ പ്രവർത്തനം നടത്തുന്നുണ്ട്. അടുത്ത ഭാവിയിൽത്തന്നെ ഗാർഹികജീവിതം അശാന്തമാക്കാതെ സാമൂഹ്യരാഷ്ട്രീയമണ്ഡലങ്ങളിൽ കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിപ്പാൻ സ്ത്രീകൾക്കു സാധിക്കും.

സാഹിത്യകാരികൾ

കവിത, നാടകം, വിമർശനം, പ്രബന്ധം, നോവൽ, ചെറുകഥ മുതലായ സാഹിത്യത്തിന്റെ വിവിധശാഖകളിൽ അതിപ്രഗല്ഭകളായ സ്ത്രീകളെ യുഗോസ്ലാവിയയിൽ കാണാം. യുഗോസ്ലാവിയൻ സാഹിത്യകാരന്മാരുടെ സംഘടനയിൽ 40-ൽ അധികം വനിതാംഗങ്ങളുണ്ട്. ഇസിഡോറ സെക്കുലിക്, ഡെസൻക മാക്സിമൊവിക്, അനിക സാവിക് റെബക്, വെസ്ന പാവുൺ എന്നീ സാഹിത്യകാരികൾ പ്രത്യേക ശ്രദ്ധയർഹിക്കുന്നു. അര നൂറ്റാണ്ടുകാലമായി, ചെ

ുകഥ, നോവൽ, പ്രബന്ധങ്ങൾ എന്നീ സാഹിത്യശാഖകളിലും സംസ്കാരംഗത്തിൽ പൊതുവായും സുവർണ്ണപ്രഭവിതറുന്ന ഒരു ഭാവനാസമ്പന്നയാണു് ഇസിഡോറ. അവരുടെ സംഭാവനകൾ യുഗോസ്ലാവിയൻസാഹിത്യത്തിലെ എണ്ണപ്പെട്ട മുതൽക്കൂട്ടുകളാണു്. ബൽഗ്രേഡ് യൂണിവേഴ്സിറ്റിയിലെ ഒരു പ്രൊഫസറായിരുന്ന ദിവംഗതയായ ആനിസ് സേവിയോ റിബക്ക് ആണു് തർജ്ജമസ്സാഹിത്യത്തിനു് വിലപ്പെട്ട നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുള്ളതു്. നാടിന്റെ ഹൃദയത്തുടിപ്പുകൾ ഉൾക്കൊള്ളുന്ന ജീവിതയാഥാർത്ഥ്യം അലതല്ലുന്ന, വികാരപാരമ്യത്തിന്റെ പരിവേഷമണിഞ്ഞ, സുന്ദരമായ ഗാനതല്ലജങ്ങളാണു് ഡെസൻകയുടെ സൃഷ്ടികൾ. കൂട്ടിക്കവിതകൾതൊട്ടു ദേശാഭിമാനം തുളുമ്പുന്ന വിപ്ലവഗീതങ്ങൾവരെ അവരുടെ ലോലാംഗുലികളിൽനിന്നു ഉതിർന്നിട്ടുണ്ടു്. റഷ്യയിലേയും പോളണ്ടിലേയും കവികളുടെ ഭാവനാമധുരിമ, യുഗോസ്ലാവിയൻസഹൃദയർ അറിഞ്ഞതു് ഇവരുടെ തൂലികത്തുമ്പിലൂടെയാണു്. യുദ്ധത്തിന്റെ ഭീകരതയ്ക്കു ദൃക്സാക്ഷികളായി അതിന്റെ ആഘാതപ്രത്യാഘാതങ്ങളിൽനിന്നു പ്രചോദനം നേടി കവിത എഴുതിയവരാണു് വെസ്നപെറൂണും മീര അലക്കോപിക്കും. യുഗോസ്ലാവിയൻ കവിതയുടെ ആശാനിക്ഷേപമാണു് വെസ്ന. കായികാഭ്യാസരംഗത്തു് സ്വാതന്ത്ര്യത്തിനുമുമ്പു് ഒരൊറ്റ യുഗോസ്ലാവിയൻ പെൺകൂട്ടിയുടെ നാമധേയം കാണ്മാനായിരുന്നില്ല. ഇന്നാകട്ടെ സാമാന്യമായി നിലവിലുള്ള ഇരുപത്തഞ്ചുതരം സ്പോർട്സിൽ പതിനെട്ടിലും ധാരാളം സ്ത്രീകൾ പങ്കെടുക്കുന്നുണ്ടു്. ഒളിമ്പിക്ഗെയിംസിലും അന്താരാഷ്ട്രീയമത്സരങ്ങളിലും അവർ സജീവമായി പങ്കെടുക്കുന്നു. ഏറ്റവും വലിയ കായികാഭ്യാസികളുടെ സംഘടനയായ "പാർട്ടിസാൻ ഫിസിക്കൽ കൾച്ചർ ഫെഡറേഷ"നിൽ ഒരു ലക്ഷത്തോളം വനിതാംഗങ്ങളുണ്ടു്. ആകെയുള്ളതിന്റെ 37.5 ശത

മാനം ആണിതു്. സ്റ്റൈഡർവിമാനം പറപ്പിക്കുന്നതിൽ ലോകത്തിൽവെച്ചു ഒന്നാംസ്ഥാനം നേടിയ ഓവിറ്റ്ക ക്ലാൻക്നിക്കു് പ്രസിദ്ധ ടേബിൾടെന്നീസു് ചാമ്പ്യനായ മാർജിതകോവിക്, നീന്തൽവിദഗ്ധയായ വിക്ക ജെറികിവിക് എന്നിവക്കു ജന്മംകൊടുത്തതു് യുഗോസ്ലാവിയയാണു്.

മുസ്ലീം സ്ത്രീകൾ

യുഗോസ്ലാവിയൻ റിപ്പബ്ലിക്കിലെ ബോസ്നിയ, ഹെർസിഗോവ്നിയ, സെർബിയ, മോണ്ടിനീഗ്രോ എന്നീ ഡിസ്ട്രിക്റ്റുകളിലെ നിവാസികളിൽ പകുതിഭാഗവും മുസ്ലീങ്ങളാണു്. വ്യവസായശാലകളോ വിദ്യാമന്ദിരങ്ങളോ സാംസ്കാരികകേന്ദ്രങ്ങളോ ഇല്ലാത്ത ആ ഉൾനാടൻപ്രദേശങ്ങളിലെ സ്ത്രീകളെ ആചാരസമ്പ്രദായങ്ങളും, കീഴ്വഴക്കങ്ങളും അടിമകളെപ്പോലെയാണു് പരിഗണിച്ചിരുന്നതു്. സാധാരണയുഗോസ്ലാവിയാക്കാരികളേക്കാൾ കഷ്ടമായിരുന്ന ഇവിടങ്ങളിലെ മുസ്ലീംസ്ത്രീകളുടെ സമുദായത്തിന്റെ നില. 1950-ൽ പുറത്തുവന്ന ഒരു നിയമം പാട്ടയും നിരോധിച്ചു. വിവാഹകാര്യത്തിൽ നിയമവിധേയത്വമുള്ളതു സിവിൽ വിവാഹത്തിനു മാത്രമാണു്. ഏകപത്നിത്വം നിർബ്ബന്ധമാക്കിയതോടെ വിവാഹം, വിവാഹമോചനം, പിൻതുടച്ചവകാശം എന്നിവയിൽ വളരെ അധികം പുരോഗതിയുണ്ടായി. നിയമാവലികളുടെ സദുദ്ദേശവും, വിശാലതയും ഏറ്റവും അധികം ഉപകരിച്ചതു് അടിമകളിൽ അടിമകളായിരുന്ന മുസ്ലീം സഹോദരികൾക്കാണു്. ഇന്നവൾ അവളുടെ മറ്റു സഹോദരികൾക്കു ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹയാകുന്നു.

ഓരോ കൊല്ലവും തങ്ങളുടെ പുരോഗതിയുടെ വ്യാപ്തി അളന്നുനോക്കുക യുഗോസ്ലാവിയൻമഹിളകളുടെ ഒരു പതിവാണു്. സംഘടനകളും വ്യക്തികളും ചർച്ചാസമ്മേളന

ങ്ങളിൽ പങ്കെടുത്തു വേണ്ട നിർദ്ദേശങ്ങൾ നൽകുന്നു. സോഷ്യലിസ്റ്റ് അലയൻസ് ഓഫ് ദി വർക്കിങ്ങ് പീപ്പിൾ ഓഫ് യൂഗോസ്ലാവിയ എന്ന സംഘടനയുടെ കൊടിക്കീഴിൽ മാർച്ച് 8-ാംനു- ദേശീയ ദിനമായി കൊല്ലംതോറും ആഘോഷിക്കുവാനുള്ള പരിപാടികൾ തുടങ്ങിയിരിക്കുന്നു. ഓരോ കൊല്ലവും തന്റെ നേട്ടങ്ങളുടെ പട്ടിക നിണ്ടുനിണ്ടു പോകയാണെന്നു യൂഗോസ്ലാവിയൻതരുണിക്കു് അഭിമാനിയ്ക്കാം.

ഗ്രീസ്

അതിപ്രാചീനകാലം മുതൽക്കേ മഹോന്നതമായ ഒരു സംസ്കാരസമ്പത്തിന്റെ കേദാരമായിരുന്ന ഗ്രീസ്. കലയോടും കവിതയോടുമൊപ്പം ഉയർന്ന തത്വചിന്തയും അവിടെ കതിരിട്ടുനിന്നു. പ്ലാറ്റോവിനും അരിസ്റ്റോട്ടലിനും സോക്രട്ടീസിനും യൂറിപ്പിഡീസ്സിനും ജന്മം കൊടുക്കുവാൻ ഭാഗ്യമുണ്ടായ ആ പുണ്യഭൂമിതന്നെയാണ് പരാക്രമിയായ അലക്സാണ്ടറെയും വളർത്തിയെടുത്തതു്. സൌന്ദര്യത്തിന്നൊരു രൂപംകൊടുത്ത ഡയാനയും പൌരുഷത്തിന്റെയും അംഗസൌഷ്ഠവത്തിന്റേയും മൂർത്തിമൽഭാവമായ അപ്പോളൊവും വിരാജിച്ചിരുന്ന ഗ്രീസിനെയാണ് ഇന്നും ചിത്രകാരൻ ആവേശത്തിനുവേണ്ടി ഉറുനോക്കുന്നതു്. നിരവധി പരിണാമങ്ങളിലൂടേയും പരീക്ഷണങ്ങളിലൂടേയും കടന്നുപോന്ന പ്രതിമാശില്പം ഇന്നും കലാസൌഭഗത്തിന്റെ പ്രതീകമായി കണക്കാക്കുന്നതു്, പുരാതനയവനപ്രതിമകളെ ആകുന്നു. ഒലിമ്പിക്സ്റ്റോർട്ട്സിന്റെയും മൂലം ഗ്രീസിലെ മണ്ണിൽത്തന്നെ. നൂറാണ്ടുകളുടെ കനത്ത തിരശ്ശീല പിന്നിട്ടും തെളിഞ്ഞുനില്ക്കുന്ന ഒരു ദീപ്തിയാണ് പ്രാചീനയവനസംസ്കാരം.

സാമ്രാജ്യങ്ങളുടെ ഉയർച്ചയും താഴ്ചയും നിരവധി പ്രാവശ്യം സാക്ഷിനിന്ന ഗ്രീസ് 1830 മുതൽ ഒരു സ്വതന്ത്രരാ

ഷ്ടമായി. പിന്നീട്ട അര നൂറ്റാണ്ടുകാലത്തേക്ക് പുരുഷനോട്ട സമത്വത്തിനുവേണ്ടിയുള്ള സ്ത്രീകളുടെ സമരങ്ങൾ യൂറോപ്പിൽ എല്ലായിടത്തും പടർന്നു പിടിച്ചു. അയൽനാടുകളിലെ സഹോദരികൾ കൈവശമുള്ള സകല ശക്തികളും സംഭരിച്ചു സ്വാതന്ത്ര്യത്തിനുവേണ്ടി അടരാടുമ്പോൾ ഗ്രീസിലെ മഹിളമാർ യുദ്ധത്തിൽ മുടിഞ്ഞ തങ്ങളുടെ പിതൃഭൂമിയുടെ പുനരുദ്ധാരണത്തിനുവേണ്ടി വിരാമമില്ലാതെ പണിയെടുക്കുകയായിരുന്നു. സുശക്തമായ ഗവണ്മേണ്ട്, സുഭദ്രമായ സാമ്പത്തികവ്യവസ്ഥിതി, ഭരണഘടന എന്നിവയായിരുന്ന അടിയന്തിരമായി അവരുടെ ശ്രദ്ധയാകഷിച്ചതു്. സാമുദായികവും രാഷ്ട്രീയവുമായ നിയന്ത്രണങ്ങളും അസമത്വങ്ങളും അവക്കും ധാരാളമുണ്ടായിരുന്നു. തുർക്കിയുടെ അധീനത്തിലായിരുന്ന കാലത്തു് നിലവിലുണ്ടായിരുന്ന സങ്കുചിതവും അലിഖിതവുമായ സദാചാരസംഹിതയും റോമൻ നിയമാവലിയുമാണു് അവരെ ഭരിച്ചിരുന്നതു്. സമുദായത്തിലും ഗൃഹത്തിലും പുരുഷനു സർവ്വാധികാരവും നൽകുകയായിരുന്ന ഈ നിയമങ്ങളുടെ പ്രധാനലക്ഷ്യം. സ്ത്രീകളുടെ അസമത്വങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിയമങ്ങൾ നിർമ്മിക്കുന്നതിൽ ശ്രദ്ധ ചെലുത്തുവാൻ ശൈശവദശയിലായിരുന്ന ഗവർമ്മേണ്ടിനും സൗകര്യം കുറവായിരുന്നു. അതുകൊണ്ടു് തങ്ങളുടെ ഉന്നമനത്തിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കേണ്ട കടമ സ്ത്രീസംഘടനകൾക്കായി. വിപ്ലവങ്ങൾക്കോ പ്രക്ഷോഭണങ്ങൾക്കോ ആ പരിപാടികളിൽ സ്ഥാനമുണ്ടായിരുന്നില്ല. ശാന്തമായ രീതിയിൽ തികച്ചും നിർമ്മാണാത്മകമായിരുന്ന സമത്വത്തിലേക്കുള്ള ഗ്രീക്കുവനിതയുടെ പ്രയാണം. ''നാഷണൽ കൗൺസിൽ ഓഫ് ഗ്രീക്കു് വിമൻ'', ''ദി ലീഗ് ഫോർ വിമൻസ് റൈറ്റ്സ്'' എന്നീ സംഘടനകളാണു് ഇതിനു നേതൃത്വം നൽകിയതു്.

വ്യാവസായികവിപ്ലവം അഭിനവങ്ങളായ കർമ്മക്ഷേത്രങ്ങളെ സ്ത്രീകൾക്കായി തുറന്നുകൊടുത്തു. ആദ്യത്തെ ലോകമഹായുദ്ധം സാമ്പത്തികഘടനയെ ആകെ താറുമാറാക്കിയിരുന്നു. അകത്തടച്ചിരുന്ന വനിതയ്ക്കു ജീവിതായോധനത്തിനു പുറത്തിറങ്ങി പണിയെടുക്കേണ്ട ഒരു പരിതഃസ്ഥിതി യുദ്ധത്തിന്റെ അനന്തരഫലമായുണ്ടായി. പക്ഷേ ഈ ആനുകൂല്യം തികച്ചും ഉപയോഗിക്കുവാൻ അവൾക്കു വിദ്യാഭ്യാസയോഗ്യതകൾ ആവശ്യമായിരുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനഘട്ടമായപ്പോഴേയ്ക്കും സ്ത്രീകൾ സർവ്വകലാശാലയിൽ പ്രവേശിച്ചുതുടങ്ങി. രണ്ടാം മഹായുദ്ധകാലത്തു സ്ത്രീകളുടെ നിലപാടിൽ ആശാസ്യമായ അനവധി മാറ്റങ്ങൾ ഉണ്ടായി. അവശതാബോധം അവരെ വിട്ടകന്നു. പ്രവർത്തനസ്ഥലങ്ങളിൽ സ്ത്രീക്കും പുരുഷനും സാമാന്യം തുല്യമായ സ്ഥാനം നൽകപ്പെട്ടു. പാർലിമെന്റുകളിൽ സീറ്റുകളിൽ പ്രവേശിച്ചിരുന്ന സ്ത്രീകൾക്കു പുരുഷന്മാർക്കുള്ള ആനുകൂല്യങ്ങൾ ലഭിച്ചു. 1930-ൽ അവർക്കു മുനിസിപ്പൽ വോട്ടെടുപ്പിൽ പങ്കെടുക്കുവാൻ അനുമതി കിട്ടി. പക്ഷേ അതുകൊണ്ടവർ തൃപ്തരായില്ല. അവരുടെ ലക്ഷ്യം സാമ്പത്തികമായും രാഷ്ട്രീയമായും നിയമപരമായും പുരുഷനോടു സമതയും സമ്പൂർണ്ണമായ പൌരാവകാശവുമായിരുന്നു. പക്ഷേ ഈ ശ്രമങ്ങൾക്കെല്ലാം തൽക്കാലവിരാമമിട്ട രണ്ടാം ലോകമഹായുദ്ധം.

പിന്നിട്ടുള്ള പത്തുകൊല്ലം എണ്ണമറ്റ യാതനകളുടേയും കഷ്ടനഷ്ടങ്ങളുടേയും കൊയ്ത്തുകാലമായിരുന്നു. ഗ്രീക്കുവനിതയുടെ ദേശാഭിമാനത്തിന്റെ മാറ്റുരച്ചു കാണുവാൻ ഈ കാലം ഉതകി. 1939-ൽ സിവിൽ മൊബിലൈസേഷൻ ആക്ട് പുറത്തുവന്നു. പക്ഷേ യാതൊരു നിർബ്ബന്ധവും ബാഹ്യപ്രേരണയും പ്രലോഭനവും യുദ്ധപ്രവർത്തനത്തിൽ സജീവമായി പങ്കെടുക്കുവാൻ ഗ്രീക്കുവനിതയ്ക്കാവശ്യമായി

തന്നില്ല. ദുർഘടങ്ങളായ യുദ്ധരംഗങ്ങളിലും അതുരശുശ്രൂ ഷാകേന്ദ്രങ്ങളിലും അവർ സേവനമനുഷ്ഠിച്ചു. മലയിടുക്കുക ളിൽ ഒളിച്ചു താമസിച്ചിരുന്ന പടയാളികൾക്കു് ആയുധസാ മഗ്രികളും ആഹാരവും എത്തിച്ചുകൊടുക്കുവാൻ രാപ്പകൽ പണിപ്പെട്ടതു് അവരാണു്.

പത്തുകൊല്ലത്തെ ത്യാഗസുരഭിലവും വിദഗ്ധവുമായ ആ അതുല്യസേവനംമൂലം ഗ്രീക്കുവനിതയുടെ സാംസ്കാരിക നിലവാരവും പൊതുജീവിതത്തിൽ അവൾക്കു വഹിക്കു വാൻ സാധിക്കുന്ന ശോഭനമായ പങ്കും പൊതുജനങ്ങൾ മന സ്സിലാക്കി. യുദ്ധാനന്തരസാഹചര്യങ്ങൾ അവളുടെ കർമ്മ ക്ഷേത്രം കുറെക്കൂടി വിപുലമാക്കി. 1945-ലെ പുതിയ സി വിൽകോഡ് വിവാഹമോചനം, പിന്തുടർച്ചാവകാശം, വ സ്തുകൈവശാവകാശം മുതലായ കാര്യങ്ങളിൽ ദൂരവ്യാപക മായ മാറ്റങ്ങൾ വരുത്തി. സാമ്പത്തികവും രാഷ്ട്രീയവു മായ മണ്ഡലങ്ങളിൽ സ്ത്രീക്കും പുരുഷനും സാമാന്യം സമ തലം ഈ നിയമം നൽകി. പുരുഷനേതായിരുന്ന വിപു ലാധികാരത്തിൽ അവശേഷിച്ചതു് പ്രായപൂർത്തിവരാത്ത കു ട്ടികളുടെ മേലുള്ള നിയന്ത്രണം മാത്രമായിരുന്നു.

സംപൂർണ്ണമായ പൗരാവകാശത്തിനുവേണ്ടിയാണു് ഗ്രീ ക്കുമഹിളാസംഘടനകൾ പിന്നീടു ശ്രദ്ധപതിപ്പിച്ചതു്. പ്ര ധാനപ്പെട്ട ഏഴു വനിതാസമാജങ്ങളുടെ പ്രതിനിധികളട ങ്ങുന്ന ഒരു സംഘടനയാണു് കോ ഓർഡിനേറ്റഡ് ഗ്രീക്കു വിമൻസ് ഓർഗനൈസേഷൻ, ദി നാഷണൽ കൗൺസിൽ ഓഫ് ഗ്രീക്കു് വിമൻ, ദി ലൈസിയം ക്ലബ്ബ്, ദി ഗ്രീക്കുലീ ഗ് ഫോർ വിമൻസ് റൈറ്റ്സ്, ദി ഹെല്ലനിക് അസോ സിയേഷൻ ഓഫ് യൂണിവേർസിറ്റിവിമൻ, ദി വൈ ഡബ്ളിയു സി, എ.. ദി പാൻ ഹെലനിക്യൂണിയൻ ഓഫ് ഇൻടലക്ചൽവിമൻ, ഹെല്ലനിക് ഫെഡറേഷൻ ഓഫ്

വിമൻസ് ക്ലബ്ബ് എന്നിവയാണ് ആ സംഘടനയിലെ പ്രമുഖ ഘടകങ്ങൾ. ഇവ ഓരോന്നിന്റെയും കൊടിക്കീഴിൽ അനവധി പ്രാദേശികസമാജങ്ങളുണ്ട്. പ്രക്ഷേപണങ്ങൾ, ലഘുലേഖകൾ, സ്റ്റഡിക്ലാസ്സുകൾ, പ്രസംഗപരമ്പരകൾ മുതലായവ മുഖേന തങ്ങളുടെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ പ്രവർത്തിക്കുകയാണ് ഇവരുടെ പരിപാടി. 1949 മുതൽ 1955 വരെയുള്ള കാലത്തു് ഇവരുടെ പ്രവർത്തനം ഗവർമ്മേണ്ടിന്റെയും പൊതുജനങ്ങളുടേയും അഭിനന്ദനം നേടി. 1949-ൽ ആതൻസിലെ സിറ്റി കൌൺസിലിലേയ്ക്കു രണ്ടു വനിതാപ്രതിനിധികളെ തിരഞ്ഞെടുത്തു. 1952 മുതൽ സ്ത്രീകൾക്കു പരിപൂർണ്ണമായ പൌരാവകാശം നൽകുവാനുള്ള പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടു. 1955 ആയപ്പോഴേക്കും മതസംബന്ധമായ അല്പം ചില സ്ഥാനങ്ങളൊഴിച്ചു ബാക്കി എല്ലാ പ്രവർത്തനമണ്ഡലങ്ങളുടേയും കവാടങ്ങൾ സ്ത്രീകൾക്കുവേണ്ടി തുറക്കപ്പെട്ടു. സൈനികവകുപ്പുകളിൽ വേണമെങ്കിൽ മാത്രം അവർ സേവനമനുഷ്ഠിച്ചാൽ മതി. പുരുഷന്മാർക്കു് അതു നിർബ്ബന്ധമാണു്. പ്രായപൂർത്തിയാകാത്തവരുടേയും അസ്ഥിരബുദ്ധികളുടേയും രക്ഷാകർത്തൃത്വം ഏറ്റെടുക്കാൻ സ്ത്രീകൾക്കു് ആദ്യമായി അവകാശം ലഭിച്ചു. അതുപോലെതന്നെ ആധാരങ്ങൾ, കരാറുകൾ എന്നിവയിൽ സാക്ഷിയാകാനും സ്ത്രീകൾക്കു വിഷമമില്ലാതായി.

1956 ഫെബ്രുവരിയിൽ ഇദംപ്രഥമമായി ഗ്രീക്ക്വനിതകൾ വോട്ടധികാരം ഉപയോഗപ്പെടുത്തി. പാർലിമെൻറിമെമ്പർമാരായി (എം. പി.) തിരഞ്ഞെടുക്കപ്പെട്ട രണ്ടു സ്ത്രീകളിൽ ഒരാൾക്കു മന്ത്രിയാകാനും സാധിച്ചു. ഐക്യരാഷ്ട്രസഭയിലും അവർക്കു പ്രാതിനിധ്യം ലഭിച്ചു. ജൂറിമാർ, മേയർമാർ, തദ്ദേശഭരണസഭയിലെ മെമ്പർമാർ, ജസ്റ്റീസ് ഓഫ് പീസ് എന്നിവിവിധ നിലകളിൽ അവർ ശോഭിക്കുവാൻ തുടങ്ങി. 72,000 സർക്കാർ ജീവനക്കാരിൽ 18500-ം

സ്ത്രീകളാണ്. സാധാരണ തൊഴിലാളികളുടെ 35 ശതമാനം സ്ത്രീകളാകുന്നു. സർക്കാർസർവ്വീസുകളിൽ തുല്യജോലിയ്ക്ക് തുല്യവേതനം ലഭിയ്ക്കുന്നു. പക്ഷേ സ്വകായ്മതൊഴിൽശാലകളിൽ സ്ത്രീയ്ക്കു കിട്ടുന്ന കൂലി പ്രായേണ പുരുഷന്റെ വേതനത്തിന്റെ 30 ശതമാനം മാത്രമാണ്. വളരെക്കാലമായി ഈ അനീതിയ്ക്കെതിരായി വനിതാസംഘടനകൾ പൊരുതിത്തുടങ്ങിയിട്ട്. 1951-ലെ ഐ. എൽ. ഓ കൺവെൻഷൻ സ്ത്രീകളുടെ ഈ വാദത്തിനു പിൻതുണയും ആശിസ്സും നൽകിയിട്ടുണ്ട്. തൊഴിൽവകുപ്പിൽനിന്നു് ഇതിനാവശ്യമായ ബിൽ അടുത്തുതന്നെ പാർലിമെന്ററിൽ അവതരിപ്പിയ്ക്കുമെന്നാണ് പ്രതീക്ഷ.

വിദേശീയപൗരനെ വിവാഹം ചെയ്യേണ്ടിവരുന്ന സ്ത്രീയ്ക്ക് സ്വന്തം ദേശീയത്വം പരിരക്ഷിയ്ക്കുവാനാവശ്യമായ നിയമസഹായം നൽകണമെന്നുള്ള വനിതാസംഘടനകളുടെ ആവശ്യം 1955-ൽ പുറത്തുവന്ന പുതിയ ഗ്രീക്കു് നാഷനാലിറ്റി നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതു പ്രകാരം ഒരു വൈദേശികനെ വിവാഹം ചെയ്യുന്നതിനു മുമ്പുതന്നെ തന്റെ ദേശീയത്വം നിലനിർത്തണമോ അതോ ഭർത്താവിന്റെ നാട്ടിലെ പൗരത്വം സ്വീകരിയ്ക്കണമോ എന്നു് അവൾക്കു തീരുമാനിയ്ക്കാം. വല്ലവിധത്തിലും ഒരുവളുടെ ഗ്രീക്കു് പൗരത്വം നഷ്ടപ്പെട്ടാൽ ഒരു കൊല്ലത്തിനകത്തു് അതു് തിരിച്ചെടുക്കുവാനുള്ള അധികാരം അവളിൽ നിക്ഷിപ്തമായിരിയ്ക്കുന്നു.

സ്ത്രീയുടെ സന്മാർഗ്ഗനിലവാരം ഉയർത്താനുള്ള പരിശ്രമത്തിന്റെ ഫലമായി 1955-ൽ വ്യഭിചാരാലയങ്ങൾ നിർത്തൽ ചെയ്തുകൊണ്ടുള്ള നിയമം പ്രസിദ്ധീകൃതമായി.

പാരമ്പര്യം അവശേഷിച്ചിട്ടുള്ള ചില ദുരാചാരങ്ങൾ ഇന്നിയും മാഞ്ഞുപോയിട്ടില്ല. ഇന്നും സ്ത്രീയുടെ മുന്നേറ്റത്തെ അവലപിക്കുവാൻ ശ്രമിക്കുന്നവരെ സമുദായമധ്യത്തിൽ ധാ

രാളം കാണാം. സാമൂദായികവും രാഷ്ട്രീയവുമായി ഇനി യും മറുപടി കിട്ടേണ്ട പ്രശ്നങ്ങൾ ബാക്കിയാണ്. അവശക ളായവരെ ഉയത്തിക്കൊണ്ടുവരുവാൻ സ്ത്രീകളുടേതായ സം ഘടനകൾ ധാരാളം സ്ഥാപിയ്ക്കപ്പെട്ടിട്ടുണ്ട്. തൊഴിലാളി സ്ത്രീകളുടെ ക്ലബ്ബ്, ദി സ്കൂൾ ഫോർ ഇല്ലിറേറേറു, മദർ ദി എഡുക്കേഷൻ സെൻടർ ഫോർ ഗേൾസ്, ദി ഫ്രൻഡ്സ് ഓഫ് ദി വില്ലേജ് എന്നിവ ഇവയിൽ സവിശേഷശ്രദ്ധാ യർഹിക്കുന്നു. ശിശുക്കളുടെ ഉന്നമനത്തെ ലാക്കാക്കി പ്ര വൃത്തിയെടുക്കുന്ന സംഘടനകളും കുറവല്ല.

ഇംഗ്ലീഷ് കൊളോണിയൽ ഭരണത്തിനെതിരായി പ്ര തിഷേധശബ്ദങ്ങളുയത്തി ലോകത്തിലെ സ്വാതന്ത്ര്യപ്രേമി കളുടെ സതപരശ്രദ്ധയെ സൈപ്രസ്സിലേയ്ക്കു തിരിയ്ക്കുവാൻ ഗ്രീക്ക് വനിതാസംഘടനകൾ വളരെ അധികം ശ്രമിച്ചിട്ടു ണ്ട്. മാനവജീവിതപുരോഗതിയ്ക്കാവശ്യമായ സാഹചര്യ ങ്ങൾ സൃഷ്ടിക്കുവാൻ എത്ര ത്യാഗം സഹിയ്ക്കുവാനും ഗ്രീക്ക് വനിത തയ്യാറാണ്. ശതാബ്ദങ്ങൾക്കപ്പുറത്തുനിന്നു യൂറി പ്പിഡീസിന്റെ ഗംഭീരനാദമുയരുകയാണ്: ബഹുമതി സ്ത്രീ വംശത്തിന്റെതാകുന്നു. ഇനിയൊരിയ്ക്കലും നിന്ദ്യമായ വാ ക്കുകൾ സ്ത്രീയെ ദ്രോഹിക്കുകയില്ല!

ഇറാലി

ഇറാലിക്കാർ സാമൂഹ്യവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ മാർഗ്ദർശകങ്ങളായി കരുതുന്നതു് പ്രജായത്തസിദ്ധാന്തങ്ങളെയാണു്. പൗരന്റെ വ്യക്തിത്വം സമ്പൂർണ്ണമായി വികസിയ്ക്കുവാൻ പറ്റിയ സാഹചര്യങ്ങളോടെ ജനാധിപത്യവ്യവസ്ഥിതി കെട്ടിപ്പടുക്കുവാൻ രണ്ടാം മഹായുദ്ധത്തിനു ശേഷമേ അവക്കു കഴിഞ്ഞുള്ളു. സ്ത്രീയ്ക്കു പരിപൂർണ്ണമായ സ്വാതന്ത്ര്യവും സമത്വവും നൽകാൻ, സാമൂഹ്യികവും രാഷ്ട്രീയവുമായ കാര്യങ്ങളിൽ വിവേചനമെന്യേ തുല്യപരിഗണന ലഭിയ്ക്കുമാറാക്കാൻ, ജനാധിപത്യതത്വസംഹിത ഇറാലിക്കാക്കു പ്രചോദനം നൽകി.

അര നൂറ്റാണ്ടിലെ പുരോഗതി

കഴിഞ്ഞ അമ്പതുകൊല്ലത്തിനിടയ്ക്കു് ലോകത്തിലെവിടെ തിരിഞ്ഞാലും, സ്ത്രീയുടെ അവകാശങ്ങളെ സംബന്ധിച്ചിടത്തോളം ആശാസ്യമായ പലേ മാറ്റങ്ങളും ഉണ്ടായിട്ടുള്ളതായി കാണാം. നൂറ്റാണ്ടുകളായി കിനാവു മാത്രമായിരുന്ന അനവധി ആനുകൂല്യങ്ങൾ സ്ത്രീയ്ക്കു ലഭ്യമായതു് ഈ കാലഘട്ടത്തിലാണു്. ഇതിനുവേണ്ടി പ്രയോഗിയ്ക്കപ്പെട്ട ഉപാധികൾ വിവിധങ്ങളായിരുന്നു. അക്രമരാഹിത്യവും അക്രമത്തിന്റെ വേലിയേറ്റവും സ്ത്രീസ്വാതന്ത്ര്യസമര പരിപാ

ടികളിൽ നാം കണ്ടുമുട്ടുന്നു. ഏതായാലും വെറും തറവാട്ടമ്മയോ, പുരുഷന്റെ തുണക്കാരിയോ എന്ന നിലവിട്ട്, സമുദായത്തിലെ ഒരു നിർണ്ണായകശക്തിയായി സ്ത്രീ വളർന്നു കഴിഞ്ഞു. ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആദ്യത്തെ ലോകമഹായുദ്ധത്തിനു മുമ്പുതന്നെ തുടങ്ങിയിരുന്നുവെങ്കിലും ഇറാലിയൻമഹിളയ്ക്ക് സ്വാതന്ത്ര്യം കരഗതമായതു്, രണ്ടാമത്തെ യുദ്ധത്തിനുശേഷം, സ്വതന്ത്രമായ ഒരു ജനാധിപത്യഭരണഘടന പ്രഖ്യാപിയ്ക്കപ്പെട്ടതോടെ, മാത്രമാണു്. ഭരണത്തിന്റെ ഉന്നത മണ്ഡലങ്ങളിലേയ്ക്കും രാഷ്ട്രീയവും സാമുദായികവുമായ ഉന്നതസ്ഥാനങ്ങളിലേയ്ക്കും, അവളുടെ പ്രവേശനത്തെ തടഞ്ഞു നിർത്തിയിരുന്ന കനത്ത മതിൽക്കെട്ട് ഇതോടെ ഇടിഞ്ഞു തകർന്നു വീണു.

ഭരണഘടനയുടെ വാഗ്ദാനങ്ങൾ

ഇറാലിക്കാരിയുടെ സാമുദായികവും രാഷ്ട്രീയവുമായ ജീവിതത്തെ പരാമർശിയ്ക്കുന്ന നിരവധി വകുപ്പുകൾ ഇറാലിയൻ ഭരണഘടനയിലുണ്ടു്. അതിന്റെ മൗലികം വകുപ്പ് പ്രഖ്യാപിക്കുന്നതു് എല്ലാ പൌരന്മാർക്കും—ജാതി, മതം, ലിംഗം, രാഷ്ട്രീയാഭിപ്രായങ്ങൾ, ലൈംഗികവ്യത്യാസങ്ങൾ, ധനസ്ഥിതി, സമുദായത്തിലുള്ള സ്ഥാനം ഇവയൊന്നും പരിഗണിയ്ക്കാതെ നിയമത്തിന്റെ മുമ്പിൽ തുല്യസ്ഥാനവും സമതയും ഉണ്ടായിരിക്കും എന്നാണു്. ഇതംപ്രഥമമായി ഇറാലിക്കാരിയ്ക്ക് വോട്ടവകാശം നൽകുന്നതാണു് 48—ാം വകുപ്പ്. തിരഞ്ഞെടുക്കുവാനും തിരഞ്ഞെടുക്കപ്പെട്ടുവാനുമുള്ള അവകാശവും പൊതുമണ്ഡലങ്ങളിൽ പ്രവേശനത്തിനുള്ള അധികാരവും 51—ാംവകുപ്പ് അവൾക്കു് വാഗ്ദാനം ചെയ്യുന്നു. ഇറാലിയൻ ഭരണഘടനയെപ്പറ്റിയുള്ള ചർച്ചാവേളയിൽ, രാഷ്ട്രീയാഭിപ്രായഭിന്നതകളെല്ലാം മറന്നു് കോൺസ്റ്റിറ്റ്യൂവന്റ് അസംബ്ളിയിലെ വനിതാപ്രതിനിധികൾ

ഈ വകുപ്പുകളെ ഏകകണ്ഠമായി പിന്താങ്ങി.

പാർലിമെൻറിൽ

ഇന്നു് ഇറാല്യൻ പാർലിമെൻറിൽ ഉള്ള വനിതാപ്രതിനിധികളുടെ എണ്ണം മുപ്പതു് ആണു്. അതിലൊരാൾ ഉപരിസഭാംഗമാകുന്നു. കഴിഞ്ഞ നിയമസഭയിലെ അംഗസംഖ്യ കണക്കാക്കുമ്പോൾ ഇത്തവണ സ്ത്രീകൾക്കു് പ്രാതിനിധ്യം കുറവാണു്. അന്നു് നാല്പതു് നിയമസഭാംഗങ്ങളും നാലു് ഉപരിസഭാംഗങ്ങളുമടക്കം നാല്പത്തിനാലു് വനിതാപ്രതിനിധികളുണ്ടായിരുന്നു.

മന്ത്രിസഭയിലും സ്ത്രീകൾ സ്ഥാനം നേടിയിട്ടുണ്ടു്. അണ്ടർ സെക്രട്ടറിമാരായി രണ്ടു വനിതകൾ സ്തുത്യർഹമായ സേവനമനുഷ്ഠിച്ചിരിക്കുന്നു. 1953—ലെ ഡിഗാസ്പേരി മന്ത്രിസഭയിൽ വ്യവസായവകുപ്പിലെ അണ്ടർസെക്രട്ടറിയായി നിയമിതയായ ആഞ്ജെല സിംഗോലാനിഗ്രൈഡി എന്ന ക്രിസ്ത്യൻ ഡെമോക്രാറ്റു് ആണു് ആദ്യത്തെ വനിതാമന്ത്രിസഭാംഗം. അതേ പാർട്ടിയിൽപ്പെട്ട മറിയ ഗ്രെവോലിനി ഡി ഉൽടെർറിക്കെതർ 1954—ലെ സിഗ്നികാബിനറിലും അതിനെ തുടർന്നു് അധികാരത്തിൽ വന്ന സോളികാബിനറിലും വിദ്യാഭ്യാസവകുപ്പിലെ അണ്ടർ സെക്രട്ടറിയായി ജോലി ചെയ്തിട്ടുണ്ടു്. ഇന്നു് ഇറാലിയൻ നാരിയെ ആകർഷിക്കുന്നതു് രാഷ്ട്രീയജീവിതം മാത്രമല്ല. ജീവിതത്തിൻെറ ഏതു തുറയിലും പ്രവേശനം ക്ഷിപ്രസാദ്ധ്യമായപ്പോൾ അതിലെല്ലാം തൻെറ സാമർത്ഥ്യം കാണിക്കുവാനുള്ള ഒരു വെമ്പൽ അവളിൽ ഉണർന്നിട്ടുണ്ടു്.

മറ്റു തൊഴിൽരംഗങ്ങളിൽ

അഭിഭാഷകജോലിയിൽ നിരവധി വനിതകൾ വ്യാപൃതരായിട്ടുണ്ടു്. എൻജിനീയറിങ്ങു്, ഗണിതശാസ്ത്രം, കെമിസ്ട്രി, എന്നീ വകുപ്പുകളിൽ ഉന്നതമായ പലേ സ്ഥാന

ങ്ങളും ഇന്നു ധിഷണാശാലികളായ ഇറ്റാലിയൻ സ്ത്രീകൾ അലങ്കരിക്കുന്നുണ്ട്. സ്വാഭാവികമായി, സ്ത്രീയുടേതാണെന്നു വിധിക്കപ്പെട്ടിട്ടുള്ള വൈദ്യം, പ്രത്യേകിച്ചു പ്രസവശുശ്രൂഷ, അദ്ധ്യാപനം, സാമൂഹ്യസേവനം എന്നീ വകുപ്പുകളിലാണ് ഇവരുടെ സംഖ്യ അധികമായി കാണുന്നതു്. ഇറ്റാലിയൻ കലാശാലാദ്ധ്യാപകരിൽ വലിയൊരു ഭാഗം വനിതകളാണ്. പുരുഷന്റെ കുത്തകയായിരുന്ന പത്രപ്രവർത്തനം, കല എന്നീ വിഭാഗങ്ങളിലും സ്ത്രീകൾ ഇപ്പോൾ വളരെ അധികം മുന്നേറിയിട്ടുണ്ട്.

പൊതുജീവിതത്തിന്റെ വിവിധരംഗങ്ങളിൽ ഇങ്ങിനെ വനിതകളിൽ സ്വതന്ത്രം വ്യക്തിമുദ്ര പതിച്ചുതുടങ്ങിയപ്പോൾ, സ്ത്രീക്കു സമത്വം അനുവദിക്കുവാൻ ധൃതി കാണിക്കാതിരുന്ന പുരുഷന്നു മാറിയ വ്യവസ്ഥിതിയോടു പൊരുത്തപ്പെടേണ്ടതായി വന്നു. ഇന്നു തെരുവിലാകട്ടെ, ആഫ്പീസിലാകട്ടെ, കോടതികളിലാകട്ടെ, സഹപ്രവർത്തകയോ, എതിരാളിയോ എന്ന നിലയിൽ പുരുഷന്നു വനിതയുമായേറ്റുമുട്ടേണ്ടിവരുന്നു. സാമൂഹ്യസേവനപദ്ധതികളുടെ ധനവ്യയം ലഘൂകരിക്കുവാനായി വനിതകൾ ധാരാളം സൗജന്യമായി പണിയെടുക്കാൻ സന്നദ്ധരായിട്ടുണ്ട്, മതപരമായ കാര്യങ്ങളിലും ഇവരുടെ സമർത്ഥമായ സേവനം ലഭിച്ചുവരുന്നു.

വനിതാസംഘടനകൾ

സാമൂഹ്യസേവനം ശുഷ്കാന്തിയോടെ നിറവേറ്റുവാൻ വനിതകൾക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകുന്ന അനവധി സംഘങ്ങൾ ഇന്നു് ഇറ്റലിയിൽ നിലവിലുണ്ട്. ''നാഷണൽ ലീഗ് ഓഫ് ഇറ്റാലിയൻ വിമൻ'' ''നാഷണൽ കൌൺസിൽ ഓഫ് ഇറ്റാലിയൻ വിമൻ'' 'ഇറ്റാലിയൻ വിമൻസ് യൂണിയൻ' 'ഇറ്റാലിയൻ വിമൻസ് സെന്റർ' എന്നിവയാണു് പ്രധാന വനിതാസംഘടന

കൾ. ആദ്യത്തേതു് തടവുകാരുടേയും കുറ്റക്കാരുടേയും കുടുംബങ്ങളെ സഹായിക്കുകയും അവർക്കു വേണ്ട നിർദ്ദേശങ്ങളും സഹകരണങ്ങളും നൽകുകയും ചെയ്യുന്നു. മതപരമോ രാഷ്ട്രീയമോ ആയ യാതൊരു ചായ്വും കൂടാതെ സ്ത്രീയുടെ അവകാശസംരക്ഷണമാണു് രണ്ടാമത്തേതിന്റെ ലക്ഷ്യം. തൊഴിലെടുക്കുന്ന സ്ത്രീകളുടെ പുരോഗതിക്കു വേണ്ട ഒത്താശകൾ ചെയ്യുവാനാണു് മൂന്നാമത്തെ സംഘടന നിലകൊള്ളുന്നതു്. ഒരു കാത്തലിക്കു് സംഘടനയാണു് "ഇറാലിയൻ വിമൻസ് സെൻടർ". സാമൂഹ്യസേവനമാണു് ഈ സംഘടനയുടെ പ്രധാനപരിപാടി. രാഷ്ട്രീയച്ചായ്വുള്ള സംഘടനകളാണു് ഇറാലിയൻ വിമൻസ് മൂവ്മെൻടു്, യൂണിയൻ ഓഫ് ഇറാലിയവിമൻ എന്നിവ.

ഇറാലിയൻ വനിത പൗരജീവിതത്തിൽ ഇന്നു് വളരെ അധികം സ്വാധീനം ചെലുത്തുന്നുണ്ടു്. വെറുതെ സംഭവവികാസങ്ങൾ വീക്ഷിക്കുന്നതുകൊണ്ടു് അവൾ തൃപ്തിപ്പെടുന്നില്ല. സ്ത്രീയുടെ പൌരാവകാശങ്ങൾ കൂട്ടായി വിപുലമാക്കാൻവേണ്ടി പാർലിമെൻറിൽ പലപ്പോഴും അവൾ ശബ്ദമുയർത്തുന്നു. അതുപോലെതന്നെ പത്രങ്ങളിൽ സ്വാധീനം ചെലുത്തി അവൾ അവളുടെ ആവശ്യങ്ങളെ പൊതുജനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

ഒരു ജനാധിപത്യരാഷ്ട്രത്തിൽ, തങ്ങൾ വഹിയ്ക്കേണ്ട പങ്കു് എന്താണു് എന്നു് ഇറാലിയൻ സ്ത്രീകൾക്കു നല്ലപോലെ അറിയാം. മനസ്സാന്നിദ്ധ്യത്തോടും ആത്മാർത്ഥതയോടും കൂടി ആ കർത്തവ്യം നിർവ്വഹിക്കുന്നതിനവൾ സന്നദ്ധയായിരിക്കുന്നു. രാഷ്ട്രീയവൃത്തങ്ങളിൽ സമചിത്തത പുലർത്തുന്നതിൽ ഇറാലിയൻ സ്ത്രീശക്തി നിസ്സാരമല്ലാത്ത പങ്കു വഹിക്കുന്നു.

സ്വിറ്റ്സർലണ്ട്

പ്രകൃതിരമണീയമായ സ്വിറ്റ്സർലണ്ടിന്റെ പുത്രിയെ അലട്ടുന്ന ഒരു വസ്തുതയാണ് ഇനിയും അവൾക്കു മുഴുവൻ പൗരാവകാശങ്ങളും ലഭ്യമായിട്ടില്ല എന്നത്. പരിഷ്കാരത്തിന്റെയും സംസ്കാരത്തിന്റെയും പാരമ്യത്തിൽ എത്തിയെന്നഭിമാനിക്കുന്ന ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകളിൽപ്പോലും സ്വിസ്സ് വനിതയുടെ പുരോഗതിയെ സമുദായം കടിഞ്ഞാണിട്ടു നിയന്ത്രിക്കുകയാണ്. എന്നാൽ, ഏതു ത്യാഗം ചെയ്യും നേടേണ്ടതു നേടാതെ പിൻതിരിയുന്നവളല്ല അവൾ. ഏറിയ കാലമായി അവിടെ നടന്നുവരുന്ന വിരാമമില്ലാത്ത സമരം അവളുടെ നിശ്ചയദാർഢ്യത്തെ കുറിക്കുന്നു.

പ്രത്യേക ഭരണഘടന

"ഡയരക്ട് ഡെമോക്രസി" എന്നു വിളിക്കാവുന്ന ഒന്നാണ് സ്വിറ്റ്സർലണ്ടിന്റെ ഭരണസമ്പ്രദായം. 'കാൻടൺ' എന്നറിയപ്പെടുന്ന സ്വയംഭരണാധികാരമുള്ള ഇരുപത്തിരണ്ടു സ്റ്റേറുകളുടെ സമാഹാരമാണ് "സ്വിസ്സ് കോൺഫഡറേഷൻ". കാൻടോണൻ, മുനിസിപ്പൽ, ഫെഡറൽ എന്നീ അടിസ്ഥാനങ്ങളിലാണ് തിരഞ്ഞെടുപ്പ്. അവിടത്തെ ഒരു സവിശേഷത, ഒരു കൊല്ലത്തിൽ അനേകം തവണ ഒരു

പൗരനു ബാലാറുപെട്ടിയെ സമീപിപ്പിക്കേണ്ടിവരുന്നു എന്നതാണ്. ഏതെങ്കിലും ഒരു പ്രശ്നം സ്റ്റേറ്റിനെ അഭിമുഖീകരിക്കുമ്പോൾ അതു സാമ്പത്തികമോ, രാഷ്ട്രീയമോ, സാമുദായികമോ, സാങ്കേതികമോ ആവട്ടെ—ഒരു നിർണ്ണയമുണ്ടാക്കുവാൻ സ്വിസ്സ് പൗരന്റെ അഭിപ്രായം അറിയണം. അങ്ങിനെ ഓരോ പ്രശ്നം ഉണ്ടാവിയ്ക്കുമ്പോഴും അയാൾ പ്രത്യേകം പ്രത്യേകമായി വോട്ടു ചെയ്യുന്നു. അതിനാൽ നിയമസഭാംഗങ്ങളെ തിരഞ്ഞെടുക്കുന്നതുകൊണ്ടുമാത്രം അയാളുടെ പൗരാവകാശം അവസാനിയ്ക്കുന്നില്ല.

പ്രത്യേകമായ വേറെ ഒരു അവകാശം അയാൾക്കുള്ളതാണ് ''റൈറ്റ് ഓഫ് റഫറണ്ടം.'' ഏതെങ്കിലും വിഷയത്തിൽ അതൃപ്തി തോന്നിയാൽ 30,000 പൗരന്മാർക്ക് ഒന്നിച്ചു ചേർന്ന് ഒരു പുതിയ തിരഞ്ഞെടുപ്പു നടത്താൻ സ്റ്റേറ്റിനോടു് ആവശ്യപ്പെടാം.

അവർക്ക് ഉള്ള മറ്റൊരു അധികാരമാണ് ''റൈറ്റ് ഓഫ് ഇനീഷിയേറ്റീവ്.'' അതനുസരിച്ച് ഭരണഘടനാപരമായ ഒരു സംഗതിയെപ്പറ്റി ചർച്ച ചെയ്യാൻ 50,000 പൗരന്മാർ ഒത്തുചേർന്ന് ആവശ്യപ്പെട്ടാൽ മതി.

സ്ത്രീകൾക്കു രാഷ്ട്രീയസമത്വം നൽകാൻ, ഈ പരിതഃസ്ഥിതിയിൽ, ഭൂരിപക്ഷാനുകൂല്യം അത്യാപേക്ഷിതമാണ്. മുനിസിപ്പലോ കൻടോണലോ ആയ അടിസ്ഥാനത്തിന്മേലിതവക്കു ലഭിയ്ക്കാൻ സാദ്ധ്യതയില്ല. ഈ ഒരു പ്രശ്നം 30,000 ആളുകളാവശ്യപ്പെട്ടാൽ, പൊതുവായ അഭിപ്രായപ്രകടനത്തിനു വിധേയമാക്കാം. ഭൂരിപക്ഷം ആളുകളും അനുകൂലികളാണെങ്കിൽ സ്വിസ്സ് വനിതയുടെ ചിരകാലസ്വപ്നം സാധിതമാകും. നിർഭാഗ്യവശാൽ അധികം സ്വിറ്റ്സർലണ്ടുകാരും സ്വിസ്സ് മഹിളയ്ക്കു സ്വാതന്ത്ര്യവും അധികാരവും വോട്ടവകാശമില്ലാത്ത ഇന്നത്തെ പരിതഃസ്ഥിതിയിൽത്തന്നെ

ധാരാളമുണ്ട് എന്ന അഭിപ്രായക്കാരാണ്. വോട്ടവകാശം ഒഴിച്ച്, ബാക്കി രാഷ്ട്രീയകാര്യങ്ങളിലെല്ലാം പുരുഷനോട സമത്വം അവൾക്കു ഭരണഘടന അനുവദിച്ചുകൊടുത്തിട്ടുണ്ട്. നീക്കേണ്ട അവശതകൾ ഇല്ല എന്നതിനർത്ഥമില്ല. തികഞ്ഞ പുരോഗമനകാശം മാത്രമേ തങ്ങൾ അർഹിക്കുന്ന സ്ഥിതി തങ്ങൾക്കു നേടിത്തരുള്ള എന്നാണ് സ്വിസ്സ് വനിതയുടെ വാദം. തങ്ങളുടെ സമരത്തിന്നു് ഉണർവ്വും വീര്യവും നൽകാൻ, തങ്ങൾക്കും കുട്ടികൾക്കും കൂടുതൽ നല്ല ഒരു നാളെ പടുത്തുയർത്താൻ, അവളാവശ്യപ്പെടുന്നതു് എല്ലാ നിലയിലും ഉള്ള പരിപൂർണ്ണസമത്വമാണ്. അതു നേടാൻ സന്നദ്ധയായിത്തന്നെയാണ് അവൾ സമരരംഗത്തിറങ്ങിയിട്ടുള്ളതു്.

അവശേഷിക്കുന്ന അവശതകൾ

വിവാഹശേഷം സാമ്പത്തികമായി സ്വിസ്സുകാരി തികച്ചും ഭർത്താവിന്റെ അധീനത്തിൽ ആകുന്നു. അയാളുടെ അനുവാദമില്ലാതെ ഒരൊറ്റ പൈസ ചിലവഴിയ്ക്കുവാൻ അവൾക്കു നിവൃത്തിയില്ല. ധനസമ്പാദനവിഷയത്തിൽ ഭർത്താവിനോടൊപ്പം തന്നെ സ്ത്രീ അദ്ധ്വാനിച്ചിട്ടുണ്ട് എങ്കിലും, വിവാഹമോചനാവസരത്തിൽ ഭാര്യയ്ക്ക് അവകാശപ്പെടാവുന്നതു് ആകെയുള്ള സ്വത്തിന്റെ മൂന്നിലൊരുഭാഗം മാത്രമാണ്. ബാക്കി മൂന്നിൽ രണ്ടു് ഓഹരി നിരുപാധികം പുരുഷന്റെ അധീനത്തിലായിരിയ്ക്കും. വേണമെങ്കിൽ ആദ്യം ഭർത്താവിൽത്തന്നെ വിവാഹനിയമത്തിന്റെ പരിധിയ്ക്കുതീതയാണ് താനെന്ന ഒരു കരാറു് അവൾക്കുണ്ടാക്കാമെന്നേയുള്ളൂ.

കുടുംബാവശ്യത്തിനു "ഷോപ്പിങ്ങ്" നടത്തുവാനുള്ള അധികാരം ഭാര്യയ്ക്കാണ് എന്നാണ് വെയ്പ്. പക്ഷേ പ്രായോഗികമായി നടക്കുന്നതു് നേരെ വിപരീതമായിട്ടാണ്. സിവിൽ കോഡിന്റെ 164-ാംവകുപ്പു ഭാര്യ തന്റെ ഈ അ

ധികാരം ദുർവിനിയോഗം ചെയ്യാത്തിടത്തോളംകാലം അതിൽ ഭർത്താവു കൈകടത്താൻ പാടില്ല എന്നു പറയുന്നുണ്ടെങ്കിലും, ഭാര്യയുടെ അധികാരദുർവിനിയോഗം തെളിയിയ്ക്കേണ്ട ആവശ്യകത ഭർത്താവിനില്ലാത്തതിനാൽ ഈ നിയമത്തിന്റെ മുഴുവൻ ഗുണവും സ്ത്രീയ്ക്കു സിദ്ധിക്കുന്നില്ല. നിയമസഹായം തേടാൻ അവൾക്കു സാദ്ധ്യമാണെങ്കിലും, ഗാർഹികജീവിതത്തിൽ അപസ്വരം കലർത്താതെ അതു ചെയ്യുക എളുപ്പമല്ല. നേരെമറിച്ച് കുടുംബസ്വത്തു മുഴുവൻ താറുമാറാക്കുന്ന ഭർത്താവിനെ ഒന്നു് ഉപദേശിക്കുവാൻപോലും അവൾക്കു നിവൃത്തിയില്ല. കടംവരുത്തുന്നതിൽനിന്നോ അനാവശ്യമായി ചെലവുചെയ്തു് ഉള്ളതു മുഴുവൻ നശിപ്പിച്ചുകളയുന്നതിൽനിന്നോ പുരുഷനെ പിന്തിരിപ്പിക്കുവാൻ സ്ത്രീക്കു് അധികാരമില്ല.

ഭർത്താവിന്റെ സമ്മതമില്ലാതെ ഒരു ജോലി തിരഞ്ഞെടുക്കുവാൻ സർവ്വീസുകാരിക്കു സ്വാതന്ത്ര്യമില്ല. നിയമം അവളെ സഹായിക്കും. പക്ഷേ അപ്പോഴും സ്വാതന്ത്ര്യത്തിന്റെ മാറ്റത്തിൽ വിലങ്ങടിച്ചു കിടക്കുകയാണു് കുടുംബജീവിതത്തിലെ സമാധാനം പൊയ്പോകുമോ എന്ന ഭീതി. സാധാരണഗതിയിൽ തൊട്ടതിനൊക്കെ കോടതി കയറാൻ കൂട്ടിനയായ ഒരു സ്ത്രീ മടിക്കുന്നതുകൊണ്ടു് ക്ഷമയോടുകൂടി സഹിക്കുകയാണു് മിക്കപ്പോഴും അവൾ ചെയ്യുക.

കുട്ടികളെ സംബന്ധിച്ചിടത്തോളം അച്ഛനും അമ്മയ്ക്കും തുല്യമായ അവകാശാധികാരങ്ങൾ അല്ല സിവിൽസർവ്വീസിൽ ഉള്ളതു്. അച്ഛനും അമ്മയ്ക്കും ബാദ്ധ്യത സമമാണെങ്കിലും, നിയമം നിർദ്ദേശിക്കുന്നു: "എന്തെങ്കിലും വിഷയത്തിൽ യോജിപ്പുണ്ടാക്കുവാൻ സാദ്ധ്യമല്ലെങ്കിൽ, അച്ഛന്റെ അഭിപ്രായത്തിനു് മുൻഗണന നൽകണം" എന്നു്. ഈ ഉപവകുപ്പിന്റെ സഹായത്തോടുകൂടി

ശിശുസംരക്ഷണകാര്യത്തിൽ തന്റെ ഏകാധിപത്യം നടത്താൻ ഭർത്താവിനു സാധിക്കുന്നു.

നിയമവിധേയമല്ലാത്ത ഒരു ബന്ധത്തിൽ ജനിക്കുന്ന ശിശുവിന്റെയും അതിന്റെ മാതാവിന്റെയും സ്ഥിതി അനുഭവയർഹിക്കുന്ന ഒന്നാണ്. ശിശുവിന്റെ പിതൃത്വത്തെപ്പറ്റി ഒരു പുരുഷനു് എന്തെങ്കിലും സംശയമുണ്ടെങ്കിൽ തന്റെ ഉത്തരവാദിത്വത്തിൽനിന്നു് അയാൾക്കു വേഗം രക്ഷപ്പെടാം. സ്ത്രീയ്ക്കു് ഇതരപുരുഷന്മാരുമായി ലൈംഗികബന്ധമുണ്ടായിരുന്നു എന്നു സ്ഥാപിക്കുയേ വേണ്ടൂ പുരുഷനു്. അതുകൊണ്ടു് പലപ്പോഴും കുട്ടിയുടെ സംരക്ഷണഭാരം മാതാവിൽ വന്നുചേരുന്നു.

സ്ത്രീയ്ക്കു കിട്ടുന്ന കൂലിയും ശമ്പളവും പുരുഷന്മാരുടേതിൽനിന്നു് വളരെ താഴ്ന്നതാണ്. സിവിൽസർവ്വീസിലെപോലും സ്ത്രീയോ പുരുഷനോ എന്നതാണു് ശമ്പളം തീർച്ചയാക്കുന്നതിന്റെ മാനദണ്ഡം. മിക്കപ്പോഴും കുറവായ വേതനം ലഭിക്കുന്ന ജോലികളിലേ സ്ത്രീയ്ക്കു നിയമനം സിദ്ധിക്കുന്നുള്ളൂ.

സമരം മുന്നേറുന്നു

ഈ ചരിത്രസ്ഥിതിയിലാണ് എല്ലാ നിലയിലും പുരുഷസമത്വം നേടാൻ സ്വിസ്സ് വനിത സന്നദ്ധയായി സമരരംഗത്തിറങ്ങിയതു്. 1920–നും 1956–നും ഇടയ്ക്കു് ഈ ഒരു പ്രശ്നത്തിന്മേൽ 26 തിരഞ്ഞെടുപ്പുകൾ നടത്തിയിട്ടുണ്ടു്. നിരാശയാണു് ഇതിന്റെയെല്ലാം ഫലമെങ്കിലും, ഓരോ കൊല്ലം ചെല്ലുന്തോറും സ്ത്രീസ്വാതന്ത്ര്യവാദത്തോടുള്ള എതിർപ്പിനു ശക്തി കുറഞ്ഞുവരുന്നതായി കാണാം. ബേൺകാന്റനിൽ അടുത്തു നടന്ന ഒരു തിരഞ്ഞെടുപ്പിൽ 54.4 ശതമാനം ആയിരുന്നു സ്ത്രീസ്വാതന്ത്ര്യവിരോധികൾ നേടിയ വോട്ടുകൾ. സമത്വത്തിന്റെ പുരോഗതി തെളിഞ്ഞു തുടങ്ങിയിട്ടു

ണ്ട് എന്നാണ് സ്വിസ്സ് വനിത വിശ്വസിക്കുന്നത്. രണ്ടു വൻയുദ്ധങ്ങൾ വരുത്തിവെച്ച വിനകളും അയൽരാജ്യങ്ങളിൽ നടക്കുന്ന നവോത്ഥാനങ്ങളും ജനങ്ങളുടെ കണ്ണുകൾ തുറപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട് എന്നാണ് ഈ പുരോഗതി, മന്ദമെങ്കിലും കുറിക്കുന്നത്. 1952-ൽ ബാസൽ നഗരത്തിലും 1954-ൽ ജനീവയിലും 1956-ൽ സൂറിച്ചിലും സ്ത്രീകൾക്കു് സ്ത്രീസ്വാതന്ത്ര്യകാര്യത്തിൽ എത്രത്തോളം ആവേശവും താൽപര്യവും ഉണ്ടെന്നു് അറിയാൻ പോളിങ്ങു് നടത്തുകയുണ്ടായി. സ്ത്രീ തികഞ്ഞ പൗരാവകാശം ആഗ്രഹിക്കുന്നു എന്നതിന്റെ പ്രത്യക്ഷലക്ഷ്യമായിരുന്നു ആ മൂന്നു തിരഞ്ഞെടുപ്പിലും കിട്ടിയ ഭൂരിപക്ഷം.

1957-ൽ കുറച്ചുകൂടി ദൂരവ്യാപകമായ അഭിവൃദ്ധിയുണ്ടായി. സ്ത്രീക്കു് പബ്ലിക് സർവ്വീസുകളിൽ പ്രവേശനം ലഭിക്കുന്നതിനെപ്പറ്റിയുള്ള പ്രശ്നം പൊതുഅഭിപ്രായത്തിനു് വിധേയമായപ്പോൾ ഒന്നരണ്ടു സ്ഥലങ്ങളിൽ വോട്ടുചെയ്യുവാൻ സ്ത്രീകളെയും അധികാരികൾ അനുവദിച്ചു. രാജ്യത്തു് ആകെ അതൊരു വിപ്ലവം സൃഷ്ടിച്ചു. അവരുടെ വോട്ടുകൾക്കു് വിലയുണ്ടായിരുന്നില്ല. എന്നിട്ടും അനുവദിക്കപ്പെട്ടതുകളുടെ സഹോദരന്മാരോടൊപ്പം ആവേശത്തോടും ഉത്സാഹത്തോടുംകൂടി ബാലറ്റുപെട്ടിയെ സമീപിച്ചു. സ്വിറ്റ്സർലണ്ടു് ആദ്യമായിട്ടാണു് അത്തരമൊരു കാഴ്ച വീക്ഷിച്ചതു്. കുറച്ചു മാസങ്ങൾക്കുമുമ്പു് ബാസൽ കാൻടണിലെ ഒരു തിരഞ്ഞെടുപ്പിൽ സ്ത്രീക്കു വോട്ടവകാശം അനുവദിക്കണമോ എന്ന പ്രശ്നത്തിനു് അനുകൂലമായി 12000 വും പ്രതികൂലമായി 8000 വും വോട്ടുകൾ രേഖപ്പെട്ടുത്തി. സ്വിസ്സ് വനിതാപ്രക്ഷോഭണത്തിന്റെ ആദ്യത്തെ വിജയമായിരുന്നു അതു്. പക്ഷേ ഇതുകൊണ്ടുമാത്രം സ്വിസ്സ് സ്ത്രീക്കു് പൊതുതിരഞ്ഞെടുപ്പിൽ ഭാഗഭാക്കാകാനുള്ള അർഹത കിട്ടിയിട്ടില്ല. ഭരണഘടനാപരമായ ഒരു പ്രശ്നമായതുകൊണ്ടു്

ഇതിന്ന കോൺഫെഡറേഷന്റെ അനുമതി ലഭിക്കേണ്ടതാണ്. രാജ്യത്തിന്റെ ഭരണക്രമമായ ഫെഡറൽ കൗൺസിൽ, ഭരണഘടനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി, സ്ത്രീയ്ക്ക മുഴുവൻ സമത്വവും നൽകാൻ പാർലിമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്റ്റേറ്റ് കൗൺസിൽ വിപ്ലവാത്മകമായ ഈ നടപടിയ്ക്ക് ആരംഭിസ്സും അനുഗ്രഹവും നൽകിക്കഴിഞ്ഞു. അടുത്ത ഭാവിയിൽത്തന്നെ നാഷണൽ കൌൺസിലും അതിനു് അനുവദിയ്ക്കും—അതെല്ലാം ശരിയായാലും, പിന്നെയും പൂർണ്ണാധികാരം ലഭിക്കുവൻ ജനസാമാന്യത്തിന്റെ ഭൂരിപക്ഷം വേണം.

[അവലംബം: Yvonne wolfന്റെ ഒരു ലേഖനം.]



നെതർലാൻഡ്സ്

വെള്ളത്തിൽനിന്നു് അപ്പപ്പോഴായി പൊട്ടിത്തെയിത്തിയിട്ടുള്ള ഒരു താഴ്ന്ന പ്രദേശമാണു് നെതർലാൻഡ്സ്. വെറും 33,000 ചതുരശ്ര കിലോമീറ്ററാണു് അതിന്റെ വിസ്താരം. പ്രധാന ധനാഗമനമാർഗ്ഗവും ഗതാഗതമാർഗ്ഗവും നദികൾ ആകുന്നു. ശാസ്ത്രീയപുരോഗതി പ്രകൃതിയുടെ വികൃതിക്കു സാമാന്യം കടിഞ്ഞാണാൻ ഇട്ടിട്ടുണ്ടു് എങ്കിലും നെതർലാൻഡ്സിലെ കൃഷികജനതയ്ക്കു് അഭിമുഖീകരിക്കേണ്ടിവരുന്നതു്, കരയിൽ കയറി വിശ്രമിക്കുവാൻ വെമ്പുന്ന കടലിനേയും, ഗതിമാറിയൊഴുകുവാൻ വെമ്പൽകൊള്ളുന്ന നദികളേയും, സമയമോ കാലമോ നോക്കാതെ വിരുന്നു വരുന്ന മഴയെയുമാണു്.

യൂറോപ്യൻവൻനദികൾക്കിടയ്ക്കു വടക്കൻകടലിലേയ്ക്കു ചാഞ്ഞുകിടക്കുന്ന ഈ കൊച്ചുനാടിന്റെ വികസനസാദ്ധ്യതകൾ ആദികാലംമുതല്ലേ സാമ്രാജ്യദുർമ്മോഹികളുടെ കണ്ണുകളെ ആകർഷിച്ചിരുന്നു. അകത്തും പുറത്തുമുള്ള ശത്രുക്കളോടു് അനവരതം മല്ലടിക്കേണ്ടിവന്നതുകൊണ്ടാവാം അതിപ്രാചീനകാലംമുതൽക്കുതന്നെ സ്വീഡ്സ് അപകർഷം കല്പിക്കുവാൻ നെതർലാൻഡ്സിലെ ജനത തയ്യാറായില്ല. ക്ഷിപ്രപ്രസന്നയല്ലാതിരുന്ന പ്രകൃതിദേവിയോടും കഴുകന്റെ ദൃഷ്ടിയുമാ

യി പറന്നുവീഴാൻ കാത്തുനിൽക്കുന്ന അയൽനാട്ടുകാരോടുമുള്ള ആ വിപത്തിൽ അപ്രധാനമല്ലാത്ത പങ്കാണ് അവിടെ അംഗനമ്മാർ വഹിക്കുവാനുണ്ടായിരുന്നത്. ജീവിതായോധനത്തിൽ ഡച്ചുകാരനു കരുത്തുറ്റ ഒരു സഖിയായിരുന്നു സ്ത്രീ. 1568–മുതൽ 1648–വരെ നീണ്ടുനിന്ന സ്വാതന്ത്ര്യസമരക്കാലത്തും അതിനെ തുടർന്നുള്ള ദേശീയപുനരുദ്ധാരണദശയിലും അവളുടെ നിശ്ചയദാർഢ്യവും കർമ്മകുശലതയും മറക്കാൻ വയ്യാത്ത സഹായമാണനുഷ്ഠിച്ചത്. യുദ്ധരംഗത്തുമാത്രമായിരുന്നില്ല അവളുടെ പാടവം. ഗൃഹഭരണവും ശിശുസംരക്ഷണവും വ്യവസായവും കാഷ്ഠികവൃത്തിയും അവൾ പ്രാഗല്ഭ്യത്തോടെ നിർവ്വഹിച്ചു. മറ്റു ചില രാജ്യങ്ങളിലെ സ്ത്രീകൾക്കെന്നപോലെ സമത്വത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടി സായുധസമരമൊന്നും അവർക്കാവശ്യമായിവന്നില്ല.

നെതർലാൻഡ്സിലെ പുരുഷസമുദായം അതിരറ്റ ആദരവോടെയാണ് സ്ത്രീയോട് പെരുമാറിയിരുന്നത്. എങ്കിലും നിയമദൃഷ്ടിയിൽ പരിപൂർണ്ണസമത്വം അവൾക്കു കിട്ടിയതു് ഏകദേശം രണ്ടു കൊല്ലത്തിനുമുമ്പു മാത്രമായിരുന്നു.

മദ്ധ്യകാലഘട്ടത്തിലെ ആദ്യദശകങ്ങളിൽപ്പോലും നെതർലാൻഡ്സിന്റെ ചരിത്രത്തിൽ ഉജ്ജ്വലപ്രഭാവകളായ സ്ത്രീകളെ നമുക്കു കാണാം. റാണി, റീജന്റ്, മതാദ്ധ്യക്ഷ, സമരനേത്രി എന്നീ നിലകളിൽ ചരിത്രത്തിന്റെ ഏടുകളിൽ അവർ സ്ഥാനം പിടിച്ചിരിക്കുന്നു. നിയമം എന്തുതന്നെ പറഞ്ഞാലും ഭൂവുടമയും അതിനോടനുബന്ധിച്ച മറ്റു് അധികാരങ്ങളും സ്ത്രീകൾക്കു ലഭ്യമായിരുന്നു.

വിദ്യാഭ്യാസം

അജ്ഞാനത്തിന്റെ അന്ധകാരത്തിൽ ആണ്ടുകിടക്കുന്ന അയൽനാട്ടിലെ സഹോദരികൾക്കു് ആവേശവും ഉത്സാഹ

വും പകർന്നുകൊടുത്തുകൊണ്ട് 1870-ൽ ഒരു നെതർലാൻഡുകാരി ആദ്യമായി ഡോക്ടർബിരുദം നേടി. അന്നുതൊട്ട് വിദ്യാഭ്യാസമണ്ഡലങ്ങളിൽ സ്ത്രീകൾക്ക് ക്രമികമായ പുരോഗതി കൈവന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വ്യത്യസ്തമായ പാഠശാലകൾ ഡച്ചു് വിദ്യാഭ്യാസസമ്പ്രദായത്തിൽ അസാധാരണമാണു്. നർസറിസ്കൂൾ തൊട്ട യൂണിവേഴ്സിറ്റിവരെ സഹവിദ്യാഭ്യാസമാണു് അവിടെ. ഒരേക്ലാസിൽ ഒരേവിഷയങ്ങൾ പഠിച്ചു്, ഒരേ വിധത്തിലുള്ള കളികളിൽ വ്യാപൃതരായി, ഒരേതരത്തിലുള്ള പരീക്ഷകൾക്കിരുന്നു് അവർ വിദ്യാഭ്യാസം പൂർത്തിയാക്കുന്നു. 19-ാംനൂറ്റാണ്ടിന്റെ അവസാനത്തോടെ അനക്ഷരത അവിടെ പാടെ തുടച്ചുനീക്കപ്പെട്ടു.

തൊഴിൽരംഗത്തു്

പ്രായോഗികമായി അസാദ്ധ്യമല്ലാത്ത ഏതു പണിയിലും ഡച്ചുകാരിക്കു പ്രവേശനമുണ്ടു്. പക്ഷേ, ജോലി ചെയ്യാനോ ഉയരുവാനോ ഉള്ള പരിതഃസ്ഥിതികൾ വനിതകൾക്കു വളരെ കുറവാണു്. പ്രായേണ ഇരുപതു് ഇരുപത്തഞ്ചു വയസ്സാകുമ്പോഴേയ്ക്കും ഡച്ചുകാരി വിവാഹബന്ധത്തിലേപ്പെട്ടുന്നു. അതോടുകൂടി അവളുടെ പൊതുജീവിതം അവസാനിക്കുകയും ചെയ്യും. എങ്കിലും യുദ്ധത്തിനുശേഷം ആശാവഹമായ ഒരു വ്യതിയാനം ഈ വിഷയത്തിൽ ഉണ്ടായിട്ടുണ്ടു്. ഇന്നു് ഗൃഹപരിധിവിട്ടു് കൂടുതൽക്കൂടുതൽ വീട്ടമ്മമാർ പൊതുപ്രവർത്തനത്തിനു സന്നദ്ധത കാണിക്കുന്നുണ്ടു്. ഏതു കാലത്തും അവിവാഹിതരായ യുവതികൾ പുറത്തുപോയി ജോലിചെയ്യുവാൻ ഉത്സുകരാണു്.

പ്രാദേശികസഭകളിലും സംസ്ഥാനകൌൺസിലുകളിലും സ്ത്രീകൾ ധാരാളമാണു്. ഫസ്റ്റ് ചേംബർ ഓഫ് സ്റ്റേറ്റ് ജനറലിലെ 75 അംഗങ്ങളിൽ നാലും രണ്ടാം ചേംബ

റിലെ 150 അംഗങ്ങളിൽ പതിന്നാലും സ്ത്രീകളാണ്. അതിനുപുറമെ കാബിനറിലും ഒരു വനിതാമന്ത്രിയുണ്ട്. യൂണിവേർസിറ്റി പ്രൊഫസർമാർ, ജഡ്ജിമാർ എന്നീ സ്ഥാനങ്ങളിൽ അടുത്ത കാലത്തായി കൂടെ അധികം സ്ത്രീകൾ പ്രവൃത്തിയെടുക്കുന്നുണ്ട്. സിവിൽസർവ്വീസിന്റെ ഉത്തരവാദിത്വം തികഞ്ഞ ഉന്നതസ്ഥാനങ്ങളിൽ വിരളമായേ സ്ത്രീകളെ കാണുന്നുള്ളു. വ്യവസായം, വാണിജ്യം എന്നീ വകുപ്പുകളിൽ അവർ ദ്രുതതരമായി അഭിവൃദ്ധി പ്രാപിക്കുന്നുണ്ട്. നിയമം, വൈദ്യം എന്നിവ സ്ത്രീകളെ വളരെയധികം ആകർഷിച്ചിട്ടുള്ള ജോലികളാണ്. കുറച്ച് എൻജിനീയർമാരും ഡച്ചുകാരിൽ ഇല്ലാതില്ല. എന്നാൽ അവരെ ഏറ്റവും അധികം കണ്ടുമുട്ടുന്നതു് വിദ്യാഭ്യാസമണ്ഡലത്തിലാണ്. യുദ്ധകാലത്തും അതിനുശേഷവും സൈന്യത്തിൽ വനിതാവിഭാഗങ്ങളുണ്ടായിട്ടുണ്ട്.

വനിതാസംഘടനകൾ

ഡച്ചുവനിതകളിൽ പ്രകൃതിയിലധികംപേരും ഒന്നിലല്ലെങ്കിൽ മറെറാരു വനിതാസംഘടനയിൽ അംഗങ്ങളാകുന്നു. ഈ സംഘടനകളെ സാമാന്യമായി മതപരം, രാഷ്ട്രീയം, ഔദ്യോഗികം എന്നീ മൂന്നു വകുപ്പുകളിൽ ഉൾപ്പെടുത്താം. വിവാഹിതരും പെൺകുട്ടികളും മതപരമായ സംഘടനകളിലാണ് അധികം ഉത്സാഹം കാണിക്കുന്നതു്. രാഷ്ട്രീയച്ചായ്വുള്ളവർക്കാണ് പാട്ടി അടിസ്ഥാനത്തിൽ സംയോജിപ്പിച്ചിട്ടുള്ള സമാജങ്ങൾ. നെതർലാൻഡ്സിൽ മതവും രാഷ്ട്രീയവും അഭേദ്യമായി ബന്ധപ്പെട്ട കിടക്കുന്നതിനാൽ ആദ്യത്തെ രണ്ടു സംഘടനകളും സാമാന്യം യോജിച്ചുതന്നെ മുന്നേറുന്നു. രാഷ്ട്രീയകാര്യങ്ങൾക്കു മുൻഗണന നൽകുന്ന ''നെതർലാൻഡ്സ് വിമൻസ് കമ്മിറ്റി''യിൽ പല അഭിപ്രായഗതികളുമുള്ള 14-ൽപ്പരം സംഘടനകളുടെ പ്രതിനിധികളുണ്ട്. ''നാഷണൽ കൗൺസിൽ ഓഫ് വി

മൻ'' ആണ് പ്രധാനമായ മറെറാരു മഹിളാസമാജം. ഇതേവരെ റോമൻകത്തോലിക്കരെ അതിൽ അംഗങ്ങളാകാൻ അനുവദിച്ചിട്ടില്ല. സാമുദായികമായ വളച്ചയും പുരോഗതിയുമാണ് ഇവയുടെ പ്രഖ്യാപിതലക്ഷ്യങ്ങളെങ്കിലും 'രാഷ്ട്രീയമായ വിജ്ഞാനം വിതരണം ചെയ്യാൻ ഇവയിൽ ചിലവ മുൻകൈ എടുക്കുന്നുണ്ട്. ജോലിക്കുതടേയും പൊതുപ്രവത്തനത്തിന് ഉത്സുകരായിട്ടുള്ളവരുടേയും സംഘടനയാണ് ഇൻടെലക്ചവൽ വിമൻസ് ഓർഗനൈസേഷൻ. ജോലിയിടങ്ങളിൽ സമത്വത്തിനും കൂടുതൽ ആനുകൂല്യങ്ങൾക്കും വേണ്ടി ഇവർ പ്രവൃത്തിയെടുക്കുന്നു.

അവകാശങ്ങൾ

മറു യൂറോപ്യൻ രാജ്യങ്ങളിലെ സ്ത്രീകളുടെ സ്വാതന്ത്ര്യസമരങ്ങളിൽ ഡച്ചുകാരുടെ സഹതാപവും സഹകരണവുമുണ്ടായിട്ടുണ്ട്. 1957-ലെ പാർലിമെൻറ് ആക്ട് വിവാഹിതയായ ഡച്ചുകാരിക്ക് സംപൂർണ്ണമായ അധികാരാവകാശങ്ങൾ നൽകി. അങ്ങിനെ നിയമപരമായി അവൾ പുരുഷനോടൊപ്പമായി.

സാമുദായികപ്രശ്നങ്ങൾ

വളരെ വളക്കൂറുള്ള മണ്ണും, ആരോഗ്യദായകമായ കാലാവസ്ഥയുമാണ് നെതർലാൻഡ്സിൽ. സ്വതേ ഡച്ചുകാർ ശുചിത്വത്തിൻെറ ആരാധകരാണ്. നല്ല വീട്, നല്ല ഭക്ഷണം, നല്ല ആരോഗ്യം, നല്ല പരിതഃസ്ഥിതികൾ ഇവയാണ് അവരുടെ ലക്ഷ്യം. ജനനത്തോതു് മരണത്തോതിനെ എല്ലായ്പോഴും വെട്ടിക്കുന്നതിനാൽ ജനനിബിഡമാണ് അവിടം. 33,000 കിലോമീററിലെ ജനസംഖ്യ 11,000,000 ആണ്. ആഗ്രഹത്തിനൊത്തുള്ള ഗൃഹസൗകര്യങ്ങൾ നൽകുവാൻ സ്റേററിന്ന വളരെ അധികം പരിശ്രമം നേരിടുന്നുണ്ട്. കലാലോലയായ ഡച്ചുവനിതയുടെ അഭിരുചിക്കനുസ

രിച്ച് വീട് അലങ്കരിച്ചുവെയ്ക്കുവാൻ മിക്കവക്കും സാധിക്കുന്നില്ല.

കായികമത്സരങ്ങളിൽ അടുത്ത കാലത്തു് ഡച്ചുകാരി പ്രശസ്തിയാർജ്ജിച്ചിട്ടുണ്ടു്. സിനിമാശാലകൾ, സംഗീതവേദികൾ, തീയേറ്ററുകൾ, ഓപ്പറകൾ, സ്റ്റേഡിയം ഇവയാണു് അവരുടെ ഒഴിവുസമയത്തിന്റെ മുക്കാൽ പങ്കും അപഹരിക്കുന്നതു്. സാമാന്യമായി എല്ലാ കായികവിനോദങ്ങളിലുമവർ പങ്കെടുക്കുമെങ്കിലും, നീന്തൽ വിദഗ്ധകളെന്ന നിലയിലാണു് അവർ അഖിലലോകബഹുമതിയാർജ്ജിച്ചിട്ടുള്ളതു്.

വനിതാഭരണാധികാരികൾ

നെതർലാൻഡ്സിലെ ഭരണരഥത്തിന്റെ കടിഞ്ഞാൺ ഒന്നിലധികം പ്രാവശ്യം വനിതകളുടെ അംഗുലികളിൽ അമർന്നിട്ടുണ്ടു്. മദ്ധ്യകാലഘട്ടത്തിൽ ഏതു പ്രഗല്ഭയാണെങ്കിലും ഒരു സ്ത്രീയ്ക്കു റീജന്റിന്റെ പദവിയേ നൽകിയിരുന്നുള്ളു. പക്ഷേ, ആ സ്ഥിതിയിൽത്തന്നെ പരമമായ അധികാരം അവർ വഹിച്ചിരുന്നു. എമ്മാറാണി 1890തൊട്ടു് 1898 വരെ റീജന്റു്–എന്ന നിലയിൽ ഭരിച്ചു. വിൽഹെൽമിനാ രാജ്ഞി അര നൂറ്റാണ്ടുകാലം 1948–ൽ തന്റെ ഏകപുത്രിയായ ജൂലിയാനാറാണിക്കുവേണ്ടി, സ്ഥാനത്യാഗം ചെയ്യുന്നതുവരെ, നെതർലാൻഡ്സിലെ ഭരണസാരഥ്യം സ്തുത്യർഹമായ നിലയിൽ കൊണ്ടുനടന്നു. ഇന്നവർ പ്രശാന്തമായ ഒരു ഗ്രാമത്തിലെ കൊട്ടാരത്തിൽ ഒതുങ്ങിയ നിലയിൽ ജീവിതം തുടരുന്നു. ജൂലിയാനാറാണിയുടെ നാലു പുത്രിമാരിൽ മൂത്തവളായ ബിയാട്രിസ് (Beatrice) രാജകുമാരി ലൈഡൻ യൂണിവേർസിറ്റിയിൽ നിയമം പഠിക്കുന്നു.

നിയമം എന്തുതന്നെ പറഞ്ഞാലും അര നൂറ്റാണ്ടിലേറെ കാലമായി തങ്ങളെ ഭരിച്ചുവരുന്നതു് അബലകളുടെ സുരക്ഷിതഹസ്തങ്ങളാണെന്ന വസ്തുത വിസ്മരിക്കാൻ നെതർലാൻഡ്സിലെ ജനതക്കു സാദ്ധ്യമല്ല.

ബ്രിട്ടൻ

''സ്ത്രീയുടെ സ്ഥാനം വീട്ടിലാണ്''—ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകേൾക്കുന്നതാണീ പല്ലവി. തന്റേതു മാത്രമായിരുന്ന ഒരു ലോകത്തിലേക്കു് അധികാരബോധത്തോടെ കടന്നുവരുന്ന വനിതയെ അടുക്കളയിൽത്തന്നെ അടക്കിനിർത്തുവാനുള്ള പുരുഷന്റെ ഉദ്വേഗത്തിന്റെ പ്രതിധ്വനിയാണിതു്.

കാലചക്രത്തിന്റെ തിരിച്ചലിൽ അസാധാരണമായിരുന്നതെല്ലാം സർവ്വസാധാരണമാവുകയാണു്. പഴമയുടെ മാറാലകൾ തുടച്ചുമാറ്റിക്കൊണ്ടു് പുതിയപുതിയ പ്രവണതകൾ ഉയിരെടുക്കുന്നു. മറ്റു പല രാജ്യക്കാരികളെയും അപേക്ഷിച്ചു് ഭാരതസ്ത്രീത്തിന്റെ തീക്ഷ്ണത കുറവായിരുന്നെങ്കിലും, സാമൂഹ്യമായ പല കടിഞ്ഞാണുകളും ബ്രിട്ടീഷ് വനിതയുടെ പുരോഗതിയെ നിയന്ത്രിച്ചിരുന്നു. സ്വന്തമായി വെട്ടിത്തെളിയിച്ചെടുത്ത വീഥിയിലൂടെയാണു് ബ്രിട്ടീഷുകാരിയും അടുക്കളയിൽനിന്നു് അരങ്ങത്തേയ്ക്കു പ്രവേശിച്ചതു്. നൂറാണ്ടുകളുടെ ദൈർഘ്യമുണ്ടു് ആ സമരചരിത്തിനു്.

അവളും ഗൃഹാന്തർഭാഗത്തിൽ അടങ്ങി പാർത്തിരുന്ന ഒരു കാലമുണ്ടായിരുന്നു. 19—ാം നൂറാണ്ടിന്റെ ആദ്യഘ

ട്ടംവരെ, സാധാരണ തോതിൽ കവിഞ്ഞ വിദ്യാഭ്യാസം—ജീവിതായോധനത്തിനുതകുന്നതിനേക്കാൾ ആലങ്കാരികമായിരുന്ന അതും—പെൺകുട്ടികൾക്കു് ആവശ്യമില്ല എന്നായിരുന്ന പൊതുധാരണ. സ്വകാര്യവസ്തുവകകൾ സമ്പാദിക്കുന്നതിനുള്ള അവകാശം അവൾക്കു നിഷേധിക്കപ്പെട്ടിരുന്നു. വോട്ടവകാശം അവൾക്കില്ലായിരുന്നു. ഈ പരിതഃസ്ഥിതിയിൽ വിസ്തൃതമായ ലോകത്തെക്കുറിച്ചു് അജ്ഞയായി കുടുംബഭരണത്തിലും ശിശുസംരക്ഷണത്തിലും മുഴുകി തികഞ്ഞ സംതൃപ്തിയോടെ അവൾ ജീവിച്ചുവന്നു.

അപ്പോഴാണു് വ്യാവസായികവിപ്ലവം പൊട്ടിപ്പുറപ്പെട്ടതു്. പല പുതിയ കണ്ടുപിടിത്തങ്ങൾക്കും പ്രചോദനം നൽകിയ അതു കുടുംബമേഖലയിൽ വളരെ പരിവർത്തനങ്ങളുണ്ടാക്കി. വീട്ടിലെ വേലകൾ കുറഞ്ഞുപ്പോൾ വിശ്രമസമയം അധികമായി. ക്രമേണ പൊതുരംഗത്തിലേയ്ക്കു് ഇറങ്ങാനുള്ള മോഹം സ്ത്രീയിൽ മൊട്ടിട്ടു. പുരുഷന്മാരേക്കാൾ സ്ത്രീകൾ അധികമുള്ള ബ്രിട്ടനിൽ വീട്ടമ്മമാരെന്ന ബഹുമാന്യപദവി എല്ലാ സ്ത്രീകൾക്കും അലഭ്യമായിരുന്നു. അതിനാൽ കുറെ സ്ത്രീകൾക്കെങ്കിലും പുറമെ പോയി പണിയെടുക്കേണ്ട ആവശ്യം നേരിട്ടു. സാഹചര്യങ്ങൾ അഭിലഷണീയമല്ലായിരുന്നു. പുറത്തു വരാൻ ഉദ്യുക്തയായ അവൾക്കു രണ്ടേ രണ്ടു പ്രവൃത്തികളെ അന്നു കിട്ടാനുണ്ടായിരുന്നുള്ളു: കുട്ടികളുടെ ഗവണ്ണസ്സിന്റേതും കൂലിനയുവതികളുടെ കൂട്ടുകാരിയുടേതും. പ്രൈശ്വര്യപൂർണ്ണമായ ഒരു ഭാവി കരഗതമാകാൻ അന്നു നിലവിലുണ്ടായിരുന്ന വ്യവസ്ഥിതികൾ മാറിയേ മതിയാകൂ എന്നു വന്നു. അതുകൊണ്ടു് അവയ്ക്കെതിരായി സമരം ചെയ്യാൻ ബ്രിട്ടീഷുമഹിള സന്നദ്ധയായി. കാലാകാലങ്ങളിൽ അവൾക്കുവേണ്ട നേതൃത്വം നൽകാൻ പ്രഗല്ഭരായ ധിഷണാശാലിനികൾ ധാരാളമായുണ്ടായി. സ്ത്രീകളുടെ ഈ അവകാശസമരത്തിലെ ആദ്യവസാനവേഷക്കാർ

സ്ത്രീകൾ മാത്രമായിരുന്ന എന്നതാണ് ഒരു പ്രത്യേകത. ജോ ജ്ജ് എലിയറ്റ്, ബ്രോണ്ടി സഹോദരിമാർ, മിസ്സിസ് ഗാസ്കൽ എന്നീ ഗ്രന്ഥകർത്തൃകൾ, മേരി വോൾസ്റ്റൺ ക്രാഫ്റ്റ്, മിസ്സിസ് ഹെൻറി വുഡ് മുതലായ സ്ത്രീസമത്വവാദികൾ, എലിസബത്ത് ഫ്രൈ, മേരി കാർപെന്റർ, ജോസഫൈൻ ബട്ലർ, ഒക്ടേവിയ ഹിൽ, ലൂയിസ ടൈനിങ്ങ് എന്നീ സമുദായപരിഷ്കർത്തൃകൾ, ബിയാട്രിസ് വെബ്, എമ്മ പീറേർസൺ എന്നീ ട്രേഡ് യൂണിയൻ പ്രവർത്തകമാർ, ബസ്സ്, ബിൽ, ക്ലൗ എന്നീ വിദ്യാഭ്യാസവിചക്ഷണകൾ, ഡോ. എലിസബത്ത് ഗാരറ്റ് ആൻഡേർസൺ, ഡോ. സോഫിയ ജെക്സ്-ബ്ലേക് മുതലായ വൈദ്യവിശാരദർ, ആതുരശുശ്രൂഷിണ്ണ് ഇന്നത്തെ ഭാവവും രൂപവും നൽകിയ ഫ്ലോറൻസ് നൈറ്റിംഗെയിൽ മുതലായവരുടെ പേരുകൾ ഈ ഘട്ടത്തിൽ പ്രത്യേകം അനുസ്മരിക്കേത്തക്കതാണ്.

പരിപൂർണ്ണമായ പൗരാവകാശമായിരുന്നു ഈ അവകാശവാദക്കാരുടെ ലക്ഷ്യം. അതിനുള്ള പ്രക്ഷോഭണങ്ങൾ 1860-ൽ തുടങ്ങിയെങ്കിലും ആദ്യത്തെ ലോകമഹായുദ്ധകാലഘട്ടത്തോടുകൂടി അവ കൂടുതൽ ഉഷാറായി. ഡെയിം മില്ലിസൻറ് ഫാക്കോട്ട്, മിസ്സിസ് എമിലി പാൻക് ഹേർസ്റ്റ്, അവരുടെ പുത്രി ക്രിസ്റ്റബൽ തുടങ്ങിയവരാണ് ഇതിനു നേതൃത്വം കൊടുത്തിരുന്നത്. യുദ്ധം പൊട്ടിപ്പുറപ്പെട്ടപ്പോൾ പ്രക്ഷോഭകാരിണികൾ സർവ്വശക്തികളും രാഷ്ട്രത്തിനുവേണ്ടി വിനിയോഗിയ്ക്കുവാൻ തയ്യാറായി. തങ്ങൾ ആവശ്യപ്പെട്ടുന്ന ആനുകൂല്യങ്ങൾക്കു സർവ്വഥാ അർഹരാണെന്നു് സ്വയം തെളിയിയ്ക്കുകയായിരുന്നു അവരുടെ ഉദ്ദേശം. യുദ്ധരംഗത്തേയ്ക്കു പുരുഷന്മാർ പോയപ്പോൾ ഒഴിവുവന്ന സ്ഥാനങ്ങളിലെല്ലാം സാമർത്ഥ്യത്തോടെ അവർ പണിയെടുത്തു. അവരുടെ സേവനം ഗവർമ്മേണ്ടിന്റെ കണ്ണു

തുറപ്പിക്കുവാൻ പര്യാപ്തമായി.

1918-ൽ പുറത്തുവന്ന രണ്ടു നിയമങ്ങൾ, അല്പസ്വല്പം നിയന്ത്രണങ്ങളോടെ ആണെങ്കിലും, വോട്ടു ചെയ്യുവാനും കോമൺസ് സഭയിലേക്കു തിരഞ്ഞെടുക്കപ്പെടുവാനുമുള്ള അവകാശം സ്ത്രീക്കു നൽകി. കൗണ്ടി കൗൺസിലുകളിലേക്കു വോട്ടു ചെയ്യുവാനുള്ള അധികാരം 1907 മുതൽക്കേ അവൾക്കുണ്ടായിരുന്നു. സെക്സ് ഡിസ്ക്വാളിഫിക്കേഷൻ റിമൂവൽ ആക്ടിന്റെ പൊതുരംഗത്തിൽ സ്ത്രീകളുടെ പ്രവേശനത്തെ തടഞ്ഞിരുന്ന വഴക്കങ്ങൾ നീക്കി. വിവാഹമോചനക്കോടതികളിൽ പുരുഷനു ലഭ്യമായിരുന്ന ആനുകൂല്യങ്ങൾ സ്ത്രീയ്ക്കും നൽകുന്ന നിയമം 1923-ൽ പുറത്തുവന്നു. 1925-ൽ പ്രഖ്യാപിക്കപ്പെട്ട ഒരു നിയമം മൂലം കുട്ടികളുടെ സംരക്ഷണത്തിൽ മാതാവിനു് അപ്രധാനമല്ലാത്ത ഒരു പങ്കു ലഭിച്ചു. അങ്ങിനെ പടിപടിയായി ബ്രിട്ടീഷുമഹിളക്കു് അവൾ അർഹിക്കുന്ന സ്ഥാനം പൊതുജീവിതത്തിൽ കൈവന്നു. 1919-ൽ ആദ്യമായി പാർലിമെണ്ടിലേക്കു തിരഞ്ഞെടുക്കപ്പെട്ട ലേഡി ആസ്റ്ററുടെ പാരമ്പര്യം ഇന്നും മുടങ്ങാതെ തുടർന്നുവരുന്നുണ്ടു്. മിസ്സ് മാർഗററ് ബോൺഡ്ഫീൽഡ്, മിസ്സ് എല്ലൻ വിൽക്കിൻസൺ, ഡോക്ടർ എഡിത്ത് സമ്മർസ്കിൽ, ഡെയിംഫ്ളോറൻസ് ഹോർസ്ബർഗ് എന്നിവർ മന്ത്രിക്കസേരകളിലും സ്ഥാനം പിടിച്ചു. പ്രഭുകൾക്കു സ്വന്തം നിലയിൽ പ്രഭുസഭയിലേക്കു പ്രവേശിക്കാമെന്നു് അടുത്ത അവസരത്തിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ടു്. 1949 തൊട്ടു് ഇതിന്നുള്ള സമരങ്ങൾ തുടങ്ങിയിരുന്നു.

ഇന്നു സാമാന്യം എല്ലാ വകുപ്പുകളിലും സ്ത്രീകൾക്കു പ്രവേശനം കിട്ടുന്നുണ്ടു്. പട്ടാളസേവനം അവരെ സംബന്ധിച്ചിടത്തോളം നിർബ്ബന്ധമല്ല. സ്റ്റോക് എക്സ്ചേഞ്ചു്, മെത്തോഡിസ്റ്റു് പ്രസ്ബിറേറിയൻ എന്നീ സഭകളുടെ ഉപ

ദേശിപ്പട്ടം എന്നിവയിൽ സ്ത്രീകളെ നിയമിക്കാറില്ല. വിവാഹിതരായ സ്ത്രീകളെ വൈദേശിക സിവിൽ സർവ്വീസിൽ നിയമിക്കുന്നതു് നിയമം തടഞ്ഞിട്ടുണ്ടു്. പക്ഷേ സേവനത്തിലിരിക്കുന്ന കാലത്തു് വിവാഹിതരാകുന്ന വ്യക്തികളുടെ കാര്യത്തിൽ അല്പം ചില വ്യതിയാനങ്ങൾ അടുത്ത കാലത്തുണ്ടായിട്ടുണ്ടു്. വിവാഹശേഷം സ്വന്തമായി സ്വത്തു സമ്പാദിക്കുവാനും ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെടുവാനുമുള്ള സ്വാതന്ത്ര്യം ഇന്നവൾ അനുഭവിക്കുന്നു. അതിനു് അവൾക്കു് ഭർത്താവിന്റെ സൗമനസ്യമോ സമ്മതമോ വേണ്ട. വിദേശീയനെ വിവാഹം ചെയ്താലും ബ്രിട്ടീഷ് പൗരത്വം അവൾക്കു നഷ്ടപ്പെടുകയില്ല.

ഇന്നു പ്രധാനമായി സ്ത്രീയെ സംബന്ധിച്ചു നിലവിലുള്ള അസമത്വം തുല്യജോലിക്കു് തുല്യവേതനം നൽകണമെന്ന നിയമത്തിന്റെ അഭാവമാണു്. സ്വല്പം ചില പണികളിൽ മാത്രമേ ബ്രിട്ടനിൽ ഈ തത്വം നിലവിലുള്ളൂ. 1947 ജൂൺ മുതൽ ഈ പ്രശ്നം ഗവർമ്മേണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെങ്കിലും ഇന്നും അതു നിയമമായിട്ടില്ല. ഇനിയും കുറച്ചു കാലം കൂടെ കഴിയേണ്ടിവരും ആശാവഹമായ ഏതെങ്കിലും ഒരു തീരുമാനം ഈ വിഷയത്തിലുണ്ടാവാൻ.

വിദ്യാഭ്യാസം

പൊതുവിദ്യാസ്ഥാപനങ്ങളിൽ അദ്ധ്യയനം സൗജന്യമാണെന്നു മാത്രമല്ല 5 വയസ്സിന്നും 15 വയസ്സിന്നും ഇടക്കുള്ള ബാലികാബാലന്മാർക്കു് നിർബ്ബന്ധവുമാണു്. അദ്ധ്യയനവിഷയങ്ങൾ സാമാന്യമായി ഒന്നാണെങ്കിലും പ്രായോഗികശിക്ഷണം പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേകമാകുന്നു. ആവശ്യത്തിനും അഭിരുചികൾക്കും അനുരൂപമായാണു് ഈ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതു്. ബാലികമാ

ക്ക പ്രത്യേകമായുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ ധാരാളമുണ്ട്. സ്കോട്ട്ലാൻഡിലെയും വെയിൽസിലെയും സ്കൂൾസ്സുകളിൽ സഹവിദ്യാഭ്യാസം സാധാരണമാണ്. ഇംഗ്ലണ്ടിലും അയർലണ്ടിലും പത്തു്—പതിനൊന്നു വയസ്സു പ്രായമായാൽ പെൺകുട്ടികൾ പ്രത്യേക സ്കൂളുകളിലേക്കു പോകുന്നു. യൂനിവേർസിറ്റി ശിക്ഷണം മിക്കവാറും ഒരുമിച്ചുതന്നെയാണു്. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, ലണ്ടൻ എന്നീ യൂനിവേർസിറ്റികളിൽ സ്ത്രീകൾക്കും പുരുഷന്മാക്കും പ്രത്യേകമായ റസിഡൻഷ്യൽ കോളേജുകളുണ്ടു്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം യൂനിയനുകളും ഹോസ്റ്റലുകളും നിലവിലുണ്ടു്. സർക്കാരിൽനിന്നുള്ള സ്കോളർഷിപ്പു്, ഗ്രാൻറു് എന്നീ ആനുകൂല്യങ്ങൾക്കുള്ള അർഹത ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെയാണു്. സാധാരണ യൂനിവേർസിറ്റികളിൽ പെൺകുട്ടികൾ കുറവാണു്. 1953-ലെ ഒരു കണക്കു പ്രകാരം കോളേജുകളിൽ 61786 വിദ്യാർത്ഥികളുള്ളപ്പോൾ വിദ്യാർത്ഥിനികളുടെ എണ്ണം 19688 മാത്രമാണു്. പക്ഷേ ടെയിനിങ്ങു് കോളേജു്, ടെക്നിക്കൽസ്കൂൾ, സംഗീതനാടക അക്കാദമി, സായാഹ്നക്ലാസ്സുകൾ എന്നിവയിൽ വളരെ അധികം സ്ത്രീജനങ്ങൾ പഠിക്കുന്നുണ്ടു്.

തൊഴിൽരംഗത്തു്

പല വകുപ്പുകളിലും ജോലിയെടുക്കുന്ന ഇരുപത്തിരണ്ടരലക്ഷം തൊഴിലാളികളിൽ, 1954 ഡിസംബറിലെ ഒരു കണക്കുപ്രകാരം, ഏഴേമുക്കാൽ ലക്ഷം സ്ത്രീകളാണു്. വ്യവസായശാലകളിൽ മൂന്നു പുരുഷനു് ഒരു സ്ത്രീ, കാർഷികമണ്ഡലത്തിൽ പത്തു പുരുഷനു് ഒരു സ്ത്രീ, ഗതാഗതവാർത്താവിതരണവകുപ്പിൽ ഏഴു പുരുഷനു് ഒരു സ്ത്രീ, സിവിൽസർവ്വീസിൽ മൂന്നു് പുരുഷനു് ഒരു സ്ത്രീ എന്ന തോതിലാണു് സ്ത്രീകൾ പ്രവർത്തിക്കുന്നതു്. അലക്കുവേല, ഹോട്ടൽ, സൗന്ദര്യക്കട നടത്തൽ, ഗൃഹവേല എന്നിവയിൽ സ്ത്രീകളുടെ അനു

പാതം കുറച്ചുകൂടി അധികമാണ്. ഗ്യാസ്, വിദ്യുച്ഛക്തി, ഖനി, ഘനവ്യവസായങ്ങൾ, ഗൃഹനിർമ്മാണം എന്നീ തുറകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം കുറവുമാണ്. എങ്കിലും തൊഴിലില്ലായ്മപ്രശ്നം ബ്രിട്ടീഷ് കാരിയെ വളരെയൊന്നും അലട്ടുന്നില്ല. ഇരുപതു വയസ്സിൽ താഴെയുള്ള അവിവാഹിതരാണ് പ്രായേണ ജോലിക്കു പോകുന്നവരിൽ ഭൂരിപക്ഷം. സാമ്പത്തികനില അനുവദിക്കുന്നപക്ഷം സാമാന്യേന ബ്രിട്ടീഷ് മഹിള വേതനത്തിനുവേണ്ടി ജോലിയെടുക്കുവാൻ സന്നദ്ധയാകാറില്ല. ഗൃഹവേലക്കാക്ക് വളരെ ക്ഷാമമുള്ള നാടാകയാൽ മിക്ക സ്ത്രീകൾക്കും കുടുംബഭരണംതന്നെ നല്ല ഒരു തൊഴിലാണ്.

സാമർത്ഥ്യവും സാങ്കേതികവിജ്ഞാനവും ആവശ്യമായ ജോലികൾ മിക്കവാറും പുരുഷന്മാരാണ് ചെയ്യുന്നത്. തുണി, മണ്ണ് എന്നീ വ്യവസായങ്ങളിലാണ് അധികം സ്ത്രീതൊഴിലാളികളെ കാണുന്നത്. ഘനവ്യവസായങ്ങൾ പുരുഷന്മാരുടെ കുത്തകയാകുന്നു. ആരോഗ്യത്തിനു ഹാനികരമായ ഖനികളിൽ, ഉദാഹരണമായി ഭൂമിയ്ക്കടിയിലെ വേലകൾ, കല്ലുരിഖനനം, ചായവ്യവസായം, റബ്ബർവ്യവസായം എന്നിവയിൽ സ്ത്രീകളെ പ്രവേശിപ്പിക്കുന്നതു നിയമംമൂലം നിയന്ത്രിച്ചിട്ടുണ്ട്. ട്രേഡ് യൂണിയൻപ്രതിനിധികളും മുതലാളിമാരുമായി ചർച്ചചെയ്തു ജോലിസമയം ക്രിയപ്പെടുത്തുകയാണ് സാധാരണപതിവ്. മിക്കവാറും ഒരാഴ്ചയിൽ 44മണിക്കൂറാണ് ജോലി. കൃഷിപ്പണിയിൽ സാങ്കേതികമായ ഉന്നതവിദ്യാഭ്യാസത്തിനു സാദ്ധ്യതയുണ്ടെങ്കിലും വളരെ കുറച്ചു സ്ത്രീകളേ ഇതിൽ താല്പര്യം പ്രദർശിപ്പിക്കുന്നുള്ളൂ.

രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ഇംഗ്ലണ്ടിൽ ഗൃഹവേലക്കാക്ക് അതിയായ ക്ഷാമം നേരിട്ടു. ഗൃഹവേലയിൽ വ്യാപൃതരാവാൻ ഉദ്ദേശിക്കുന്നവരുടെ അന്തസ്സും സ്ഥിതിയും പരിരക്ഷിക്കാൻ 1946-ൽ ഗവർമ്മെണ്ട് നാഷണൽ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൗസ് വർക്കേഴ്സ് എന്നൊരു സ്ഥാപനമുണ്ടാക്കി. സർട്ടിഫിക്കറുകളും ഡിപ്ലോമകളും ഈ വിഷയത്തിൽ ശിക്ഷണം ലഭിച്ചവർക്ക് ഇവർ നൽകുന്നു. ഇവരുടെ ജോലിസമയം വേതനം മുതലായതു് നിയന്ത്രിക്കുന്നതു തൊഴിൽവകുപ്പിൽനിന്നു ഗ്രാൻറുലഭിക്കുന്ന ഈ സ്ഥാപനമാണു്. ആവശ്യക്കാർക്ക് ഉപയുക്തമായ രീതിയിൽ വീട്ടുവേലക്കാരെ ഉണ്ടാക്കിക്കൊടുക്കുകയാണു് ഇതിന്റെ ഉദ്ദേശം.

ഷോർട്ട് ഹാൻഡ് ടൈപ്പിസ്റ്റ്, ഫൈലിങ്ങ് ക്ലാർക്ക്, ടെലിഫോൺ ഓപ്പറേറർ, എന്നീ ജോലികളിൽ പെൺകുട്ടികളെ സാമാന്യേന കാണാമെങ്കിലും മാനേജർ, ഡയരക്ടർ മുതലായ ഉത്തരവാദപ്പെട്ട ജോലികളിൽ അവരുടെ സംഖ്യ വളരെ കുറവാണു്. അവക്കാവശ്യമായ പരിജ്ഞാനം കൊടുക്കുവാൻ മിക്ക കമ്പനിക്കാരും മടിക്കുന്നു. വിവാഹത്തോടെ അധികംപേരും ജോലി രാജിവെയ്ക്കുകയാണു് പതിവു്. ഈയിടെ ബിസിനസ്സ് ലോകത്തിലേയ്ക്കു പ്രവേശിക്കുവാൻ ബ്രിട്ടനിലെ സ്ത്രീകൾ അല്പം ശ്രദ്ധിക്കാണിക്കുന്നുണ്ടു്. ബ്രിട്ടനിലെ സ്ത്രീകളെ ഏറ്റവും അധികമായി കാണുന്നതു് അദ്ധ്യാപനത്തിലും നർസിങ്ങിലുമാണു്. 1,58,000 നർസുമാരിൽ 1,30,000 സ്ത്രീകളാണു്. സിവിലാസ്ത്രികൾ, നാഷണൽ ഹെൽത്തു് സർവ്വീസ് മുതലായവയിൽ അവർ പ്രവൃത്തിയെടുക്കുന്നു. മൂന്നുകൊല്ലത്തെ അഭ്യസനം അതിന്നാവശ്യമാണു്. 7 വയസ്സിനു താഴെയുള്ള എല്ലാ കുട്ടികളുടേയും 11 വയസ്സിന്നുതാഴെയുള്ളവരിൽ ഭൂരിഭാഗത്തിന്റേയും അദ്ധ്യാപനം നടത്തുന്നതു് സ്ത്രീകളാണു്. യൂണിവേർസിറ്റിയിലും റീഡർമാർ, ലക്ചറർമാർ, ഡെമോൺസ്ട്രേറർമാർ എന്നിങ്ങനെ പല മട്ടിൽ ധാരാളം സ്ത്രീകൾ ജോലിയെടുക്കുന്നുണ്ടു്. മെഡിക്കൽവകുപ്പു്, ബ്രോഡ്കാസ്റ്റിങ്ങു് എന്നിവയിലും ധാരാളം സ്ത്രീകൾ പ്രവൃത്തിയെടുക്കുന്നു. അഭിഭാ

ഷികമാർ കേവലം 3 ശതമാനംമാത്രമേ ഉള്ളൂ. പോലീസ്സിലും സായുധസേനയിലും വനിതകൾ പണിയെടുക്കുന്നുണ്ട്.

ഗ്രാമീണവനിതകളുടെ കോളേജ്

ബ്രിട്ടീഷ് വിമൻസ് ഇൻസ്റ്റിട്ട്യൂട്ടിന്റെ ആദ്യത്തെ വനിതാചെയർമാനായ ലേഡി ഡെൻമാറിന്റെ നാമധേയത്തിൽ സ്ഥാപിക്കപ്പെട്ട ഡെൻമാർകോളേജിൽ അസാധാരണവിധത്തിലുള്ള അദ്ധ്യയനസമ്പ്രദായമാണ് നടപ്പിലുള്ളതു്. ഗ്രാമപരിധിയിൽനിന്നു നീണ്ട കാലത്തേയ്ക്കു് ഒഴിഞ്ഞുനില്ക്കുവാൻ സാദ്ധ്യമല്ലാത്ത വീട്ടമ്മമാക്കു് ഒരനുഗ്രഹമാണു് ഈ കോളേജ്. ഇതിന്റെ നടത്തിപ്പും നിയന്ത്രണവും ധനവും സ്ത്രീകളുടേതുമാത്രമാണു്. സ്ത്രീകളുടെ ബഹുമുഖമായ പരിരക്ഷയും ഉന്നമനവുമാണു് ഇതിന്റെ ലക്ഷ്യം. തികളാഴ്ച വൈകുന്നേരംതൊട്ടു് വെള്ളിയാഴ്ച രാവിലെവരെയാണു് പഠനം. ഈ നാലുദിവസത്തെ ശിക്ഷണംകൊണ്ടു് വളരെയധികം സംഗതികൾ വിദ്യാത്ഥിനികൾക്കു മനസ്സിലാക്കിക്കൊടുക്കുവാൻ സാധിക്കുന്നു. ചിത്രവേല, തോട്ടപ്പണി, തയ്യൽ, സംഗീതം, നാടകം, കൈവേലകൾ, സാഹിത്യം, അടുക്കളപ്പണി എന്നിങ്ങനെ സ്ത്രീകൾക്കു് ആവശ്യമായ സംഗതികളാണു് പഠനവിഷയം.

വനിതാസംഘടനകൾ

ജീവിതത്തിന്റെ വിവിധതുറകളിൽ പ്രാതിനിധ്യസ്വഭാവമുള്ള തൊണ്ണൂറോളം വനിതാസംഘടനകളും അവയ്ക്കു് എണ്ണമറ്റ ശാഖോപശാഖകളും ഇന്നു ബ്രിട്ടനിലുണ്ടു്. രാഷ്ട്രീയകാര്യങ്ങൾ, മതം, കല, സ്പോർട്ട്സ്, ശിശുസംരക്ഷണം, വയസ്സായവരെ ശുശ്രൂഷിക്കൽ, ഗൃഹഭരണം എന്നിങ്ങനെ വിവിധവിഷയങ്ങളെ സ്പർശിക്കുന്നവയാണു് അവ. നാഷണൽ ഫെഡറേഷൻ ഓഫ് വിമൻസ് ഇൻസ്റ്റിറ്റ്യൂട്ട്, നാഷണൽ യൂണിയൻ ഓഫ് ടൗൺ വിമൻസ് ഗിൽഡ്,

സ്കോട്ടിഷ് വിമൻസ് റൂറൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയാണ് സ്ത്രീകളുടെ പ്രധാനസംഘടനകൾ. രാജ്യത്തിന്റെ സാമ്പത്തികസ്ഥിതിയെപ്പറ്റി സ്ത്രീകളെ പറഞ്ഞുമനസ്സിലാക്കാൻ ഉണ്ടാക്കിയ ഒരു സംഘടനയാണ് വിമൻസ് ഓർഗനൈസേഷൻകമ്മറ്റി ഫോർ ഇക്കണോമിക് ഇൻഫർമേഷൻ. പ്രധാനപ്പെട്ട പന്ത്രണ്ടു വനിതാസംഘടനകളുടെ പ്രതിനിധികളെ ഉൾക്കൊള്ളുന്ന ഇതു് ടെഷറി ഇൻഫർമേഷൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ കൂടി രാഷ്ട്രത്തിന്റെ സാമ്പത്തികനിലയെപ്പറ്റി ചർച്ച ചെയ്യുന്നു. ഈ സംഘടനകൾക്കെല്ലാം ലോകമഹായുദ്ധങ്ങളുമായി ബന്ധമുള്ളതുകൊണ്ടു പല രാജ്യങ്ങളിലേയും ദൈനന്ദിനജീവിതചര്യയേയും മാറ്റങ്ങളേയുംപറ്റി യഥാവസരം പഠിക്കാൻ അവയിലെ അംഗങ്ങൾക്കു സാധിക്കുന്നു. അങ്ങനെ ലോകത്തിൽ വരുന്ന മാറ്റങ്ങളോടൊപ്പം തങ്ങളുടെ ഭാവിയേയും രൂപപ്പെടുത്തുവാൻ ബ്രിട്ടീഷ് വനിതകൾ ശ്രമിക്കുന്നു.

537
MUSLIM GIRLS HIGH SCHOOL
Date
ERNAKULAM

അമേരിക്ക

അനന്തമായ അലയാഴിയെ അഭിമുഖീകരിച്ചുകൊണ്ട്, ഉയർത്തിപ്പിടിച്ച ദീപശിഖയുമായി നില്ക്കുന്ന ആ ഉത്തുംഗശ്രുപം ഒരു വനിതയുടേതാണ്. അതേ അമേരിക്കൻസ്വാതന്ത്ര്യത്തിന്റെ പ്രതീകം അമ്മിരിക്കുന്നതു് ഒരു അബലയുടെ ഹസ്തങ്ങളിലാണ്. സമുദായം അപകൃഷ്ട അരുളിയ അംഗനയെ സവ്പ്രധാനമായ ഈ ചൈതന്യചിഹ്നവാഹകയാക്കാൻ അവരെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തായിരിക്കും. അമ്മ, പിതാ, സഹോദരി എന്നീ നിലകളിൽ സ്ത്രീക്കു സമുദായത്തിൽ ചെലുത്താൻ സാധിക്കുന്ന പ്രവണതകളെക്കുറിച്ചു് ഒരു കാലത്തും പുരുഷൻ അജ്ഞനായിരുന്നില്ല എന്നതു തീച്ചയാണ്. ആദികാലംമുതൽക്കുള്ള സാഹിത്യവും ചരിത്രവും ഈ വിഷയത്തിൽ വളരെയധികം വെളിച്ചം വീശുന്നുണ്ട്. കാലചക്രത്തിന്റെ തിരിച്ചലിൽ, ഭരണക്രമങ്ങളും, നടപടികളും മാറിയപ്പോൾ അവക്കു ചെയ്യേണ്ട കടമകൾ കൂടുതൽ വിപുലങ്ങളായി.

തിരിഞ്ഞുനോക്കുമ്പോൾ

അമേരിക്കൻകോളനിയിൽനിന്നു് ഇംഗ്ലീഷുകാർ കയ്യൊഴിഞ്ഞ കാലഘട്ടം. സുസ്ഥാപിതമായ ഒരു ജനാധിപത്യഭരണഘടനയുടെ സുഗമമായ നടത്തിപ്പിനു് അത്യാവശ്യമായ ഒരു സംഗതി സാവ്ത്രികമായ വിദ്യാഭ്യാസമാണു് എന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമുണ്ടായില്ല. സ്ത്രീകളു

ടെ സാധാരണവിദ്യാഭ്യാസത്തിനുപുറമേ രാഷ്ട്രീയമീമാംസയും ഭരണഘടനാതത്വങ്ങളും അവരെ പഠിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ 1786-ൽ ബഞ്ചമിൻ റഷ് ഊന്നിപ്പറയുകയുണ്ടായിട്ടുണ്ട്. അമേരിക്കൻവനിതയുടെ വിദ്യാഭ്യാസവിഷയത്തിൽ അധികമൊന്നും ക്ലേശിക്കേണ്ടതായിവന്നിട്ടില്ല. വിവേകവും വിവേചനവും ഒത്തുചേർന്ന സ്ത്രീയുടെ സ്വാധീനശക്തി പലപ്പോഴും ഏറ്റവും ബുദ്ധിമുട്ടുള്ള വഴിത്തിരിവിലെത്തുമ്പോൾ മാർഗ്ഗദർശകമായിരുന്നിട്ടുണ്ട്.

വിദ്യാഭ്യാസരംഗത്തിലെ പയനീയർമാർ

18-ാംനൂറ്റാണ്ടിൽ അനവധി വനിതാകലാലയങ്ങൾ ഉടലെടുക്കുകയുണ്ടായി. ജെഫേർസൺവിദ്യാഭ്യാസബിൽ ബാലികാബാലന്മാരുടെ വിദ്യാഭ്യാസച്ചുമതല സ്റ്റേറ്റ് ഏറ്റെടുക്കണമെന്ന് ഉൽബോധിപ്പിച്ചു. 19-ാംനൂറ്റാണ്ടിൽ പ്രാഥമികവിദ്യാഭ്യാസസൗകര്യങ്ങൾ സാർവ്വത്രികമാക്കി. പക്ഷേ, ഉന്നതവിദ്യാഭ്യാസത്തിനു സ്ത്രീകൾക്കുള്ള സാഹചര്യങ്ങൾ കുറവായിരുന്നു. 1818-ൽ മിസിസ് എമ്മ വില്ലാർഡ് അന്നത്തെ ന്യൂയോർക്ക് ഗവർണ്ണറായ ക്ലിൻടൻപ്രഭുവിനോട് ഒരു വനിതാകലാലയത്തിന്റെ ആവശ്യകതയെപ്പറ്റി സൂചിപ്പിച്ചുപറഞ്ഞു. സെനറ്റ് സാമ്പത്തികസഹായമെല്ലാം വാഗ്ദത്തംചെയ്തെങ്കിലും പരമനിഷ്ഠായാധികാരിയായ ഹൗസ് അതു നിരുത്സാഹപ്പെടുത്തുകയാണുണ്ടായത്. അങ്കിൾ ടോംസ് കാബിൻ (Uncle Toms Cabin) എന്ന പ്രസിദ്ധ ഗ്രന്ഥത്തിന്റെ കർത്രിയായ ഹാരിയറ്റ് ബീച്ചർ സ്റ്റോവിന്റെ സഹോദരിയായ 'കാതറൈൻ ബീച്ചറി'ന്റേതാണ് ഈ രംഗത്തിലേയ്ക്കുള്ള രണ്ടാമത്തെ സംഭവന. 1824-ൽ സ്ഥാപിതമായ ഫീമെയിൽ സെമിനാറിയുടെ കീഴിൽ നിരവധി വിദ്യാസ്ഥാപനങ്ങൾ ഇവരുടെ ശ്രമഫലമായി പൊന്തിവന്നു. അങ്ങിനെ ഭാവിതലമുറയുടെ സ്വഭാവരൂപീകരണത്തിനു് ആവശ്യമായ ആദ്യ നിഷ്കർഷ

കൾ നൽകേണ്ട മാതാവിനു് അതിനു പര്യാപ്തമായ തരത്തിലുള്ള വിദ്യാഭ്യാസം കൊടുക്കുവാനുള്ള സാഹചര്യം നൂറാണ്ടുകൾക്കുമുമ്പുതന്നെ അമേരിക്കയിൽ ഉണ്ടായിരുന്നു.

അമേരിക്കൻവനിതയും പൊതുപ്രവർത്തനവും

അഭൂതപൂർവ്വമായ പുരോഗതി അമേരിക്കൻവനിതയെ അനുഗ്രഹിച്ചിട്ടുണ്ടു്. എങ്കിലും പൊതുരംഗങ്ങളിൽ അവർ വളരെ അധികമൊന്നും പ്രത്യക്ഷപ്പെട്ടുന്നില്ല. ഭരണതന്ത്രകേന്ദ്രങ്ങളിൽ അവരുടെ അംഗസംഖ്യ സാമാന്യേന കുറവാണു്. ബാക്കി രാജ്യങ്ങളിലെ സഭാതലങ്ങളിൽ അംഗനകളുടെ എണ്ണം ചിലപ്പോൾ പകുതിയും അതിൽ കൂടുതലും കാണുമ്പോൾ. പരിഷ്കാരത്തിന്റേയും പുരോഗതിയുടേയും പാരമ്യത്തിൽ എത്തിയിട്ടുള്ള അമേരിക്കയുടെ, ഹൗസ് ഓഫ് റപ്രസന്റേറ്റീവിൽ 435–ൽ 15–ം സെനറ്റിൽ 96–ൽ 1–ം മാത്രമേ വനിതാസമാജികരുള്ളൂ. പക്ഷേ, അതുകൊണ്ടു് രാഷ്ട്രീയത്തിൽ അവർക്കു യാതൊരു പങ്കുമില്ല എന്നനുമാനിക്കുന്നതു് അബദ്ധമായിരിക്കും. എന്തെന്നാൽ സ്ത്രീ അവിടത്തെ രാഷ്ട്രീയാന്തരീക്ഷത്തിലെ ഒരു ശക്തിയാണു്. അതിനവർക്കുള്ള ഉപാധിയാണു് സുപ്രസിദ്ധമായ ലീഗ് ഓഫ് വിമൻ വോട്ടേർസ്.

ഏതാണ്ടു് എഴുപതുകൊല്ലക്കാലത്തെ നിരന്തരമായ സമരഫലമായാണു് ലീഗ് ഓഫ് വിമൻ വോട്ടേർസിനു, അമേരിക്കൻ വനിതകൾക്കു വോട്ടവകാശം നേടിക്കൊടുക്കുവാൻ സാധിച്ചതു്. സ്വതന്ത്രമായ ഒരു വ്യക്തിത്വം പുലർത്തുന്നതാണീ ലീഗ്. അതിനു കക്ഷിരാഷ്ട്രീയം യാതൊന്നുമില്ല. ഏതെങ്കിലും ഒരു രാഷ്ട്രീയകക്ഷിയെ എതിർക്കുന്നതോ അനുകൂലിക്കുന്നതോ അവരുടെ പരിപാടിയിൽ പെട്ടതല്ല. ഗവർമ്മേണ്ടിൽ കായ്മയായ വിധത്തിലുള്ള നിയന്ത്രണം ചെലുത്തുകയാണു് ഇവരുടെ ഉദ്ദേശ്യങ്ങളിൽ പ്രധാനമായ ഒന്നു്. അതിലെ അംഗങ്ങൾക്കു സമുചിതമാണെന്നതോന്നുന്ന ഏതെ

ങ്കിലും രാഷ്ട്രീയകക്ഷിയിൽ ചേർന്നു സേവനം നടത്തണമെങ്കിൽ ആദ്യമായി അംഗത്വം രാജിവെക്കണം. സ്വയംഭരണാധികാരമുള്ള ഒരു സ്റ്റേറ്റിന്റെ പ്രജകൾക്കാവശ്യമായ രാഷ്ട്രീയപരിജ്ഞാനം നൽകുകയെന്നതാണ് ഇതിന്റെ മറ്റൊരു പ്രഖ്യാപിതനയം. ഈ സംഘടനയുടെ കീഴിൽ 848 പ്രാദേശികസംഘങ്ങളുണ്ട്. വർഷാന്തസമ്മേളനങ്ങളിൽ പാസ്സാക്കപ്പെടുന്ന പ്രമേയങ്ങൾ നടപ്പിലാക്കുവാനുള്ള ചുമതലകൾ ലീഗിന്റെ നാഷണൽബോർഡുകൾ ഏറ്റെടുക്കുന്നു. ലീഗിന്റെ പരിപാടികൾ തീർച്ചയാക്കുന്നതു് അതിലെ അംഗങ്ങൾതന്നെയാണ്. പ്രാദേശികലീഗുകളുടെ പ്രതിനിധികളാണ് ''ലീഗ് ഓഫ് വിമൻ ചോട്ടേർസി''ന്റെ ''സോവറിൻ ബോഡി.'' ലീഗിന്റെ അഭിപ്രായത്തിനു വിരുദ്ധമായ ആദർശങ്ങൾ പുലർത്തുന്നവർക്ക് അതിനെതിരായി പ്രവർത്തനം നടത്തുന്നതിനു തികഞ്ഞ സ്വാതന്ത്ര്യവുമുണ്ട്. പക്ഷേ, അവർക്ക് ലീഗിന്റെ മേൽവിലാസത്തിൽ ചെയ്യരുതെന്നുമാത്രം. ഇതിനുള്ള ധനസഹായം അംഗങ്ങളുടെ വരിസംഖ്യയിൽനിന്നും മറ്റു സംഭാവനകളിൽനിന്നും ഉണ്ടാക്കുന്നു. സാധാരക്കാരിൽ സാധാരണക്കാരുടെപോലും സാമ്പത്തികശക്തിക്കതീതമല്ലാത്തവിധത്തിൽ കുറഞ്ഞതാണ് അംഗവരിസംഖ്യ.

നഗരങ്ങളിലും ഉൾപ്രദേശങ്ങളിലും ചുറ്റിത്തിരിഞ്ഞു് അവരുടെ ദൈനംദിനജീവിതത്തെ സ്പർശിക്കുന്ന പ്രശ്നങ്ങൾ ആരാഞ്ഞറിഞ്ഞു് അവയ്ക്കു വേണ്ട പരിഹാരങ്ങൾ ഉണ്ടാക്കുവാനായി അമേരിക്കൻവനിത സംഘടിതമായി പ്രവർത്തിക്കുന്നു.

കലാബോധത്തോടെ വസ്ത്രധാരണംചെയ്യൂ, ഉല്ലാസവതിയായി പ്രത്യക്ഷപ്പെടുന്ന അമേരിക്കൻപെൺകൊടി, ഔദ്യോഗികജീവിതത്തിന്റേയും സൗമനസ്യത്തിന്റേയും കേദാരമാണ്. സാമ്പത്തികപരാധീനത തീരെയില്ല എന്നുമാത്രമല്ല, അമേരിക്കയുടെ സ്വത്തിന്റെ 71 ശതമാനവും സ്ത്രീകളുടെ കൈവശമാണ്. എന്തുജോലിക്കും കിട്ടുന്ന വേതനവും സാമ്പത്തിക

ളും പ്രോത്സാഹജനകമാണ്. പൊതുവെ തങ്ങളുടെ കൂട്ടം ബഹുരക്ഷണമാണ് ഏറ്റവും മഹനീയമായ കടമ എന്ന ധാരണ അവരിൽ ഉണ്ടെങ്കിലും ഇന്ന് സെക്രട്ടറിയേറ്റുപ ണികളിൽ അനവധി മഹിളകൾ വ്യാപൃതരായിട്ടുണ്ട്. കു ടുംബത്തോടും കുട്ടികളോടും അവർക്ക് അതിവസ്നേഹ മാണുള്ളതു്. സാമ്പത്തികസ്ഥിതി താരതമ്യേന മെച്ചമാക യാൽ ജീവസന്ധാരണത്തിനുവേണ്ടി സ്ത്രീകൾക്ക് അധികം പുറത്തുപോയി പണിയെടുക്കേണ്ട ആവശ്യം നേരിട്ടുന്നില്ല. പക്ഷേ, എന്തുജോലിയും കായ്ക്ഷമതയോടും ശ്രദ്ധാന്തിയോ ടുംകൂടി ചെയ്യുതീക്കുവാൻ അവർ താൽപ്പര്യം കാണിക്കുന്നു. വിദേശരാജ്യങ്ങളുമായി സമ്പർക്കംപുലർത്താനും, അവരുടെ സ്ഥിതിഗതികളെക്കുറിച്ചു് അറിയുവാനും അവർക്ക വളരെയ ധികം താൽപര്യമുണ്ട്. അതുപോലെതന്നെ തങ്ങളുടെ നാട്ടി ന്റെ അതിഥികളായി എത്തിച്ചേരുന്ന വൈദേശികരെ സ്വീകരിച്ചു് ആദരിക്കാനും അവർക്കാവശ്യമായ സഹായ സഹകരണങ്ങൾ സന്തോഷപൂർവ്വം നൽകാനും അവർക്ക വള രെ കൌതുകമാണ്. എല്ലാ വിദ്യാഭ്യസസ്ഥാപനങ്ങളിലും പുരുഷന്മാരോടൊപ്പം അവർക്കും പ്രവേശനമുണ്ട്.

സംഘടനകൾ

പ്രധാനപ്പെട്ട മഹിളാസംഘടനകൾ "ദി നാഷണൽ കൗൺസിൽ ഓഫ് വിമൻ," "ദി പാൻ പെസഫിക് സൗ ത്തു് ഈസ്റ്റു് ഏഷ്യ വിമൻസ് ഓർഗനൈസേഷൻ," "ദി കമ്മറി ഓഫ് കറസ്പോണ്ടൻസ്", "വിമൻസ് വോ ട്ടേർസ് ലീഗ്" മുതലായവയാണ്.

വളരെ പരസ്യമായി രംഗത്തിറങ്ങി പണിയെടുക്കുന്നി ല്ലെങ്കിലും സമുദായത്തിനേറെയും രാഷ്ട്രത്തിനേറെയും ഏതു പ്ര വർത്തനമണ്ഡലങ്ങളിലും സ്ത്രീയുടെ സൂക്ഷ്മമായ സ്വാധീന ത തെളിഞ്ഞുകാണാം. സംഗതികൾ അറിയുവാനുള്ള അവ രുടെ ജിജ്ഞാസയും ശരിയായ വെളിച്ചത്തിൽ അതു മനസ്സി ലാക്കുവാനുള്ള സാമർത്ഥ്യവും കിടയറ്റതാണ്.